സാഹിത്യദർശനം

4055

# ഈജിപ്ഷ്യൻ സാഹിത്യ ചരിത്രം



കൃഷ്ണചൈതന്യ


മദ്ധ്യധരണ്യാഴി
സെയിസ്
അലക്സാണ്ഡ്രിയ
ഹീലിയോപോ
കെയ്റോ
സീനായി
ഗിസെ
മെംഫിസ്
ഉത്തര ഈജിപ്ത്
ലിബിയൻ
മരുഭൂമി
ടെൽ എൽ അമർന
കാർണ
ഥീബ്സ്
ലക്സോ
ദക്ഷിണ ഈജിപ്ത്
അബു സിംബെൽ
ആഫ്രിക്കാ
നൈൽ
നൂബിയ
(സൂഡാൻ)
പ്രാചീന
ഈജിപ്ത്




4055

AMINA BOOK STALL,
TRICHUR-1.

4058

A055

This is a Good book.

വിശ്വസാഹിത്യദർശനം-2

6055
12419

# ഈജിപ്ഷ്യൻ സാഹിത്യചരിത്രം

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ**
**സംഘം ലിമിറ്റഡ്, കോട്ടയം**

(Malayalam)
Egyptian Sahithya Charithram
History of Egyptian Literature
By KRISHNA CHAITHANYA
Press Information Bureau
Akashvani Bhavan, New Delhi-2

First Published August 1959

Printed at
INDIA PRESS, KOTTAYAM

Price Rs. 2.00

Copyright by
K. K. Nair

Publishers:
**Sahithya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOKSTALL
Kottayam • Kerala State India

# ഈജിപ്ഷ്യൻ സാഹിത്യചരിത്രം

4055

കൃഷ്ണചൈതന്യ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

വില ക. 2.00

## കൃഷ്ണചൈതന്യയുടെ കൃതികൾ

മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം
ഈജിപ്ഷ്യൻ സാഹിത്യചരിത്രം
വിജ്ഞാനത്തിൻെറ മൗലികതത്ത്വത്രയം

S977 B641 17/59-60—1000

6055

# മുഖവുര

വിശ്വസാഹിത്യദർശനഗ്രന്ഥപരമ്പരയിലെ രണ്ടാമത്തെ പുസ്തകം ഇതാ മാലോകരുടെ മുമ്പിൽ അടിയറവെയ്ക്കുന്നു.

ആശിച്ചതിലും അർഹിച്ചതിലും ഉദാരമായ ഒരു സ്വീകരണമാണ് ഒന്നാം പുസ്തകമായ മെസൊപൊട്ടേമിയൻ സാഹിത്യചരിത്രത്തിനു കിട്ടിയതു്. മലയാളപതിപ്പ് ഇറങ്ങുന്നതിനു മുമ്പുതന്നെ, തമിഴ്, തെലുങ്ക്, കന്നടപതിപ്പുകൾ ഇറങ്ങിയിരുന്നു. തമിഴപതിപ്പിനു പാഠ്യപുസ്തകമായി അംഗീകാരം കിട്ടിയും കഴിഞ്ഞിരുന്നു. എങ്കിലും, മുറ്റത്തെ മുല്ലയ്ക്കു മണമില്ലെന്നു തന്നെയല്ല, ചിലപ്പോൾ ദുർഗ്ഗന്ധംകൂടെ ഉള്ളതുപോലെ ചിലർക്കു തോന്നാവുന്നതുകൊണ്ടു്, മലയാളപതിപ്പിനെപ്പറ്റി ആശങ്കകൾ ഇല്ലാതിരുന്നില്ല. പക്ഷേ, അവയൊക്കെ പമ്പകടന്നുകഴിഞ്ഞു. അവയുടെ സ്ഥാനത്തിൽ ചില പുതിയ ആശങ്കകളാണ് വന്നുചേർന്നിരിക്കുന്നതു്—തുടങ്ങിവെച്ചകാര്യം മുന്നോട്ടു കൊണ്ടുപോകാനുള്ള മനക്കരുത്തും കൈക്കരുത്തും ലേഖകനുണ്ടോ എന്നു് വഴിയേ കണ്ടറിയണം.

ഈ പരമ്പരയുടെ അനന്തരഭാഗങ്ങളും വെളിക്കുവരുന്നതു് മലയാളഭാഷയ്ക്കു് ഒരു വമ്പിച്ച നേട്ടമായിരിക്കുമെന്നും, ഭാഷയുടെ ഒഴിച്ചുകൂടാത്ത ഒരാവശ്യം നിപുണമായി നിറവേററുകയാണ് ലേഖകൻ അവയുടെ പ്രകാശനംകൊണ്ടു ചെയ്യുന്നതു് എന്നും ഒരു വിമർശകൻ—ഉള്ളാട്ടിൽ ആണെന്നുതോന്നുന്നു—എഴുതിയതു് വായിച്ചു. എഴുതിയവൻെറ കഴിവു് അയാൾക്കു നല്ലവണ്ണം അറിയാവുന്നതുകൊണ്ടു്, നിപുണതയുടെ കാര്യമൊന്നും അധികം

പറയാതിരിക്കുകയായിരിക്കും നല്ലതു്. പക്ഷേ, ആയിരക്കണക്കിനു് കൂടുതൽ കഴിവുള്ള ആളുകൾ ഉള്ള നാട്ടിൽ വേറെയാരും ഇതിനു തുനിഞ്ഞിട്ടില്ലാത്തതിനാലും, വിശ്വസാഹിത്യചരിത്രത്തിൻെറ ഒരേകദേശരൂപമെങ്കിലും ഭാഷയിൽ ലഭ്യമാകുന്നതു് ഒരു നല്ല കാര്യമായതിനാലും, ജോലി തുടരാൻ ഉത്തേജനം നൽകുന്ന ചാരിതാർത്ഥ്യം ലേഖകനു കിട്ടിക്കഴിഞ്ഞിട്ടുണ്ടു്.

പൗരാണികജനതകളുടെ വർഗ്ഗബന്ധങ്ങൾ (ഉദാഹരണം, വൈദികആര്യന്മാർക്കു മെസൊപൊട്ടേമിയയുമായി ഉണ്ടായിരുന്ന ബന്ധങ്ങൾ) കുറെക്കൂടെ സമ്പൂർണ്ണമായി പ്രതിപാദിക്കാമായിരുന്നു എന്നു് ചില വിമർശകർ സൂചിപ്പിച്ചിട്ടുണ്ടു്. തെറ്റിദ്ധാരണകൾക്കു വഴിയുള്ളതുകൊണ്ടു്, ഈ കാര്യത്തിൽ ലേഖകന്റെ നിലപാടു് സുവ്യക്തമാക്കിക്കൊള്ളട്ടെ. പൗരാണികകാലവർഗ്ഗബന്ധങ്ങൾ ഒരു ഗഹനവിഷയമാണു്. മുഖവുരയിലോ ഒരദ്ധ്യായത്തിലോ പറഞ്ഞു തീർക്കാനാകുകയില്ല. അവയെ നല്ലവണ്ണം ചർച്ച് ചെയ്യാൻ, ഇതേമാതിരി വേറൊരു ഗ്രന്ഥപരമ്പരതന്നെ വേണ്ടിവരും. ഈ മേഖലയിലേക്കു പ്രവേശിക്കാൻ ലേഖകനു് വലിയ ഔത്സുക്യവുമില്ല. ഒരു കാരണം ഇതാണു്. വർഗ്ഗബന്ധങ്ങൾ ഇനിയും തിട്ടപ്പെടുത്തേണ്ടിയാണിരിക്കുന്നതു്. പക്ഷേ, ഭാവിതലമുറകൾക്കു് പൗരാണികജനതകൾ പകർന്നുകൊടുത്ത സാഹിത്യരസത്തിൻെറ മാധുരി വിവാദാതീതമാണു്. തുള്ളൽക്കഥകൾ രാമപാണിവാദനോ, കുഞ്ചൻ നമ്പ്യാരോ, കോട്ടയത്തു് ഒരു ഹെഡ്കോൺസ്റ്റബിളോ, ആരെഴുതിയാലും ശരി, ബഹുരസികൻതന്നെ എന്നു് ആരോ—ഈ.വി. ആണോ?—പറഞ്ഞതു് ഓർക്കുന്നു. ഇത്തരം ചർച്ചകളെ അപലപിക്കുകയാണു് എന്നല്ല ഇതിന്റെ അർത്ഥം. അതു് കൂടുതൽ കഴിവും ഔത്സുക്യവുമുള്ളവർ ഏറ്റെ

ട്ടത്തോട്ടെ, എന്നെക്കൊണ്ടു് പ്രയാസമാണു്, എന്നുമാത്രമാണു്. പക്ഷേ, അതലസ്പർശിയായി അങ്ങനെ ഒരു മേഖല പരന്നു കിടക്കുന്നുണ്ടെന്നു സൂചനകൾ നല്കാൻ ശ്രമിച്ചിട്ടുമുണ്ടു്.

അതെൻെറ വിഷയമല്ലാ എന്നതിനു പുറമേ, ഇത്തരം ചർച്ചയിൽനിന്നു് ഒഴിഞ്ഞുമാറാൻ വേറൊരു കാരണവുമുണ്ടു്. ഈ ഗവേഷണത്തിനുള്ള ഔത്സുക്യം എപ്പോഴും കളങ്കഹീനമായി കാണപ്പെടുന്നില്ല. വർഗ്ഗീയ മനസ്ഥിതി ഇടങ്കോലിടുന്നു. ശാസ്ത്ര ചിന്ത ആദ്യകാലത്തു് ധരാകേന്ദ്രിതമായിരുന്നു. അതിനാലാണു് സൂര്യനും മററു ഗോളങ്ങളും ഭൂമിക്കു ചുററും കറങ്ങുന്നു എന്ന ധാരണ മാറാൻ ശതാബ്ദങ്ങളെടുത്തതു്. സംസ്കാരചരിത്രചിന്തയിൽ വർഗ്ഗകേന്ദ്രിതത്വം ഇനിയും ഉച്ചാടനം ചെയ്യേണ്ട ഒരു രക്ഷസ്സായിട്ടാണു നിലകൊള്ളുന്നതു്. ബ്രഹ്മാണ്ഡത്തിലാകെ സംസ്കാരോദയം ആർഷഭാരതത്തിൻെറ കുത്തകയാണെന്നു വാദിക്കുന്നവർ വളരെയാണു്. ഈ കാര്യത്തിൽ നാം മാത്രമല്ല കുററവാളികൾ. പേഴ്സ്യൻ സാഹിത്യത്തെപ്പറ്റി ചർച്ചചെയ്തിട്ടുള്ള പാശ്ചാത്യരിൽ ഭൂരിപക്ഷവും അതിൻെറ പരിണാമത്തിൽ സെമിററിക് പാരമ്പര്യം നല്കിയ സംഭാവന അവഗണിച്ചിട്ടുണ്ടെന്നും, അതു് പേഴ്സ്യക്കാരും പാശ്ചാത്യരും ഇൻഡോ-യൂറോപ്യൻ മൂലവംശജരായതുകൊണ്ടും, സെമിററിക്ജനത ഒരു ഭിന്നവംശമായതുകൊണ്ടും ജനിച്ച ഒരു അബോധവർഗ്ഗീയമനസ്ഥിതിമൂലമാണെന്നും, ഒരു പാശ്ചാത്യപണ്ഡിതൻതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടു്. വേറെയും ഉദാഹരണങ്ങൾ എത്രവേണമെങ്കിലും കിട്ടും. ഇത്തരം മനസ്ഥിതിയുടെ ഒരു ലാഞ്ഛനപോലും ഉണ്ടാകുന്നതു് അപകടമാണെന്നാണു് ഈ ലേഖകൻെറ വിനീതാഭിപ്രായം. ശാസ്ത്രീയമായ നിഷ്പക്ഷതയോടെ

ഇത്തരം ചർച്ചകൾ ഒരിക്കലും നടത്താൻ കഴിയുകയില്ല എന്നല്ല ഇവിടെ വാദിക്കുന്നതു്. അത്തരം ഒരു ചർച്ചയ്ക്കു്, നേരത്തേ പറഞ്ഞതുപോലെ, വേറൊരു ഗ്രന്ഥപരമ്പരതന്നെ വേണം.

വിശ്വസാഹോദര്യം എന്ന വിശാലവീക്ഷണം സിദ്ധമാകുന്നതിന്നു് ഈ ഗ്രന്ഥപരമ്പര അത്യന്താപേക്ഷിതമാണെന്നു് പല വിമർശകരും പറഞ്ഞതു് ഈ അവസരത്തിൽ ലേഖകൻ കൃതജ്ഞതയോടെ സ്മരിക്കുന്നു. വാസ്തവത്തിൽ ആ മഹത്തായ ആശയമാണു് ഈ ഭഗീരഥയത്നം ഏറ്റെടുക്കാൻ കഴിവു തീരെ ഇല്ലാത്തവന്നു് കരുത്തു വേണ്ടതു നല്കിയതു്. "മെസൊപൊട്ടേമിയയിലെ ചില പ്രാർത്ഥനകളും ഗീതങ്ങളും വായിക്കുമ്പോൾ, ഭാരതീയരുടെ വേദങ്ങളിൽനിന്നുള്ള ഉദ്ധാരണങ്ങളാണോ എന്നു സംശയിക്കപ്പെട്ടും," എന്നു് പുത്തേഴം എഴുതിക്കണ്ടപ്പോൾ, ലേഖകന്നു ശ്വാസം നേരേവീണു. നരവംശൈക്യം പുലർത്താൻ ഇത്തരം സാദൃശ്യങ്ങളാണു കൂടുതൽ ഉതകുന്നതു്, വർഗ്ഗബന്ധങ്ങളല്ല. രക്തബന്ധമുണ്ടെങ്കിൽ ഒത്തൊരുമ സ്വായമേ ഉണ്ടാകുമെന്നു് മരുമക്കത്തായം മൺമറഞ്ഞ മലനാട്ടിൽ വെറുതേ എന്തിനാണു ശഠിക്കുന്നതു്? ഞാൻ ഋഗ്വേദം വായിച്ചിട്ടില്ലെങ്കിൽ, ആ നാട്ടിൽ പിറന്നതുകൊണ്ടു മാത്രം, അതിലെ ഉജ്ജ്വലസൂര്യകീർത്തനങ്ങൾ എന്റെ ചിത്തത്തിൽ പ്രഭവീശുകയില്ല. മറിച്ചു് ഇഖ്നറ്റോണിന്റെ സൂര്യകീർത്തനം ഞാൻ വായിച്ചാസ്വദിക്കുകയാണെങ്കിൽ, ഈജിപ്തുകാരനൊന്നുമല്ല, തിരുവനന്തപുരത്തുകാരൻ ഒരു നായരായിട്ടുകൂടെ, ആ പഴയ പൈതൃകം ഞാൻ നേടി സ്വായത്തമാക്കുകയാണു്. ഇത്ര സരളമായിട്ടും ഈ തത്വം എത്ര പേർ ഓർമ്മവെയ്ക്കുന്നു?

വെന്നി, ഉള്ളാട്ടിൽ, പുത്തേഴം മുതലായവർ മലയാ

ളത്തിലും, മററു മൂന്നു ഭാഷകളിലുള്ള പതിപ്പുകളുടെ വിമ ശ്കരിൽ പലരും, അവരുടെ സൗഹാർദ്ദാധിക്യംമൂലം ലേ ഖകനെ ഒരു കുഴപ്പത്തിൽ കൊണ്ടു ചാടിച്ചിട്ടുണ്ട്. "ഈ പരമ്പരയിലെ മററു പുസ്തകങ്ങളും വാഗ്ദാനമനുസരിച്ച് ഗ്രന്ഥകാരൻ പ്രസിദ്ധപ്പെടുത്തിക്കാണാനുള്ള ഒരു പ്രാർത്ഥ നയോടുകൂടിയേ ആരും ഈ പുസ്തകം വായിച്ചശേഷം അ തു താഴെ വെയ്ക്കുകയുള്ളു," എന്നു പുത്തേഴം. വാഗ്ദാനത്തി ൻെറ കാര്യം മറക്കാൻ ലേഖകനെ സമ്മതിക്കുകയില്ലെന്നു് കച്ചകെട്ടി പുറപ്പെട്ടിരിക്കുകയാണു് മററു വിമർശകരും. അപ്പോൾ, നായരു പിടിച്ച പുലിവാലുപോലെ ആയോ ഇതു്? ഒരു സമാധാനമുണ്ടു്. കോളേജിൽ പഠിക്കുന്ന കാ ലത്തേ—അതായതു് 1937 തൊട്ടു്—ഈ നിർവ്വഹണത്തെ സ്വപ്നം കണ്ടുകൊണ്ടു്, അതിന്നുള്ള കരുക്കൾ ശേഖരിക്കു കയായിരുന്നു ലേഖകൻ. എഴുതിശരിപ്പെടുത്തുന്ന കാര്യം മാത്രമേ ശേഷിച്ചിട്ടുള്ളു. അതുകാരണം, ലേഖകന്നു നി ഷ്പ്രയാസം പുലിവാലു കൈമാറാം. അതുകൊണ്ടു്, ഉള്ളിൽ കുരുട്ടുബുദ്ധിയോടും വെളിയിൽ ആദരവോടും കൂടെ ഇതാ പുലിവാലു് സാഹിത്യപ്രവർത്തകസഹകരണസംഘത്തി ന്നു് അടിയറവെയ്ക്കുന്നു. പ്രസിദ്ധീകരിക്കാൻ കഴിയുന്ന വേഗത്തിൽ പരമ്പര തുടന്നുകൊണ്ടുപോകാമെന്ന വാഗ്ദാ നം പുതുക്കാൻ ലേഖകന്നു മടിയില്ലാ.

മെസൊപ്പൊട്ടേമിയൻസംസ്കാരത്തിൽ സാഹി ത്യം ഒരു സ്വതന്ത്രമേഖലയായി തെളിഞ്ഞുയന്നിരുന്നില്ല. മതപരമായ സങ്കല്പങ്ങളോടും ഐതിഹ്യങ്ങളോടും കെട്ടു പിണഞ്ഞാണു് അതു മിക്കവാറും കിടന്നിരുന്നതു്. സാ ഹിത്യത്തിന്നു് ഈ ബന്ധം ഒരു വിഘ്നിഷ്ടമാണെന്നല്ല പ റയുന്നതു്. സഹസ്രാബ്ദങ്ങളായി മതബോധം സാഹിത്യ ത്തിന്നു് ഉത്തേജനം നൽകിയിട്ടുണ്ടു്. പക്ഷേ, ഈ ബന്ധ

ത്തിൽനിന്നു വിട്ടുമാറിയ ഒരു പാരമ്പര്യവും സാഹിത്യത്തിന്നു വേണം. അല്ലെങ്കിൽ അതിന് തനതായ ഒരു കാവ്യസത്തയും ദാർശനികത്വവും സിദ്ധമാകുകയില്ല. പ്രാചീന സംസ്കാരങ്ങളിൽ, ഈജിപ്ററിന്റെ മഹത്വം, സാഹിത്യത്തിന്നു് ഈ സ്വാതന്ത്ര്യം നേടിയ ആദ്യസംസ്കാരമാണു് അതു് എന്നുള്ളതാണു്. ഈജിപ്ത് പാകിയ വിത്തു് യവനസംസ്കാരത്തിൽ തഴച്ചു പടർന്നു പന്തലിക്കും. അതു് മൂന്നാംപുസ്തകത്തിൽ കാണാം. വാഗ്ദാനം മറക്കുകയില്ല.

കൃഷ്ണചൈതന്യ

4055

സാഹിത്യത്തിൽ എനിക്കെന്തെങ്കിലും അഭി
രുചി ഉണ്ടെങ്കിൽ അതിന് കുട്ടിക്കാലത്തേ
വിത്തു പാകിയ വിദുഷിയും കവയിത്രിയും
ആയിരുന്ന എന്റെ മാതാമഹി വാഴവിള

**ശ്രീമതി എസ്. എൽ. ഗൗരിക്കുട്ടിഅമ്മ**

യുടെ പാവനസ്മരണയ്ക്ക്

It is very bad Book.

## ഉള്ളടക്കം


| അദ്ധ്യായം | | | |
|---|---|---|---|
| ഒന്ന് | : | ചരിത്രപശ്ചാത്തലം | 17 |
| രണ്ട് | : | ഈജിപ്റ്റിലെ ദൈവങ്ങൾ | 28 |
| മൂന്ന് | : | മരണവും ജീവിതവും | 51 |
| നാല് | : | കവിത, നാടകം, ചെറുകഥ | 66 |
| അഞ്ച് | : | ചരിത്രസാഹിത്യം | 100 |
| ആറ് | : | സാമൂഹ്യബോധത്തിന്റെ ഉദയം | 120 |
| | | ഉപസംഹാരം | 135 |


4055

അദ്ധ്യായം ഒന്നു്

## ചരിത്രപശ്ചാത്തലം

സുമേരിയ ഒഴിച്ചാൽ, പശ്ചിമേഷ്യൻസംസ്കാരങ്ങളിൽ ഏററവും പുരാതനമായതു് ഈജിപ്ഷ്യൻസംസ്കാരമാണു്. സുമേരിയ യൂഫ്രട്ടീസിന്റെ തീരങ്ങളിൽ വളന്നു. ഈജിപ്തു് പുഷ്ടിപ്രാപിച്ചതു് നൈൽനദിയുടെ ഔദാര്യത്തിന്മേലാണു്. ഇരുവശത്തും മരുഭൂമിയിലെ മണലാണു്. എന്നാൽ, നദീതീരം ഫലഭൂയിഷ്ഠമായ ഭൂമിയായിരുന്നു. അതുകൊണ്ടു്, രണ്ടു തീരങ്ങളിലും മനുഷ്യാധിവാസം തുടങ്ങി. മനുഷ്യാധിവാസം പർവ്വതപ്രദേശമായ അന്തർഭാഗങ്ങളിലേയ്ക്കു്, നൂബിയ (സൂഡാൻ)യിലേക്കും എത്യോപ്യയിലേക്കും, വികസിച്ചതും നദിയുടെ ഗതിപിടിച്ചായിരുന്നു. ഒരു വൻശക്തിയായപ്പോൾ, ചെങ്കടലിൻെറ വടക്കേ അററത്തുള്ള കരയിടുക്കിൽക്കൂടി കടന്നു് പശ്ചിമേഷ്യ മുഴവൻ വ്യാപിക്കാൻ ഈജിപ്തു് ആഗ്രഹിച്ചു.

നൈലിൻെറ താഴ്വരയിൽ പൂർവശിലായുഗംമുതൽ മനുഷ്യവാസമുണ്ടായിരുന്നുവെന്നു കാണിക്കുന്നതിനു മതിയായ തെളിവായി കല്ലുകൊണ്ടുള്ള ഉപകരണങ്ങൾ അവശേഷിച്ചിട്ടുണ്ടു്. ഈ പ്രദേശത്തെ ഉത്തരശിലായുഗഘട്ടം ക്രി. മു. 10000 മുതൽ 4000 വരെയുള്ള കാലമാണു്. പുരാതന ഈജിപ്തുകാർ ഹാമിററിക്‌വർഗ്ഗത്തിൽ പെട്ടവരായിരുന്നു. നമുക്കിക്കാര്യത്തിലെന്തെല്ലാം പറയാൻ തോന്നിയാലും ശരി, കലർപ്പില്ലാത്ത രക്തത്തോടുകൂടിയ ശുദ്ധമായ വർഗ്ഗങ്ങൾ ഇന്നു ഭൂമുഖത്തൊരിടത്തുമില്ലെന്നു് നരവംശശാസ്ത്രം തെളിയിച്ചിട്ടുണ്ടു്. ഈ സമ്മിശ്രണം ചരിത്രത്തിൽ വളരെ മുൻപുതന്നെ ആരംഭിച്ചുവെന്നു് ഹാമിററിക്‌വർഗ്ഗം കാണിക്കുന്നു. ഹാമിററിക്

വർഗ്ഗം ആര്യന്മാരുടേയും സെമിററിക് വർഗ്ഗക്കാരുടേയും ഒരു മിശ്രിതമാണ്. നീഗ്രോവർഗ്ഗത്തിൻേറയും നൈൽതാഴ്വരയിൽ ആദ്യംതന്നെയുണ്ടായിരുന്ന പല പഴയ വർഗ്ഗക്കാരുടേയും ധാരാളം രക്തവും ഹാമിററിക്വർഗ്ഗക്കാരിൽ കലർന്നിട്ടുണ്ട്. കിഴക്കെവിടെനിന്നോ ഈ ആക്രമികൾ (ഹാമിററിക് വർഗ്ഗക്കാർ) നൈൽതാഴ്വരയിൽ ആദ്യമായി പ്രവേശിച്ചപ്പോൾത്തന്നെ അവിടെയുണ്ടായിരുന്നവരാണ് മുൻസൂചിപ്പിച്ച പഴയ വർഗ്ഗക്കാർ.

ക്രി. മു. 4000-ത്തോടുകൂടി ഈജിപ്റ്റ് ചരിത്രത്തിനു വെളിപ്പെട്ടപ്പോൾ, അതു് പല ചെറുരാജ്യങ്ങളുടെ ഒരു സമൂഹമായിരുന്നു. പിന്നീട് ഇവ രണ്ടു രാജ്യങ്ങളായി ഏകീകൃതമായി, ഒന്നു തെക്കും ഒന്നു വടക്കും. ക്രി. മു. 3500-ഓടുകൂടി മെനെസ് ഈ രണ്ടു രാജ്യങ്ങളെ ഒന്നാക്കി ഏകീകരിച്ചു. കെയിറോവിൽനിന്നു് ഏതാണ്ടു പതിനാലുമൈൽ തെക്കായി, നൈൽനദിയുടെ പടിഞ്ഞാറേ തീരത്തിലുള്ള മെംഫിസിൽ അദ്ദേഹം ഒരു തലസ്ഥാനം പണിയിച്ചു. ഐതിഹാസികമായ ആദ്യത്തെ രാജവംശത്തിൻെറ സ്ഥാപകൻ അദ്ദേഹമായിരുന്നു. ഇതുമുതൽ ക്രി. മു. നാലാംശതകത്തിൽ അലക്സാണ്ടരുടെ വിജയംവരെ ഇരുപത്താറു രാജവംശങ്ങൾ നാടു ഭരിച്ചിട്ടുണ്ട്. ദീർഘമായ ഈ കാലത്തെ, നാലു പ്രധാന ഭാഗങ്ങളായി ചരിത്രകാരന്മാർ വിഭജിച്ചിരിക്കുന്നു. പുരാതനരാജ്യം ക്രി. മു. 3500 മുതൽ 2631 വരെ നിലനിന്നു. ഇക്കാലം ആദ്യത്തെ ആറു രാജവംശങ്ങളുടെ ഭരണം കണ്ടു. അവ്യവസ്ഥയുടെ മദ്ധ്യത്തിൽ പുരാതനരാജ്യം അപ്രത്യക്ഷമായി. ക്രി. മു. 2375-ൽ പതിനൊന്നാമത്തെ രാജവംശത്തിന്റെ ഭരണത്തോടുകൂടി മദ്ധ്യരാജ്യം ആരംഭിക്കുന്നു. പുരാതനരാജ്യത്തിൻെറ തലസ്ഥാനം മെംഫിസ് ആയിരുന്നു. പതിനൊന്നാമത്തെ രാജവംശം കുറെക്കൂടി തെക്കുമാറി, തീബ്സ് എന്ന സ്ഥലത്തു് ഒരു പുതിയ തലസ്ഥാനം പണിയിച്ചു. മദ്ധ്യരാജ്യം ക്രി. മു. 1800 വരെ നിലനിന്നു. പതിനൊന്നുമുതൽ പതിന്നാലുവരെയുള്ള രാജവംശങ്ങളിലെ രാജാക്കന്മാർ ഇക്കാലത്തു ഭരണംനടത്തി. ഈ രാജ്യം ഇടയരാജാക്കന്മാരുടെ ആക്രമണത്തിനു വിധേയമായി. ഇടയരാജാക്കന്മാർ പശ്ചിമേഷ്യയിലെ

യുദ്ധപ്രിയരായ സഞ്ചാരിവർഗ്ഗമായിരുന്നു. ഏതാണ്ടൊരു ശതാബ്ദത്തിനുശേഷം ഇടയരാജാക്കന്മാരെ ആട്ടിയോടിച്ചു. ക്രി. മു. 1580 മുതൽ 1100 വരെയുള്ള ഘട്ടത്തിനു് സാമ്രാജ്യത്തിന്റെ കാലമെന്നു പറയുന്നു. പതിനേഴുമുതൽ ഇരുപതുവരെയുള്ള രാജവംശങ്ങൾ ഈ ഘട്ടത്തിൽ നാടുവാണു. അധികാരത്തിന്റെ ഔന്നത്യത്തിൽ ഈജിപ്ഷ്യൻസാമ്രാജ്യം ലിബിയ മുതൽ യൂഫ്രട്ടീസ്‌വരെ വ്യാപിച്ചു. സാമ്രാജ്യത്തിന്റെ അധഃപതനകാലത്തു് അതു ഛിന്നഭിന്നമായി. വിരുദ്ധ തലസ്ഥാനങ്ങളിൽനിന്നു പല രാജാക്കന്മാരും ഭരണം നടത്തി. ഇരുപത്താറാമത്തെ രാജവംശം സെയിത്ത്‌രാജ്യം സ്ഥാപിച്ചു. അതിന്റെ തലസ്ഥാനം നൈലിന്റെ മുഖത്തുള്ള സെയിസ്‌ത്തായിരുന്നു. ഈ രാജ്യം ക്രി. മു. 663 മുതൽ 525 വരെ നിലനിന്നു. ക്രി. മു. 525-ൽ രാജ്യത്തെ പേഴ്സ്യക്കാർ ആക്രമിച്ചു. ക്രി. മു. 332-ൽ അലക്സാണ്ഡർ ഈജിപ്തിനെ ജയിച്ചു് ഒരു ഗ്രീക്കുപ്രവിശ്യയാക്കി. ക്രി. മു. 30-ൽ പിന്നെയും മാററം വന്നു: ഈജിപ്തു് റോമിന്റെ ഒരു പ്രവിശ്യയായി.

പക്ഷേ, ലോകചരിത്രത്തിൽ ഏതു രാജ്യത്തിനും മുവ്വായിരം കൊല്ലത്തെ ഏകീകൃതഭരണം അനുപമമാണു്. ഈ സമൃദ്ധമായ നിലനില്പു് ഉജ്ജ്വലവും ബഹുമുഖവുമായ ഒരു സംസ്കാരംപടുത്തുയർത്തുവാൻ ഈജിപ്തിനു കഴിവുണ്ടാക്കി. ഇതു് മുഖ്യമായും ദൈവാധിപത്യപരമായിരുന്നു. ഫറോ എന്നു വിളിച്ചിരുന്ന ഭരണാധികാരിയെ ദൈവത്തിന്റെ അവതാരമായിട്ടാണു കണക്കാക്കിയിരുന്നതു്. പലപ്പോഴും തിരശ്ശീലയ്ക്കു പിന്നിൽനിന്നു ഭരണം നടത്തിയിരുന്ന പുരോഹിതവർഗ്ഗത്തെ ഒഴിച്ചാൽ, അദ്ദേഹം പരമാധികാരിയായിരുന്നു. കൃഷിചെയ്യാവുന്ന ഭൂമിയുടെ ഏഴിലൊരുഭാഗം ഒരുകാലത്തു് പുരോഹിതവർഗ്ഗത്തിന്റെ വകയായിരുന്നു. ജനസംഖ്യയുടെ ഏഴിലൊരു ഭാഗത്തെ പുരോഹിതന്മാർ സ്വന്തം അടിമകളായി വെച്ചുകൊണ്ടിരുന്നു. ഈജിപ്തിലേയും സിറിയയിലേയും 169 പട്ടണങ്ങളിൽനിന്നു പുരോഹിതന്മാർക്കു കരം കിട്ടിയിരുന്നു. ഈ വസ്തുക്കൾ മുഴുവൻ നികുതിയിൽനിന്നൊഴിവുമായിരുന്നു. സിംഹാസനം അപഹരിച്ചമുഖ്യപുരോഹിതന്മാരേയും ഈജിപ്തിന്റെ ചരിത്രം കണ്ടിട്ടുണ്ടു്. തിരശ്ശീലയ്ക്കു പിന്നിൽനിന്നു

ഭരിക്കുന്നതിനെക്കാൾ നേരിട്ട ഭരണംനടത്താൻ ഇഷ്ടപ്പെട്ടവരായിരുന്നു അവർ. ദൈവാധിപത്യപരമായ ഭരണക്രമം, അതിൻെറ സുരക്ഷിതത്വത്തിനുവേണ്ടി പാരമ്പര്യവിശ്വാസങ്ങളുടെ ശക്തിക്കു പുറമേ, കരസൈന്യം, നാവികസൈന്യം, അധികാരിവർഗ്ഗാധിപത്യം ഈ മൂന്നു സ്ഥാപനങ്ങളേയും ആശ്രയിച്ചിരുന്നു. പുരാതനകാലത്തെ ഏററവും പ്രാപ്തമായ ഒന്നായിരുന്നു ഈജിപ്ഷ്യൻസൈന്യം. തുറ്റ്മോസ് മൂന്നാമൻെറ (ക്രി. മു. 1479–1447) പശ്ചിമേഷ്യയിലെ സമരപരാക്രമങ്ങളിൽ സൈന്യം വളരെ വേഗം സഞ്ചരിച്ചു; പടകേറാൻ വിഷമമുള്ള രാജ്യത്തു ദിവസം ഇരുപതു മൈൽവീതം. തുറ്റ്മോസ് ഒരു കപ്പൽസമൂഹവും നിർമ്മിച്ചു. അതുകൊണ്ട് ചെങ്കടലിലേയും മദ്ധ്യധരണ്യാഴിയിലെയും വ്യാപാരമാർഗ്ഗങ്ങളുടെ നിയന്ത്രണം ഈജിപ്തിനു കിട്ടി. വയൽമേൽനോട്ടക്കാർ, തൊഴിൽപരിശോധകർ, കരംപിരിക്കുന്നവർ, ഇങ്ങനെ തുടങ്ങി ഫറോവിൻെറ തൊട്ട ചുവട്ടിലുള്ള മന്ത്രിവരെയുള്ള വിപുലമായ ഉദ്യോഗസ്ഥവൃന്ദത്തെ വിവിധഭാഗങ്ങളായി ക്രമീകൃതമായി സംഘടിപ്പിച്ചിരുന്നു. രാജ്യത്തിന്റെ വിദൂരഭാഗങ്ങളുമായി സമ്പക്കംപുലത്തുന്നതിനു ക്രമമായ ഒരു തപാൽ വ്യവസ്ഥയും സംഘടിപ്പിച്ചിരുന്നു.

എത്യോപ്യൻ പർവ്വതങ്ങളിലെ മഞ്ഞുരുകിയപ്പോൾ, നൈലിലെ വെള്ളപ്പൊക്കം, നമ്മുടെ നാട്ടിലെ വർഷംപോലെ, നാട്ടിനുപകാരമായി. ക്രി. മു. 450–നോടടുത്തു് നൈൽ താഴ്വരയിൽ താൻ കണ്ട കൃഷിയെപ്പററി ഗ്രീക്കചരിത്രകാരനായ ഹെറൊഡോട്ടസ് വിവരിക്കുന്നു, "മറേറതൊരു ജനതയെക്കാളും കുറഞ്ഞ പ്രയത്നത്തോടുകൂടി അവർ, ഭൂമിയിലെ ഫലങ്ങൾ ശേഖരിക്കുന്നു, എന്തെന്നാൽ കലപ്പകൊണ്ട് ഉഴവുചാലു മുറിക്കേണ്ട ആവശ്യം അവക്കില്ല. നദി സ്വമേധയാ വന്നു് വയലുകളെ ജലസേചനംചെയ്തു പിൻവാങ്ങുമ്പോൾ, ഓരോ കൃഷിക്കാരനും അയാളുടെ വയലിൽ വിതയ്ക്കുകയും, അയാളുടെ പന്നിയെ വയലിലേയ്ക്കയയ്ക്കുകയും ചെയ്യുന്നു. പന്നി വിത്തു വയലിൽ ചവിട്ടിത്താഴ്ത്തിക്കഴിഞ്ഞാൽ, ഓരോ കൃഷിക്കാരനും കൊയ്ത്തു കാത്തിരിക്കുകയായി." ഈ ചിത്രം വളരെയധികം ആദർശപരമാണു്. പല കൊല്ലങ്ങളിലും വെള്ള

പ്പൊക്കം വയൽ നനയ്ക്കാൻ മതിയായിരുന്നില്ല. സർവ്വോപരി മറ്റൊരു കാര്യമുണ്ട്. ഓരോ ഏക്കർ ഭൂമിയും ഫറോവിന്റെയായിരുന്നു. കൃഷിക്കാരൻ പത്തുമുതൽ ഇരുപതുവരെ ശതമാനം വാർഷികനികുതി ധാന്യമായിത്തന്നെ ഫറോവിനു കൊടുക്കേണ്ടിയുമിരുന്നു. രാജാവിനുവേണ്ടി നിർബന്ധിതമായ ജോലി ചെയ്യുവാൻ കൃഷിക്കാരൻ ഏതു സമയത്തും വിധേയനാണ്. ഈജിപ്ഷ്യൻരേഖകളിൽ പണിമുടക്കിനെപ്പററി പല പരാമർശങ്ങളുമുണ്ട്. അതൃപ്തരായ തൊഴിലാളികൾ ഒരു പ്രവിശ്യ മുഴുവൻ പിടിച്ചടക്കി ഭരിച്ച ഒരു വലിയ അടിമപ്രക്ഷോഭണത്തെപ്പററി ഒരു ഗ്രീക്കപാരമ്പര്യവും പരാമർശിക്കുന്നുണ്ട്. ജലസേചനത്തിൽ ഈജിപ്തുകാർ വലിയ പുരോഗതി കൈവരുത്തിയിരുന്നു. വിസ്തൃതമായ അണകളും തോടുകളും അവർ നിർമ്മിച്ചു. ചിലതു നൈൽനദിയേയും ചെങ്കടലിനേയും നേരിട്ടു ബന്ധിപ്പിച്ചിരുന്നു. ചെമ്പിന്റേയും സ്വർണ്ണത്തിന്റേയും ഖനനം സർക്കാർവ്യവസായമായി നടത്തിവന്നു. ചെമ്പും തകരവും കൂട്ടിക്കലർത്തി പിച്ചളയുണ്ടാക്കുന്ന വിദ്യ ഈജിപ്തിനു ആദ്യകാലംമുതല്ക്കറിയാമായിരുന്നുവെന്നു തോന്നുന്നുണ്ട്. പുരാതന ഈജിപ്തിനു ക്രമമായ നാണയവ്യവസ്ഥയുണ്ടായിരുന്നില്ല. എന്നാൽ വിനിമയത്തിന്റേയും വ്യാപാരത്തിന്റേയും സൗകര്യങ്ങൾക്കായി സ്വർണ്ണം തൂക്കി ഉപയോഗിക്കുക ധാരാളമായിരുന്നു.

കുടുംബജീവിതം സാംസ്കാരികമായി വളരെ ഉയർന്ന ഒരു നിലവാരത്തിലെത്തി. ഏകപത്നീവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് കുടുംബജീവിതം സംഘടിപ്പിച്ചിരുന്നതു്. സ്ത്രീകൾക്ക് സാമൂഹ്യമായും നിയമപരമായും ഉന്നതമായ ഒരു പദവിയുണ്ടായിരുന്നു. സ്ത്രീകൾക്ക് നിയമപരമായി ഇത്രയും ഉയർന്ന ഒരു പദവി പുരാതനമോ അധുനാതനമോ ആയ ഒരു ജനതയും നൽകിയിട്ടില്ലെന്നുവരെ മാക്സ്മുള്ളർ അവകാശപ്പെടുന്നു. സ്ത്രീകൾ വ്യവസായത്തിലും വ്യാപാരത്തിലും സ്വതന്ത്രമായേർപ്പെട്ടു. തങ്ങളുടെ കാര്യങ്ങൾക്കായി, പുരുഷന്മാരുടെ അകമ്പടി കൂടാതെതന്നെ അവർ തെരുവീഥികളിൽ സഞ്ചരിച്ചു. സ്ത്രീജിതനായ ഈജിപ്ഷ്യൻപുരുഷനെ കളിയാക്കുവാൻ ആശ്ചര്യപരതന്ത്രരായ ഗ്രീക്കുകാർക്ക് ഈജിപ്ഷ്യൻ

സ്ത്രീകൾ ധാരാളം അവസരംകൊടുത്തു. പിൻതുടർച്ചാവകാശം സ്ത്രീക്കായിരുന്നു. നിന്ദ്യമായി നമുക്കു തോന്നുന്ന ഒരാചാരം സഹോദരീസഹോദരന്മാർ തമ്മിലുള്ള വിവാഹമായിരുന്നു. രാജകുടുംബത്തെസംബന്ധിച്ചിടത്തോളം ഇതായിരുന്നു സാധാരണപതിവ്. ഇതിനൊരു കാരണമുണ്ട്. രാജവംശം ദേവന്മാരിൽനിന്നുത്ഭവിച്ചതാണെന്നായിരുന്നു സങ്കല്പം. സാധാരണമനുഷ്യരുടെ സങ്കരംകൊണ്ട് അതിനെ കളങ്കപ്പെടുത്തുവാൻ പാടില്ല. സാമാന്യജനങ്ങളുടെയിടയിൽ ഈ ആചാരം നടപ്പിലിരുന്നതു് കുടുംബസ്വത്തു കുടുംബത്തിൽത്തന്നെ സൂക്ഷിക്കുന്നതിനായിരുന്നു. ഒരേ മാതാപിതാക്കന്മാരുടെ കുട്ടികൾ തമ്മിലുള്ള വിവാഹം നമ്മെ ഞെട്ടിപ്പിച്ചേക്കാം. പക്ഷേ, ഒരേ ദമ്പതിമാരുടെ പൗത്രന്മാരും പൗത്രിമാരും തമ്മിലും, ഇൻഡ്യയിലെ ചില ജാതികളിൽ അമ്മാവനും മരുമകളും തമ്മിലും ഉള്ള വിവാഹബന്ധം നാം അംഗീകരിക്കുന്നുണ്ടെന്നു നമുക്കോർമ്മിക്കുക.

ഈജിപ്തുകാരുടെ അക്ഷരങ്ങൾ ചിത്രലിപികളിൽ നിന്നുണ്ടായതാണ്. അടിസ്ഥാനപരമായി ഒന്നാണെങ്കിലും എഴുത്തക്ഷരവും അച്ചടിയക്ഷരവും തമ്മിൽ ഇംഗ്ലീഷിൽ വ്യത്യാസമുണ്ടല്ലോ. അതുപോലെ ഈജിപ്ഷ്യൻ അക്ഷരത്തിനും രണ്ടു രൂപങ്ങളുണ്ടായിരുന്നു. ഒന്ന് വ്യക്തമായ ആകാരത്തോടുകൂടി, ഖണ്ഡിതമായി ചിത്രലിപിയായിരുന്നു. ശിലാലിഖിതങ്ങളിൽ, മൂലത്തിന്റെ ഈ പരിശുദ്ധി സംരക്ഷിക്കാൻ കഴിഞ്ഞു. എന്നാൽ പുരോഹിതന്മാർ കൈകൊണ്ടെഴുതിയപ്പോൾ, കുറെക്കൂടിവേഗമെഴുതാവുന്നതും കുറെക്കൂടി സ്ഥൂലാകാരമുള്ളതുമായ ഒരു രൂപമുണ്ടായി. സാമാന്യജനങ്ങൾ എഴുതിത്തുടങ്ങിയപ്പോൾ പിന്നേയും സംക്ഷിപ്തമായ മൂന്നാമതൊരു രൂപം ഉപയോഗത്തിൽവന്നു. ഒരു തരത്തിലുള്ള കടലാസ് ഈജിപ്തുകാർ വളരെ മുമ്പുതന്നെ ഉപയോഗിച്ചിരുന്നു. ഈജിപ്തിലെ ചതുപ്പുനിലങ്ങളിൽ സമൃദ്ധമായി വളർന്നിരുന്ന ഒന്നാണ് 'പാപ്പിറസ്' ചെടി. ചെടിയുടെതണ്ട് കഷണം കഷണമായി മുറിക്കും. എന്നിട്ട് ഈ കഷണങ്ങൾക്കു വിലങ്ങനെ മററുകഷണങ്ങൾവെച്ച്, പശപോലെയാക്കി, അമർത്തി ഞെക്കി ഞെരുക്കിയാണ് കടലാസുണ്ടാക്കിയിരുന്നതു്. ലഘു

വ്വായ ഒരു തണ്ടായിരുന്നു പേന. വിളക്കുകരിയും വെള്ളവും കുറച്ചു പശയും കൂട്ടിയാണു് മഷിയുണ്ടാക്കിയിരുന്നതു്. ഈവിധത്തിലെഴുതിയ കൈയെഴുത്തുപ്രതികൾ ഇന്നും വായിക്കാവുന്നവയാണു്. അയ്യായിരം കൊല്ലങ്ങൾക്കുശേഷവും താളുകൾ ഒട്ടിച്ചു വലിയ താളുകൾ ഉണ്ടാക്കാനും, ഉപയോഗിക്കാതിരിക്കുമ്പോൾ അവ ചുരുളുകളായി തെറുത്തു സൂക്ഷിച്ചുവയ്ക്കുവാനും സാധിച്ചിരുന്നു.

വിദ്യാലയങ്ങളെ ദേവാലയങ്ങളോടു ഘടിപ്പിച്ചിരുന്നു. പുരോഹിതന്മാരായിരുന്നു അദ്ധ്യാപകന്മാർ. ഇവിടത്തെ അദ്ധ്യയനം കഴിഞ്ഞാൽ, ഉദ്യോഗസ്ഥന്മാരാവണമെന്നുള്ളവർ സർക്കാർഖജനാവിൻെറ ശാഖകളോടനുബന്ധിച്ചുള്ള പരിശീലനാലയങ്ങളിൽച്ചേർന്നു്, പൊതുഭരണം പഠിച്ചിരുന്നു. അതിനുശേഷം, ഉദ്യോഗനിയമനം കിട്ടുന്നതിനുമുമ്പു്, ഉദ്യോഗസ്ഥന്മാരുടെ കീഴിൽ കുറച്ചുകാലം പരിശീലനവും ചെയ്യേണ്ടിയിരുന്നു.

നൈൽനദിയിൽ കൊല്ലംതോറുമുള്ള വെള്ളപ്പൊക്കം അതിരുകളില്ലാതാക്കിയതിനാൽ, വെള്ളമിറങ്ങിയപ്പോൾ ഭൂമി വീണ്ടും അളന്നുതിരിക്കേണ്ടിവന്നു. ഈ ആവശ്യം ക്ഷേത്രഗണിതവും ഭൂമാപനവും വികസിപ്പിക്കുവാൻ ഈജിപ്തുകാരെ നിർബന്ധിച്ചു. അവർക്കു് അവരുടെ സ്വന്തം പഞ്ചാംഗമുണ്ടായിരുന്നു. വൈദ്യശാസ്ത്രം വളരെയധികം പുരോഗമിച്ചു. വ്യക്തിയുടെ ആരോഗ്യസംരക്ഷണത്തിലും പൊതുശുചീകരണത്തിലും നിർബന്ധംവയ്ക്കുകയും അങ്ങനെ നിവാരണപരമായ വൈദ്യശാസ്ത്രത്തിൽ വളരെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

ഈജിപ്തുകാർ പുരാതനകാലത്തെ ഏററവും വലിയ ശില്പികളായിരുന്നു. അവരുടെ മാതൃകകളെ മനുഷ്യരായിട്ടല്ല, നൂറടി പൊക്കമുള്ള ദീർഘകായരായിട്ടാണു് അവർ സങ്കല്പിച്ചതു് എന്നു പറയപ്പെടുന്നുണ്ടു്. സാങ്കേതികശാസ്ത്രങ്ങളുടെ പുരോഗതിമൂലം ബൃഹത്തായ നിർമ്മിതിയിൽ എളുപ്പമായിട്ടുള്ള ഇക്കാലത്തുപോലും ഈജിപ്ഷ്യൻപിരമിഡുകളുടെ പരിമാണം നമ്മെ ആശ്ചര്യചകിതരാക്കുന്നു. ആദ്യത്തെ പിരമിഡു് ക്രി.മു. 3098 മുതൽ 3075 വരെ ഭരിച്ച ഖുഫുവാണു് പണിയിച്ചതു്. അതിബൃഹത്തായ ഈ ആകാരത്തിൽ ഇരുപത്തഞ്ചു

ലക്ഷം ശിലകളുണ്ട്, അതിനെല്ലാം ശരാശരി രണ്ടരടൺ തൂക്ക വും. അഞ്ചുലക്ഷം ചതുരശ്രയടി വ്യാപിച്ചും 481 അടി ഉയ ന്നമാണ് ഇതു നില്ക്കുന്നതു്. പിരമിഡുകൾ രാജകീയശവകുടീ രങ്ങളായിരുന്നു. ഈജിപ്തുകാർ വലിയ ദേവാലയങ്ങളും പ ണിയിച്ചു. പതിനൊന്നാമത്തെ രാജവംശം തലസ്ഥാനം തീ ബ്സിലേക്കു മാറ്റിയപ്പോൾ കർണ്ണാക്കിലേയും ലക്സോറിലേയും വലിയ ദേവാലയങ്ങൾ അടുത്തുതന്നെ പണികഴിപ്പിച്ചു. ഈ ജിപ്ഷ്യൻദേവാലയത്തിനു രണ്ടു് ഉള്ളറകളുണ്ടു്. ഉള്ളില ത്തേതിൽ ഒരു പീഠത്തിന്മേൽ ദൈവവിഗ്രഹം സ്ഥിതിചെ യ്യുന്നു. പുറമേയുള്ളതു് അനുഷ്ഠാനങ്ങൾക്കുള്ളതാണ്. ദേവാ ലയത്തിന്റെ മുൻവശത്തു് ഒരു മുററവുമുണ്ടു്. ദേവാലയത്തി ലേയ്ക്കു നയിക്കുന്ന വീഥിയുടെ ഇരുവശങ്ങളിലും വലിയ കൊ ത്തുപണികളുണ്ടു്. വീഥി ബാഹ്യലോകത്തിൽനിന്നു് ഒരിര ട്ടഭിത്തികൊണ്ടു് അടയ്ക്കപ്പെട്ടിരിക്കുന്നു. ദേവാലയത്തിന്റെ ഓ രോ ഭാഗവും സമതലത്തിൽ കിളത്തിക്കൊത്തിയ ചിത്രങ്ങൾ കൊണ്ടു നിറഞ്ഞതാണ്. ഈ കൊത്തുവേലകളെല്ലാം ഉജ്ജ്വ ലമായ വർണ്ണങ്ങളിലാണു ചെയ്തിട്ടുള്ളതു് എന്നുള്ള രസകരമാ യ കാര്യവും നമ്മളോർമ്മിക്കണം.

ചിത്രവേല പ്രശംസാർഹമായവിധം നന്നായിട്ടാണ് ചെയ്തിരിക്കുന്നതു്. രാജാക്കന്മാരുടെ പ്രതിമകളുടെ വലിപ്പം വിസ്മയാവഹമായിരുന്നു, എഴുതാണ്ടരുപതടിയായിരുന്നു അവ യുടെ ഉയരം. അല്പം ആദർശപരമായിട്ടാണ് അവ പണി ചെയ്തിട്ടുള്ളതു്. സാമാന്യജനങ്ങളെ പ്രതിനിധീകരിച്ചിരിക്കു ന്നതു് കൂടുതൽ യഥാതഥമായിട്ടാണ്. സമതലത്തിൽ കിള ത്തിയുണ്ടാക്കിയിട്ടുള്ള കൊത്തുവേലകൾ പുരാതന ഈജിപ്തി ന്റെ ചരിത്രത്തിന്റെ യഥാർത്ഥമായ സചിത്രരേഖകളാണ്. ഒരു രേഖയെന്ന നിലയിൽ ചായപ്പണിക്കും ഈ ഉൽകൃഷ്ടമൂല്യ മുണ്ടു്, സ്വന്തംരീതിയിലുള്ള പൂർണ്ണതയ്ക്കു പുറമെ. രാജകീയ ശവകുടീരങ്ങളിലും ദേവാലയങ്ങളിലും മററു ദിക്കിലും നാം ഈ ചായപ്പണികൾ കാണുമ്പോൾ, പുരാതന ഈജിപ്തിലെ ജീവിതരീതിയുടെ ഉജ്ജ്വലവർണ്ണത്തിലുള്ള ഒരു ചിത്രം നമ്മെ കാണിക്കാനായി ശതാബ്ദങ്ങൾ വഴിമാറി നില്ക്കുന്നു. കൈയെ ഴുത്തുപ്രതികളും വർണ്ണചിത്രങ്ങൾകൊണ്ടു് അലങ്കരിക്കപ്പെട്ടി

രുന്നു. വളരെ വൈവിധ്യമുള്ള സംഗീതോപകരണങ്ങളെപ്പറ്റിയും ഈജിപ്ഷ്യകാർക്കറിവുണ്ട്. ദേവാലയങ്ങളിലും കൊട്ടാരങ്ങളിലും പാട്ടുകാരും മേളക്കാരുമുണ്ടായിരുന്നു. ചില കലാകാരന്മാരുടെ പേരുകൾ നമുക്കു കിട്ടിയിട്ടുണ്ട്. രാജ്യത്തെ മഹാന്മാരിൽവച്ച് ഏററവും മഹാനാണ് താനെന്നവകാശപ്പെട്ടുകയും, അങ്ങനെ, സംസ്കാരത്തിൻെറ ഉദയംമുതൽതന്നെ മിഥ്യാഗർവ്വം കലാകാരന്മാരെ സംബന്ധിച്ചിടത്തോളം, തൊഴിൽപരമായ ഒരു രോഗമാണെന്നു തെളിയിക്കുകയും ചെയ്ത, ശില്പിയായ സെൻമട്ടിനെപ്പററി രേഖകളുണ്ട്. ചായപ്പണിക്കാരനായ തുററ്മോസിൻെറ പേരും, തൻെറ കല മഹാനായ ഇഖ്നറേറാൺ രാജാവിനെ വിസ്മൃതിയിൽനിന്നു രക്ഷിച്ചു എന്നവകാശപ്പെട്ട കൊത്തുപണിക്കാരനായ ബെക്കിൻെറ പേരും രേഖകളിൽ കാണാം. ഈ ഭരണാധികാരിയെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതിനു്, അദ്ദേഹത്തിനിതിലും നല്ല സാക്ഷിപത്രങ്ങളുണ്ടെന്നു നമുക്കു പിന്നീടു കാണാം. കൈത്തൊഴിലുകൾ വളരെയധികം ഔന്നത്യം പ്രാപിച്ചിരുന്നു. ആവിയന്ത്രത്തിൻെറ കണ്ടുപിടിത്തത്തിനു മുമ്പു യൂറോപ്പ് ഒരു മണ്ഡലത്തിലും, നെയ്ത്തിലും, മൺവ്യവസായത്തിലും, ഈജിപ്തിനെ അതിശയിച്ചിരുന്നില്ല എന്നു്, ഒരു പണ്ഡിതൻ അവകാശപ്പെട്ടിട്ടുണ്ട്.

ഒരു ഭാരതീയപണ്ഡിതന്റെ ഈയിടെ പ്രസിദ്ധീകരിച്ച ഗവേഷണഫലങ്ങളനുസരിച്ച്, സൂര്യാരാധകന്മാരായ പതിനെട്ടാം രാജവംശത്തിലെ രാജാക്കന്മാരെ, അമോൺദേവന്റെ മാമൂൽപ്രിയരായ ആരാധകർ ക്രി. മു. 1358–നും 1355–നും ഇടക്കു് എന്നോ രാജ്യത്തുനിന്നു തുരത്തി. അവർ ബംഗാളിൽ ഒരു രാജ്യം സ്ഥാപിച്ചു. ഇവിടെ ഗവേഷണം പ്രത്യേകിച്ചും ശ്രമകരമായിരുന്നു. എന്തെന്നാൽ പലപ്പോഴും സ്ഥലത്തിന്റേയും തൊഴിൽപരവും മററുമായ നാമങ്ങളുടേയും ഇന്നത്തെ സംസ്കൃതമയമായ അഭിദാനത്തിൽനിന്നു് അവയുടെ ആദ്യരൂപങ്ങളിലേക്കു് ഈ ഗവേഷണത്തിൽ പശ്ചാൽഗമിക്കേണ്ടിയിരുന്നു. എന്നിട്ട് ഈജിപ്തിനോടു ബന്ധിപ്പിക്കുന്ന കണ്ണികളുടെ ചുവടു കണ്ടുപിടിക്കുകയും വേണം. പഴയ കൈവേലകളിൽ സൂക്ഷിച്ചിരിക്കുന്ന പ്രതിമാലേഖനരൂപങ്ങളിൽനിന്നാണ്

ഏററവും സംശയരഹിതമായ തെളിവു കിട്ടുന്നതു്. ബർഡ്വാനിൽനിന്നു കിട്ടിയ മരംകൊണ്ടുള്ള പാവകളും ചില ഗ്രാമദേവന്മാരുടേയും ദേവിമാരുടേയും മൺചിത്രങ്ങളും വർണ്ണപ്പൊടികൊണ്ടു നിലം അലങ്കരിക്കുന്ന രീതികളും ഈ സിദ്ധാന്തത്തിനു സഹായകമാണെന്നു തോന്നുന്നു. ഇഖ്നററോൺ രാജാവിന്റേയും മററു രാജാക്കന്മാരുടേയും മൃതദേഹങ്ങൾ ബംഗാളിന്റെ അരികിലുള്ള പർവ്വതങ്ങളിലെവിടെയോ ഒളിഞ്ഞുകിടക്കുന്നുണ്ടെന്നുവരെ ലേഖകൻ അവകാശപ്പെടുന്നുണ്ടു്.

ഈജിപ്ഷ്യൻസാഹിത്യപഠനത്തിനുള്ള നമ്മുടെ ആധാരം പാപ്പിറസ് ചുരുളുകളും, മരപ്പലക, തോല്, കളിമൺപലക, സ്ലേററുപോലെയുള്ള ചുണ്ണാമ്പുകല്ലുപലക തുടങ്ങിയ സാധനങ്ങളിന്മേലുള്ള എഴുത്തുമാണു്. പാപ്പിറസ് വ്യയഹേതുകമായിരുന്നതിനാൽ, ഈജിപ്റ്റിലെ വലിയ ദേവാലയങ്ങളോടനുബന്ധിച്ചുള്ള വിദ്യാലയങ്ങളിലെ കുട്ടികൾ സ്ലേററുകളാണു് ഉപയോഗിച്ചതു്. സ്കൂൾകുട്ടികൾ എടുത്ത പഴയ സാഹിത്യത്തിന്റെ പകർപ്പുകൾ നാശത്തെ അതിജീവിച്ചിട്ടുണ്ടു്. എന്നാൽ വലിയ തെറ്റുകൾ വരുത്താൻ സ്കൂൾകുട്ടികൾ ഇന്നത്തെപ്പോലെ അന്നും കേമന്മാരായിരുന്നതിനാൽ, ശരിയായ പകർപ്പു കിട്ടാൻ പണ്ഡിതന്മാർക്കു് അത്യന്തം ബുദ്ധിമുട്ടേണ്ടിവന്നു.

ഈജിപ്റ്റിലെ വിദ്യാഭ്യാസമുള്ള ജനവിഭാഗങ്ങൾ അവിടത്തെ സാഹിത്യം നിർമ്മിച്ചു. എന്നാൽ കഥകൾ പറയുന്ന ജനപ്രിയരായ ആളുകളും, സ്ത്രീകളും പുരുഷന്മാരും, ഈജിപ്റ്റിലുണ്ടായിരുന്നു. ദേവന്മാരേയും വീരപുരുഷന്മാരേയും ചുറ്റിപ്പറ്റി ഉണ്ടായിട്ടുള്ള ഐതിഹ്യങ്ങളെസംബന്ധിച്ച തങ്ങളുടെ പാട്ടുകൾകൊണ്ടു് അവർ സദസ്സുകളെ ആഹ്ലാദിപ്പിച്ചു. അഭ്യസ്തവിദ്യരുടെ സാഹിത്യരീതി ഘനമുള്ളതും സങ്കേതങ്ങളുടെ ഭാരംകൊണ്ടു നിറഞ്ഞതുമായിത്തീർന്നു. എന്നാൽ പതിനെട്ടാമത്തെ രാജവംശത്തിന്റെ കാലത്തു് മഹാനായ ഇഖ്നററോണിന്റെ പരിഷ്കാരങ്ങൾ ഇതെല്ലാം മാററി. ആളുകൾ അന്നത്തെ ഭാഷയിൽ കവിതയെഴുതുവാനും തുടങ്ങി. ഈ രാജാവിന്റെ മതപരമായ പരിഷ്കാരങ്ങളെ പഴമയുടെ വിജയം അവസാനം നിർത്തലാക്കുകതന്നെ ചെയ്തു. എന്നാൽ സാഹിത്യ

രീതിയിലെ നവോന്മേഷകാരിയായ മാറ്റം നിലനില്ക്കുകയും, പത്തൊൻപതും ഇരുപതും രാജവംശങ്ങളുടെ കീഴിൽ ഓജസ്വിയായ ഒരു സാഹിത്യത്തിലേയ്ക്കു വഴിതെളിക്കുകയും ചെയ്തു.

മതത്തേയും ദേവാരാധനയേയും സംബന്ധിക്കുന്ന എല്ലാം എടുത്തുമാററിക്കൊള്ളുക; ഹൃദയസ്പൃക്കായ ഒരു സാഹിത്യത്തിന്റെ പാരമ്പര്യമുള്ള ഒരു രാഷ്ട്രമായി പരിഗണിക്കപ്പെടാൻ ഈജിപ്തിനുള്ള അവകാശത്തെ സ്ഥാപിക്കാൻ മതിയായതെല്ലാം പിന്നേയും ബാക്കിയുണ്ട്. ഇതാണ് പുരാതനലോകത്തിൽ ഈജിപ്തിനുള്ള പ്രാമുഖ്യം. മതേതരസാഹിത്യം മെസൊപൊട്ടേമിയയിലുമുണ്ടായിരുന്നു, എന്നാൽ മതസാഹിത്യത്തോടു താരതമ്യപ്പെടുത്തുമ്പോൾ അതിന്റെ അംശം വളരെ ചെറിയതാണ്. ഇങ്ങനെ സാഹിത്യത്തെ അതിനുവേണ്ടിത്തന്നെ വളർത്തുന്നതിൽ പുരാതനസംസ്കാരങ്ങളിൽ ഈജിപ്തിനാണു പ്രഥമസ്ഥാനം. വളരെ ആദ്യകാലംമുതൽതന്നെ, സാഹിത്യകൃതികളായിരിക്കുക എന്നതൊഴിച്ചു യാതൊരുദ്ദേശവുമില്ലാത്ത, മതപരമോ രാഷ്ട്രീയമോ വാണിജ്യവിഷയകമോ ആയ യാതൊരു താല്പര്യവുമില്ലാത്ത, കൃതികൾ ഈജിപ്ത് രചിക്കുന്നുണ്ടായിരുന്നു. രീതിയുടെ സുന്ദരതയിലും പദങ്ങളുടെ സംഗീതത്തിലുമുള്ള ബോധപൂർവ്വമായ ആഹ്ലാദം ആദ്യം ഉണ്ടായതു് ഈജിപ്തിലാണ്. "നമുക്കു വിനോദംനല്കുന്ന സുന്ദരമായ വാക്കുകൾ നമ്മോടു പറയുകയും ഉൽകൃഷ്ടമായ പ്രസംഗങ്ങൾ ചെയ്യുകയും ചെയ്യുന്ന ഒരാളെ" കൊണ്ടുവരുവാൻ സ്നെഫെറു രാജാവു് അദ്ദേഹത്തിന്റെ സേവകന്മാരോടു കല്പിക്കുന്നതായി പുസ്തകങ്ങളിൽ വായിക്കാം. ക്രി.മു. 2150-നോടടുത്തകാലത്തെ ഒരെഴുത്തുകാരൻ എല്ലാകാര്യങ്ങളും വളരെമുമ്പുതന്നെ പറഞ്ഞുകഴിഞ്ഞിട്ടുണ്ടെന്നും, ആവർത്തനമൊഴിച്ചു് സാഹിത്യത്തിനു് ഇനി ഒന്നും ബാക്കിയില്ലെന്നും പരാതിപ്പെടുന്നു: "മുൻഗാമികൾ മുമ്പുതന്നെ പറഞ്ഞു പഴകിപ്പോയ വചനങ്ങളല്ലാതെ, ആവർത്തിച്ചു പറഞ്ഞിട്ടുള്ളതല്ലാതെ, അജ്ഞാതമായ വാക്കുകളും, തിരോഭവിച്ചുകഴിഞ്ഞിട്ടില്ലാത്ത ഒരു പുതിയ ഭാഷയിലെ വചനങ്ങളും ചൊല്ലുകളും എനിക്കു കിട്ടിയിരുന്നെങ്കിൽ!"

പുരാതനവും, എന്നാൽ എപ്പോഴും യുവത്വമുള്ളതുമായ ഈ സാഹിത്യപാരമ്പര്യത്തെ ഇനി നമുക്കാസ്വദിച്ചുതുടങ്ങുക.

അദ്ധ്യായം രണ്ട്

## ഈജിപ്തിലെ ദൈവങ്ങൾ

മനുഷ്യൻ സ്വന്തം സ്വഭാവത്തെ അപഗ്രഥിക്കുകയും അതിൻെറ മേന്മയും അതിൻെറ ബലഹീനതയും മനസ്സിലാക്കുകയും ചെയ്യുമ്പോൾമാത്രമേ, ദൈവത്തെക്കുറിച്ച് ഉന്നതവും പരിപുഷ്ടവുമായ ഒരു വിവക്ഷയുണ്ടാവുകയുള്ളു. കാരണം, അങ്ങനെയൊരു വിവക്ഷ, വാസ്തവത്തിൽ, മനുഷ്യസ്വഭാവത്തിലെ ബലഹീനവശങ്ങളുടെ വിപാടനത്തിന്റേയും മേന്മയുള്ള വശങ്ങളുടെ പൗഷ്കല്യത്തിൻേറയും ഫലമാണ്. മനുഷ്യന്നു് എന്തിനേയും വശത്തിലാക്കാനുള്ള ശക്തിയുണ്ട്. പക്ഷേ, പലപ്പോഴും അവൻെറ കഴിവു് പരിമിതമാണെന്നു കാണുന്നു. ശക്തിയുടെ ആശയത്തെ പ്രപഞ്ചത്തിലേക്കു പ്രസരിപ്പിക്കുമ്പോൾ, മനുഷ്യൻ അപരിമിതമായ ഒരു കഴിവിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുന്നു. അങ്ങനെ, സർവ്വശക്തി ദൈവത്തിൻെറ സ്വഭാവത്തിലെ ഒരു സുപ്രധാനഘടകമായിത്തീരുന്നു. അതുപോലെതന്നെ, മനുഷ്യൻെറ തലമുറകൾ ക്ഷണികങ്ങളായിരിക്കുമ്പോൾ, ദൈവം ചിരഞ്ജീവിയാണ്. മനുഷ്യൻെറ അറിവിന്നു് പരിമിതികളുണ്ട്, അവന്നു് തെറ്റുകൾ പറ്റിയെന്നുവരാം; എന്നാൽ ദൈവത്തിൻെറ സർവ്വജ്ഞത പരിപൂർണ്ണവും തെററുകൾക്കിടവരുത്താത്തതുമാണ്. മനുഷ്യന്നു് ദയയും ക്ഷമയുമുണ്ടെങ്കിലും അവൻെറ വികാരങ്ങൾ പലപ്പോഴും അവനെ അതിക്രമങ്ങൾക്കു പ്രേരിപ്പിക്കുന്നു. എന്നാൽ ദൈവത്തിൻെറ ക്ഷമ നിസ്സീമമാണു്.

മനുഷ്യനെ, യുക്തിയുക്തമായ വിചാരത്തിന്നും ഉന്നതവികാരങ്ങൾക്കുമുള്ള അവൻെറ എല്ലാ കഴിവുകളോടുംകൂടി സൃഷ്ടിച്ച പരിണാമത്തെപ്പററി രണ്ടഭിപ്രായങ്ങളുണ്ടാവാം. കാര്യങ്ങൾ ആസൂത്രണം ചെയ്യുവാനും ആശയങ്ങളെ യാഥാർത്ഥ്യത്തിലേക്കു പകർത്തുവാനുമുള്ള കഴിവുള്ളതുകൊണ്ട്, സൃഷ്ടിയും പരിണാമവും ഒരു സൃഷ്ടികർത്താവിന്റെ മനസ്സിലങ്കുരിച്ച ഒരു പദ്ധതിയുടെ സാക്ഷാല്ക്കരണമായിക്കരുതുന്നതു് ന്യായ

മാണെന്നു് അവൻ വിചാരിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ബൈബിളിലെ വിവക്ഷ ഈ അഭിപ്രായത്തിൻെറ പ്രകടമായ ഒരു പ്രസ്താവനയാണു്. സർവ്വാന്തര്യാമിയായ ഒരു ജഗന്നിയന്താവു് പ്രപഞ്ചത്തെ സൃഷ്ടിച്ചു. ഇതിന്നുപകരം പ്രപഞ്ചസൃഷ്ടിയുടെ നിദാനമായ വസ്തു എന്നും നിലനിന്നുവരുന്നതായും, അതിലെ നിർല്ലീനമായ ഗുണങ്ങൾകൊണ്ടു പരിണാമമുണ്ടാവുന്നുവെന്നും കരുതാം. പത്തൊമ്പതാംശതകത്തിന്റെ ഈ രണ്ടഭിപ്രായങ്ങളും കടകവിരുദ്ധങ്ങളാണെന്നു കരുതപ്പെട്ടിരുന്നു. എന്നാൽ ഇന്നു നമ്മൾ അങ്ങനെ തീർത്തു പറയാൻ ധൈര്യപ്പെടുന്നില്ല. രണ്ടഭിപ്രായങ്ങളുടെയും തീവ്രപ്രസ്താവനകൾ വലിയ തെററുകൾക്കു വഴിവെയ്ക്കുന്നു. ഉദാഹരണമായി, ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചുവെന്ന അഭിപ്രായത്തിന്നു് താങ്ങായി, അത്ഭുതവിശേഷങ്ങൾക്കു് അമിതമായ പ്രാധാന്യം നല്കുകയും അത്ഭുതവിശേഷങ്ങൾ പ്രകൃതിനിയമങ്ങളെ സൃഷ്ടിച്ച ദൈവത്തിന്നു് അവയെ തടഞ്ഞുനിർത്തുവാനും കഴിയുമെന്നു കാണിക്കുന്നുണ്ടെന്നു് അവകാശപ്പെടുകയും ചെയ്യപ്പെടുന്നു. എന്നാലിന്നു് മതം അത്ഭുതവിശേഷങ്ങളിന്മേൽ അത്രത്തോളം ഊന്നിനില്ക്കുന്നില്ല. നേരേമറിച്ചു്, ശാസ്ത്രീയചിന്താഗതി, വസ്തുവിന്നു് പ്രവർത്തനക്ഷമതയുണ്ടെന്നതു നിഷേധിക്കുകയും തദ്വാരാ, ഈ ജഡസ്വഭാവത്തിൽനിന്നു് എല്ലാ ജീവികൾക്കും അവസാനമായി മനുഷ്യന്നും പ്രവർത്തനക്ഷമത എങ്ങനെ സിദ്ധിക്കുന്നുവെന്നു വിശദീകരിക്കുന്നതിന്നു് വിഷമിക്കുകയും ചെയ്തു. ശാസ്ത്രത്തിൻെറ അഭിനവങ്ങളായ കണ്ടുപിടുത്തങ്ങൾ, ഭൗതികവസ്തുവിന്നു് അനന്യപ്രേരിതമായ പ്രവർത്തനക്ഷമതയുണ്ടെന്നു തെളിയിക്കുകയും, മനുഷ്യനിൽ ആത്മാവും വസ്തുവും ഏകോപിക്കുന്നതുപോലെ, ദൈവവും പ്രകൃതിയും തമ്മിലൊരു സമഞ്ജസസമ്മേളനത്തിന്നു് വഴികാട്ടുകയും ചെയ്യുന്നു.

ബൈബിളിൻെറ വിവക്ഷയിൽ, ഭൗതികവസ്തു ദൈവത്തിൽനിന്നുണ്ടാവുന്നുവെങ്കിൽ, സൃഷ്ടിയെക്കുറിച്ചുള്ള മെസൊപൊട്ടേമിയൻവിവക്ഷയിൽ, ദൈവങ്ങൾ ചിരപുരാതനമായ ഭൗതികവസ്തുവിൽനിന്നും ഉണ്ടാവുന്നു. ഈജിപ്തുകാരുടെ മിഥ്യകളിൽ ഈ രണ്ടു വീക്ഷണകോടികളുമുൾക്കൊള്ളി

ച്ചിട്ടുണ്ടെന്നു തോന്നുന്നു. ഒരിടത്തു്, ദൈവം ഇങ്ങനെ പ്രഖ്യാപിക്കുന്നതായി കാണിച്ചിരിക്കുന്നു: "ആദിയിൽ, ഞാൻ ആദിവസ്തുവിൽനിന്നും എന്നെത്തന്നെ രൂപപ്പെടുത്തി. ആദിയിലുണ്ടായിരുന്ന ഭൗതികവസ്തുവിൽനിന്നും ഞാൻ എന്നെത്തന്നെ സൃഷ്ടിച്ചു." ഇതു് ഒരാദ്യകാലവീക്ഷണകോടിയും ഭൗതികവസ്തുവിനു പ്രാധാന്യംകൊടുക്കുന്ന ഒന്നും ആണു്. പിന്നീട്, പത്തൊമ്പതാമത്തെ രാജവംശത്തിന്റെ അവസാനകാലത്തു് ഒരു പണ്ഡിതന്റെ സർവ്വലക്ഷണങ്ങളും പ്രകടിപ്പിക്കുന്ന ഒരു കവി നിർമ്മിച്ച ഒരു കീർത്തനത്തിൽ, ദൈവത്തിന്റെ ഈ നിർവ്വചനം കാണാം: "അദ്ദേഹം തന്റെ സത്ത സ്വയം രൂപപ്പെടുത്തി; അജ്ഞാതജാതനായ ആ അദൃശ്യശക്തി തന്റെ സൗന്ദര്യം സ്വയം സൃഷ്ടിച്ചു. ദൈവീകനായ ആ ദൈവം സ്വയം സ്ഥിതനായി; മറെറല്ലാ ദൈവങ്ങളും അദ്ദേഹം സ്ഥിതനായതിനുശേഷം ഉണ്ടായവരാണു്."

സമുന്നതനായ ദൈവത്തെ, വടക്കേ ഈജിപ്തിൽ റാ എന്നും തെക്കേ ഈജിപ്തിൽ അമോൺ എന്നുമാണു വിളിച്ചിരുന്നതു്. അദ്ദേഹത്തിന്റെ പ്രത്യക്ഷപ്രതിനിധി സൂര്യനായിരുന്നു. ആദ്യം ഉദിച്ചപ്പോൾ, ഭൂമി തരിശായി കിടക്കുന്നതു കണ്ടു് റാ അതിലൂടെ തന്റെ ശക്തിദായകങ്ങളായ കിരണങ്ങൾ പ്രസരിപ്പിക്കുകയും അപ്പോൾ എല്ലാ ജീവജാലങ്ങളും—മനുഷ്യനും മൃഗവും വൃക്ഷച്ചെടികളും—ഉണ്ടാവുകയും ചെയ്തു. റാ ഓരോ ദിവസവും പുലരിയിൽ പുതുതായി ജനിച്ചു്, ഒരു തോണിയിൽ ആകാശത്തിലൂടെ സാവധാനത്തിൽ തുഴഞ്ഞുപോയി, പടിഞ്ഞാട്ടു് ഇറങ്ങിപ്പോവുന്നതായി ചിത്രീകരിക്കപ്പെട്ടിരുന്നു. തന്റെ സാമ്രാജ്യം പരിനിരീക്ഷിക്കാൻ, ദിവസേന ആകാശത്തിലൂടെ അന്തസ്സിൽ പറക്കുന്ന ഒരു പരുന്തായും അദ്ദേഹം ചിത്രീകരിക്കപ്പെട്ടിരുന്നു. ആകെക്കൂടി നോക്കുമ്പോൾ, സർവ്വജീവന്റെയും ജനകനായ സൂര്യനോടും എല്ലാവരുടെയും ജനനിയായ ഭൂമിയോടും മനുഷ്യന്റെ കൃതജ്ഞത രേഖപ്പെടുത്തുന്ന ഒരു നല്ല മിഥ്യയായിരുന്നു ഇതു്. പല കീർത്തനങ്ങളും ഹൃദയസ്പർശിയായ കവിതയിൽ, ഈ ആശയം പ്രകടിപ്പിക്കുന്നു. ഒരു കീർത്തനം ഇതാ: "അമോണിന്റെ ദേഹത്തിൽ വസിക്കുന്ന നദിയാണു് നൈൽ—ജീവനുള്ള എല്ലാററിനേയും

സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന നൈൽ. അമോൺ, എല്ലാ ജീവജാലങ്ങൾക്കും ജീവൻ കൊടുക്കുന്നു. ഓരോ മനുഷ്യൻെറയും ഭാഗ്യവും വിധിയും അദ്ദേഹത്തിൻെറ സൂക്ഷിപ്പിലാണു്. അദ്ദേഹത്തിൻെറ പത്നി ഭൂമിയാണു്; അദ്ദേഹം അവരുമായി യോജിക്കുന്നു; അദ്ദേഹത്തിൻെറ ബീജമാണു് ജീവിതവൃക്ഷം; അദ്ദേഹത്തിൽ നിന്നു ബഹിർഗ്ഗമിച്ചതാണു് ധാന്യങ്ങൾ.'' മറെറാരു കീർത്തനം, മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുകയും ദൈവത്തെ പ്രപഞ്ചത്തിന്റെ അധിപനായി കാണിക്കുകയും ചെയ്യുന്നു: ''ദൈവത്തിൻെറ പശുക്കളായ മനുഷ്യർ നല്ലവണ്ണം സംരക്ഷിക്കപ്പെടുന്നവരാണു്. അവരുടെ ആഗ്രഹമനുസരിച്ചു് അദ്ദേഹം സ്വർഗ്ഗവും ഭൂമിയും ഉണ്ടാക്കി. അദ്ദേഹത്തിൻെറ അവയവങ്ങളിൽനിന്നു പുറത്തുവന്ന അദ്ദേഹത്തിൻെറ പ്രതിച്ഛായകളാണു് മനുഷ്യർ. അവക്കുവേണ്ടി, അവരുടെ തീററയ്ക്കായി, അദ്ദേഹം ചെടികളും മാടുകളും കോഴികളും മത്സ്യങ്ങളും ഉണ്ടാക്കി. പക്ഷേ, അദ്ദേഹം ശിക്ഷിക്കുകയും ചെയ്യുന്നു.''

ക്രമേണ ഈ വിവക്ഷയ്ക്കു് ആഴവും പരപ്പും കൂടിവന്നു. ഈജിപ്തിലെ ദൈവം ബ്രഹ്മാണ്ഡകടാഹത്തിൻെറ മുഴുവനും ദൈവമാണെന്നും അദ്ദേഹം ലോകത്തിലെങ്ങുമുള്ള അധഃകൃതരുടെ സുഹൃത്തും എല്ലാ ധാർമ്മികചിന്തകളുടെയും ഉറവിടവുമാണെന്നും ഈജിപ്തുകാർ വിശ്വസിച്ചുതുടങ്ങി. ദൈവത്തിൻെറ സാർവ്വജനീനത്വം ഒരു കീർത്തനത്തിൽ പ്രഖ്യാപിക്കപ്പെട്ടു: ''അദ്ദേഹത്തിൻെറ നാമം ചൊല്ലി ഞാനദ്ദേഹത്തിന്നു് ആരാധന നടത്തും; സ്വർഗ്ഗത്തിൻെറ കൊടുമുടികൾവരേക്കും ഭൂമിയുടെ അററങ്ങൾവരേയും ഞാനദ്ദേഹത്തിന്നു് പ്രശംസ നൽകും. ഇരുവശങ്ങളിലേക്കും യാത്രചെയ്യുന്നവരോടെല്ലാം ഞാനദ്ദേഹത്തിൻെറ ശക്തി പ്രഖ്യാപിക്കും; അരുവിയിലെ മത്സ്യങ്ങളോടും ആകാശത്തിലെ പറവകളോടും ഞാനദ്ദേഹത്തെക്കുറിച്ചു പ്രഖ്യാപിക്കും. അദ്ദേഹത്തെ അറിയാത്തവനെയും അദ്ദേഹത്തെ അറിയുന്നവനെയും ഞാനദ്ദേഹത്തിന്റെ മാഹാത്മ്യത്തെ അറിയിക്കും.''

മറെറാരു കീർത്തനം, നിരാശ്രിതരുടെ സുഹൃത്തു് എന്ന നിലയ്ക്കു് അദ്ദേഹത്തിൻെറ അപദാനങ്ങൾ പ്രകീർത്തിക്കുന്നു:

"നീ, അമോൺ, മൂകനായിരിക്കുന്നവന്റെ പ്രഭുവാകുന്നു; അധഃകൃതരുടെ വിളികേട്ട് നീ വരുന്നു. അധഃകൃതനായ ഒരുവൻ നിന്നെ വിളിച്ചാൽ ദൂരെനിന്നു വരുന്നവനാകുന്നു നീ."

മെരിക്കേർരാജാവിന്നു് അദ്ദേഹത്തിൻെറ പിതാവു നല്കിയ ഉപദേശത്തിൽ—ഈ കൃതി, ക്രി. മു. മൂന്നാം സഹസ്രാബ്ദത്തിലുണ്ടായതാണു്—നാം ഇങ്ങനെ കാണുന്നു: "പാപം ചെയ്യുന്ന ഒരുവൻെറ ഉപഹാരങ്ങളെക്കാളും ദൈവത്തിന്നു് സ്വീകാര്യമായിട്ടുള്ളതു നീതിമാനായ ഒരുവൻെറ സ്വഭാവഗുണമാണു്."

ഭൂമിക്കു ചെറുപ്പമായിരുന്നപ്പോൾ, റാ പ്രപഞ്ചത്തെ സ്വർഗ്ഗത്തിൽനിന്നും ഭരിക്കുകയല്ല, ഭൂമിയെ അതിൻെറ രാജാവായി ഭരിക്കുകയാണു ചെയ്തിരുന്നതു്. ശത്രുക്കളെ അദ്ദേഹം പരാജിതരാക്കിയതിനെപ്പററിയും ഒരു യോദ്ധാവെന്ന നിലയിൽ അദ്ദേഹത്തിൻെറ വീര്യത്തെപ്പററിയും പല കഥകളുമുണ്ടു്. അദ്ദേഹത്തിന്നു് ഒസിരിസ്, സെററ് എന്ന രണ്ടു പുത്രന്മാരും ഐസിസ്, നെഫ്ഥിസ് എന്ന രണ്ടു പുത്രിമാരുമുണ്ടായിരുന്നു. ഒസിരിസ് ഐസിസിനെ വിവാഹംകഴിച്ചു. അവരുടെ പുത്രനായ ഹോറസ്, റായുടെ സൈന്യങ്ങളുടെ നായകനായിരുന്നു. അദ്ദേഹം സൈന്യങ്ങളെ, പല നിറങ്ങളിലും പ്രശോഭിക്കുന്ന ഒരു വിഷ്ണുചക്രത്തിൻെറ രൂപം പൂണ്ടു്, ശത്രുരാജ്യങ്ങളുടെ ഉള്ളിലേക്കു ബഹുദൂരം നയിച്ചു. നെഫ്ഥിസിനെ വരിച്ച സെററ് ഒരു ദുഷ്ടദേവനായിരുന്നു. ദിനംതോറും അസ്തമനത്തിന്നും പുലരിക്കുമിടയിൽ, സൂര്യൻ ഭൂമിക്കടിയിലൂടെ പടിഞ്ഞാറുനിന്നു കിഴക്കോട്ടു യാത്രചെയ്യുമ്പോൾ സെററ് വഴിയിൽ, അദ്ദേഹത്തെ ഹനിക്കേണമെന്ന ദുരുദ്ദേശത്തോടു് ഒളിഞ്ഞു കാത്തുകിടന്നിരുന്നുവെന്നു കരുതപ്പെട്ടിരുന്നു.

മനുഷ്യൻെറ ദുഷ്ടതമൂലം, ദേവന്മാർ ഈ വർഗ്ഗത്തെയൊക്കെ നശിപ്പിക്കാൻ തീരുമാനിക്കുകയും അതിന്നായി ഒരു പ്രളയമുണ്ടാകുകയും ചെയ്തതായ ഒരുകഥ മെസൊപൊട്ടേമിയൻ ഇതിഹാസത്തിലുണ്ടു്. ഇതുപോലെതന്നെ ഒരു കഥ പുരാതന ഈജിപ്തിലും പ്രചരിച്ചിരുന്നു. റാ എന്ന രാജാവു വൃദ്ധനായപ്പോൾ, മനുഷ്യവർഗ്ഗം അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കാ

നൊരു ഗൂഢാലോചനയിലേപ്പെട്ടു. അതിന്നു് അവരെ ശി ക്ഷിക്കുവാൻ, അദ്ദേഹം ഹഥോർ എന്ന ഒരു ഭയങ്കരിയായ ദേവതയെ സൃഷ്ടിക്കുകയും അവൾ മനുഷ്യഗണങ്ങളെ കൊ ന്നൊടുക്കാൻ തുടങ്ങുകയും ചെയ്തു. നാശം പരിപൂർണ്ണമാവാനടു ത്തപ്പോൾ, റാവിന്നു് ദയതോന്നി. ഹഥോറിന്റെ കോപത്തെ ശമിപ്പിക്കുവാനായി, അദ്ദേഹം "സായന്തനവെയിലിൽ നീളു ന്ന നിഴലെന്നപോലെ ഓടാൻകഴിയുന്ന" ആൾക്കാരെ അയ ച്ചു പർവ്വതപ്രദേശമായ തെക്കുഭാഗത്തുനിന്നു ചുകന്ന നിറത്തി ലുള്ള മണ്ണു വരുത്തുകയും അതു് പുളിപ്പിച്ച ബാർലിവെള്ള ത്തിൽ വീഞ്ഞുണ്ടാക്കുകയും ചെയ്തു. ഈ വീഞ്ഞു നിറച്ച ഏഴാ യിരം ഭരണികൾ തയ്യാറാക്കിവെച്ചു. രാവിലെ, തൻെറ ക ശാപ്പുപണി തുടങ്ങുന്നതിന്നുമുമ്പു്, ഹഥോർ ഈ ഭരണികൾ കാണുകയും, വീഞ്ഞിൽ പ്രതിഫലിച്ച അവളുടെ വദനം സു ന്ദരമായിക്കാണപ്പെടുകയും ചെയ്തു. അവൾ കുടിച്ചു; അതു് അ വളുടെ ഹൃദയത്തിന്നു് ആശ്വാസവും സന്തോഷവും നൽകി. അവൾ വീണ്ടും വീണ്ടും കുടിച്ചു; ലഹരിപിടിച്ചു തൻെറ ഭ യങ്കരമായ കശാപ്പുപണി മറക്കുകയും ചെയ്തു. എങ്കിലും മനു ഷ്യൻെറ കൃതഘ്നതമൂലം ഭൂമിവിട്ടു സ്വർഗ്ഗത്തിലേയ്ക്കു പോകുവാ നുള്ള തൻെറ നിശ്ചയം മാററുവാൻ റാ തുനിഞ്ഞില്ല.

റായുടെ മൂത്തമകനായ ഒസിരിസായിരുന്നു ഭൂമിയുടെ രാ ജാവായി അദ്ദേഹത്തെ പിൻതുടരേണ്ടിയിരുന്നതു്. പക്ഷേ, വഞ്ചകനായ സെററു് അദ്ദേഹത്തെ കൊല്ലുകയും ശവം നദി യിൽ വലിച്ചെറിയുകയും ചെയ്തു. അദ്ദേഹത്തിൻെറ ഭാര്യയാ യ ഐസിസു് കുറേക്കാലം ശവം തേടുകയും ഒടുവിൽ അതു ക ണ്ടുപിടിച്ചു് അതിൽ ശ്വാസം ഊതി ഒസിരിസിനെ പുനരു ജ്ജീവിപ്പിക്കുകയും ചെയ്തു. ഇഷ്ടാറിനെയും താമുസിനെയുംകു റിച്ചുള്ള മെസൊപൊട്ടേമിയൻ കഥ, മറ്റൊരു രൂപത്തിൽ, നാമിവിടെ കാണുന്നു. മെസൊപൊട്ടേമിയയിലെപ്പോലെ, ഈ കെട്ടുകഥ, ശിശിരകാലത്തു സൂര്യൻ മറയുകയും വൃക്ഷല താദികൾ കൊഴിയുകയും; വസന്തകാലത്തു സൂര്യൻ തിരിച്ചു വരികയും വൃക്ഷലതാദികൾ പുനരുജ്ജീവിക്കുകയും ചെയ്യുന്ന ജീവിതചക്രത്തെ ചിത്രീകരിക്കുന്നു. ഐസിസു്, ഫലപുഷ്ടി യെ പ്രതിനിധാനംചെയ്യുന്നു. കെട്ടുകഥയിൽ അവളാണു്

ഈജിപ്റ്റിൽ കാട്ടുപിടിച്ചു വളരുന്ന ഗോതമ്പും ബാർലിയും ക ണ്ടുപിടിക്കുന്നതും ഒസിരിസിന്നു് അവ കാണിച്ചുകൊടുക്കുന്ന തും. അങ്ങനെ, ഭൂമി കൃഷിചെയ്യുന്ന മനുഷ്യന്റെ സംജ്ഞ യായിത്തീൻ ഒസിരിസ്.

ഒസിരിസ് കൊല്ലപ്പെട്ടപ്പോൾ, ഐസിസ് പൂണ്ണഗഭി ണിയായിരുന്നു. ഹോറസിനെ പ്രസവിച്ചശേഷം, അവൾ സെററിൽനിന്നും കുട്ടിയെ രക്ഷപ്പെടുത്തുവാൻ ബഹുദൂരം അ ലഞ്ഞുനടന്നു. ഈ കഥയിൽ, നാടോടികളായ മററു പല കെ ട്ടുകഥകളും കെട്ടുപിണഞ്ഞു കിടക്കുന്നു. ഐസിസിന്നു രക്ഷാ സങ്കേതം നൽകാത്ത ഗൃഹനായികമാക്കു സത്വരശിക്ഷ ലഭി ച്ചിരുന്നുവത്രെ. അവരുടെ കുട്ടികളെ തേളുകൊത്തുകയും പി ന്നീടവരെ ഐസിസ് പുനരുജ്ജീവിപ്പിക്കേണ്ടി വരുകയും ചെയ്തിരുന്നുവത്രെ. ഒരുദിവസം ഐസിസ്, തന്റെ കുട്ടി യെ ഒളിപ്പിച്ചുകിടത്തിയിരുന്ന സ്ഥലത്തേയ്ക്കു മടങ്ങിച്ചെന്ന പ്പോൾ, അവളെ ഞെട്ടിപ്പിക്കുന്ന ഒരു കാഴ്ച കാണുന്നു: "ക്രൂര നായ സെററിനെ ഭയന്നു ഞാനവനെ ഒളിപ്പിച്ചുവെച്ചു, നല്ല വണ്ണം മൂടിക്കിടത്തി. കുട്ടിക്കുവേണ്ടി ആഹാരം ശേഖരിക്കുന്ന തിൽ പകലുമുഴവൻ അലഞ്ഞിട്ടു്, തിരിച്ചുവന്നു ഹോറസി നെ എന്റെ കൈയിലെടുത്തപ്പോൾ സുന്ദരനായ, കനകക ളേബരനായ ആ കുട്ടി, ജീവനററു കിടക്കുന്നതാണു ഞാൻ ക ണ്ടതു്. അവന്റെ കണ്ണുനീരുകൊണ്ടും വായ്നുരകൊണ്ടും ഭൂ മി നനഞ്ഞിരുന്നു. അവന്റെ ശരീരത്തിന്റെ ചലനമററിരു ന്നു, അവന്റെ ഹൃദയം മിടിച്ചിരുന്നില്ല, അവന്റെ മാംസ പേശികൾ അയഞ്ഞുകിടന്നിരുന്നു.'' ജ്ഞാനിയും ദയാപൂണ്ണനു മായ ഥോഥ് എന്ന ദേവൻ അവളുടെ രക്ഷയ്ക്കു വരുകയും, കു ട്ടിയെ പുനരുജ്ജീവിപ്പിച്ചു സ്വന്തം രക്ഷയിൻകീഴിലെടുക്കുക യും ചെയ്യുന്നു. അവൻ വളന്നതിന്നുശേഷം, ഐസിസ് അവ നെ ദേവന്മാരുടെ സന്നിധിയിലേയ്ക്കു നയിക്കുകയും അവിടെ വെച്ചു് അവൻ സെററിന്നെതിരായി തന്റെ അവകാശംവാ ദിക്കുകയും ചെയ്യുന്നു. ദേവന്മാർ അവന്നനുകൂലമായി വിധി ക്കുകയും അച്ഛന്റെ രാജ്യം അവന്നു കൊടുക്കുകയും ചെയ്യുന്നു.

ഐസിസിനാൽ പുനരുജ്ജീവിപ്പിക്കപ്പെട്ടശേഷം, ഒ സിരിസ് ഭൂമി ഭരിച്ചില്ല; അദ്ദേഹം, മനുഷ്യർ മരണശേഷം

പോവുന്ന രാജ്യത്തിലെ രാജാവായി. പില്ക്കാലങ്ങളിൽ റായു ടെ ഈ പുത്രൻ ജനങ്ങളുടെ ആരാധനയിൽ അച്ഛന്റെ സ്ഥാനം കരസ്ഥമാക്കി. അദ്ദേഹത്തെ പ്രകീർത്തിക്കുന്ന പല സുന്ദര കീർത്തനങ്ങളും രചിക്കപ്പെട്ടു. അവയിലൊന്നു്: "ജ്യോതിർമണ്ഡലവും അതിലെ നക്ഷത്രങ്ങളും അദ്ദേഹത്തെ അനുസരിക്കുകയും സ്വർഗ്ഗത്തിൻെറ കൂററൻപടിവാതിൽ അദ്ദേഹത്തിനുവേണ്ടി തുറക്കുകയും ചെയ്യുന്നു. തെക്കൻപ്രദേശങ്ങളിലെ മനുഷ്യർ അദ്ദേഹത്തിൻെറ പുനർജ്ജന്മത്തിൽ ഹർഷാരവങ്ങൾ മുഴക്കുന്നു; വടക്കെ ആകാശത്തിൻകീഴിൽ മനുഷ്യർ അദ്ദേഹത്തെ ആരാധിക്കുന്നു. അനശ്വരങ്ങളായ താരകൾ അദ്ദേഹത്തിൻെറ വരുതിയിലാണു്; മങ്ങാത്ത നക്ഷത്രങ്ങൾ അദ്ദേഹത്തിന്റെ വാസസ്ഥലങ്ങളാണു്." ഈ ദൈവത്തെ മാനിച്ചുള്ള ഉത്സവങ്ങളിൽ, അദ്ദേഹത്തോടു ഭൂമിയിലേയ്ക്കു മടങ്ങിവരാൻ അപേക്ഷിക്കുന്ന ഗാനങ്ങൾ ആലപിക്കപ്പെട്ടിരുന്നു. ഈ ഗാനങ്ങൾ, അദ്ദേഹത്തിൻെറ പത്നിയായ ഐസിസും ക്രൂരനായ സെററിന്റെ പത്നിയായിരുന്നുവെങ്കിലും ഒസിരിസിനെ സ്നേഹിച്ചിരുന്ന അദ്ദേഹത്തിൻെറ സഹോദരി നെഫ്ഥിസും ചേർന്നാണു് ആദ്യം പാടിയതെന്നു സങ്കല്പിക്കപ്പെട്ടിരുന്നു. ഹൃദയസ്പൃശിയായ വിലാപങ്ങളായി തുടങ്ങുന്ന ഈ ഗാനങ്ങൾ, വികാരത്തിൻെറ കൊട്ടുമുടിയിലേയ്ക്കു് ഉയരുന്നു:

"അല്ലയോ സുന്ദരനായ രാജകുമാരാ, നിൻെറ ഗൃഹത്തിലേയ്ക്കു മടങ്ങിവരിക. നിൻെറ ഹൃദയം ആഹ്ലാദിക്കട്ടെ, സന്തോഷിക്കട്ടെ, നിൻെറ ശത്രുക്കൾ നശിച്ചുകഴിഞ്ഞു. നിന്റെ രണ്ടു സഹോദരിമാരും നിൻെറ അടുത്തുതന്നെയുണ്ടു്. അവർ നിൻെറ ശവമഞ്ചത്തിന്നു പാറാവുനിൽക്കുകയാണു്. നീ നിൻെറ ശവമഞ്ചത്തിൽ കിടക്കുമ്പോൾ അവർ കണ്ണീരിന്റെ ഗൽഗദം നിറഞ്ഞ വാക്കുകളിൽ നിന്നെ അഭിസംബോധനം ചെയ്യുന്നു. നിൻെറ മുഖം ദർശിക്കുമ്പോൾ ഞങ്ങളുടെ മുഖങ്ങൾക്കു ജീവനുണ്ടാവുന്നു. നീ നിൻെറ മുഖം ഞങ്ങളിൽനിന്നും തിരിക്കരുതേ! ഞങ്ങളുടെ ഹൃദയത്തിന്നാഹ്ലാദം ലഭിക്കുന്നതു് നിൻെറ ദർശനംകൊണ്ടാണു്."

ഐസിസിൻെറ വിലാപങ്ങൾ, വികാരാവേശത്തിൽ കൂടുതൽ ഹൃദയസ്പൃശിയും ഉള്ളിൽ തട്ടിയുള്ളതുമാണു്: "അല്ലയോ

സുന്ദരയുവാവേ, എൻെറ ഗൃഹത്തിലേയ്ക്കു വരിക. നിന്നെ സ്നേഹിക്കുന്ന നിൻെറ പ്രേമഭാജനമാണു ഞാൻ. എന്നിൽ നിന്നും ദൂരെ പോകല്ലേ. അല്ലയോ, സുന്ദരബാലാ, നിൻെറ വീട്ടിലേയ്ക്ക് ഉടനെ, ഉടനെ, വരിക. എനിക്കു നിന്നെ കാണാൻ കഴിയുന്നില്ല; എൻെറ ഹൃദയം നിനക്കുവേണ്ടി കരയുന്നു. എന്റെ കണ്ണുകൾ എല്ലായിടത്തും നിന്നെ തേടുന്നു. ഞാൻ നിൻെറ ഹൃദയത്തെ നിറയ്ക്കാത്ത ഒരൊററനിമിഷമെങ്കിലും നിൻെറ ജീവിതത്തിലുണ്ടാവാതിരിക്കട്ടെ.''

സ്വന്തമായ ഈ ദുഃഖം, മനുഷ്യവർഗ്ഗത്തിന്റെയാകെ ഹൃദയവ്യഥയായി വളരുന്നു: ''മനുഷ്യരുടെയും ദേവന്മാരുടെയും കരങ്ങൾ മേലോട്ടുയന്നിരിക്കുന്നു; പിഞ്ചുകുട്ടിയുടെ കരങ്ങൾ അവൻെറ അമ്മയുടെനേക്കു നീളുന്നതുപോലെ, അവ നിന്നെ തേടുന്നു. നീ അവരുടെ അടുത്തേയ്ക്കു വരിക; അവരുടെ ഹൃദയങ്ങൾ സന്താപഭരിതങ്ങളാണ്; അവരെ ആഹ്ലാദഭരിതരാക്കുക.''

അവസാനമായി, ഒസിരിസിനെ, എല്ലാ സൃഷ്ടിയുടെയും ഉന്നതനായ നായകനും എല്ലാ ധമ്മസംഹിതകളുടെയും ഉറവിടവുമായി കാണുന്ന ജയഭേരിയോടുകൂടിയ ഒരു ദർശനമുണ്ട്: ''നിൻെറ ഉത്തരവനുസരിച്ചു നൈൽ പ്രത്യക്ഷമാവുന്നു. നീ ഓരോ വയലിനെയും ഫലപുഷ്ടിയുള്ളതാക്കുന്നു. നീ വരുമ്പോൾ, മരിച്ചതെല്ലാം ജീവിക്കുന്നു; ചളിക്കുണ്ടുകളിലെ ചെടികൾ പുഷ്പിക്കുന്നു. നീ സഹസ്രാബ്ദങ്ങളുടെ നായകനും, വന്യമൃഗങ്ങളുടെ രക്ഷിതാവും, മാടുകളുടെ പ്രഭുവുമാകുന്നു. സൃഷ്ടിക്കപ്പെട്ട എല്ലാററിന്നും ജീവൻ നൽകുന്നതു നീയാകുന്നു. ഭൂമിയിലുള്ളതെല്ലാം നിൻേറതാകുന്നു. ആകാശത്തിലുള്ളതെല്ലാം നിൻേറതാകുന്നു. വെള്ളത്തിലുള്ളതെല്ലാം നിൻേറതാകുന്നു. നീ സത്യത്തിൻെറ നായകനും, പാപികളുടെ വിരോധിയുമാകുന്നു. അവരെ നീ സ്ഥാനഭ്രഷ്ടരാക്കുന്നു. നീയുള്ളിടത്ത് നിന്നെ സമീപിക്കുവാൻ ഒരു പാപിക്കും സാധിക്കുകയില്ല. ജീവിതത്തെയും മരണത്തെയും സംബന്ധിച്ച എല്ലാം നിൻേറതാകുന്നു; മനുഷ്യനെ സംബന്ധിക്കുന്ന എല്ലാം നിൻേറതാകുന്നു.''

ദൈവം പ്രപഞ്ചത്തെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്തുവെങ്കിൽ, അദ്ദേഹത്തിൻെറ ഉദാരത, നൈൽനദിയിൽ

പ്രത്യക്ഷരൂപംപൂണ്ടു. അതുകൊണ്ടു് മനുഷ്യർ ആദ്യം നൈലിൻെറ ദൈവത്തെയും പിന്നീടു നദിയെത്തന്നെ ഒരു ദൈവമായും ആരാധിച്ചുവന്നു. കഠിനമായ ഒരു ജലക്ഷാമം ഉണ്ടായപ്പോൾ, മൂന്നാംരാജവംശത്തിലെ ചേരസർ രാജാവു് നദീദൈവത്തെ പ്രസാദിപ്പിക്കുവാൻ അദ്ദേഹത്തിൻെറ ക്ഷേത്രം കുടികൊള്ളുന്ന നദിയുടെ ഉറവിടമായ പർവ്വതങ്ങളിലേയ്ക്കു തീർത്ഥയാത്രപോയെന്നു് ഹൃദയസ്പർശിയായ ഒരു കഥയുണ്ടു്. രാജാവു് പർവ്വതപ്രദേശത്തെ തൻെറ പ്രതിനിധിക്കു് എഴുതുന്നു: "ഈ മഹാസിംഹാസനത്തിലിരിക്കുന്ന എന്നെ കഷ്ടത പിടികൂടിയിരിക്കുന്നു; രാജധാനിയിൽ വസിക്കുന്നവരെയോർത്തു ഞാൻ ദുഃഖിക്കുകയാണു്. ഒരത്യാഹിതം കാരണം എന്റെ ഹൃദയം അത്യന്തസന്താപത്തിലാണ്ടിരിക്കുകയാണു്. കഴിഞ്ഞ ഏഴു കൊല്ലമായി, നൈലിലെ ജലം അതിൻെറ ശരിയായ ഉയരത്തിൽ എത്തിയിട്ടില്ല. ധാന്യങ്ങൾക്കു ദുർഭിക്ഷം നേരിട്ടിരിക്കുന്നു, പച്ചക്കറികളും കിഴങ്ങുകളും തീരെയില്ല. മനുഷ്യർ ഭക്ഷണത്തിന്നുപയോഗിക്കുന്ന എല്ലാംതന്നെ അവസാനിച്ചിരിക്കുകയാണു്. ഓരോരുത്തനും തന്റെ അയൽവാസിയെ കൊള്ളയടിക്കുകയാണു്. ജനങ്ങൾക്കു പുറത്തിറങ്ങി നടക്കാൻ നിവൃത്തിയില്ല. കുട്ടികൾ വാവിട്ടു കരയുന്നു; ചെറുപ്പക്കാർ ക്ഷീണിതരായി ഇഴഞ്ഞിഴഞ്ഞു നടക്കുന്നു. കിഴവന്മാരുടെ ഹൃദയങ്ങൾ നിരാശകൊണ്ടു തകർന്നിരിക്കുന്നു; അവരുടെ കാലുകൾക്കു ശേഷിയില്ലാതായിരിക്കുന്നു; അവർ ക്ഷീണിച്ചു നിലത്തു വീഴുകയും വേദനയാൽ വയററത്തു കൈവെയ്ക്കുകയും ചെയ്യും. ഉദ്യോഗസ്ഥന്മാർ അശക്തരാണു്; അവക്കു് ഒന്നും പറയുവാനില്ല. ധാന്യങ്ങൾ നിറഞ്ഞിരിക്കേണ്ട പൊതുനെല്ലറകൾ തുറന്നിട്ടാൽ, അവയിൽനിന്നു കാററുമാത്രമെ പുറത്തുവരുന്നുള്ളു. എല്ലാം നാശാവസ്ഥയിലാണു്. നൈലിന്റെ ജന്മസ്ഥാനം ഏതാണെന്നു് എന്നെ അറിയിക്കുവാനപേക്ഷ. ഏതു ദേവൻ അല്ലെങ്കിൽ ദേവതയാണു് അതിൽ ആധ്യക്ഷം വഹിക്കുന്നതു്? കാരണം, അദ്ദേഹമാണു് എനിക്കു നികുതിയും നെല്ലറകളിൽ ധാന്യവും ഉണ്ടാക്കുന്നതു്."

രാജകീയപ്രതിനിധി നൈലിൻെറ ഉറവിടം പറഞ്ഞുകൊടുക്കുകയും, രാജാവു് ആ വിദൂരസ്ഥലത്തുപോയി

അവിടെ ആദ്ധ്യക്ഷംവഹിക്കുന്ന ദൈവത്തിന്നു് അർച്ചനകൾ നൽകുകയും ചെയ്തു. ക്ഷേത്രത്തിന്നായി നിലങ്ങളും മററു ദാനങ്ങളും നൽകുകയും, എല്ലാ കർഷകന്മാരും കൃത്യമായി ക്ഷേത്രത്തിലേയ്ക്കു് ചില സംഖ്യകൾ കൊടുക്കേണമെന്നു് രാജാവിൽ നിന്നു കല്പനയാവുകയും ചെയ്യുന്നു. സംതൃപ്തനായ ദൈവം ഒരു സ്വപ്നത്തിൽ രാജാവിന്നു് ഇങ്ങനെ ഉറപ്പുനൽകുന്നു:

"നിനക്കുവേണ്ടി നൈൽനദിയിൽ ഞാൻ വെള്ളം നിറയ്ക്കാം. ഒരുകൊല്ലവും അതു വററുകയില്ല. എന്നുമാത്രമല്ല, അതിലെ വെള്ളം ഭൂമിയാകെ മതിയാംവണ്ണം ഒഴുകുകയുംചെയ്യും. ചെടികളും വൃക്ഷങ്ങളും അവയുടെ ഫലങ്ങളുടെ ഭാരംകൊണ്ടു താഴും. ധാന്യദേവത എല്ലാ പാടങ്ങളിലും നടമാടും. ഓരോ ഉൽപന്നവും നൂറുമടങ്ങു വർദ്ധിക്കും. ജനങ്ങൾക്കു തൃപ്തിയാവോളം വയറുനിറയും. വറുതി എന്നതു് ഇനി ഉണ്ടാവുകയില്ല. നെല്ലറകൾ ഒരിക്കലും ഒഴിയുകയില്ല. ഈജിപ്തു് ആകെ ഒരു കൃഷിഭൂമിയായിത്തീരും. പ്രദേശങ്ങളെല്ലാം വിളഞ്ഞ ധാന്യത്തിൻെറ കനകപ്രഭയിൽ നീരാടും. ധാന്യം ഗുണമുള്ളതായിരിക്കും. ഭൂമിയുടെ ഫലപുഷ്ടി കൃഷിക്കാരൻെറ ആഗ്രഹമനുസരിച്ചിരിക്കും. മുമ്പുണ്ടായതിനെക്കാൾ എത്രയോ അധികമായിരിക്കുകയും ചെയ്യും."

പില്ക്കാലത്തു്, നദിയെത്തന്നെ ഒരു ദൈവമായിക്കരുതുകയും അതിനെ സുന്ദരങ്ങളായ കീൎത്തനങ്ങളിൽ ആരാധിക്കുകയും ചെയ്തുവന്നു. ഒരു കീൎത്തനത്തിൽ ഇങ്ങനെ കാണാം:

"ഭൂഗൎഭത്തിൽനിന്നു ബഹിൎഗ്ഗമിച്ചു്,ഗോപ്യമായി സഞ്ചരിച്ചു്, എല്ലാ മാടുകളേയും സംരക്ഷിക്കാനായി റാ സൃഷ്ടിച്ച മൈതാനങ്ങൾ നനയ്ക്കുകയും ബാർലിയും ഗോതമ്പും സൃഷ്ടിക്കുകയും ക്ഷേത്രങ്ങളിൽ ഉത്സവങ്ങൾ നടത്തിപ്പിക്കുകയും ചെയ്യുന്ന അല്ലയോ നൈലേ, നിനക്കു സ്തുതി.

"അവൻ ഉയരുമ്പോൾ, ഭൂമി ആഹ്ലാദിക്കുകയും എല്ലാ മനുഷ്യരും സന്തുഷ്ടരാവുകയും ചെയ്യുന്നു. ഓരോ മുഖത്തും പുഞ്ചിരികാണാം. അവൻ പത്തായപ്പുരകൾ നിറയ്ക്കുകയും നെല്ലറകൾക്കു വീതി കൂട്ടുകയും അങ്ങനെ പാവങ്ങൾക്കു ഭക്ഷണം നൽകുകയും ചെയ്യുന്നു. ആഗ്രഹമനുസരിച്ചു വൃക്ഷങ്ങളെ

അവൻ വളൎത്തുന്നു—അവയില്ലാഞ്ഞിട്ട് മനുഷ്യർ ബുദ്ധിമുട്ടരുതെന്നു വിചാരിച്ചു്."

ഉൽബുദ്ധമായ ഒരു പ്രകൃതിപൂജയിലേയ്ക്കുള്ള മതത്തിന്റെ ഈ സംചലനം ഇഖ്നറേറാണിൻെറ കാലത്തു് അതിൻെറ ശോഭനമായ പരമകാഷ്ഠയിലെത്തി. പക്ഷേ, അതിന്റെ വാഴ്ച ഹ്രസ്വമായിരുന്നു. യാഥാസ്ഥിതികത്വം വീണ്ടും അധികാരം പിടിച്ചു പറിച്ചു. ഇഖ്നറേറാൺ ക്രി. മു. 1380–ൽ സിംഹാസനാരൂഢനായപ്പോൾ, അദ്ദേഹത്തിൻെറ പേർ അമൺഹോട്ടപ് നാലാമൻ എന്നായിരുന്നു—അമോൺദേവതയോടുകൂറുള്ളവരായിരുന്ന ഈജിപ്റ്റിലെ രാജാക്കന്മാർക്ക പററിയ ഒരു പേർ. എന്നാൽ യുവാവായ രാജാവു്, സൗമ്യശീലനും വിലോലമനസ്കനും ഒരു കവിഹൃദയമുള്ളവനുമായിരുന്നു. നമുക്കു ലഭിച്ചിട്ടുള്ള അദ്ദേഹത്തിൻെറ ശില്പപ്രതിമകൾ, അദ്ദേഹം കോമളാകൃതിയും വിശാലവും പ്രകാശമുള്ളവയുമെങ്കിലും സ്വപ്നംകാണുന്ന കണ്ണുകളും ഉള്ള ഒരു ഭാവനാശാലിയായിരുന്നുവെന്നു പ്രത്യക്ഷമാക്കുന്നു അമോണിന്റെ മതത്തിലെ ചടങ്ങുകൾ അദ്ദേഹത്തെ വെറുപ്പിച്ചു. പുരോഹിതന്മാർ കുബേരന്മാരായിത്തീൎന്നിരുന്നു. അമോണിൻെറ ദിവ്യമായ വെളിപാടുകൾ, മതപരമായ അന്ധവിശ്വാസവും രാഷ്ട്രീയമായ അഴിമതികളും പ്രചരിപ്പിക്കുവാനാണു് ഉപയോഗിച്ചിരുന്നതു്. കർണാക്കിലെ ക്ഷേത്രത്തിൽ, ദേവദാസികളുടെ ഒരന്തപ്പുരമുണ്ടായിരുന്നു. ക്ഷേത്രങ്ങൾ മൃഗബലികളാൽ ദുൎഗ്ഗന്ധമലീമസങ്ങളായിരുന്നു. ഇതെല്ലാം കണ്ടു വെറുത്തു് അദ്ദേഹം അറേറാൺ എന്ന ഒരു പുതിയ ദൈവത്തെ പ്രഖ്യാപിക്കുകയും സ്വന്തം പേരു് ഇഖ്നറേറാൺ (അതായതു്, അറേറാൺ സംതൃപ്തനാണു്) എന്നാക്കി മാററുകയും, ക്ഷേത്രങ്ങളിൽ അമോണിൻെറ പേർ കൊത്തിവെച്ചതു് മാച്ചുകയും ഒരു പുതിയ വൃത്തിയുള്ള തലസ്ഥാനനഗരി പണിയിക്കുകയും ചെയ്തു. അദ്ദേഹത്തിന്നെതിരായി, കുബേരന്മാരായ പുരോഹിതന്മാരുടെയും അന്ധവിശ്വാസികളായ യാഥാസ്ഥിതികന്മാരുടെയും ഒരു സുശക്തസഖ്യം പൊങ്ങിവന്നു. ഇഖ്നറേറാണിൻെറ സൗമ്യശീലം സാമ്രാജ്യത്തെ ഏകോപിച്ചുനിൎത്തുവാനും അപൎയ്യാപ്തമായിരുന്നു. സാമ്രാജ്യത്തിലെ സിറിയൻ അധീനപ്രദേശ

ങ്ങൾ കലഹിച്ചപ്പോൾ, മനുഷ്യരെ കൊന്നൊടുക്കി അവയെ സ്വാധീനത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അധീനപ്രദേശങ്ങളിൽനിന്നുള്ള കപ്പം നിന്നപ്പോൾ, രാജകീയഖജന ഒഴിഞ്ഞു, ഇഖ്നറേറാൺ നികുതി കുറച്ചിരുന്നതുകൊണ്ടു പ്രത്യേകിച്ചും. അങ്ങനെ, പാരമ്പര്യത്തിൻെറ എതിർപ്പ് അനുവദിക്കുന്നതിലും ശീഘ്രഗതിയിൽ സ്ഥിതിഗതികൾ മാററിമറിക്കാൻ ആഗ്രഹിച്ച സൗമ്യശീലനായ ഈ ഭാവനാശാലി, കഷ്ടിച്ച് മുപ്പതുവയസ്സു തികഞ്ഞപ്പോൾ, ഭഗ്നഹൃദയനായി മരിച്ചു. തുത്തൻഖ് അറേറാൺ എന്നദ്ദേഹം നാമകരണംചെയ്തിരുന്ന അദ്ദേഹത്തിന്റെ ജാമാതാവ് തന്റെ പേരു് തുത്തൻഖ് അമോൺ എന്നാക്കി മാററുകയും പാരമ്പര്യത്തെ പുനഃപ്രതിഷ്ഠിച്ച് പുരോഹിതവർഗ്ഗത്തിൻെറ കണ്ണിലുണ്ണിയായിത്തീരുകയും ചെയ്തു. പുരോഹിതന്മാർ ഇഖ്നറേറാണിനെ "ഭയങ്കര കുററവാളി" എന്നു വിളിക്കുകയും ആ വിധർമ്മിയുടെ പേർ ഉച്ചരിക്കുന്നതു് നിരോധിക്കുകയും ചെയ്തു.

അമോണിൻെറ പുരോഹിതന്മാർ ആ എതിരാളിയുടെ സ്മരണ മനുഷ്യരുടെ മനസ്സിൽനിന്നു് തുടച്ചുമാറ്റാൻ പാടുപെട്ടുവെങ്കിലും ഈജിപ്ഷ്യൻ രാജാക്കന്മാരിൽ അദ്ദേഹമാണു് നമ്മുടെ കൃതജ്ഞതാഭരിതമായ സ്മരണയിൽ ഏററവും സജീവമായി നിലനില്ക്കുന്നതു്. ഒരുപക്ഷേ, അറേറാൺ, ഭൂമിയിൽ ജീവിതത്തെ നിലനിർത്തിപ്പോരുന്ന സൂര്യദേവനായ അഡോണിസ് അല്ലെങ്കിൽ താമുസിൻെറ ഒരു പുതിയ രൂപമായിരുന്നിരിക്കാം. പക്ഷേ, ഈ പ്രതിരൂപത്തിന്നു് ഇഖ്നറേറാൺ ഒരു ആഴവും ഗാംഭീര്യവും നൽകി. ഇഖ്നറേറാണിൻെറ സൂര്യകീർത്തനം, ചരിത്രത്തിലെ മഹത്തായ കവിതകളിൽ ഒന്നാണെന്നു മാത്രമല്ല, ഏകദൈവവിശ്വാസത്തിൻെറ ആദ്യത്തെ സുസ്പഷ്ടമായ പ്രകടനവുമായിരുന്നു. തൻെറ ദൈവം എല്ലാ രാഷ്ട്രങ്ങൾക്കും തുല്യമായുള്ളതാണെന്നു് രാജാവു കരുതുകയും അറേറാണിൻെറ സംരക്ഷണത്തിലുള്ള രാജ്യങ്ങളുടെ പേർ പറയുന്നകൂട്ടത്തിൽ സ്വന്തം രാജ്യത്തിന്നുമുമ്പ് മററു രാജ്യങ്ങളുടെ പേർ പറയുകയും ചെയ്യുന്നു. പഴയ ഗോത്രകുലദൈവങ്ങളിൽനിന്നും അതിശയകരമായ ഒരു മുന്നേററ

മായിരുന്നു ഇതു്. പ്രകൃതിയിലും, പ്രകൃതിയുടെ പ്രവത്തനങ്ങളിലും ഒരു പുതിയ ആഹ്ലാദം കീത്തനാത്തിലുടനീളം പ്രത്യക്ഷമായിക്കാണാം. ദൈവം യുദ്ധങ്ങളിലും വിജയങ്ങളിലും അല്ല, പൂക്കളിലും മരങ്ങളിലും ജീവിതത്തിൻെറയും വളർച്ചയുടെയും എല്ലാ രൂപങ്ങളിലും ആണു് കുടികൊള്ളുന്നതു്. അറേറാൺ മനുഷ്യവർഗ്ഗത്തെയാകെ അടിമപ്പെടുത്തുന്നുവെങ്കിൽ, അതു് റായിനെപ്പോലെ ശക്തിയുടെ ഉഗ്രതകൊണ്ടല്ല, സ്നേഹത്തിൻെറ വശീകരണംമൂലമാണു്. ആട്ടിൻകുട്ടികളെ നൃത്തംവെപ്പിക്കുന്നതും, ചതുപ്പുനിലങ്ങളിലെ പക്ഷികളെ ചിറകടിച്ചുയരുവാൻ പ്രേരിപ്പിക്കുന്നതുമായ ആനന്ദത്തിൻെറ ഉറവിടം അറേറാണാണു്. മനുഷ്യരൂപത്തിൻെറ പരിധിയിലേയ്ക്കു ചുരുങ്ങിനില്ക്കുന്ന ആരുമല്ല ദേവൻ. യഥാത്ഥദിവ്യത്വം, സൂയ്യൻെറ ഉത്തേജകവും പരിപോഷകവുമായ ചൂടാണു്. ഉദയാസ്തമയസൂയ്യൻെറ ജ്വലിക്കുന്ന തേജസ്സു് പ്രപഞ്ചത്തെ നിലനിത്തുന്ന പരമമായ ചൈതന്യത്തിൻെറ ഒരു പ്രത്യക്ഷചിഹ്നം മാത്രമാണു്. അതിൻെറ സവ്വാന്തര്യാമിയും ഫലദായകവുമായ ആനുകൂല്യാതിരേകംമൂലം, സൂയ്യൻ, ഇഖ്നറേറാണിൻെറ ദൃഷ്ടിയിൽ "പ്രേമത്തിന്റെ നായകനും", "ഗർഭാശയത്തിലെ കുട്ടിയെ കാക്കുക"യും "ഈജിപ്റ്റിലെ ഇരുനാട്ടുകളെയും സ്നേഹംകൊണ്ടു നിറയ്ക്കുക"യും ചെയ്യുന്ന വിശ്വപാലകൻ ആയിത്തീരുന്നു. അങ്ങനെ, ഒടുവിൽ, ചിഹ്നത്തിനു പുറകിലുള്ള സത്തയെന്നനിലയിൽ അറേറാൺ അനുകമ്പാർദ്രനും സ്നേഹമസൃണനുമായ ഒരു പിതാവായി, സൗമ്യതയുടെയും ശാന്തിയുടെയും ഒരു ദൈവമായിത്തീരുന്നു.

എല്ലാ ജീവജാലങ്ങളോടുമുള്ള സിദ്ധാത്ഥൻെറ അനന്തമായ ദീനാനുകമ്പ, സസ്യ–മൃഗജീവിതത്തിൻെറ അനേകരൂപങ്ങളെയും അവയുടെ സവ്വസംപൂണ്ണതയിൽ ചിത്രീകരിക്കുവാൻ ബുദ്ധകലയ്ക്കു് ഉത്തേജനം നൽകിയതുപോലെ, ഇഖ്നറ്റോണിൻെറ ഉൽബുദ്ധമതം ഈജിപ്ഷ്യൻകലയിലും ഒരു നവോത്ഥാനം ഉളവാക്കി. യഥാത്ഥദൈവത്തിന്നു രൂപമില്ല എന്ന ഉന്നതാദശ്ത്തെ ആസ്പദമാക്കി, അറ്റോണിന്റെ പ്രതിമകൾ ഉണ്ടാക്കുന്നതിനെ അദ്ദേഹം വിലക്കി. പക്ഷേ, കലാകാരന്മാക്കു്, സൃഷ്ടിയുടെ തേജോമയമായ ചരിത്രം രേഖപ്പെടു

ത്താമായിരുന്നു. ഇഖ്നറ്റോണിന്റെ പുതിയ തലസ്ഥാനം നിന്നിരുന്ന സ്ഥലത്തുള്ള ആധുനികഗ്രാമമായ റെറൽ എൽ അമർണയിൽ, പുരാണവസ്തുഗവേഷകന്മാർക്ക് പക്ഷികളും മത്സ്യങ്ങളും മററു മൃഗങ്ങളും സസ്യജീവിതത്തിൻെറ പല മാതൃകകളും എത്രയും കമനീയമായി ചിത്രീകരിക്കപ്പെട്ട ഒരു മന്ദിരത്തിൻെറ അവശിഷ്ടം കണ്ടുകിട്ടിയിരിക്കുന്നു.

മുൻകാലകീർത്തനങ്ങൾക്ക് പ്രധാനവിഷയമായിരുന്ന പുരാണങ്ങളുടെ കുമ്പാരത്തെ, പാരമ്പര്യത്തിൽനിന്നും തെറ്റിപ്പിരിയുവാനുള്ള രാജാവിൻെറ ആഗ്രഹം അദ്ദേഹത്തിൻെറ മതാനുഷ്ഠാനത്തിൽനിന്നും ദൂരെ നിർത്തി. അതുകൊണ്ടു കീർത്തനങ്ങളിൽ ഭാവാത്മകത സ്വതന്ത്രമായി, ഉച്ഛൃംഖലമായി വിഹരിച്ചു. മതാനുഷ്ഠാനങ്ങളിലുപയോഗിക്കപ്പെട്ടിരുന്ന ദുർഭരമായ സാഹിത്യശൈലിക്കു പകരം ഇഖ്നറ്റോൺ ജനങ്ങളുടെ സംസാരഭാഷ ഉപയോഗിച്ചു. പാരമ്പര്യത്തിന്റെ പുനഃപ്രതിഷ്ഠയ്ക്കുശേഷവും, ശൈലിയിലുള്ള ഈ വിപ്ലവത്തിന്നു ശാശ്വതമായ ഫലങ്ങളുണ്ടായി.

ഇഖ്നറ്റോണിൻെറ മഹത്തായ കീർത്തനം ഇവിടെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു. അതു് ഏകദേശം പൂർണ്ണമായിത്തന്നെ ഉദ്ധരിക്കുകയുംവേണം.

"അല്ലയോ, ജീവിതത്തിൻെറ ആരംഭമായ ചൈതന്യചക്രമേ, ആകാശചക്രവാളത്തിൽ നിൻെറ ഉദയം സുന്ദരമായിരിക്കുന്നു നീ പൂർവ്വചക്രവാളത്തിൽ ഉയരുമ്പോൾ, നിൻെറ സൗന്ദര്യംകൊണ്ടു് എല്ലാ രാജ്യങ്ങളേയും നിറയ്ക്കുന്നു.

"നീ സുന്ദരനും, മഹത്വപൂർണ്ണനും തേജോമയനുമായി എല്ലാരാജ്യങ്ങൾക്കുമുപരിയായി പരിലസിക്കുമ്പോൾ, നിന്റെ കിരണങ്ങൾ, നീ സൃഷ്ടിച്ച ഭൂമിയുടെ സീമവരേക്കുമുള്ള എല്ലാ രാജ്യങ്ങളെയും ആലിംഗനംചെയ്യുന്നു. നീ റാ ആകുന്നു; നീ അവയെയെല്ലാം അടിമകളാക്കിയിരിക്കുന്നു. നിൻെറ സ്നേഹംകൊണ്ടു നീ അവയെ വരിഞ്ഞുകെട്ടിയിരിക്കുന്നു. നീ ദൂരെയാണെങ്കിലും, നിൻെറ കിരണങ്ങൾ ഭൂമിയിന്മേലുണ്ടു്; നീ അങ്ങുയരത്തിലാണെങ്കിലും നിൻെറ പാദമുദ്രകളാണു ദിവസങ്ങൾ.

"നീ പശ്ചിമചക്രവാളത്തിൽ അസ്തമിക്കുമ്പോൾ, ഭൂമി

മരിച്ചതുപോലെ ഇരുളിൽ ആഴുന്നു. മനുഷ്യർ അവരുടെ കിടപ്പറകളിൽ മൂടിപ്പുതച്ചു കിടക്കുന്നു; കണ്ണ് അതിൻെറ കൂട്ടുകാരനെ ദർശിക്കുന്നില്ല. ഓരോ സിംഹവും, അതിൻെറ മടയിൽനിന്നു പുറത്തു വരുന്നു; ഓരോ പാമ്പും മാളത്തിൽനിന്നു പുറപ്പെടുന്നു. എല്ലായിടത്തും ഇരുട്ടു വ്യാപിക്കുന്നു; ഭൂമി നിശ്ശബ്ദമാവുന്നു—അവയെ സൃഷ്ടിച്ചവൻ അവൻെറ ചക്രവാളത്തിൽ വിശ്രമിക്കാൻ പോയതുകൊണ്ട്.

"നീ രാവിലെ ഉദിക്കുകയും പകലെല്ലാം പ്രകാശിക്കുകയുംചെയ്യുമ്പോൾ, നിൻെറ കിരണങ്ങൾ പ്രസരിപ്പിച്ച് ഇരുട്ടിനെ ആട്ടിപ്പായിക്കുന്നു. ഇരുനാടുകളിലെയും ജനങ്ങൾ ആഹ്ലാദിക്കുന്നു; അവർ ഉണന്ന് എഴുന്നേററുനിൽക്കുന്നു; നീ അവരെ ഉയർത്തിയിരിക്കുന്നു. അവർ കൈകാലുകൾ കഴുകി ഉടുപ്പണിയുന്നു; അവരുടെ കൈകൾ നിൻെറ ഉദയത്തിന്നു് അച്ചന നടത്തുന്നു. ഭൂമിയാകെ പ്രവൃത്തിയിലേർപ്പെടുന്നു. എല്ലാ മാടുകളും അവയുടെ മേച്ചിൽസ്ഥലങ്ങളിൽ ആഹ്ലാദിക്കുന്നു. വൃക്ഷങ്ങളും ചെടികളും പച്ചയാവുന്നു. ചതുപ്പുനിലങ്ങളിൽ പക്ഷികൾ പരിലസിക്കുന്നു: ചിറകുള്ളവ അവയുടെ കൂടുകളിൽനിന്നു പുറത്തു വരുന്നു; അവയുടെ ചിറകുകൾ നിന്നെ ആരാധിക്കുന്നു. എല്ലാ ആട്ടിൻകുട്ടികളും ചാഞ്ചാടിക്കളിക്കുന്നു; പറക്കുന്നവയെല്ലാം ചിറകു വിരുത്തി പറക്കുന്നു; നിൻെറ ഉദയത്തോടുകൂടി, അവയെല്ലാം ജീവിക്കാൻ തുടങ്ങുന്നു. നദികളിലും കടലിലും, കപ്പലുകൾ ഇരുവശത്തേയ്ക്കും പോവുന്നു; നീ ഉദിച്ചതുകൊണ്ട് എല്ലാ രാജവീഥികളും തുറന്നിരിക്കുന്നു. അരുവിയിലെ മത്സ്യങ്ങൾ നിൻെറ മുമ്പിലൂടെ കുതിക്കുന്നു; നിൻെറ കിരണങ്ങൾ വിശാലവും ഹരിതവർണ്ണവുമായ ആഴിയുടെ അടിത്തട്ടിലെത്തുന്നു.

"സ്ത്രീകൾക്കു സന്താനസമൃദ്ധി നൽകുന്നവനേ, മനുഷ്യവർഗ്ഗത്തിൻെറ ബീജശക്തി പുലർത്തുന്നവനേ, അമ്മയുടെ ഗർഭാശയത്തിൽ കിടക്കുന്ന മകനെ വളർത്തുകയും അവൻ കരയാതിരിക്കുവാൻ അവനെ താലോലിക്കുകയും ചെയ്യുന്നവനേ, ഗർഭാശയത്തിന്നകത്തെ ധാത്രീ, ജനിക്കുന്നവക്കെല്ലാം വളരുവാൻ വേണ്ട വായു നൽകുന്നവനേ! ജനനദിവസം അവൻ ഗർഭാശയത്തിൽനിന്നു പുറത്തു വരുമ്പോൾ, നീ അവൻ സംസാരിക്കു

മാറാക്കുകയും അവൻെറ എല്ലാ ആവശ്യങ്ങളും നിറവേററുകയുംചെയ്യുന്നു. മുട്ടയിലെ കോഴിക്കുഞ്ഞ് അതിന്നുള്ളിൽ കിടന്നു കരയുമ്പോൾ, നീ അവന്നാവശ്യമായ വായു അതിന്നുള്ളിൽത്തന്നെ നൽകുന്നു; മുട്ട പൊട്ടിച്ച് പുറത്തു വരാനുള്ള ശക്തിയും നീ അവന്നു കൊടുക്കുന്നു. മുട്ടയിൽനിന്നു പുറത്തുവന്നാൽ, അവൻ ശക്തിമുഴുവനും ഉപയോഗിച്ചു ചിലയ്ക്കുകയും അവൻെറ ഇരുകാലുകളിന്മേൽ നടക്കുകയുംചെയ്യുന്നു.

"എത്ര വൈവിധ്യമിയന്നതാണു നിൻെറ സൃഷ്ടികൾ! അവ ഞങ്ങളിൽനിന്നും മറഞ്ഞുകിടക്കുന്നു. അല്ലയോ അനുപമനായ ഏകദൈവമേ! നീ തനിച്ചായിരുന്ന ആ കാലത്ത്, നീ നിൻെറ ഇച്ഛയ്ക്കൊത്തവണ്ണം, ഈ ഭൂമിയും, മനുഷ്യരും മാടുകളും, ആടുകളും ഭൂമിയിലുള്ളതും നടക്കുന്നതുമായ എല്ലാററിനേയും, ആകാശത്തിലുള്ളതും പറക്കുന്നതുമായ എല്ലാററിനേയും, സിറിയ, എത്യോപ്യ തുടങ്ങിയ വിദേശങ്ങളേയും ഈജിപ്തിനെയും സൃഷ്ടിച്ചു. നീ ഓരോ മനുഷ്യനെയും അവൻ്റെ സ്ഥാനത്തിരുത്തുന്നു. നീ അവൻെറ ആവശ്യങ്ങൾ നൽകുന്നു; ഓരോരുത്തൻെറയും ആഹാരവും ജീവിതകാലയളവും ക്ലിപ്തപ്പെടുത്തിവയ്ക്കുന്നു, അവരുടെ ഭാഷകൾ വ്യത്യസ്തങ്ങളാണ്; സ്വഭാവഘടനയും നിറവും വ്യത്യസ്തമാണ്. രാഷ്ട്രങ്ങളെ നീ വ്യത്യസ്തങ്ങളാക്കിയിരിക്കുന്നു.

"നീ പാതാളഭൂമിയിൽ നൈലിനെ സൃഷ്ടിച്ചു. എന്നിട്ട് നിൻെറ ഇച്ഛാനുസാരം, മനുഷ്യവർഗ്ഗത്തിന്ന് ജീവൻ നല്കാൻ അതിനെ പുറത്തേക്കു കൊണ്ടുവന്നു, അല്ലയോ മനുഷ്യവർഗ്ഗത്തിൻെറ പ്രഭോ, എല്ലാ രാജ്യങ്ങൾക്കും വേണ്ടി ഉദിക്കുന്ന എല്ലാ രാജ്യങ്ങളുടേയും പ്രഭോ, ബലിഷ്ഠകായനായ ദിനചക്രമേ!

"വിദൂരരാജ്യങ്ങൾക്കെല്ലാം നീ ജീവൻ നല്കുന്നു. അവയിലേയ്ക്ക് ഇറങ്ങി, കുന്നുകളിൽ അരുവികളായൊഴുകുവാനും, അവരുടെ ഗ്രാമങ്ങളിലെ വയലുകളെ നനയ്ക്കുവാനുമായി, നീ ഉയരത്ത് ആകാശത്തിലൊരു നൈലിനെ സൃഷ്ടിച്ചിരിക്കുന്നു. അല്ലയോ, അനന്തതയുടെ പ്രഭോ! നിൻെറ ബുദ്ധിവൈഭവം സർവ്വംസമ്പൂർണ്ണമായിരിക്കുന്നു! സ്വർഗ്ഗത്തിലെ നൈൽ വിദേശങ്ങൾക്കും വിദേശങ്ങളിൽ ഓടിനടക്കുന്ന വന്യമൃഗങ്ങൾക്കു

മുള്ളതാണ്; എന്നാൽ പാതാളത്തിൽനിന്നു വരുന്ന നൈൽ ഈജിപ്റ്റിനുള്ളതാണ്. നിൻെറ കിരണങ്ങൾ എല്ലാ വയലുകളെയും വളർത്തുന്നു; നീ പ്രകാശിക്കുമ്പോൾ അവ നിനക്കുവേണ്ടി ജീവിക്കുകയും വളരുകയും ചെയ്യുന്നു. നീ സൃഷ്ടിച്ചതിനെയെല്ലാം വളർത്തുവാൻ നീ ഋതുക്കൾ സൃഷ്ടിച്ചു, അവയെ തണുപ്പിക്കാൻ ഹേമന്തവും അവക്കു ചൂടു നല്കാൻ ഗ്രീഷ്മവും.

"നിനക്കു നിന്നു പ്രകാശിക്കുവാനും നീ സൃഷ്ടിച്ചതെല്ലാം കണ്ടുകൊണ്ടിരിക്കുവാനുമായി നീ ദൂരെ ഒരു ഗഗനം സൃഷ്ടിച്ചിരിക്കുന്നു. നീ ഉദിക്കുമ്പോഴും പ്രകാശിക്കുമ്പോഴും, അകലെയാണെങ്കിലും അടുത്തുവരികയാണെങ്കിലും, ജീവനുള്ള ചക്രത്തിൻെറ രൂപത്തിൽ പ്രകാശിക്കുന്നു. നീ നിന്നിൽനിന്നുതന്നെ അനേകസഹസ്രം ജീവിതങ്ങൾ സൃഷ്ടിച്ചിരിക്കുന്നു—നഗരങ്ങളും, പട്ടണങ്ങളും, വയലുകളും, പാതകളും, അരുവികളും. നീ ഭൂമിക്കുമുകളിലുള്ള ദിനചക്രമായതുകൊണ്ട് എല്ലാ കണ്ണുകളും നിന്നെ ദർശിക്കുന്നു.

"നീ എൻെറ ഹൃദയത്തിലുണ്ട്. നിൻെറ മകൻ ഇഖ്നറേറാൺ ഒഴികെ ആരുംതന്നെ നിന്നെ അറിയുന്നവരായിട്ടില്ല. നിൻെറ കൈയാൽ ഭൂമി സൃഷ്ടിക്കപ്പെട്ടപ്പോൾ, നിൻെറ മനസ്സിലുണ്ടായ ഉദ്ദേശങ്ങളും നിന്റെ ശക്തിയും നീ അവനു മനസ്സിലാക്കികൊടുത്തു. നീ ഉദിക്കുമ്പോൾ മനുഷ്യർ ജീവിക്കുന്നു; നീ അസ്തമിക്കുമ്പോൾ അവർ മരിക്കുന്നു. നിന്നിൽ മനുഷ്യർ ജീവിക്കുന്നു. നീ അസ്തമിക്കുന്നതുവരെ എല്ലാ കണ്ണുകളും നിൻെറ സൗന്ദര്യത്തെ നോക്കിനില്ക്കുന്നു. നീ പടിഞ്ഞാറസ്തമിക്കുമ്പോൾ, എല്ലാ വേലയും നിർത്തപ്പെടുന്നു. പക്ഷേ, നീ ഉദിക്കുമ്പോൾ ജീവയത്നം ത്വരിതഗതിയിൽ വീണ്ടും ആരംഭിക്കുന്നു."

ഇനി നമുക്ക് ഥോഥിനെപ്പററിയും ചിലതെല്ലാം അറിയുവാനുണ്ട്. ദേവന്മാരിൽ പ്രമുഖനല്ലെങ്കിലും, ഈ ദേവനു് ഒരു സാഹിത്യചരിത്രത്തിൽ പ്രത്യേക പരിഗണന നല്കേണ്ടതാണ്. കാരണം, അദ്ദേഹം അക്ഷരകലയുടെ ദേവനായിരുന്നു. ഈജിപ്ഷ്യൻ എഴുത്ത് ഥോഥ് കണ്ടുപിടിച്ചതാണെന്നു വിശ്വസിക്കപ്പെട്ടിരുന്നു. അദ്ദേഹം സംഖ്യാശാസ്ത്രവും കണ്ടുപിടിച്ചു. അദ്ദേഹം സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നി

വയുടെ സഞ്ചാരപഥങ്ങൾ നിശ്ചയിക്കുകയും ഋതുക്കൾ ക്രമപ്പെടുത്തുകയും ചെയ്തതുകൊണ്ടു് ആദ്യത്തെ ജ്യോതിർഗ്ഗണിതജ്ഞനും അദ്ദേഹമായിരുന്നുവെന്നു വിശ്വസിക്കപ്പെട്ടിരുന്നു. ജ്ഞാനത്തിന്റെ ദേവനും അദ്ദേഹംതന്നെയായിരുന്നു. എല്ലാ സമയങ്ങളിലും സത്യം കണ്ടുപിടിക്കുവാൻ ഥോഥിന്റെ അഗാധവിജ്ഞാനം അദ്ദേഹത്തെ സഹായിച്ചു. ഇതുകൊണ്ടു് ഈജിപ്തുകാർ, അദ്ദേഹത്തിന്നു മരിച്ചവരുടെ പ്രധാന വിധാതാവു് എന്ന പദവി നല്കി.

അമിതമായ ജ്ഞാനം മനുഷ്യന്നു് ദഹിക്കുകയില്ലെന്നും അതുകൊണ്ടു് അവനു വിലക്കപ്പെട്ടതാണെന്നും കാണിക്കുന്ന ഒരു കഥ—ബൈബിളിലെ കഥയോടു സാമ്യം വഹിക്കുന്ന ഒരു കഥ—ഈജിപ്തുകാരുടെ ഇടയിൽ പ്രചരിച്ചിരുന്നു. ഒരു ഈജിപ്ഷ്യൻ രാജാവിന്റെ പുത്രനായ നഹർകാറാ ഒരു പുരോഹിതനിൽനിന്നും, പ്രപഞ്ചത്തിന്റെ എല്ലാ രഹസ്യങ്ങളും വിവരിക്കുന്ന ഥോഥിന്റെ ഗ്രന്ഥം എന്നൊന്നുണ്ടെന്നറിയുന്നു. അയാൾ അതിന്റെ സൂക്ഷിപ്പുസ്ഥാനം വെളിപ്പെടുത്തുവാൻ പുരോഹിതന്നു കൈക്കൂലികൊടുക്കുന്നു. അതു് നദിയുടെ മദ്ധ്യത്തിൽ ആഴത്തിൽ കുഴിച്ചിട്ടിരിക്കുകയാണു്. രാജകുമാരൻ രാജകീയവഞ്ചിയിൽ സ്ഥലത്തേയ്ക്കു പോവുകയും നദിയുടെ അടിത്തട്ടിലേയ്ക്കു് ഒരുസംഘം മുങ്ങിത്തപ്പുന്നവരെ അയയ്ക്കുകയും ചെയ്യുന്നു. വിഷമുള്ള പാമ്പുകളും തേളുകളും കാവൽനില്ക്കുന്ന ഒരു വലിയ പെട്ടിക്കകത്താണു പുസ്തകം. രാജകുമാരൻ ഇവയെ മന്ത്രംകൊണ്ടു നശിപ്പിച്ചു പുസ്തകം കരസ്ഥമാക്കുന്നു. പക്ഷേ, ഉടനെതന്നെ അനത്ഥങ്ങൾ തുടങ്ങുന്നു. ആദ്യം അയാളുടെ പുത്രനും പിന്നെ അയാളുടെ ഭാൎയ്യയും ഒടുവിൽ അയാൾതന്നെയും മുങ്ങിമരിക്കുന്നു. ആദ്യമേതന്നെ ഇതിന്നെതിരായി അയാളെ താക്കീതുചെയ്ത അയാളുടെ പിതാവായ രാജാവു് വ്യസനപാരവശ്യത്തോടുകൂടി അയാളെ കുഴിച്ചുമൂടുന്നു. അറിവിനെ ജ്ഞാനമായി പരിവത്തിപ്പിക്കുവാനുള്ള കഴിവും വളർച്ചയും മനുഷ്യന്നു് ഇല്ലാത്തതുകൊണ്ടു് അവന്നു് ആപല്ക്കരമായ ഥോഥിന്റെ ഗ്രന്ഥം അയാളുടെകൂടെ കുഴിച്ചുമൂടപ്പെടുന്നു.

ഒരു നാടോടികഥയെങ്കിലും, ഈ പുരാവൃത്തത്തിന്നു്, അതിലടങ്ങിയ ഗുണപാഠംമൂലം, ഒരു ഗാംഭീൎയ്യം സിദ്ധിക്കുന്നു. യുഗയുഗാന്തരങ്ങളായി, മനുഷ്യന്റെ അടങ്ങാത്ത ജിജ്ഞാസയെ ആളിക്കത്തിച്ചുകൊണ്ടിരുന്ന വിജ്ഞാനത്തിന്റെ ശക്തിയേറിയ ആകൎഷണം ജീവത്തായും കവിതായോഗ്യമായ തീക്ഷ്ണതയോടുകൂടിയും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. രാജകുമാരനു മഹൽഗ്രന്ഥത്തെപ്പററി പറഞ്ഞുകൊടുക്കുന്ന പുരോഹിതൻ പറയുന്നു: "ഥോഥ് സ്വന്തം കൈകൊണ്ടു പുസ്തകം എഴുതി; അതിൽ ലോകത്തിലെ ഇന്ദ്രജാലം മുഴുവനുമുണ്ടു്. ആദ്യത്തെ ഏടു വായിച്ചുകഴിഞ്ഞാൽ, നിനക്കു് ആകാശത്തെയും ഭൂമിയേയും, അഗാധഗൎത്തത്തെയും, പൎവ്വതങ്ങളെയും, സമുദ്രത്തെയും മയക്കാൻകഴിയും. നിനക്കു് ആകാശത്തിലെ പറവകളുടെ ഭാഷ മനസ്സിലാവും; കടലിന്റെ ഇരുണ്ട അടിത്തട്ടിലെ മത്സ്യങ്ങളെ കാണാൻകഴിയും. രണ്ടാമത്തെ ഏടു വായിച്ചുകഴിഞ്ഞാൽ, നീ മരിച്ചു് പ്രേതങ്ങളുടെ ലോകത്തിലെത്തിക്കഴിഞ്ഞാലും, ഭൂമിയിലേയ്ക്കു നിന്റെ പഴയ രൂപത്തിൽ തന്നെ മടങ്ങിവരാൻ നിനക്കു സാധിക്കും. ഇതിന്നുപുറമെ, ആകാശത്തിൽ സൂൎയ്യനും പൂൎണ്ണചന്ദ്രനും താരങ്ങളും പ്രകാശിക്കുന്നതും, ദേവന്മാരുടെ മഹാരൂപങ്ങൾതന്നെയും കാണുവാൻ നിനക്കു കഴിയും."

സാക്ഷരത്വവും വിദ്യാഭ്യാസവും മൂല്യങ്ങളെന്ന നിലയ്ക്കും ഉപജീവനമാൎഗ്ഗമെന്ന നിലയ്ക്കും വാഴ്ത്തപ്പെടുന്ന ഒരു ഗ്രന്ഥം ആ കാലത്തുനിന്നും നമുക്കു കിട്ടിയിട്ടുണ്ടു്. ഗ്രന്ഥകൎത്താവായ ഡ്വവൂഫ് തന്റെ പുത്രനായ പെപിയെ ഉപദേശിക്കുകയാണു്: "നിന്റെ ഹൃദയം പുസ്തകങ്ങൾക്കു നല്കുക. നിന്റെ അമ്മയെക്കാളധികം പുസ്തകങ്ങളെ സ്നേഹിക്കുവാൻ നിന്നെ പഠിപ്പിക്കുവാൻ എനിക്കു കഴിഞ്ഞുവെങ്കിൽ, അവയുടെ സൗന്ദൎയ്യം നിന്റെ കൺമുമ്പിൽ വെയ്ക്കാമായിരുന്നു." തുടൎന്നുകൊണ്ടു്, അദ്ദേഹം എഴുത്തുകാരന്റെ തൊഴിലിനെ പുകഴ്ത്തുകയും, കൃഷികന്റേയും, ഭടന്റേയും, വേടന്റേയും, കല്പണിക്കാരന്റേയും ജീവിതവുമായി അതിനെ താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. സാധാരണയായി, രാജാക്കന്മാരുടെയും പ്രഭുക്കളുടെയും മാത്രം ജീവിതങ്ങൾ രേഖപ്പെടുത്തുന്നതിൽ വ്യാപൃതമായ ചരിത്രം

അവഗണിക്കുന്ന സാധാരണജനതയുടെ ജീവിതത്തിലേയ്ക്കു് ഈ വിവരണങ്ങൾ വെളിച്ചംവീശുന്നു.

"നോക്കൂ, ഒരു മനുഷ്യന്നു് താനൊഴികെ മറെറാരു യജമാനനില്ലാത്ത ഒരേ ഒരു തൊഴിൽ എഴുത്തുകാരന്േറതാണു്. അതു മറേറതു തൊഴിലിനേക്കാളും മഹത്തായതാണു്.

"തന്റെ വിളവിന്റെ പത്തിലൊരംശം നികുതിയായെടുക്കുമ്പോഴത്തെ കൃഷിക്കാരന്റെ അവസ്ഥ നീ ഓക്കുന്നില്ലേ? ഗോതമ്പിന്റെ പകുതി ചാഴിതിന്നു നശിപ്പിച്ചിരിക്കുന്നു. ശേഷിച്ചതു് കാണ്ടാമൃഗങ്ങൾ തിന്നിരിക്കുന്നു. വയലുകളിൽ എലികൾ നിറഞ്ഞിരിക്കുന്നു, വെട്ടുകിളികൾ അവിടെ വിഹരിക്കുന്നു, മാടുകൾ തിന്നുനശിപ്പിക്കുന്നു, ചെറുപക്ഷികൾ കട്ടുതിന്നുന്നു. ഭൂമിയിൽ ബാക്കിയുള്ളതു് ഒരു നിമിഷത്തേയ്ക്കെങ്കിലും കൃഷിക്കാരന്റെ ശ്രദ്ധയിൽപ്പെട്ടില്ലെങ്കിൽ, കള്ളന്മാർ എടുത്തുകൊണ്ടുപോവുന്നു. പോരെങ്കിൽ, കലപ്പ തുരുമ്പുപിടിക്കുകയും, കാളകൾ നുകത്തിൽക്കിടന്നു മരിക്കുകയും ചെയ്തിരിക്കുന്നു. കൃഷിക്കാരൻ എന്നും ഒരേ ഉടുപ്പാണു ധരിക്കുന്നതു്. അവന്റെ ശബ്ദം ഒരു പക്ഷിയുടെ ആക്രോശനംപോലെയും അവന്റെ തൊലി കാററുകൊണ്ടു ചുക്കിച്ചുളിഞ്ഞതും ആണു്. അവൻ ആരോഗ്യവാനാണെങ്കിൽ അവന്റെ ആരോഗ്യം മൃഗങ്ങളുടേതാണു്. അവന്നു രോഗംപിടിപെടുമ്പോൾ, അവയുടെ ഇടയിൽ, ജലസേചനംമൂലം നനഞ്ഞ ഭൂമിയിൽ കിടന്നുറങ്ങുന്നു.

"ഭടന്നു് ഒരുമണിക്കൂർ ഉറക്കം കിട്ടിയിട്ടേ ഉണ്ടാവുള്ളൂ; അപ്പോഴേയ്ക്കും അവനെ ഉണർത്തി ഒരു കഴുതയെ എന്നപോലെ ഓടിക്കുന്നു. സൂര്യൻ അസ്തമിക്കുംവരെ അവൻ പണിയെടുക്കുന്നു. അവന്നു വിശക്കുന്നു, അവന്റെ ദേഹം തളന്നിരിക്കുന്നു; ജീവിച്ചിരിക്കുമ്പോൾത്തന്നെ അവൻ മരിച്ചിരിക്കുന്നു. പ്രവൃത്തികഴിഞ്ഞാൽ, അവന്നു് അവന്റെ ധാന്യവിഹിതം കിട്ടുന്നു; പക്ഷേ, അതു പൊടിച്ചുനോക്കുമ്പോൾ, തിന്നാൻ പററാത്തതാണു്. അവനെ സിറിയയിൽ ഒരു യുദ്ധത്തിന്നു വിളിക്കുന്നു. അവന്നു യാതൊരു സുഖസൗകര്യങ്ങളുമില്ല. യുദ്ധത്തിന്നു വേണ്ട സാമഗ്രികൾ ശേഖരിച്ചു പടക്കളത്തിലേയ്ക്കു് അയയ്ക്കാത്തതുകൊണ്ടു്, അവന്നു തുണിയോ ചെരിപ്പോ ഇല്ല. പർവ്വതമാർഗ്ഗങ്ങളിലൂടെ അവൻ നടന്നുപോകുന്നു. മൂന്നുദിവസ

ത്തിലൊരിക്കൽ മാത്രമേ അവന്നു കുടിക്കാൻ വെള്ളം കിട്ടുന്നുള്ളൂ; അതാണെങ്കിൽ, ഉപ്പുരസമുള്ളതുമാണ്. അശ്വസ്ഥുകൊണ്ട് അവൻെറ ദേഹം ക്ഷീണിക്കുന്നു. ശത്രുവിൻെറ വില്ലാളികൾ അവനെ വളഞ്ഞുനില്ക്കുന്നു; അവൻെറ ജീവൻ അവനിൽനിന്നും വഴുതിപ്പോവുമെന്ന നിലയിലായിരിക്കുന്നു. അവൻെറ നായകന്മാർ അവനോടു പറയുന്നു: "മുന്നേറുക, ധീരയോദ്ധാവേ, നീ പടവെട്ടി കീർത്തിനേടുക." പക്ഷേ, അവൻ അർദ്ധപ്രജ്ഞനാണ്, അവൻെറ കാൽമുട്ടുകൾ ഉലയുന്നു, അവൻെറ ശിരസ്സ് വേദനകൊണ്ടു പുളയുന്നു, വിജയം നേടിക്കഴിഞ്ഞാൽ, രാജാവ് തടവുകാരെ ഈജിപ്റ്റിലേയ്ക്കു കൊണ്ടുപോകുവാൻ തൻെറ ഭടന്മാരെ ഏല്പിക്കുന്നു. ഒരു വിദേശസ്ത്രീ നടന്നു ക്ഷീണിതയാവുന്നു. അവളെ ഭടൻെറ ചുമലിൽ കിടത്തുന്നു. അവൻ സിറിയക്കാരത്തിയുടെ ഭാരം ചുമന്ന് കഴുത്തൊടിഞ്ഞു നടക്കുമ്പോൾ, അവന്റെ സഞ്ചി വീഴുകയും അതു മററുള്ളവർ എടുക്കുകയും ചെയ്യുന്നു. അവൻെറ ഗ്രാമത്തിൽ, അവൻെറ ഭാര്യയും കുട്ടികളും അവനെ കാത്തിരിക്കുന്നുണ്ട്, പക്ഷേ, അവിടെയെത്തുന്നതിനുമുമ്പ് അവൻ മരിക്കുന്നു.

"കല്പണിക്കാരൻ അവൻെറ ജോലി കഷ്ടപ്പെട്ടു ചെയ്യുന്നു. അവൻ വെയിലും മഴയും മഞ്ഞും കൊള്ളണം. അവൻ ഉണ്ടാക്കുന്ന ചുമരുകളിന്മേൽ ഒരു വള്ളിപോലെ പററിനില്ക്കണം. അവൻെറ ഉടുപ്പുകൾ വൃത്തികെട്ടിരിക്കുന്നു; ദിവസത്തിലൊരിക്കലാണ് അവൻ കുളിക്കുന്നതു്. കൊല്ലൻ തീച്ചൂളയുടെ മുമ്പിലിരുന്നു പണിയെടുക്കുന്നതു ഞാൻ നോക്കിനിന്നിട്ടുണ്ട്. അവൻെറ കൈയിൻെറ തൊലി മുതലയുടെ ചർമ്മം പോലെയിരിക്കുന്നു. ചീഞ്ഞ മത്സ്യത്തിൻേറയോ, കെട്ട മുട്ടയുടേയോ നാററത്തേക്കാൾ ഭയങ്കരമാണ് അവന്റെ ദുർഗ്ഗന്ധം. കുളക്കോഴികളെ പിടിക്കുന്നവന്ന്, നൈലിൽ മുങ്ങിത്തപ്പിയാലും, ഒന്നും കിട്ടിയില്ലെന്നുവരാം. മീൻപിടുത്തക്കാരൻെറ തൊഴിലാണ് എല്ലാററിലും മോശപ്പെട്ടതു്. അവൻ മുതലകളെ ഭയന്നു ജീവിക്കുകയും ഒടുവിൽ അവയ്ക്കിരയായിത്തീരുകയും ചെയ്യുന്നു."

ഈ താരതമ്യപഠനങ്ങളിൽക്കൂടി, ഗ്രന്ഥകാരൻ അഭ്യസ്തവിദ്യയുടെ സുരക്ഷിതത്വവും ഔന്നത്യവും ഊന്നിപ്പറയുക

യാണു്. അതേസമയത്തു്, സാഹിത്യശില്പത്തിലുള്ള ആനന്ദത്തെക്കുറിച്ചും അദ്ദേഹത്തിന്നു ബോധമുണ്ടു്. അതുകൊണ്ടാണു്, അനേകായിരം കൊല്ലങ്ങൾക്കുശേഷവും അദ്ദേഹത്തിന്റെ വിവരണങ്ങൾക്കുള്ള ഊർജ്ജസ്വലതയും സുസ്പഷ്ടതയും മായാതെ നില്ക്കുന്നതു്. ഈജിപ്ഷ്യൻ നാഗരികത പുരാതനമെങ്കിലും പ്രാകൃതമായിരുന്നില്ല, നേരേമറിച്ചു് പരിപക്വമായിരുന്നുവെന്നു സാഹിത്യമൂല്യങ്ങളുടെ ഈ ബോധവത്തായ പരിജ്ഞാനം തെളിയിക്കുന്നു.

അദ്ധ്യായം മൂന്ന്

## മരണവും ജീവിതവും

മരണത്തെയും മരണാനന്തരജീവിതത്തെയുംകുറിച്ച് പൗരാണിക ഈജിപ്തുകാരുടെ അഭിപ്രായങ്ങൾ അവരുടെ സാംസ്കാരികപരിണാമത്തിന്റെ ആദ്യപതനത്തിൽത്തന്നെ രൂപമെടുത്തു. യാഥാസ്ഥിതികത്വം മാററത്തിന്നെതിരായതുകൊണ്ട്, ഈ അഭിപ്രായങ്ങൾ ഈജിപ്ഷ്യൻ ചരിത്രകാലം മുഴുവനും ഏതാണ്ട് അതേരൂപത്തിൽ നിലനിന്നു. ഐഹികജീവിതത്തെസംബന്ധിച്ച വിവിധാഭിപ്രായങ്ങൾ കാലക്രമേണ രൂപംപൂണ്ടുവെങ്കിലും, അവ വളരെക്കാലത്തോളം മരണത്തെക്കുറിച്ചും മരണത്തിന്നുശേഷം മനുഷ്യനെന്തുസംഭവിക്കുന്നു എന്നതിനെക്കുറിച്ചും പൊതുവേ അംഗീകൃതങ്ങളായ യാഥാസ്ഥിതികാഭിപ്രായങ്ങളുടെ പ്രതികരണങ്ങളായിരുന്നു.

പിരമിഡുകളിലും പാറയിൽക്കൊത്തിയ ശവക്കല്ലറകളിലും ഉള്ളറകളുടെയും ഇടനാഴികളുടെയും ചുമരുകളിൽ കൊത്തിവെയ്ക്കുകയും, ശവപ്പെട്ടികളുടെ അകത്തും പുറത്തും എഴുതുകയോ വരയ്ക്കുകയോ ചെയ്യുകയും പിന്നീട് പാപ്പിരസിന്മേൽ എഴുതുകയും ചെയ്ത എണ്ണമററ കൃതികളിൽനിന്നാണ മരണത്തെയും മരണാനന്തരജീവിതത്തെയുംകുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ നാം അറിയുന്നത്. ഈ കൃതികളുടെ സമാഹാരത്തിന്ന് ഇന്ന് 'മൃതലോകഗ്രന്ഥം' എന്നാണ പൊതുവിൽ നൽകപ്പെട്ടിരിക്കുന്ന പേർ. ഈജിപ്തുകാർ ആത്മാവിനെ, 'കാ' എന്നൊരു ശക്തിയിൽനിന്നു വേർതിരിച്ചിരുന്നു. 'കാ' എന്നതു നിർവ്വചിക്കുക എളുപ്പമല്ല; അതു് ഹൈന്ദവപാരമ്പര്യത്തിലെ പ്രാണമയകോശംപോലെ ഒന്നായിരുന്നുവെന്നു പറയാം. ശരീരത്തിൽനിന്നു വേറിട്ടുള്ളതായിരുന്നുവെങ്കിലും 'കാ'വിന്നു ശരീരമുള്ളിടത്തോളംകാലം മാത്രമേ നിലനില്പുണ്ടായിരുന്നുള്ളു. അതുകൊണ്ടു് ഈജിപ്തുകാർ രാസവസ്തുക്കളുപയോഗിച്ച് ശരീരത്തെ അനേകശതവർഷങ്ങളോളം കേടുകൂടാതെ സൂക്ഷിക്കുന്ന വിദ്യ കണ്ടുപിടിച്ച് വളർത്തിക്കൊണ്ടു

വന്നു. മരിച്ചവരുടെ ആത്മാക്കൾക്കു്, ഈ ലോകം വിട്ട പ്പോൾ, ദുഷ്ടഭൂതങ്ങളും ഭയങ്കരമൃഗങ്ങളും വസിക്കുന്ന വിസ്തൃതവും കഷ്ടതകൾ നിറഞ്ഞതുമായ പ്രദേശങ്ങളിൽക്കൂടി യാത്ര ചെയ്യേണ്ടിയിരുന്നു. ഈ ദുഷ്ടശക്തികളെ അകററുവാൻ മരിച്ചവർ പാടുന്നതിനുള്ള പ്രാർത്ഥനകളും മന്ത്രങ്ങളും മൃതലോകഗ്രന്ഥത്തിൽ ഉണ്ടു്. ആപല്ക്കരമായ ഈ പ്രദേശം തരണംചെയ്തതിനുശേഷം, ആത്മാക്കൾ, വിരുദ്ധശക്തികളിൽനിന്നു വിമുക്തമെങ്കിലും ഇരുണ്ടതും ആഹ്ലാദരഹിതവുമായ ഒരു സ്ഥലത്തെത്തുന്നു. ഒരു കൃതിയിൽ, ഈ പ്രദേശത്തു പുതുതായെത്തിയ ഒരാത്മാവു വിലപിക്കുന്നു: “ഇതെന്തു രാജ്യത്തിലാണു ഞാനെത്തിപ്പെട്ടിരിക്കുന്നതു്? ഇവിടെ വെള്ളമില്ല, വായുവില്ല. ഇതൊരഗാധമായ ആഴമാണു്, ഇരുളടഞ്ഞ കാളരാത്രിയെക്കാൾ ഇരുണ്ടതാണു്; ഇവിടെ മനുഷ്യർ നിസ്സഹായരായി അലയുന്നു. ഇവിടെ മനുഷ്യർക്കു മനഃസമാധാനത്തോടെ ജീവിക്കാൻ സാധിക്കുകയില്ല; അവരുടെ വികാരങ്ങളെ തൃപ്തിപ്പെടുത്തുവാനും സാധിക്കുകയില്ല.” അവിടെനിന്നു് ആത്മാക്കൾ, മരിച്ചവരുടെ വിധാതാവായ ഥോഥിന്റെ മുമ്പിലേയ്ക്കു് ആനയിക്കപ്പെടുന്നു. ശുദ്ധിയാക്കുന്ന ഒരു കുററസമ്മതത്തിനുശേഷം, ആത്മാക്കൾ ഒസിരിസിൻെറ മുമ്പിൽ പോവുകയും ദൈവതുല്യരായി മാറുകയും ചെയ്യുന്നു.

ആത്മാവും ഒസിർിസും തമ്മിലുള്ള ഈ കണ്ടുമുട്ടലിനെ, മൃതലോകഗ്രന്ഥത്തിലെ ഒരു കൃതി വിവരിക്കുന്നു. ദേവൻ പറയുന്നു: “ഞാൻ ഭൂതവും വർത്തമാനവുമാകുന്നു. പുനർജ്ജന്മത്തിൻെറ ശക്തി ഞാനെൻെറ ഉള്ളിൽ വഹിക്കുന്നു. ദേവന്മാർ ഏതിൽനിന്നു ജനിക്കുന്നുവോ, ആ രഹസ്യശക്തി ഞാനാകുന്നു. ഞാൻ പുനരുജ്ജീവിക്കപ്പെട്ടവരുടെ പ്രഭുവാകുന്നു.” ആത്മാവു പറയുന്നു: “ഞാൻ ജേതാവായിട്ടാണു വന്നിരിക്കുന്നതു്. നരകത്തിൻെറ സ്വീകരണമുറിയിലാണു ഞാൻ നില്ക്കുന്നതു്. എങ്കിലും എൻെറ കണ്ണുകൾ നരകത്തിലെ കണ്ണുനീരിനെ പ്രതിഫലിപ്പിക്കുകയില്ല.” നരകത്തിലെ ദേവതയോടു് ആത്മാവു് ആവശ്യപ്പെടുന്നു: “ഇരുണ്ട പ്രദേശങ്ങളിലെ ദേവീ, എന്റെ മുമ്പിൽ വഴിതുറക്കുക; എനിക്കു പോകേണ്ട പാതകൾ സുഗമങ്ങളാക്കുക.” അവസാനം ആത്മാവു് ഒസിരിസിന്റെ

സന്നിധാനത്തിൽ എത്തുകയും സർവ്വശക്തനായ ദൈവത്തെ ദർശിക്കുകയും ചെയ്യുന്നു. ആത്മാവു പറയുന്നു: "അദ്ദേഹത്തിന്റെ നാമം എന്റേതുതന്നെയാണ്. ഞാൻ ചീത്തയാവുകയില്ല; സിംഹദേവനെപ്പോലെയാവും. എന്നിൽനിന്നു വെളിച്ചം പ്രവഹിക്കും. നീ എന്നിലും ഞാൻ നിന്നിലും ഉണ്ട്. നിൻെറ ഗുണങ്ങൾ എൻെറ ഗുണങ്ങളാകുന്നു." പില്കാലത്തെ ഒരു കൃതിയിൽ, ആത്മാവിൻെറ പരിവർത്തനത്തിലെ ഈ ഘട്ടത്തിൽ, അതിനെക്കൊണ്ടു പല ദേവന്മാരെയും പേർപറഞ്ഞു വിളിപ്പിക്കുകയും ആ ദേവന്മാരെല്ലാം താൻതന്നെയാണെന്നു പറയിക്കുകയും ചെയ്യുന്നു. "ഞാനാകുന്നു റാ, ഞാനാകുന്നു അറ്റോൺ, ഞാനാകുന്നു ഒസിരിസ്, ഞാനാകുന്നു ഹോറസ്, ഞാനാകുന്നു ഥോഥ്." ആദ്യത്തെ കൃതിയിലെ അവസാനവരികൾ, ആത്മാവ്, പ്രപഞ്ചത്തെ നിലനിർത്തുന്ന ദൈവസ്വഭാവവും ശക്തിയുമായി താദാത്മ്യംപ്രാപിക്കുന്നതായി സൂചിപ്പിക്കുന്നു: "വിവേകമില്ലാത്തവനായിട്ടാണു ഞാനീ സ്ഥലത്തെത്തിയതു്, ആത്മശക്തിയുള്ളവനായിട്ടാണു ഞാനിവിടെനിന്നു പോവുന്നതു്. എല്ലാ പുരുഷന്മാരിലും, എല്ലാ സ്ത്രീകളിലും, എല്ലാ ജീവജാലങ്ങളിലും ഞാൻ എന്നും എന്നും എന്നും പ്രവേശിക്കും."

ഈ കൃതികൾ വ്യാഖ്യാനിക്കുന്നതിന്നു് പല ബുദ്ധിമുട്ടുകളും ഉണ്ട്. ചിലപ്പോൾ, മരിച്ചവരുടെ പുസ്തകത്തിലെ കൃതികൾ വായിച്ചാൽ തോന്നുക, ആത്മാക്കളുടെ അന്ത്യവിധി അവയുടെ വ്യക്തിസ്വഭാവങ്ങൾ തീരെ പരിത്യജിച്ചു് ദൈവവുമായി താദാത്മ്യംപ്രാപിക്കലാണെന്നാണ്. പക്ഷേ, പല കൃതികളും വായിച്ചാൽ മനസ്സിലാവുക, ആത്മാക്കൾ ദേവതുല്യങ്ങളായിത്തീരുകയും അതേസമയത്തു് അവയുടെ വ്യത്യസ്തസ്വഭാവം നിലനിർത്തുകയും ചെയ്യുന്നുവെന്നാണ്. ഒരു കൃതിയിൽ, ഒരാത്മാവ്, ഒസിരസിനെ അഭിമുഖീകരിച്ചു ചോദിക്കുന്നു: "ഞാനെത്രകാലം ജീവിക്കും?" അതിന്നു ദേവൻ പ്രതിവചിക്കുന്നു: "നീ ലക്ഷോപലക്ഷം കൊല്ലങ്ങൾ ജീവിക്കുമെന്നു വിധിക്കപ്പെട്ടിരിക്കുന്നു." ആത്മാവ് അതിൻെറ വ്യതിരിക്തസ്വഭാവം പരിത്യജിച്ചു ദൈവവുമായി താദാത്മ്യം പ്രാപിക്കുകയാണു ചെയ്യുന്നതെങ്കിൽ, ഈ ചോദ്യവും

ഉത്തരവും നിരർത്ഥകമായിരിക്കുമല്ലോ. ഈജിപ്തുകാരുടെ വിവക്ഷയിൽ, അനന്തതയെന്നതു കാലദൈർഘ്യം മാത്രമാണെന്നും ഈ ചോദ്യോത്തരം വെളിപ്പെടുത്തുന്നു. അനന്തതയെക്കുറിച്ചു പ്ലേറ്റോവിനെപ്പോലെയുള്ള ദാർശനികന്മാരുടെ വിവക്ഷ കൂടുതൽ അവഗാഢമായിരുന്നു. കാലത്തിൻെറ സ്വഭാവത്തെക്കുറിച്ചും ആത്മനിഷ്ഠമായ അനുഭവവുമായി അതിന്നുള്ള ബന്ധത്തെക്കുറിച്ചും ഉള്ള ഒരു അവഗാഢവിശകലനത്തെ ആസ്പദമാക്കിയുള്ളതായിരുന്നു അതു്. അത്തരമൊരു വിശകലനം ഈജിപ്തുകാൎക്കു് അസാദ്ധ്യമായിരുന്നുവെന്നു തോന്നുന്നു. അങ്ങനെ മൃതലോകഗ്രന്ഥത്തിൻെറ ചില ഭാഗങ്ങളിൽ, ഭാവനയുടെ ഉന്നതശിഖരങ്ങൾ പ്രാപിക്കുന്നുണ്ടെങ്കിലും, പൊതുവിശ്വാസത്തിൽ അനന്തതയെന്നതു വളരെക്കാലം നീണ്ടുനിൽക്കുന്നതെങ്കിലും ഒരവസാനമുള്ളതും ആത്മാക്കളുടെ അന്ത്യവിധി അവയുടെ വ്യതിരിക്തസ്വഭാവങ്ങളുടെ പരിപൂൎണ്ണനാശമാകാതെ, ദേവതുല്യമായ ശക്തികൾ ആൎജ്ജിക്കുകയും ആണു്.

ഈജിപ്തിലെ രാജാക്കന്മാരുടെ മൃതലോകഗ്രന്ഥമായിരുന്ന കൃതികൾ വായിച്ചാൽ ഇതു കൂടുതൽ വ്യക്തമാവും. സാധാരണക്കാരനുള്ള കൃതികളിൽനിന്നു വ്യത്യസ്തമായ ഇവയെ 'പിരമിഡ്കൃതികൾ' എന്നു വിളിക്കുന്നു. രാജാക്കന്മാരുടെ ശവക്കല്ലറകളായ പിരമിഡുകളുടെ ചുമരുകളിന്മേലാണു് അവ എഴുതപ്പെട്ടതു്. ഇത്തരം എഴുത്തുകളോടുകൂടിയ പിരമിഡുകളിൽ ഏററവും പഴക്കംചെന്നതു്, അഞ്ചാമത്തെ രാജവംശത്തിലെ ഒരു രാജാവായിരുന്ന ഉനാസിൻെറ ശവക്കല്ലറയായിരുന്നു. പെപിയുടെയും ആറാം രാജവംശത്തിലെ മററു രാജാക്കന്മാരുടെയും അന്ത്യവിശ്രമസ്ഥലങ്ങളായ മററു നാലു പിരമിഡുകളുണ്ടു്. ഇവരഞ്ചുപേരും ക്രി. മു. നാലാം സഹസ്രാബ്ദത്തിൽ ജീവിച്ചിരുന്നവരാണു്.

സാധാരണക്കാരുടെ ആത്മാക്കൾക്കു വേണ്ടിവന്നതുപോലെ, പാതാളഭൂമിയിൽ ഒരു ഇരുണ്ട ജീവിതം നയിക്കേണ്ടിവരാതിരിക്കാനും ആകാശത്തിൻെറ സ്വച്ഛനീലിമയിൽ ദേവന്മാരെപ്പോലെ വസിക്കാനുമുള്ള രാജാക്കന്മാരുടെ അഭിലാഷമാണു്, ഈ കൃതികളിലെ മുഖ്യ പ്രതിപാദ്യവിഷയം. രാജാ

വിൻെറ മൃതദേഹത്തെ ശുദ്ധിചെയ്യുന്ന ഒരു ചടങ്ങു നടത്തിയിരുന്നു. ചടങ്ങിൻെറ സമയത്തു ചൊല്ലിയിരുന്ന കീർത്തനം ഇതായിരുന്നു: "നീ ശുദ്ധിയുള്ളവനാണ്. നിൻെറ ഹൃദയം വൃത്തിയുള്ളതും സൗരഭ്യമുള്ളതും ആക്കപ്പെട്ടിരിക്കുന്നു. നിന്റെ വക്ത്രം വൃത്തിയുള്ളതും സൗരഭ്യമുള്ളതും ആക്കപ്പെട്ടിരിക്കുന്നു. നിൻെറ എല്ലുകൾ ശുദ്ധമാക്കപ്പെട്ടിരിക്കുന്നു. നിന്നിൽ അന്തർലീനമായിരുന്ന നാശം നിന്നെ സ്പർശിക്കുകയില്ല." ഈ ചടങ്ങിന്നുശേഷം, രാജാവിൻെറ ആത്മാവ്, വിരുദ്ധശക്തികൾ നിറഞ്ഞ ഇരുണ്ട ഭൂമിയിലൂടെയുള്ള ദുഷ്കരമായ യാത്രകൂടാതെതന്നെ സ്വർഗ്ഗത്തിലേക്കു പറന്നെത്തുമെന്നു വിശ്വസിക്കപ്പെട്ടിരുന്നു. ആത്മാവിൻെറ ആ പറക്കലിനെ കീർത്തനം കാവ്യചമൽക്കാരത്തോടെ വിവരിക്കുന്നു: "അവൻ പറക്കുന്നു. അല്ലയോ മനുഷ്യരേ, അവൻ നിങ്ങളിൽനിന്നും അകലെ പറന്നുപോകുന്നു. അവൻ ഇപ്പോൾ ഭൂമിയിലില്ല. അവൻ ആകാശത്തിലാണ്. അവൻ ഒരു പച്ചക്കുതിരയെപ്പോലെ, ആകാശത്തിലേയ്ക്കു കുതിച്ചിരിക്കുന്നു. അവൻ ഒരു പരുന്തിനെപ്പോലെ ആകാശത്തിൻെറനേരെ കുതിക്കുന്നു. അവൻ ഒരു കഴുകനെപ്പോലെ, ആകാശത്തെ ചുംബിച്ചിരിക്കുന്നു." സ്വർഗ്ഗത്തിലേയ്ക്കുള്ള രാജാവിൻെറ പ്രവേശനം, ആ വിശുദ്ധസ്ഥലത്തു് ഒരു ബഹളംതന്നെ സൃഷ്ടിക്കുന്നതായി വിഭാവനംചെയ്യപ്പെടുന്നു: "വിധാതാവേ, ഉണരുക! അല്ലയോ ഥോഥ്, എഴുന്നേൽക്കുക! ഉറങ്ങുന്ന ദേവന്മാരേ, ഉണരുക! അല്ലയോ സ്വർഗ്ഗത്തിലുള്ളവരേ, ഉണരെന്നെഴുന്നേൽക്കുക! നൈലിൽനിന്നു മഹാനായ പരുന്തു് ഉയർന്നുവന്നിരിക്കുന്നു. ഭൂമിയിലെ കാട്ടുകളിൽനിന്നു ജേതാവായ ദേവൻ വന്നിരിക്കുന്നു." ദേവന്മാർക്കു വിഷമമുണ്ടാവുന്നു. സ്വർഗ്ഗത്തിൽ കലഹമുത്ഭവിക്കുന്നു. "ഞങ്ങൾ ഒരു പുതിയ വീര്യത്തെ കാണുന്നു" എന്നു് അവർ, ചിരപ്രതിഷ്ഠരായ ദേവന്മാർ, പറയുന്നു. ഭൂമിയിൽ രാജാവിന്നുണ്ടായിരുന്ന അനിയന്ത്രിതാധികാരം മരണാനന്തരജീവിതത്തിലും നിലനിൽക്കുന്നുണ്ടെന്നു വിഭാവനം ചെയ്യുകയും അദ്ദേഹത്തെ ദേവന്മാരെപ്പോലും കീഴടക്കിയ ഒരു മഹാനായ ജേതാവായി ചിത്രീകരിക്കുകയുംചെയ്യുന്നു. ദേവന്മാരുടെ ശക്തിയും ജ്ഞാനവും അവരുടെയെല്ലാം ദൈവികഗുണങ്ങളും

ചിരഞ്ജീവിതപവും സ്വായത്തമാക്കാൻവേണ്ടി അവരെ കൊല്ലുകയും തിന്നുകയുംചെയ്യുന്ന ഒരു മഹാനായ വേടനായി ഉനാസിനെ ചിത്രീകരിക്കുന്ന ഒരു സജീവവിവരണം നൽകുന്ന ഒരു ഭാഗം ഉണ്ട്:

"ദേവന്മാരെ തിന്നുജീവിക്കുന്ന ദേവന്റെ രൂപത്തിൽ ഒരാത്മാവായി ഉനാസ് ഉയരുന്നതു കാണുമ്പോൾ, ആകാശം കറുക്കുന്നു, നക്ഷത്രദേവതകൾ വിറയ്ക്കുന്നു, സ്വർഗ്ഗത്തിലെ ദേവന്മാർ മൂകരായിത്തീരുന്നു."

ഇതിലടങ്ങിയ പ്രതീകം പഴകിയതും കാലാനുചിതവുമാണെങ്കിലും, ഒരു മൃതദേവന്റെ ഗുണങ്ങൾ നേടുവാൻ അദ്ദേഹത്തിന്റെ മാംസം ഭക്ഷിക്കുകയെന്നതു് പുരാതനനാഗരികതകളിൽ ധാരാളം നടപ്പുണ്ടായിരുന്നതും ക്രിസ്തുമതംതന്നെ ഏറ്റെടുത്തതുമായ ഒരു ചടങ്ങായിരുന്നുവെന്നു നാമോർക്കേണ്ടിയിരിക്കുന്നു. രാജാവു് അവസാനം ഒരു ദേവനായിത്തീരുമെന്നതായിരുന്നു ഈ മിഥ്യയുടെ കേന്ദ്രാശയം. ഈയൊരു പ്രാർത്ഥനയിൽ അതു വ്യക്തമാവുന്നു: "ആകാശത്തിൽക്കൂടി സഞ്ചരിക്കുന്ന അല്ലയോ റാ, അല്ലയോ ഥോഥ്, അല്ലയോ സൂര്യചന്ദ്രന്മാരേ, അദ്ദേഹത്തെ നിങ്ങളുടെ കൂട്ടത്തിൽ കൂട്ടുക; നിങ്ങൾ തിന്നുന്നതെല്ലാം അദ്ദേഹവും തിന്നട്ടെ; നിങ്ങൾ കുടിക്കുന്നതെല്ലാം അദ്ദേഹവും കുടിക്കട്ടെ; നിങ്ങളുടെ ഭക്ഷണം തന്നെയായിരിക്കട്ടെ അദ്ദേഹത്തിന്റേയും ഭക്ഷണം; നിങ്ങളുടെ പാർപ്പിടംതന്നെയായിരിക്കട്ടെ അദ്ദേഹത്തിന്റേയും പാർപ്പിടം; നിങ്ങളുടെ ശക്തി അദ്ദേഹത്തിന്റേയും ശക്തിയായിരിക്കട്ടെ; നിങ്ങൾ സഞ്ചരിക്കുന്നിടത്തു് അദ്ദേഹവും സഞ്ചരിക്കട്ടെ."

ചിലപ്പോൾ, മരിച്ച രാജാക്കന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ഈ മിഥ്യയിൽനിന്നു വിമുക്തമായി ശുദ്ധ ഭാവഗീതങ്ങളായി പരിണമിക്കുന്നു. പെപിക്കുവേണ്ടിയുള്ള ഒരു പ്രാർത്ഥന ഇതായിരുന്നു: "അല്ലയോ അദൃശ്യങ്ങളായ വാതിലുകളിലേക്കുള്ള പാതയേ, തന്റെ ചുമലുകളിൽ ആകാശത്തെ ഉയർത്തിപ്പിടിക്കുകയും ഭൂമിയെ സ്വസ്ഥാനത്തു നിർത്തുകയുംചെയ്യുന്ന റായുടെ പുത്രനാണു പെപിയെന്നു് ഉന്നതദേവന്മാരുടെ മുമ്പിൽ സാക്ഷ്യംവഹിക്കുക. ദേവന്മാരേ, പെപി നിങ്ങളുടെ

കൂട്ടത്തിൽ ഇരുന്നോട്ടെ. അഗാധതയിലെ താരകളേ, അദ്ദേഹത്തെ താങ്ങുക, അദ്ദേഹത്തിനു കാവൽനിൽക്കുക, അദ്ദേഹത്തെ സ്നേഹിക്കുക. വിധാതാക്കളായ ദേവന്മാരേ, പെപിയെ അദ്ദേഹത്തിൻെറ സ്ഥാനത്തേക്കു നയിക്കുക, അദ്ദേഹത്തെ അവിടെ പ്രതിഷ്ഠിച്ചിരുത്തുക." ഉനാസിന്നുവേണ്ടിയുള്ള ഒരു ഭാവസുന്ദരമായ പ്രാൎത്ഥന ഇതാ: "അല്ലയോ ഉനാസ്, അപകടങ്ങൾ സൂക്ഷിക്കുക. അങ്ങയുടെ പിതാവിൻെറ ആത്മാവു് അങ്ങയ്ക്കു താക്കീതുനൽകുകയാണു്. അദ്ദേഹം അങ്ങയ്ക്കു താക്കീതു നൽകുകയാണു്. അങ്ങയ്ക്കെതിരായി കുറിക്കപ്പെട്ട ഓരോ പാപശിക്ഷയും മാച്ചുപ്പെട്ടിരിക്കുന്നു; താഴത്തെ ആകാശത്തിലെ കാവൽക്കാരൻ അങ്ങയെ തടയുന്നതിൽനിന്നും വിലക്കപ്പെട്ടിരിക്കുന്നു. നക്ഷത്രങ്ങളുടെ ശുദ്ധജലത്താൽ അങ്ങു വിശുദ്ധമാക്കപ്പെട്ടുന്നു. പ്രകാശിക്കുന്നവർ അങ്ങയെ അഭിവാദ്യംചെയ്യുന്നു. അങ്ങു ദൈവത്തിൽ വിശ്രമിക്കുന്നു. അങ്ങു് അദ്ദേഹത്തിൻെറ ആത്മസത്ത സ്വായത്തമാക്കുന്നു, അങ്ങു് അദ്ദേഹവുമായി താദാത്മ്യം പ്രാപിക്കുന്നു.

ഈജിപ്ഷ്യൻനാഗരികതയുടെ ആരംഭദശയിൽ, മനുഷ്യാവസ്ഥയെക്കുറിച്ചുള്ള അവഗാഢമായ ഒരു ബോധത്തിൻെറയും മനുഷ്യനു മനുഷ്യനോടുള്ള കടമയുടെ അംഗീകാരത്തിൻെറയും അടിസ്ഥാനത്തിൽ ഒരു സാമൂഹ്യബോധം രൂപം പ്രാപിക്കുന്നതിന്നുമുമ്പു്, ജീവിതചൎയ്യയെക്കുറിച്ചുള്ള അഭിപ്രായങ്ങളെ നിൎണ്ണയിച്ചതു് മരണാനന്തരം മനുഷ്യന്നു് എന്തു സംഭവിക്കുന്നുവെന്നതിനെക്കുറിച്ചുള്ള വിശ്വാസങ്ങളായിരുന്നു. ആത്മാവു് അവസാനത്തിൽ അനശ്വരമായിത്തീരുമെന്നു വിശ്വസിക്കപ്പെട്ടിരുന്നുവെങ്കിലും, ആ വിശ്വാസം ഒരു ആഗ്രഹത്തിൻെറ പ്രതികരണം മാത്രമാണെന്ന ഭീതി എപ്പോഴും അവബോധമനസ്സിൽ തങ്ങി നിന്നിരുന്നു. മരണാനന്തരജീവിതം ഇരുണ്ടതും ആഹ്ലാദരഹിതവുമായ ഒന്നാണെന്ന അഭിപ്രായം പലയിടത്തും രേഖപ്പെട്ടത്തിയതായി കാണാം; ഈ ഭയാശങ്കയാൽ, മനുഷ്യൻ തനിക്കു കിട്ടിയ സുവൎണ്ണാവസരം പാഴാക്കാതെ, ഭൂമിയിൽ ആനന്ദം തേടണമെന്നു ചിലർ അഭിപ്രായപ്പെട്ടതായും കാണാം. മരണശേഷം ഒരു സ്ത്രീ ജീവിച്ചിരിപ്പുള്ള തൻ്റെ ഭൎത്താവിന്നു് അയച്ച ഒരു സന്ദേശത്തിൻ്റെ

രൂപത്തിലുള്ള ഒരു കൃതിയിൽ, ഈ ഭീതിയുടെ സുവിശദമായ ഒരു ചിത്രീകരണവും ഈ ഭീതിയാൽ പ്രേരിതമായ ആനന്ദജീവിതത്തിന്നുള്ള അഭ്യർത്ഥനയും നമുക്കു കാണാം. ഭാര്യ അവളുടെ സ്ഥിതിയെ ഇങ്ങനെ വിവരിക്കുന്നു: "കരിങ്കുരിരുട്ടിനെ കണ്ണുകൊണ്ടു ഭേദിക്കാൻകഴിയാത്ത ഒരു രാജ്യമാണിതു്. ഇവിടെ വസിക്കുന്നവക്കു ദുഃഖം പ്രദാനംചെയ്യുന്ന ഒരു സ്ഥലമാണിതു്. ഇവിടെ വസിക്കുന്നവർ എന്നും ഉറങ്ങുകയാണു്. അവർ അവരുടെ സ്നേഹിതന്മാരെ കാണാൻ ഉണരാറില്ല; അവർ അവരുടെ അച്ഛനമ്മമാരെ കാണുന്നില്ല; അവരുടെ ഹൃദയത്തിൽ അവരുടെ ഭാര്യമാരെയും കുട്ടികളെയും കാണുവാനുള്ള അഭിലാഷമുണ്ടാവുന്നില്ല. ഭൂമിയിലെ ചലനമുള്ള വെള്ളം ജീവിച്ചിരിക്കുന്നവക്കുള്ളതാണു്. എനിക്കുള്ള വെള്ളം ചലനരഹിതമാണു്, കെട്ടിനില്ക്കുന്നതാണു്. മരിച്ചവരുടേതായ ഈ താഴ്വരയിൽ എത്തിയ അന്നുമുതൽ, ഞാൻ ഒഴുകുന്ന വെള്ളത്തിന്നുവേണ്ടി ആഗ്രഹിക്കുകയാണു്. ആരെങ്കിലും എന്റെ മുഖം, അരുവിക്കരയിലെ വടക്കൻകാററിന്നഭിമുഖമായി തിരിക്കുന്നുവെങ്കിൽ! എന്റെ ഹൃദയത്തിലെ വേദന മാററുവാൻ. ഞാനതിന്നു നിലവിളിക്കുകയാണു്." മരണത്തിന്റെ തണുത്ത ഹസ്തം എല്ലാററിനെയും മരവിപ്പിക്കുന്നതും, എല്ലാ ചലനത്തിൻെറയും അഭാവവും, മരിച്ചവരനുഭവിക്കുന്ന ഏകാന്തതയും എല്ലാം ഈ വിവരണത്തിൽ ശക്തമായി പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു. ചലനമുണ്ടാവുമ്പോൾ വെള്ളം, വായു തുടങ്ങിയ നിർജ്ജീവവസ്തുക്കൾക്കുപോലും, ഒരു അരുവിയിലെയോ കാറ്റിലെയോപോലെ, ജീവച്ഛായയുണ്ടാവുന്നു. എന്നാൽ, മരിച്ചവരുടെ നാട്ടിൽ, വെള്ളവും വായുവും നിശ്ചലമായി നില്ക്കുന്നു. ദുഃഖാത്മമായ ആത്മാവു് ഒരു ചലനത്തിന്നു കൊതിക്കുന്നു. മരിച്ചവരുടെ നാട്ടിൽ ലക്ഷോപലക്ഷം ആത്മാക്കളുണ്ടെങ്കിലും, ഓരോ ആത്മാവും മററാത്മാക്കളുമായി ബന്ധമില്ലാതെ, സ്വന്തം ഏകാന്തതയിൽ തടവുകാരനായിരിക്കുന്നു. മുകളിൽപ്പറഞ്ഞ ഭാര്യ മരണത്തിൻെറ അനിവാര്യതയും സുനിശ്ചിതത്വവും ഊന്നിപ്പറയുന്നു: "മൃത്യുദേവൻ ദേവന്മാരും മനുഷ്യരും തമ്മിൽ പക്ഷഭേദം കാണിക്കുന്നില്ല. അദ്ദേഹത്തിന്നു രാജാക്കന്മാർപോലും വിലയില്ലാത്ത മനുഷ്യരാണു്.

അദ്ദേഹത്തിന്റെ കൈ ഒരുത്തരിൽനിന്നും തിരിയുന്നില്ല; അമ്മയുടെ മുലപ്പാൽ കുടിച്ചുകൊണ്ടിരിക്കുന്ന പിഞ്ചുകുട്ടിയേയും പടുകിഴവനെയും ഒരുപോലെ അദ്ദേഹം പിടിച്ചുകൊണ്ടുപോകുന്നു.'' അതുകൊണ്ടു് അവളുടെ ഭർത്താവിനോടുള്ള അവളുടെ അന്ത്യോപദേശം ഇതാണു്: ''ഭർത്താവേ, സുഹൃത്തേ, അഭിവാദ്യങ്ങൾ! തിന്നുകയും കുടിക്കുകയും, സ്ത്രീകളുടെ പ്രേമം ആസ്വദിക്കുകയും അങ്ങനെ, ദിവസങ്ങൾ സുഖമായി കഴിക്കുകയും ചെയ്യുക. രാവും പകലും അങ്ങയുടെ ആഗ്രഹങ്ങൾ നിറവേററുക. അങ്ങയുടെ ഹൃദയത്തിൽനിന്നു ദുഃഖത്തെ അകററുക. ദുഃഖനിമഗ്നരായി സമയം വ്യർത്ഥമാക്കിക്കളയാൻ അത്രയധികം വർഷങ്ങൾ നമുക്കു ഭൂമിയിൽ കിട്ടുന്നുണ്ടോ?''

ഒരു ശവക്കല്ലറയിൽനിന്നു കണ്ടുകിട്ടിയതും ഇപ്പോൾ ലെയിഡൻമ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതുമായ എഴുതപ്പെട്ട ഒരു പലകയിൽ ഇതേ ചിന്താഗതി ദൃശ്യമാണു്. ക്രി. മു. 2200-ാമാണ്ടിന്നടുത്തെഴുതപ്പെട്ട ഈ കൃതിയുടെ പലകയിന്മേൽ അതു പാടുന്നതെന്നു സങ്കല്പിക്കപ്പെടുന്ന ഒരു തംബുരുവായനക്കാരന്റെ ചിത്രമുള്ളതുകൊണ്ടു് അതിന്നു 'തംബുരുഗീതം' എന്നു പേർ നൽകപ്പെട്ടിരിക്കുന്നു.

തലമുറകൾ നശിക്കുകയും അവരുടെ സ്ഥാനത്തു പുതിയ തലമുറകൾ ഉണ്ടാവുകയും ചെയ്യുന്നു. സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും, സ്ത്രീകൾ ഗർഭംധരിക്കുകയും, എല്ലാ ജീവജാലങ്ങളും ശ്വാസിക്കുകയും ചെയ്യുന്നു. പക്ഷേ, പുലരുമ്പോഴേക്കും, അവരുടെ സ്ഥാനത്തു് അവരുടെ കുട്ടികൾ ഇരിക്കുന്നു. പിരമിഡുകളിൽ അന്ത്യവിശ്രമംകൊള്ളുന്ന ദേവരാജാക്കന്മാർ, രാജധാനികൾനിർമ്മിച്ചവർ—അവരുടെ രാജധാനികൾ ഇന്നില്ല. അവയ്ക്കെന്തു സംഭവിച്ചു?

''മഹാരാജാക്കന്മാരുടെ വാക്യങ്ങൾ—അവർ ഉച്ചരിച്ചുവെന്നതുകൊണ്ടു സർവ്വോപരി വിലമതിക്കപ്പെടുന്ന വാക്യങ്ങൾ—ഞാൻ കേട്ടിട്ടുണ്ടു്. അവരുടെ രാജധാനികൾ ഇന്നെവിടെയാണു്? അവയുടെ ചുമരുകൾ നിലംപതിക്കപ്പെട്ടിരിക്കുന്നു. അവയുടെ സ്ഥാനങ്ങൾ ഇന്നു ശൂന്യമാണു്. അവയൊരിക്കലും ഉണ്ടായിട്ടില്ലെന്നേ തോന്നുകയുള്ളു.

''അവർ പരലോകത്തിൽ എങ്ങിനെ കഴിഞ്ഞുകൂടുന്നു

വെന്നു, പറഞ്ഞുതന്നു് അവർ പോയസ്ഥലത്തു നമ്മളും പോവുന്നതുവരെ നമുക്കും മനസ്സമാധാനം നൽകുവാൻ അവിടെനിന്നു് ആരും വരുന്നില്ല.

"ആഹ്ലാദിക്കു, നിങ്ങളെ അന്ത്യവിശ്രമത്തിന്നായി കിടത്തുന്ന നാളിനെക്കുറിച്ചുള്ള ചിന്ത നിങ്ങളുടെ ഹൃദയത്തെ അലട്ടാതിരിക്കട്ടെ. എല്ലാ ദുഃഖങ്ങളും അകററിക്കളയുക, നിശ്ശബ്ദതയെ സ്നേഹിക്കുന്ന നാട്ടിൽ ചെന്നെത്തുന്നനാൾവരെ, ആഹ്ലാദിക്കുകമാത്രമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം.

"ജീവിച്ചിരിക്കുന്നിടത്തോളം ആഗ്രഹങ്ങളെ നിറവേററാൻ ശ്രമിക്കുക; ശിരസ്സിൽ ഗന്ധരസം ഇടുക; ശരീരത്തെ നല്ല ഉടുപ്പുകൾകൊണ്ടു് ആവരണംചെയ്യുക. പാട്ടും സംഗീതവും ആസ്വദിക്കുക; നിങ്ങളുടെ ആനന്ദം വർദ്ധിപ്പിക്കുക; ഹൃദയത്തെ സന്താപഭരിതമാവാൻ അനുവദിക്കാതിരിക്കുക. നിങ്ങൾ ശവക്കല്ലറയിൽ ബന്ധുമിത്രങ്ങളുടെ ദുഃഖം കാണാൻകഴിയാതെയും അവരുടെ രോദനം നിങ്ങളുടെ ഹൃദയത്തെ വീണ്ടും തുടിപ്പിക്കുവാൻ ശക്തമാവാതെയും കിടക്കുന്ന ആ ദുഃഖദിവസം ഉദിക്കുന്നതുവരെ നിങ്ങളുടെ ആഗ്രഹവും ലാഭവും പിൻതുടരുക.

"ഉല്ലാസദിവസം ആഘോഷിക്കുക. അതിൽ വിരക്തിയോ തളർച്ചയോ ഉണ്ടാവരുതു്. ഓർക്കുക, ഒരുത്തനും പോവുമ്പോൾ അവൻെറ വസ്തുക്കൾ കൊണ്ടുപോവാൻ കഴിയുകയില്ല; പോയ ഒരുത്തനും തിരിച്ചുവരികയുമില്ല."

പക്ഷേ, സുഖാന്വേഷണവ്യാപൃതമായ ഒരു ജീവിതം കാലക്രമത്തിൽ ജീവിതവാഞ്ഛയെ മരവിപ്പിക്കുകയും ജീവിതത്തെ ഒരു കനത്ത ഭാരം ആക്കിത്തീർക്കുകയും ചെയ്യുന്നു. മദ്ധ്യകാലരാജ്യത്തിൻെറ ഒരു മഹൽകൃതിയിൽ, ഒരു മനുഷ്യൻ തന്നോടുതന്നെ മനോവ്യഥയോടുകൂടി ഒരു വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരിക്കുന്നതു കാണാം. തംബുരുവിൻെറ ജീവിതഗീതി അവസാനിക്കുന്നിടത്തു് ആരംഭിക്കുന്ന ഒരു മരണഗീതിയാണു വാസ്തവത്തിൽ അതു്. ജീവിതത്തിൽ വിരക്തി തോന്നിത്തുടങ്ങിയ ഒരു മനുഷ്യന്നു് ഒരാന്തരശബ്ദം സുഖംതേടാനുള്ള പഴയ, സുപരിചിതമായ ഉപദേശം നല്കുന്നു. മരണത്തിൽ, നിർബ്ബന്ധത്തൊഴിൽ വേലക്കാരായ ഹതഭാഗ്യരായ സാധാരണ

ക്കാരേക്കാൾ ഒട്ടം മെച്ചപ്പെട്ടവരല്ല അതിഗംഭീരങ്ങളായ ശവമണ്ഡപങ്ങളിൽ വിശ്രമംകൊള്ളുന്ന മഹാരാജാക്കന്മാരെന്നു് ആന്തരശബ്ദം ചൂണ്ടിക്കാണിക്കുന്നു. "ഈ ഹതഭാഗ്യരായ മനുഷ്യരിൽ, ചിലർ തോട്ടുകളുടെ കരകളിൽ അവരുടെ ശവങ്ങളുടെ ഒരു ഭാഗം കരയിലും മറേറ ഭാഗം വെള്ളത്തിലും ആയി വീണുമരിക്കുന്നു; ചിലർ നദിയിൽ വീഴുകയും അവരുടെ ശവങ്ങൾ മത്സ്യങ്ങൾക്കു തീററിയായിത്തീരുകയും ചെയ്യുന്നു; മററു ചിലരുടെ ദേഹങ്ങൾ, സൂര്യന്റെ പൊള്ളുന്ന ചൂടിൽ കിടന്നു വീർത്തു വെറുപ്പിക്കുന്ന പ്രേതങ്ങളായിത്തീരുന്നു." മരണം രാജാവിനെയും സാധാരണക്കാരനെയും അന്ത്യനാശത്തിൽ സമന്മാരാക്കുന്നതുകൊണ്ടു്, ഭൂമിയിൽ കിട്ടുന്ന കാലത്തിനുള്ളിൽ, ആവുന്നത്ര സുഖം നേടാൻ ആന്തരശബ്ദം അയാളോടഭ്യർത്ഥിക്കുന്നു.

എന്നാൽ, സ്വന്തം ജീവിതം നിരർത്ഥകമാവുകയും തന്റെ ചുററുമുള്ള മനുഷ്യർ ഭാഗ്യഹീനരായ സഹജീവികളെ സഹായിക്കാനൊരിക്കലും ഒരുമ്പെടാതെ, സ്വാർത്ഥോദ്ദേശ്യങ്ങളെ മാത്രം മുൻനിർത്തി പ്രവർത്തിക്കുന്നതു കാണുകയും ചെയ്യുന്നതുകൊണ്ടു ജീവിതം മടുത്ത ആ മനുഷ്യന്നു ഭോഗതൃഷ്ണയുടെ ഈ ഉപദേശം സ്വീകാര്യമാവുന്നില്ല. അയാളുടെ ജീവിതത്തോടുള്ള വെറുപ്പിനെ സ്പഷ്ടമായി പ്രകാശിപ്പിക്കുന്ന ഒരു ആത്മനിന്ദയോടുകൂടിയാണു് അയാൾ തന്റെ ഭോഗാസക്തിയുടെ ഈ ഉപദേശത്തിന്നുള്ള മറുപടി ആരംഭിക്കുന്നതു്. ഒരു വേനൽനാളിൽ, ആകാശത്തിന്നു ചൂടുപിടിച്ചിരിക്കുമ്പോൾ ശവം തിന്നുന്ന പക്ഷികൾ വമിക്കുന്ന ദുർഗ്ഗന്ധത്തെക്കാൾ മലീമസമാണു് അയാളുടെ പേർ. ഇതുപോലെതന്നെ അസഹനീയവും ശ്വാസംമുട്ടിക്കുന്നതുമായ ദുർഗ്ഗന്ധത്തെ വ്യഞ്ജിപ്പിക്കുന്ന പല ഉപമകളും അയാൾ ഉപയോഗിക്കുന്നു. വേനൽച്ചൂടിൽ കിടന്നു ചീഞ്ഞളിയുന്ന മത്സ്യത്തെക്കാളും, ചളിക്കുണ്ടുകളിലെ വൃത്തികെട്ട പക്ഷികൾ പററംപററമായി വസിക്കുന്ന സ്ഥലത്തേക്കാളും, മൃഗങ്ങളുടെ ചീഞ്ഞളിയുന്ന ശവങ്ങൾ കൂട്ടിവെച്ചു തിന്നു ജീവിക്കുന്ന മുതലകളേക്കാളും ദുർഗ്ഗന്ധം വമിക്കുന്നുണ്ടു് അയാളുടെ ജീവിതം. ആ മനുഷ്യൻ ഭയങ്കരവും സാംക്രമികവുമായ ഒരു രോഗത്തിനു് അടിപ്പെട്ടിരിക്കാം. കാരണം,

തൻെറ അടുത്തു് ആരും ചെല്ലുന്നില്ലെന്നു് അയാൾ ആവലാതിപ്പെടുന്നു.

"ഇന്നു് ഞാനാരോടാണു സംസാരിക്കുക? രോഗം തുടൎന്നു കൊണ്ടിരിക്കുന്നതാണു്; അതു പിടിപ്പെട്ട സഹോദരൻ ഒരു ശത്രുവായിത്തീരുന്നു. ആരും ഭൂതകാലത്തെ ഓൎക്കുന്നില്ല. പണ്ടു വളരെയധികം നന്മ ചെയ്തിട്ടുള്ളവന്നു് ഈ ആപൽസമയത്തു് ആരും നന്മചെയ്യുന്നില്ല. ഇന്നു ഞാനാരോടാണു സംസാരിക്കുക? മുഖങ്ങൾ അദൃശ്യങ്ങളാവുന്നു; ഓരോ മനുഷ്യനും തൻെറ സഹോദരങ്ങളിൽനിന്നും മുഖം തിരിച്ചുകളയുന്നു. ഹൃദയങ്ങൾ നിൎല്ലജ്ജങ്ങളാണു്; ആശ്രയിക്കുന്ന മനുഷ്യന്നു ഹൃദയമില്ല. നേരും നെറിയുമുള്ള മനുഷ്യർ അവശേഷിച്ചില്ല. ഭൂമി മുഴുവനും്തന്നെ ദ്രോഹംചെയ്യുന്നവരുടെ സങ്കേതമായിത്തീൎന്നിരിക്കുന്നു."

ഈ ലോകവിരക്തിയുടെ ആഴത്തിൽനിന്നു് ഒരു ഗാനനിൎഝരി, മരണത്തിന്നുള്ള ഒരു സുന്ദരഗീതം, ഉയരുന്നു:

"ഒരു രോഗിയുടെ രോഗം മാറുന്നതുപോലെ, ദീൎഘമായ രോഗകാലത്തിന്നുശേഷം ഒരു പൂന്തോപ്പിലേക്കു കടക്കുന്നതുപോലെ, ഇന്നു മരണം എൻെറ മുമ്പിൽ കിടക്കുന്നു.

"ഗന്ധരസത്തിൻെറ സുഗന്ധംപോലെ, കാററുള്ള ദിവസം ഒരു തോണിയുടെ പായ്മരത്തിൻകീഴിലിരിക്കുന്നതുപോലെ, ഇന്നു മരണം എൻെറ മുമ്പിൽ കിടക്കുന്നു.

"താമരപ്പൂക്കളുടെ മധുരസൗരഭ്യംപോലെ, തടാകത്തിന്നടുത്തുള്ള ഒരു വഴിയമ്പലത്തിലിരുന്നു വീഞ്ഞു കുടിക്കുന്നതുപോലെ, ഇന്നു മരണം എൻെറയടുക്കലേക്കു വരുന്നു.

"മഴവെള്ളം നിറഞ്ഞ ഒരരുവിയെപ്പോലെ, അന്യദേശങ്ങളിൽ യുദ്ധംചെയ്തു വീട്ടിലേക്കു മടങ്ങിവരുന്ന ഒരാൾ നടക്കുന്ന പാതയെപ്പോലെ, മരണം ഇന്നെൻെറ മുമ്പിൽ നില്ക്കുന്നു.

"ഒരു കൊടുങ്കാററിന്നുശേഷം ആകാശം തെളിയുന്നതുപോലെ, ദീൎഘകാലം തടവിൽ കഴിച്ചുകൂട്ടിയ ഒരു മനുഷ്യന്നു സ്വഗൃഹംകാണ്മാനുള്ള അഭിവാഞ്ഛയെപ്പോലെ, മരണം ഇന്നെൻെറ മുമ്പിൽ നില്ക്കുന്നു."

ആ മനുഷ്യൻ മരണാനന്തരജീവിതത്തെക്കുറിച്ചുള്ള പരമ്പരാഗതമായ സിദ്ധാന്തങ്ങളെ നിരാകരിക്കുകയും, ഭൂമിയിലെ

ജീവിതത്തിൻെറ കുററങ്ങളും കുറവുകളും മരണാനന്തരജീവിതത്തിൽ പരിഹരിക്കപ്പെട്ടുമെന്നും ജീവിതത്തിന്നു് ഒരത്ഥപുഷ്ടി സിദ്ധിക്കുമെന്നും വിശ്വസിക്കുകയും ചെയ്തിരുന്നുവെന്നു് ഈ കൃതിയുടെ അവസാനഭാഗങ്ങൾ കാണിക്കുന്നു. നീതിപരമശ്രേഷ്ഠമായി സ്ഥിതിചെയ്യുന്ന ആ സ്ഥലത്തെ 'സ്വൎഗ്ഗം' എന്നല്ല അയാൾ പറയുന്നതു്, വെറും 'അവിടെ' എന്നു മാത്രമാണു്. അയാൾ പറയുന്നു: "അവിടെയുള്ള അദ്ദേഹം തീൎച്ചയായും സ്നേഹിക്കുന്ന ഒരു ദൈവത്തെപ്പോലിരിക്കും; ദുഷ്ടത ചെയ്യുന്നവനെ അദ്ദേഹം ശിക്ഷിക്കും. അവിടെ പോകുന്ന ആൾ തീൎച്ചയായും വിവേകമുള്ള ഒരുവനായിത്തീരും." ഭൂമിയിൽ തനിക്കു നിഷേധിക്കപ്പെട്ടിരുന്ന ജീവിതത്തിൻെറ അത്ഥത്തെക്കുറിച്ചുള്ള പരിപൂൎണ്ണബോധം മരണത്തിന്നപ്പുറത്തെ സമ്പൂൎണ്ണമായ ഒരു ജീവിതത്തിൽ തനിക്കു ലഭിക്കുമെന്നു് ആ മനുഷ്യൻ വിശ്വസിച്ചിരുന്നുവെന്നു് ഇതു കാണിക്കുന്നു.

ജീവിതത്തിലെ കഷ്ടതകൾക്കു യുക്തിസഹമായ ഒരു കാരണം കണ്ടുപിടിക്കാനുള്ള എളുപ്പവഴി, കഷ്ടത, പാപത്തിന്നുള്ള ശിക്ഷയാണെന്നു കരുതുകയായിരുന്നു. കള്ളസത്യം ചെയ്യുകയും പിന്നീടു് അന്ധനാവുകയും ചെയ്ത ഒരു മനുഷ്യൻ തൻെറ നിൎഭാഗ്യത്തെ താൻ ചെയ്ത പാപത്തിന്നുള്ള ശിക്ഷയായി സ്വീകരിച്ചു: "ഞാൻ സത്യത്തിൻെറ ദൈവത്തെ പിടിച്ചു കള്ളസത്യം ചെയ്തവനാണു്. തൽഫലമായി അദ്ദേഹം എന്നെ, പകൽവെളിച്ചത്തിൽപ്പോലും ഇരുട്ടുകാണുന്നവനാക്കി." എന്നാൽ, ഇഹജീവിതത്തിൽ പാപം എപ്പോഴും ശിക്ഷിക്കപ്പെട്ടുന്നില്ല, നേരേമറിച്ചു് അതിൻെറ പ്രതിഫലമായി പലപ്പോഴും ഐഹികവിജയം സിദ്ധിക്കുന്നുണ്ടു് എന്ന പച്ചപ്പരമാത്ഥം ഈ തത്വത്തിൻെറ പ്രാമാണികതയെ വെല്ലുവിളിച്ചു. അപ്പോൾ, ഈ തത്വത്തിന്നു് ഉപോൽബലകമായി, എല്ലാ പാപങ്ങളും വിട്ടുവീഴ്ചകൂടാതെ ശിക്ഷിക്കപ്പെട്ടുന്ന ഒരു മരണാനന്തരജീവിതത്തിലുള്ള വിശ്വാസം ഉയൎന്നുവന്നു. മൃതലോകഗ്രന്ഥത്തിൽ, ആത്മാക്കൾക്കു് ദൈവത്തിന്റെ മുമ്പിൽനിന്നുകൊണ്ടു്, പാപങ്ങളുടെ ഒരു നീണ്ട പട്ടികയുള്ളതിൽ, ഒന്നുപോലും തങ്ങൾ ചെയ്തിട്ടില്ലെന്നു് അവകാശപ്പെട്ടുന്നതായ ഒരു 'പ്രതിലോമകുമ്പസാരം' ചെയ്യേണ്ടിവരുന്നു:

"മഹാനായ ദൈവമേ! സത്യത്തിൻേറയും, നീതിയുടേയും പ്രഭോ! അഭിവാദ്യങ്ങൾ! എൻെറ പ്രഭോ, ഞാനങ്ങയുടെ മുമ്പിൽ വന്നിരിക്കുന്നു. അങ്ങയുടെ സൗന്ദൎയ്യം ദർശിക്കാൻ ഞാൻ കൊണ്ടുവരപ്പെട്ടിരിക്കുന്നു. ഞാൻ ഇപ്പറയുന്നതു സത്യമാണു്. ഞാൻ മനുഷ്യൎക്കെതിരായി പാപം ചെയ്തിട്ടില്ല. ഞാൻ പാവങ്ങളെ ദ്രോഹിച്ചിട്ടില്ല. ഞാൻ അടിമക്കു് ഉപദ്രവം ചെയ്യിച്ചിട്ടില്ല. ഞാനാരേയും പട്ടിണികിടത്തിയിട്ടില്ല, ആരേയും കരയിച്ചിട്ടില്ല, ആരേയും കൊലചെയ്തിട്ടില്ല, ഞാനാൎക്കുമെതിരായി വിശ്വാസഘാതകനായിട്ടില്ല, ഞാൻ തുലാസ്സിൽ കള്ളം പ്രവൎത്തിച്ചിട്ടില്ല. ഞാൻ പിഞ്ചുകുട്ടികളുടെ വായിൽനിന്നു് പാൽ തട്ടിപ്പറിച്ചിട്ടില്ല, ഞാൻ പരിശുദ്ധനാണു്, ഞാൻ പരിശുദ്ധനാണു്, ഞാൻ പരിശുദ്ധനാണു്."

പാപങ്ങൾക്കു് അവസാനം ശിക്ഷലഭിക്കുമെന്ന വിശ്വാസം സാമൂഹ്യവ്യവസ്ഥയെ നിലനിൎത്തുന്നതിൽ അതിന്റേതായ പങ്കുവഹിക്കുന്നുണ്ടെങ്കിലും, അതു് ഉൽബുദ്ധമായ ഒരു ധൎമ്മശാസ്ത്രത്തിന്നു് നിദാനമാവുകയില്ല. അതിന്നു്, സാമൂഹ്യവിരുദ്ധപ്രവൃത്തികളിൽനിന്നു വിരമിക്കുകയെന്നതിലും ക്രിയാത്മകമായ ചിലതെല്ലാം വേണം. ഇത്തരം ഉൽബുദ്ധമായ ഒരു സാമൂഹ്യജീവിതസിദ്ധാന്തം ഈജിപ്തിൽ വളൎന്നിരുന്നു. പക്ഷേ, അതു പിന്നീടു്, സാമൂഹ്യബോധം മതവുമായി വ്യക്തവും അനിവാൎയ്യവുമായ ബന്ധമൊന്നുമില്ലാതെ ഉണരുകയും സ്വതന്ത്രമായി വികസിക്കുകയും ചെയ്തപ്പോഴുണ്ടായ മതേതരമായ ഒരു പ്രവണതയായിരുന്നു. പക്ഷേ, വെറും മതപരമായ വിശ്വാസവും കാലംചെല്ലുന്തോറും കൂടുതൽ പരിശുദ്ധമായിക്കൊണ്ടിരുന്നു. കുററംചെയ്യുന്നതിൽനിന്നു വിരമിക്കുകയെന്ന നിഷേധാത്മകഗുണത്തിനേക്കാൾ, ക്രിയാത്മകമായ സദാചാരത്തിന്നു് പ്രാധാന്യം നല്കപ്പെട്ടുവന്നു. മെരിക്കേർ രാജാവിന്നു് അദ്ദേഹത്തിൻെറ പിതാവിൽനിന്നും ലഭിച്ച അനുശാസനകളിൽ ഇങ്ങനെ കാണാം: "പാപംചെയ്യുന്ന ഒരുവൻെറ ഉപഹാരങ്ങളേക്കാൾ ഹൃദയശുദ്ധിയുള്ള ഒരുവൻെറ സൽഗുണമാണു് ദൈവത്തിന്നു സ്വീകാൎയ്യം." ധാരണാശക്തിയുള്ള മനുഷ്യർ സവിസ്തരവും ആർഭാടവുമായ ചടങ്ങുകളിൽനിന്നു് ആത്മാൎത്ഥവും നിഷ്കൃഷ്ടവുമായ ആന്തരപ്രാൎത്ഥനയിലേക്കു

തിരിഞ്ഞു. അനി എന്ന സിദ്ധൻ ഇങ്ങനെയെഴുതി: "ദൈവത്തിൻെറ ക്ഷേത്രം ഉച്ചത്തിലുള്ള നിലവിളിയെ വെറുക്കുന്നു. വാക്കുകളെല്ലാം രഹസ്യമായിരിക്കുന്ന സ്നേഹംനിറഞ്ഞ ഒരു ഹൃദയത്തോടെ പ്രാത്ഥിക്കുക. എന്നാൽ ദൈവം നിൻെറ ആഗ്രഹം നിറവേററും. അദ്ദേഹം നിൻെറ പ്രാത്ഥന ശ്രദ്ധിക്കുകയും നിൻെറ ഉപഹാരം സ്വീകരിക്കുകയും ചെയ്യും." അമനോപ് എന്ന സിദ്ധൻ, മനുഷ്യരുടെ പ്രയത്നങ്ങളിൽക്കൂടിയും അവയ്ക്കെതിരായും രൂപംപ്രാപിക്കുന്ന ഗാഢമായ ക്രമത്തെ മനസ്സിലാക്കുകയും ഈ മഹത്തായ നിർവ്വഹണത്തിൻെറ പിന്നിൽ ഒരു ദൈവത്തെ ദശിക്കുകയും സ്വന്തം ജീവിതത്തെ ദൈവത്തിൻെറ സംരക്ഷണത്തിൽ ഏല്പിക്കുവാൻ ഒരുങ്ങുകയും ചെയ്തു.

"നാളെയേ ഭയന്നുകൊണ്ടു രാവിൽ ഉറങ്ങാൻ കിടക്കൊലാ. പുലന്നാൽ പിന്നെ എങ്ങനെയിരിക്കും? നാളെ എങ്ങനെയിരിക്കുന്നുവെന്നു് ആക്കും അറിയുകയില്ല. ദൈവം എന്നും സുശക്തനാണു്. പക്ഷേ, മനുഷ്യന്നു് എന്നും പരാജയം പററും. മനുഷ്യർ ഇച്ഛിക്കുന്നതു് ഒന്നു്; ദൈവം പ്രവത്തിക്കുന്നതു മറെറാന്നും."

അദ്ധ്യായം നാല്

## കവിത, നാടകം, ചെറുകഥ

ഈജിപ്ഷ്യൻ സാഹിത്യത്തിലെ തംബുരുഗാനങ്ങളേയും, മരണഗീതങ്ങളേയും, അത്തരത്തിലുള്ള മററു സാഹിത്യവിഭാഗങ്ങളേയുംകുറിച്ചു സൂക്ഷ്മപഠനം നടത്തുന്ന ഒരാൾക്ക് പ്രാചീനകാലത്തുതന്നെ ഈജിപ്തുകാർക്ക പക്വതയെത്തിയ കവിഭാവനയും, വൈഭവമേറിയ സാങ്കേതികബോധവും ഉണ്ടായിരുന്നതായി കാണാം. ദൈനംദിനജീവിതത്തിൽ വിവിധ തൊഴിലുകളിലേർപ്പെടുന്ന അവസരങ്ങളിൽ അവയുടെ താളത്തോടൊപ്പിച്ച് പാട്ടുകൾപാടുന്ന സമ്പ്രദായം ജനങ്ങൾക്കിടയിൽ സർവ്വസാധാരണമായിരുന്നു. ഈ പാട്ടുകൾ ഈജിപ്ഷ്യൻസാഹിത്യത്തിൻെറ ഈടുവയ്പിലെ മുതൽക്കൂട്ടുകളാണെന്നതിന്നു സംശയമില്ല. ഇന്ന് പാശ്ചാത്യസാഹിത്യത്തിൽ 'പ്രേമഗീതങ്ങൾ' എന്നറിയപ്പെടുന്ന പ്രത്യേക കവിതാവിഭാഗംതന്നെ ആദ്യമായി അവതരിക്കപ്പെട്ടതു് ഈജിപ്തിലാണെന്നുവേണം ഊഹിക്കാൻ.

നദികളിലെ വെള്ളപ്പൊക്കാനന്തരം വെള്ളം വലിയുമ്പോൾ, ഇടയന്മാർ, തങ്ങളുടെ പററങ്ങളെ, അവയുടെ കുത്തുകുളമ്പുകളാൽ ഉഴവുചാലുകൾ തെളിച്ചുകൊള്ളട്ടെയെന്നു കരുതി നനവു വററാത്ത നിലങ്ങളിലൂടെ നടത്താറുണ്ട്. അത്തരം അവസരങ്ങളിൽ ആ പഴയ കാലത്തും അവർ പാട്ടുകപതിവായിരുന്നു:

"ഇടയൻ മത്സ്യമൊത്തു ജലത്തിലാണു്.
അവൻ വരാല്യമായി സംസാരിക്കുന്നു.
മത്സ്യങ്ങളെ അഭിവാദ്യം ചെയ്യുന്നു."

വിളയെടുപ്പിനുശേഷം കളത്തിൽ കൊണ്ടുകൂട്ടിയ കറ്റകൾ മെതിക്കുന്ന സമയങ്ങളിൽ കർഷകർ സന്തുഷ്ടിയോടെ പാട്ടുകൾ പാടാറുണ്ടായിരുന്നു:

"മെതിക്കുക, മെതിക്കുക, നിങ്ങൾക്കായി മെതിക്കുക,
കാളകളെ,
നിങ്ങൾക്കു വയ്ക്കോലുതിന്നാനും, യജമാനന്മാക്കു ബാർലിക്കും
മെതിക്കുക, നിങ്ങൾ മെതിക്കുക."

കാമുകീകാമുകന്മാരുടെ മൃദുലവികാരങ്ങളെ, അവയുടെ ഓരോ ചലനത്തേയും, നേരിയ നിഴലുകളെപ്പോലും, സുവ്യക്തമായി കലാഭംഗിയോടും ലാളിത്യത്തോടുംകൂടി ഈജിപ്ഷ്യൻ പ്രേമകവിതകളിൽ പ്രതിപാദിച്ചിരിക്കുന്നതു കാണാം. ആത്മാവിലാദ്യമായങ്കുരിക്കുന്ന അനുരാഗത്തിൻെറ അലകളും, അനുക്രമവികാസവും, അനുരഞ്ജനത്തിലെ ആനന്ദാനുഭൂതിയും, വിരഹാവസ്ഥയിലെ വിഷാദഭാരവും ഒക്കെ ഈ കവിതകളിൽ തികഞ്ഞ കല്പനാവൈദഗ്ദ്ധ്യത്തോടെ കൈകാര്യം ചെയ്തിട്ടുണ്ട്. ക്രി. മു. 1350 കാലത്തുതന്നെയുള്ള ഒരു പ്രേമഗീതത്തിൽ ഒരു പ്രണയി തന്റെ കാമുകിയുടെ സൗന്ദര്യവർണ്ണന നടത്തുന്ന ഭാഗമുണ്ട്:

"അവൾ അതുല്യയാണ്.
അഴകിൽ അവൾക്കുസമാനം അവളേയൊള്ളു.
അവളെക്കാൾ മികച്ച സുകുമാരസൃഷ്ടി മനുഷ്യരാശിയിൽ ഇല്ല.
ശുഭാക്കമായ വത്സരാരംഭത്തിലുദിക്കുന്ന ഒരു നക്ഷത്രദേവതയാണവൾ.
അവളുടെ കാർകുഴൽ സത്യത്തിൽ അനർഘരത്നങ്ങളാണ്.
കരവല്ലികൾ കാഞ്ചനത്തെ വെല്ലുന്നു; വിരലുകൾ താമരമൊട്ടുകൾപോലെയാണ്."

ഒരു കാമുകൻ തൻെറ ഹൃദയത്തിൽ മുററിയ വികാരങ്ങളെ അതുപടി തുറന്നു പ്രസ്താവിക്കുന്നു:

"അവളെന്നെ ആലിംഗനംചെയ്തുകൊണ്ട്, എൻെറ ആത്മാവ് അപഹരിച്ചുകളഞ്ഞു.
അവളെ പുണരുന്നവനത്രേ ഭാഗ്യവാൻ."

അതേകാലഘട്ടത്തിലുള്ള വേറൊരു കവിതയിൽ, പ്രണയപരവശയായ ഒരു മുഗ്ദ്ധ, തൻെറ പ്രേമവികാരത്തിൻെറ

അനുഭൂതിയെക്കുറിച്ചു പറയുന്നതായിട്ടുണ്ട്. അവളൊരു നായാട്ടുകാരന്റെ മകളാണ്. അവൾ പക്ഷികളെ പിടിക്കാനായി കെണിയുമെടുത്തു വയലിൽ പോകുന്നു. എന്നാൽ തന്റെ കാമുകനെക്കുറിച്ചുള്ള മധുരസ്വപ്നങ്ങളിൽ മുഴുകിയിരുന്ന അവൾക്കു യാതൊരു പ്രവൃത്തിക്കും ഉത്സാഹം ഉണ്ടാകുന്നില്ല. സുരഭിലസുമങ്ങൾനിറഞ്ഞ ഏതോ വിദൂരകാനനാന്തത്തിൽനിന്നും പാടിപ്പറന്നണഞ്ഞ പൈങ്കിളികളെ, സുഗന്ധം വമിക്കുന്ന അവയുടെ മനോഹരമായ ഉടലുകൾ, യുവത്വത്തിന്റെ മാദകത്വം മുററിയ സ്വന്തം ശരീരത്തെ അനുസ്മരിപ്പിക്കകൊണ്ട്, ചതിച്ചു പിടിക്കാൻ അവൾക്കു മനസ്സുവരുന്നില്ല.

"പ്രാണേശ, നിന്റെ പ്രേമത്തിന്നായി എന്റെ ആത്മാവ് ദാഹിക്കുന്നല്ലോ! ഞാനെന്തുചെയ്യുന്നെന്നു് ഒന്നു നോക്കൂ. ഞാനെന്റെ കൂടും കെണിയുമായി, പക്ഷികളെ പിടിക്കാൻ വന്നു. പന്ത്ദേശത്തുനിന്നെത്തിയിട്ടുള്ള, മട്ടിപ്പശ പുരണ്ടിട്ടുള്ള കിളികളെല്ലാം ഈജിപ്തിൽ താവളമടിക്കുന്നു. ആദ്യമെത്തുന്നതു് നിശ്ചയം കെണിയിൽ വീഴും. അതിന്റെ സുഗന്ധം പന്തിലെ സുമവനിയിൽ നിന്നാണു്; നഖങ്ങളിലോ മട്ടിപ്പശ പുരണ്ടിരിക്കും.

"ഞാനീ കെണിവെയ്ക്കുമ്പോൾ നീയെന്നോടൊന്നിച്ചുണ്ടെങ്കിൽ, ഹാ! എത്ര നന്നു്! പ്രിയപ്പെട്ടവന്റടുത്തേക്കു്, ആ പുല്ലണിമൈതാനത്തിൽപോകുന്നതെന്തെന്തു് ആനന്ദമാണു്!

"കെണിയിലകപ്പെട്ട കിളിയുടെ കദനം കേൾക്കാം. എന്നാലതിനെ പിടിക്കാൻ നിന്നോടുള്ള പ്രേമം, എന്നെ വിലക്കുന്നു. ഞാനെന്റെ കൂടുകൾ കൊണ്ടുപോകും. നിത്യവുമന്തിയിൽ വീടെത്തുമ്പോഴമ്മ ചോദിക്കയാണു്: 'എന്തുപററി? നീയിന്നു കെണിവച്ചില്ലേ?' എന്നു്. നിന്റെ പ്രേമം എന്നെ വിവശയാക്കുന്നു.

"മധുരഭോജ്യങ്ങൾ എനിക്കിപ്പോഴരുചികരങ്ങളത്രേ! മധുരമൂറും മധുവോ, കയ്ക്കുന്നു. നിന്റെ സാമീപ്യമൊന്നിനേയെനിക്കു ജീവൻ ഏകാൻ കഴിയൂ. അതുകൊണ്ടീശ്വരൻ എനിക്കങ്ങയെ തരട്ടെ; എന്നെന്നേയ്ക്കുമായി!"

മറെറാരു ഗാനസമൂഹത്തിൽ നായിക ഉദ്യാനത്തിലി

രുന്ന പുഷ്പമാല്യംകൊരുക്കുന്നതായിട്ടാണു വിഭാവനചെയ്തിരിക്കുന്നതു്. രസാനുഭൂതിയുളവാക്കുന്നതിന്നു് ഭാരതീയസാഹിത്യസിദ്ധാന്തത്തിലുള്ള 'അനുഭാവ'ങ്ങളെപ്പോലെയാണു്, മലർവനിയും, കുസുമാവലിയും ഇതിലെ നായികയിലും പ്രിയദർശനത്തിന്നുള്ള ആകാംക്ഷ വളർത്തുന്നതു്:

"ഈ പൂക്കളുടെ സാമീപ്യം എന്നെ വികാരതരളയാക്കുന്നു. ഞാൻ നിൻെറ പ്രിയമേറിയവളാണു്. സുരഭിലസുമങ്ങൾനിറഞ്ഞ ഈ മലർവാടി എനിക്കെത്ര ഹൃദ്യമോ, അതുപോലാണു് ഞാൻ നിനക്കു്. ശീതവാഹിയായ ഉത്തരാനിലൻ വീശുമ്പോൾ നിനക്കു മുങ്ങിക്കുളിക്കാൻ ഉദ്യാനമദ്ധ്യേ ഞാനൊരു പൊയ്ക നിർമ്മിച്ചിരിക്കുന്നു. മെയ്യുരുമ്മി, പുളകമണിഞ്ഞു്, ആത്മാവിലാനന്ദംതുളുമ്പി നമുക്കൊന്നിച്ചിരിക്കാനൊരു മനോജ്ഞനികുഞ്ജമുണ്ടാക്കിയിട്ടുണ്ടു്. നിൻെറ നാദം എന്നെ ലഹരിപിടിപ്പിക്കുന്നു. അതു കേൾക്കുന്നതുകൊണ്ടു ഞാൻ ജീവിക്കുന്നു. നിൻെറ ദർശനംമതി, പിന്നെ എനിക്കു ഭക്ഷണമോ, പാനീയമോ വേണ്ട."

പ്രേമപ്രതിപാദനത്തിലെ ഗാംഭീര്യത്തിന്നുപകരം ചിലപ്പോഴിക്കവിതകൾ ഫലിതത്തെയും ലാളിത്യത്തെയും സ്വീകരിക്കുന്നതായിട്ടു കാണാം:

"എൻെറ മെത്തയിൽ ഞാൻ ശയിച്ചു.
എൻെറ തലയ്ക്കും ഹൃദയത്തിന്നും സുഖമില്ല.
എന്നെക്കാണാൻ അയൽക്കാരും ബന്ധുക്കളും എത്തും.
എൻെറ പൊന്നോമനയുമെത്തും.
വൈദ്യന്മാരെ നോക്കി അവൾ ഹസിക്കും.
കാരണം, ഈ രോഗമെന്തെന്നു് അവൾക്കേ അറിയൂ.
അവൾക്കേ എന്നെ സുഖപ്പെടുത്താൻ കഴിയൂ."

സംസ്കൃതകവിതകളിൽ, ഭാരതീയകവികൾ സംഭോഗശൃംഗാരത്തെ തെല്ലും കൂസാതെ കൈകാര്യംചെയ്തിരിക്കുന്നതു കാണാം. എന്നാൽ ഈജിപ്ഷ്യൻകവിതകളിൽ കാമുകീകാമുകന്മാരുടെ രാസക്രീഡകളുടെ പച്ചയായ വർണ്ണനകൾ വർജ്ജ്യമാണു്. ആ അനുഭവങ്ങളുടെ ആസ്വാദ്യതകളെ സ്മരണാരൂപത്തിൽ, കാമുകൻെറ വാക്കിലൂടെ, അതു തന്നിലുളവാക്കിയ

വികാരത്തിൻെറ ആറാത്ത ചൂടോടെ പറയിക്കുകയാണു പതിവ്. ഭാഗ്യശാലിയായ ഒരു കാമുകൻ അത്തരത്തിലുള്ള രസാനുഭൂതിയെ സ്മരിക്കുന്നു:

''നദികടക്കാൻ നില്ക്കുന്ന എന്നെ എൻെറ പ്രേമഭാജനത്തിൻെറ പ്രേമം ധീരനാക്കിത്തീർക്കുന്നു.
ഒരു മുതലയാണെങ്കിൽ ഇരുളിലൊളിഞ്ഞുകിടക്കുന്നു.
ഞാനെന്നിട്ടും നദിയിലിറങ്ങി; തിരകളെ നേരിട്ടു.
എൻെറ ധൈര്യം നദിയുടെ പ്രവാഹത്തിന്നും ഉപരിയായതിനാൽ വെള്ളം എന്റെ കാല്ക്കൽ കേവലം നിലമാണ്.
അവളുടെ പ്രേമം ഒന്നുമാത്രമാണെന്നെ ധീരനാക്കുന്നത്.
അവളെൻെറ ജീവനും ജീവനാണ്.
എൻെറ ആരോമൽ വരുന്നകാണുമ്പോൾ എൻെറ ആത്മാവ് ആഹ്ലാദിക്കും.
അവളെ വാരിയണയ്ക്കാനെന്റെകരങ്ങൾ താനേ നീളും.
അവൾ വന്നശേഷം എൻെറ ഹൃദയം സന്തുഷ്ടമാണ്; എന്നേക്കും.
ഞാനവളെ പുണരുമ്പോൾ, ഞാനേതോ സുഗന്ധത്തിൻെറ നാട്ടിലുള്ളവനെപ്പോലാണ്;
വാസനദ്രവ്യങ്ങളാൽ നിറയ്ക്കപ്പെട്ടവനെപ്പോലാണ്.
ഞാനവളെ ചുംബിക്കുമ്പോൾ ആ പവിഴച്ചുണ്ടുകൾ വിടരും.
മുന്തിരിച്ചാറല്പവും കഴിക്കാതെതന്നെ എനിക്കു മത്തുപിടിച്ചുപോകും.
ഞാനവളെ പരിചരിക്കുന്ന തോഴിയായിരുന്നെങ്കിൽ!
എങ്കിലെനിക്ക് അവളുടെ സമസ്താംഗങ്ങളുടേയും ശബളിമ കാണാമായിരുന്നു.''

ഉദ്യാനവൃക്ഷങ്ങൾ, കരുന്നുപ്രേമങ്ങളെ തങ്ങളുടെ കുളിർച്ഛായാതലങ്ങളുടെ മണിത്തൊട്ടിലിൽ, താലോലിച്ചോമനിച്ചു വളർത്തുന്നു എന്ന സങ്കല്പത്തോടെ, അവയെ പ്രകീർത്തിച്ചു കവിതരചിക്കുകയെന്നതു വളരെ പ്രിയകരമായ ഒരു സാഹിത്യസമ്പ്രദായമായിരുന്നു. അത്തരമൊരു കവിതയിൽ ഒരു വൃക്ഷം തൻെറ യജമാനത്തിയോടു തനിക്കുള്ള കൃതജ്ഞത പ്രകടിപ്പിക്കുന്നതിന്നായി, തൻെറ ശിഖരങ്ങൾ വെട്ടി അവൾക്കു

തല്പമൊരുക്കാൻ അനുവദിക്കുന്നു. കാമുകീകാമുകന്മാർക്കു താൻ വളരെയേറെ സേവനങ്ങൾ ചെയ്തുകൊടുത്തിട്ടും, തന്നെ ഒരു മഹത്തായ വൃക്ഷമായി കൃഷിക്കാർ കണക്കാക്കുന്നില്ലെന്നു കുററപ്പെടുത്തിക്കൊണ്ടുള്ള, മാതളത്തിന്റെ വിലാപകാവ്യമാണു മറെറാന്നു്. ആ വൃക്ഷംതന്നെ പറയുന്നതായിട്ടാണു് ഉള്ളടക്കം:

"എന്റെ പഴത്തിന്റെ കുരുക്കൾ അവളുടെ പല്ലുകൾപോലാണു്. എന്റെ പഴത്തിന്റെ ആകൃതി അവളുടെ കുചകുംഭങ്ങളുടേതും. ഈ തോപ്പിലെ ഏററവും ദയാലുവായ തരു ഞാനാണു്. കാരണം ഋതുഭേദമെന്യേ ഞാൻ പുഷ്പിക്കുന്നു. അതുകൊണ്ടു് അവനു തന്റെ പെൺകുട്ടിയെത്താലോലിക്കാം; സുഗന്ധലേപനംചെയ്യാം. മുന്തിരിച്ചാറു കുടിച്ചു ലഹരിപിടിക്കുകയും ചെയ്യാം. മററു വൃക്ഷങ്ങളെല്ലാം പൊയ്പോകുന്നു. ഞാനോ അവശേഷിക്കുന്നു. പൂക്കൾ കൊഴിഞ്ഞിട്ടും, പന്ത്രണ്ടുമാസവും ഞാൻ നില്ക്കുന്നു. കഴിഞ്ഞ വസന്തത്തിൽ ചൂടിയ പൂക്കൾ എന്നിൽ തങ്ങിനില്ക്കും. ഞാൻ കണ്ടതു പറയാതിരിക്കാൻ ശ്രദ്ധിക്കുന്നു. ഞാനൊററക്ഷരം മിണ്ടില്ല."

വിരഹസന്താപത്തെ ഹൃദയസ്പൃക്കമായവിധം വർണ്ണിക്കുന്ന കവിതകളും ഈജിപ്ഷ്യൻസാഹിത്യത്തിൽ വിരളമല്ല.

"എന്റെ ഹൃദയേശനെ സ്മരിക്കുമ്പോൾ, എന്റെ ഹൃദയസ്ഥൈര്യമെല്ലാം പമ്പകടക്കുന്നു. എന്റെ ഹൃദയം പിടിവിട്ടുപോകുന്നു. അതെന്നെ ശിരസ്സിൽ പട്ടുറുമാൽ കെട്ടാനോ, നന്നായി വസ്ത്രധാരണംചെയ്യാനോ അനുവദിക്കുന്നില്ല. ഞാനെന്റെ കണ്ണിൽ സുർമയിടാറില്ല. മെയ്യിൽ സുഗന്ധം പൂശാറില്ല. എന്റെ ഹൃദയമേ, വിഡ്ഢിത്തംചെയ്യാതിരിക്കൂ. നീ ഒരു ഭ്രാന്തനെപ്പോലെ എവിടെയാണു കളിക്കുന്നതു്. നിന്റെ പ്രിയനെത്തുവോളം നീയെന്റെയടുത്തു സ്വസ്ഥമായിരിക്കൂ. വികാരാവേശംകൊണ്ടു ഭ്രാന്തിയായി ഞാനെന്നു് ആളുകളെക്കൊണ്ടു പറയിക്കാതിരിക്കൂ. എന്റെ ഹൃദയമേ, ചഞ്ചലപ്പെടാതിരിക്കു്. നീ എന്നെ ത്യജിക്കല്ലേ!"

പ്രാചീനകാലത്തുപോലും ഈജിപ്തിനു വികസ്വരമായ കവിഭാവനയുണ്ടായിരുന്നുവെന്നു് ഈജിപ്ഷ്യൻകവിതാ

വിഭാഗം നല്ല തെളിവുകൾ തരുന്നുണ്ടെങ്കിലും നാടകസാഹിത്യത്തിന്റെ നില അത്ര തൃപ്തികരമാണെന്നു പറഞ്ഞുകൂട. എങ്കിലും നാട്യകല ഈജിപ്റ്റിനു കേവലം അപരിചിതമായിരുന്നില്ല. പ്രാകൃതരൂപത്തിലാണെങ്കിലും നാടകങ്ങൾ ഈജിപ്റ്റിൽ അരങ്ങേറ്റം നടത്തപ്പെട്ടുകയുണ്ടായിട്ടുണ്ടെന്നു കാണാൻ കഴിയും.

പന്ത്രണ്ടാം രാജവംശത്തിലെ ഒരു രാജാവിന്റെ ശവകുടീരത്തിലുള്ള ശിലാലിഖിതത്തിൽ ഇതിനുവേണ്ട തെളിവുകൾ ചിലതുണ്ട്. ഇദ്ദേഹം ഒരു പുരാതനദേവാലയം പുതുക്കിപ്പണിയിക്കുകയും, അവിടെ ഒസിരിസിന്റെ കഥയോടനുബന്ധിച്ച ചില അനുഷ്ഠാനങ്ങൾ പ്രദർശിപ്പിക്കാറുണ്ടായിരുന്നുവെന്നും, ഈ അനുഷ്ഠാനാവതരണങ്ങൾ, നാടകരൂപത്തിലോ, അഥവാ, മൂകനാടകരൂപത്തിലോ ആയിരുന്നുവെന്നുമാണ് അതിൽ കാണുന്നതു്. ഇപ്പോൾ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള മറെറാരു ശിലാലിഖിതത്തിൽ മുൻപറഞ്ഞതിനു സദൃശമായതും, ഒസിരിസിന്റെ കഥയെസംബന്ധിച്ചുള്ളതുമായ ഒരു നാടകസംഭാഷണംതന്നെയുണ്ട്. നടീനടന്മാർ ദേവന്മാരുടേയും ദേവികളുടേയും വേഷങ്ങൾ കെട്ടിയിരുന്നു. പ്രാചീനയുഗത്തിലെ ഈ ലിഖിതത്തിൽ സംഭാഷണങ്ങൾക്കു പുറമേ, കഥാപാത്രങ്ങളുടെ പ്രസംഗങ്ങളും, രംഗനിർദ്ദേശങ്ങളും കൂടെ അടങ്ങിയിട്ടുണ്ട്. 'പാപ്പിറസി'ൽ എഴുതിയിട്ടുള്ള ഒരു പ്രമാണത്തിലുള്ള, രാജാവിന്റെ കിരീടധാരണത്തോടനുബന്ധിച്ച ചടങ്ങുകളുടെ വിവരണം മുൻപറഞ്ഞവിധത്തിലുള്ള നാടകീയസ്വഭാവത്തോടുകൂടിയതാണ്. രാജാവ് ഒസിരിസിന്റെ ലോകപ്രതിനിധിയാകകൊണ്ട് ഈ രംഗങ്ങൾക്കെല്ലാം ആധാരമായിട്ടുള്ളതു് ഒസിരിസിന്റെ കഥതന്നെയാണ്. ഈ സന്ദർഭത്തിന്റെ പ്രത്യേകസ്വഭാവമനുസരിച്ച് രാജാവും രാജപുത്രന്മാരും കിരീടധാരണത്തോടനുബന്ധിച്ച മററു് ഉദ്യോഗസ്ഥന്മാരും മററുള്ള അനുഷ്ഠാനനാടകങ്ങളിലുള്ള കഥാപാത്രങ്ങളെപ്പോലെ, അവരുടെ ലൗകികമായ വ്യക്തിത്വം കളഞ്ഞുകളിച്ചിരുന്നില്ല.

അനുഷ്ഠാനപരമായ നാടകങ്ങളിൽനിന്നും മനുഷ്യജീവിതത്തിലുള്ള ദുരന്തപ്രശ്നങ്ങൾക്കു കലയിലൂടെ ഉത്തരങ്ങളന്വേ

ഷിക്കുന്നതരത്തിലുള്ള പരിപൂർണ്ണമായ സാഹിത്യസ്വഭാവത്തോടുകൂടിയ നാടകത്തിലേക്കുള്ള പ്രയാണം ഈജിപ്റ്റിലല്ല സംഭവിച്ചതു്. അതിനു ഗ്രീക്കുസാഹിത്യത്തിന്റെ പ്രേരണയ്ക്കും പ്രചോദനത്തിനുംവേണ്ടി കാത്തിരിക്കേണ്ടതായി വന്നിട്ടുണ്ടു്.

ചെറുകഥയുടെ കാര്യത്തിൽ നമുക്കു കുററപ്പെടുത്തുവാൻ ഒന്നും ഇല്ല. കെട്ടുകഥകളിലും, ഐതിഹ്യത്തിലുംകൂടെയുള്ള കഥകളും, അവിടെനിന്നും ആധുനികചെറുകഥയുടെ സാങ്കേതികവശത്തോളംതന്നെ ഉയർന്നിട്ടുള്ളതുമായ കഥകൾവരെയും സവിസ്തരമായ വിവരണം നമുക്കു് ഈ കഥാസാഹിത്യത്തെക്കുറിച്ചു ലഭിക്കുന്നുണ്ടു്. ആദ്യകാല കെട്ടുകഥകൾ, മതപരമായ വിശ്വാസങ്ങളുടെ സ്വതന്ത്രമായ പ്രകാശനങ്ങളായിരുന്നു. അതിശയോക്തികരമായ ഭാവനയുടെ ഉരുക്കുമൂശയിൽ കരുപിടിപ്പിച്ചെടുത്തവയായിരുന്നു അവയെല്ലാം. ഏതാണ്ടു് ഇരുപത്തിയഞ്ചുവരികളോളം വരുന്ന ഒരു അവശേഷത്തിൽ ഈ അതിശയോക്തിയുടെ വിപുലത ദൃശ്യമാണു്. ഒരു സാധു ഇടയൻ ഒരു വനദേവതയെ കണ്ടുമുട്ടുന്നതാണു കഥ. മദ്ധ്യകാലരാജ്യത്തിലെ ഒരെഴുത്തുകാരൻ ഒരു പഴയ 'പാപ്പിറസി'ൽ അതിലാദ്യമുണ്ടായിരുന്ന എഴുത്തു തുടച്ചുകളഞ്ഞപ്പോൾ ഈ ശകലം ശേഷിച്ചു. ഒരു പ്രഭാതവേളയിൽ ഇടയൻ കാട്ടിലുള്ള പൊയ്കയിലേയ്ക്കു പോകുമ്പോൾ ആ വനദേവതയെ കാണാനിടയാകുന്നു. അവൾ അപ്പോൾ തന്റെ കചഭാരം ഉലച്ചിടുകയും ഉടയാടകൾ അഴിച്ചിടുകയും ചെയ്തു. ഇടയൻ തന്റെ അനുഭവത്തെ കൂട്ടുകാർക്കു വിവരിച്ചുകൊടുക്കുന്ന മട്ടിലാണു കഥ രചിച്ചിരിക്കുന്നതു്:

"ഞാൻ തടാകത്തിലേക്കിറങ്ങിയപ്പോൾ അവിടെ ഒരു സ്ത്രീയെ കണ്ടു. അവൾ ഒരു മനുഷ്യസ്ത്രീയല്ലെന്നു് ആകൃതിയിൽനിന്നും ഞാൻ മനസ്സിലാക്കി. അവളുടെ നിബിഡമായ കേശഭാരം കണ്ടപ്പോഴെനിക്കാകെ രോമാഞ്ചമുണ്ടായി. അവളുടെ ശരീരകാന്തി ഒന്നും പറയണ്ട! എന്തു പ്രകാശമായിരുന്നെന്നോ? അവളെക്കുറിച്ചുള്ള ഭീതി എന്നിൽ മുററിയതിനാൽ അവൾ പറയുന്നതൊന്നും ഞാൻ ചെയ്തില്ല." ആ വനദേവത മാദകത്വമേറിയവളായിരുന്നുവെന്നതിന്റെ ഒരു നേരിയ

സൂചനയാണിത്. അവനാദ്യമുളവായഭയം മാറിയപ്പോൾ ആ ദേവതയെ കണ്ടയിടം ഇടയനെ എന്തെന്നില്ലാതെ ആകർഷിച്ചുകളഞ്ഞു. വെള്ളപ്പൊക്കത്തിലും അവനവിടം ഉപേക്ഷിച്ചുപോകയുണ്ടായില്ല. ഒരുപക്ഷേ, അവനതിനുതക്ക പ്രതിഫലം ലഭിച്ചിരിക്കാം. "ഒരുത്തനും, ഒരു ശക്തിക്കും എന്നെ ഇവിടന്നു മാററാൻ കഴിയില്ല. നൈൽനദിയിലെ ജലം പെരുകി കരകളെ കുത്തിയെടുത്തു് അടിയിലാഴ്ത്തിക്കളഞ്ഞാലും, ഈ കൊച്ചുതടാകത്തെ നദി മിഴുങ്ങിക്കളഞ്ഞാലും ശരി, എന്നെ ഇവിടെനിന്നും അകററാൻ സാദ്ധ്യമല്ല." ആ കഥ അങ്ങനെ അപൂർണ്ണമായിട്ടാണവസാനിക്കുന്നതു്. "പ്രഭാതത്തിൻെറ പ്രകാശത്തിൽ എല്ലാം പ്രശോഭിതമായപ്പോൾ അവൻ തടാകത്തിലേയ്ക്കു തിരിച്ചു. ആ വനദേവത അവിടെവച്ചു് അവനെ വീണ്ടും കണ്ടുമുട്ടി. അവൾ അപ്പോൾ മുന്നേപ്പോലെ പിന്നെയും വസ്ത്രങ്ങൾ അഴിക്കുകയും, മുടി കെട്ടഴിക്കുകയും ചെയ്തു."

ഇത്തരമുള്ള കവിഭാവനകളിൽനിന്നും അസംഖ്യം കഥകൾ ഉടലെടുത്തിട്ടുണ്ടു്. പ്രേതങ്ങളെക്കുറിച്ചും, അത്ഭുതങ്ങളെക്കുറിച്ചും, മററാകർഷകസംഭവങ്ങളെക്കുറിച്ചും ധാരാളം കഥകൾ ഉണ്ടു്. മൃഗങ്ങളെ കഥാപാത്രങ്ങളാക്കി രചിച്ചിട്ടുള്ള കഥകളും കാണാം. അവ മനുഷ്യവർഗ്ഗത്തിൻെറ ഉൽക്കടമായ കാമവികാരങ്ങളേയും ദൗർബ്ബല്യങ്ങളേയും പ്രതിപാദിച്ചു് ആഷമായ സന്മാർഗ്ഗനിഷ്ഠകളെക്കുറിച്ചുള്ള സൂചനകളുൾക്കൊള്ളുന്നവയാകയാൽ ആ കഥകൾ ഈസോപ്പിൻെറ ഗുണപാഠകഥകളെ അനുസ്മരിപ്പിക്കുന്നവയാണു്. പില്ക്കാലങ്ങളിലെ 'അറബിക്കഥകൾ'പോലെയുള്ള തുടർകഥകളും ഈജിപ്തു് രചിച്ചിരുന്നു. ഈദൃശമായ ഒരു കഥാമാലയിൽ ക്രി. മു. 2900-ത്തിന്നടുത്തു ജീവിച്ചിരുന്ന പിരമിഡ്സ്ഥാപകനായ ഖെയോപ്സ് രാജാവു് കഴിഞ്ഞകാലത്തു് ജീവിച്ചിരുന്ന മാന്ത്രികരുടെ അത്ഭുതസിദ്ധികളെക്കുറിച്ചുള്ള കഥകൾ പറയാൻ തൻെറ പുത്രന്മാരോടു് ആവശ്യപ്പെടുന്നു. ഈ കഥാപരമ്പര പ്രാചീനഭാവനയുടെ അത്ഭുതങ്ങളോടുള്ള പ്രതിപത്തിക്കു ദൃഷ്ടാന്തങ്ങളാണു്. മാന്ത്രികനായ ഉബാനേറിൻെറ ഒരു കഥയുണ്ടു്. അയാളുടെ ഭാര്യക്കു് നാഗരികനായ ഒരു യുവാവു് കാമുകനായിട്ടുണ്ടായിരുന്നു. ഒരിക്കൽ ഉബാനേർ പുറത്തെവിടെയോ

യാത്രയ്ക്കുപോയ സമയംനോക്കി, അവർ ഒരു തടാകതീരത്തുള്ള ഭോജനശാലയിൽ സല്ലപിച്ചുല്ലസിച്ചുകഴിക്കാൻ രഹസ്യതീരുമാനമെടുക്കുന്നു. മാന്ത്രികൻ ഇക്കാര്യം അറിഞ്ഞു് മെഴുകിൽ ഒരു മുതലയെ ഉണ്ടാക്കി ആ തടാകത്തിൽ നിക്ഷേപിക്കുന്നു. യുവാവു നീന്താനായി ഇറങ്ങുമ്പോൾ ഈ മെഴുകുമുതല ശരിയായ മുതലയാവുകയും അവനെ കടിച്ചെടുത്തുകൊണ്ടു പോകയും ചെയ്യുന്നു. ഒരത്ഭുതം കാണിച്ചുകൊടുക്കാമെന്നുപറഞ്ഞു് ഉബാനേർ രാജാവിനെ തടാകത്തിൽകൊണ്ടുവന്നു് മുതലയോടു അടിയിൽനിന്നും കരയ്ക്കുവരാൻ ആജ്ഞാപിക്കുന്നു. മുതല കരയ്ക്കുവരുന്നതുകണ്ടു രാജാവു് വല്ലാതെ ഭയപ്പെട്ടു്, "ക്ഷമിക്കണം, ഇതു് ഒരു വല്ലാത്ത മുതലയാണു്," എന്നു് പറഞ്ഞു. മാന്ത്രികൻ അതിനെ പിടിച്ചെടുക്കുകയും അപ്പോഴത്തു് പഴയപടി മെഴുകുമുതലയായിത്തീരുകയും ചെയ്തു. ഈ സംഭവത്തിന്നു പുറകിലുള്ള എല്ലാ രഹസ്യങ്ങളും രാജാവിനു് മനസ്സിലായി. ഉബാനേറിൻെറ വിശ്വാസഘാതകിയായ ഭാര്യയെ വധിക്കാൻ കല്പിക്കുന്നു.

ഈ കഥാപരമ്പരയിലുള്ള മററൊരു കഥ ശിരച്ഛേദം ചെയ്യപ്പെട്ടവക്കു ജീവൻ നല്കാൻ സിദ്ധിയുള്ള മററൊരു മാന്ത്രികനെക്കുറിച്ചാണു്. മററുള്ളവരുടെയെല്ലാം ജീവൻ നിസ്സാരമാണെന്നു കണക്കാക്കുന്ന രാജസഹജമായ അശ്രദ്ധയോടെ ഒരു ചക്രവത്തി ഈ അപകടകരമായ പരീക്ഷണത്തിന്നായി ഒരാളെ തൻെറ മുമ്പിൽ കൊണ്ടുവരാൻ കല്പിക്കുന്നു. എന്നാൽ മാന്ത്രികൻ പെട്ടെന്നിടപെട്ടു് ഈ വിദ്യ മൃഗങ്ങളിലേ പരീക്ഷിക്കാവൂ എന്നു് അപേക്ഷിച്ചു. മൂന്നാമത്തെ കഥയുടെ ഇതിവൃത്തം വളരെ ലഘുവായ ഒന്നാണു്. ഒരൊഴിവുകാലാന്തരീക്ഷം ഉണ്ടാക്കാനുള്ള ഒരുപാധിമാത്രമാണു് അതു്. ഒരു രാജാവിനു് എന്തോ വല്ലാത്ത ഹൃദയാസ്വാസ്ഥ്യം തോന്നുന്നു. കൊട്ടാരത്തിലെ പതിവുള്ള സുഖഭോഗങ്ങളൊന്നുംതന്നെ അദ്ദേഹത്തെ സന്തോഷിപ്പിക്കുന്നില്ല. ഒടുവിലദ്ദേഹം തൻെറ പ്രിയപ്പെട്ട ഉപദേഷ്ടാവിൻെറ ഉപദേശം ആരായുന്നു. അന്തഃപുരത്തിൽനിന്നും ഇരുപതു സുന്ദരികളെ തിരഞ്ഞെടുക്കണം. "അവരുടെ അവയവങ്ങൾ, വക്ഷസ്സു്, തലമുടി—എല്ലാം മനോഹരമായിരിക്കണം. അവരെല്ലാം കന്യകകളുമായിരിക്ക

ണം.'' എന്നിട്ട്, നന്നായി നൂറെററുത്തിട്ടുള്ള മത്സ്യവലകൾ വസ്ത്രങ്ങളായി ധരിപ്പിച്ച്, അവരൊന്നിച്ചു തടാകത്തിൽ വള്ളംകളിക്ക പോവുക. ഇതായിരുന്നു ഉപദേഷ്ടാവിൻെറ നിർദ്ദേശം. "പാടിപ്പറക്കുന്ന വാനമ്പാടികളുടെയും, തടാകതീരത്തെ വയലുകളുടേയും, പച്ചവില്ലീസിട്ടതുപോലുള്ള പുല്ലണിമൈതാനങ്ങളുടേയും, പൂത്തു മദിക്കുന്ന താമരകളുടേയും മനോജ്ഞമായ കാഴ്ച കണ്ടുകൊണ്ട്, യൗവനവും അഴകും വഴിയുന്ന അന്തഃപുരസുന്ദരികൾ തുഴയുന്ന വള്ളത്തിൽ ആ താമരപ്പൊയ്കയിൽ അങ്ങിങ്ങുസഞ്ചരിക്കുമ്പോൾതിരുമേനിയുടെ ഉള്ളിലുല്ലാസമുണ്ടാകും.'' ഈ വിനോദം നടന്നുകൊണ്ടിരിക്കുമ്പോൾ അമരത്തിരുന്ന ഒരു സുന്ദരിയുടെ മുടിയിൽ ചൂടിയിരുന്ന രത്നം വെള്ളത്തിൽ വീണുപോകാനിടയായി. അവൾ തുഴയൽ നിറുത്തി. അതിലും വിലപിടിച്ച രത്നം നല്കാമെന്നു രാജാവ് അവളോടു പറഞ്ഞു. എന്നാൽ സുന്ദരികൾക്കുള്ള സ്വതസ്സിദ്ധമായ നിർബ്ബന്ധബുദ്ധിയോടെ തൻെറ രത്നംതന്നെ തനിക്കു കിട്ടണമെന്ന് അവൾ വാശിപിടിച്ചു. ഇതൊരു മാന്ത്രികനുള്ള വിദ്യയാണെന്നു രാജാവു കണ്ടു. ഭാഗ്യത്തിന്ന് അദ്ദേഹത്തിൻെറ ഉപദേഷ്ടാവിന്ന് ഇന്ദ്രജാലം അറിയാമായിരുന്നു. അദ്ദേഹം തടാകത്തിലെ പകുതി വെള്ളം മറേറ പകുതിയുടെ മുകളിൽ കുമ്പാരം കൂട്ടി. രത്നം അടിയിൽ കിടക്കുന്നതുകണ്ടെടുത്ത് ആ തരുണിക്കു കൊടുക്കുകയുംചെയ്തു. അങ്ങനെ വഞ്ചികളി വീണ്ടും തുടന്നു.

പുരാതനകാലത്തുപോലും ഈജിപ്ഷ്യൻകഥകളിൽ യാഥാർത്ഥ്യങ്ങളും, മായികസങ്കല്പങ്ങളും അതിശയോക്തികളുമായി ഇടകലർന്നിട്ടുള്ളതു കാണാവുന്നതാണ്. ഖെയോപ്സ്രാജാവിനെക്കുറിച്ചുള്ള കഥാപരമ്പരയിലെ അവസാനത്തേതു് അസാധാരണമായ ഒരു വ്യതിയാനമാണ്. അതീതകാലത്തെ മാന്ത്രികന്മാരുടെ കഥകൾ അവസാനിപ്പിച്ച് സമകാലികനായ ഒരു മാന്ത്രികനെ രാജസന്നിധിയിൽ ആനയിക്കുന്നു. ഖെയോപ്സ്രാജാവ്, അദ്ദേഹത്തിൻെറ വംശത്തിലെ അവസാനരാജാവാണെന്നും ഒരു കഷകസ്ത്രീയിൽ താമസിയാതെതന്നെ മൂന്നു കുട്ടികൾ പിറന്നു് അവരെല്ലാപേരും ഒരു പുതുവംശത്തിൻെറ രാജാക്കന്മാരായിത്തീരുമെന്നും ആ സിദ്ധൻ പറയുന്നു.

പിന്നീടുള്ള രംഗം പ്രസവവേദന അനുഭവിച്ചു കിടക്കുന്ന ആ കർഷകസ്ത്രീയുടെ കുടിലാണു്. പുതുതായി ജനിക്കുന്ന ഈ രാജകുമാരന്മാരെ പരിചരിക്കുന്നതിന്നായി സ്വർഗ്ഗത്തിൽനിന്നും മൂന്നു ദേവതകളെ അയയ്ക്കുന്നു. കുടിലിൽ വന്നപ്പോൾ വെറും കൗപീനംമാത്രം ധരിച്ചു് ഇരിക്കുന്ന കർഷകനെ അവർ കാണുന്നു. അവർ ദേവതകളാണെന്നു മനസ്സിലാക്കാതെ ആ കർഷകൻ പറഞ്ഞു: "എന്റെ തമ്പുരാട്ടിമാരേ, ഇതാ, ഇവിടെ ഒരു സ്ത്രീ ഈററുനോവേററു കിടക്കുന്നു. ഒന്നു നോക്കിയാട്ടെ." അവർ മറുപടി പറഞ്ഞു: "ഞങ്ങൾ നോക്കാം. ഞങ്ങൾ സൂതികാവൃത്തി അറിയുന്നവരാണു്." അവരുടെ സേവനത്തിനു പ്രതിഫലമായി വളരെ ഏറെ ധാന്യങ്ങൾ അവർക്കു നല്കപ്പെട്ടു. കുടിലിലേയ്ക്കു മടങ്ങിവരുന്നതിന്നൊരു ഒഴിവുകഴിവായിട്ടു് അവർ ഭയങ്കരമായ കൊടുങ്കാററും മഴയും സൃഷ്ടിച്ചു. അവർ കുടിലിൽ തിരിച്ചെത്തി. അവരുടെ ധാന്യമെല്ലാം ഒരറയിൽ സൂക്ഷിക്കാൻ അനുവദിച്ചു. രാത്രിയിൽ അവർ കിടപ്പറയിലേക്കു മടങ്ങി. വേലക്കാരി ഒരു ദ്വാരത്തിലൂടെ അവരുടെ മുറിക്കുള്ളിലേക്കു് ഒളിഞ്ഞുനോക്കിയപ്പോൾ, അവർ രാജസന്നിധിയിലെന്നോണം ബഹുമാനപുരസ്സരം ഉത്സാഹത്തോടെ പാട്ടുകയും നൃത്തംവയ്ക്കുകയും ചെയ്യുന്നതായി കണ്ടു. കുറച്ചാഴ്ചകൾക്കുശേഷം ഗൃഹനായിക ഏതോ ചില വീട്ടുവേലകൾ ചെയ്തില്ലെന്ന കാരണത്താൽ വേലക്കാരിയെ പ്രഹരിക്കാനിടയായി. അവൾ സ്വന്തം വീട്ടിലേക്കു് ഓടിപ്പോയി. മെതിച്ചുകൊണ്ടിരുന്ന സഹോദരനോടു സംഗതിയെല്ലാം പറയുകയും, താൻ കൊട്ടാരത്തിൽച്ചെന്നു രാജാവിന്റെയടുത്തു് അക്കഥയെല്ലാം പറഞ്ഞു പ്രതികാരംനടത്താൻ നിശ്ചയിച്ചിരിക്കുന്നെന്നു് അറിയിക്കുകയും ചെയ്തു. അവളുടെ കൃതഘ്നതയിൽ കുപിതനായിത്തീൎന്ന സഹോദരൻ അവളെ തല്ലുന്നു. കൊട്ടാരത്തിലേക്കു പോകുംവഴി അവൾ ഒരു നദിയിൽ വീഴുവാനിടയാവുകയും അവളെ ഒരു മുതല പിടിക്കുകയും ചെയ്യുന്നു. അങ്ങനെ രാജാവു് ആ രാജകുമാരന്മാരെ കണ്ടുപിടിക്കുന്നില്ല. അവൻ വളർന്നു പുതുരാജവംശം സ്ഥാപിക്കുകയും ചെയ്തു.

നേരത്തെ ദുർവ്വിധിക്കധീനനായ ഒരു രാജകുമാരനെ സംബന്ധിക്കുന്നതാണു് ഇനിയൊരു കഥ. പണ്ടൊരിക്കൽ

ഒരു രാജാവുണ്ടായിരുന്നു. പുത്രദുഃഖം അനുഭവിച്ചിരുന്ന അദ്ദേഹത്തിന്നു വളരെക്കാലത്തെ പ്രാത്ഥനയുടെ ഫലമായി ഒരു പുത്രനുണ്ടായി. എന്നാൽ രാജകുമാരൻ മുതലയാലോ, സപ്പത്താലോ, ശ്വനകനാലോ മൃതിയടയണമെന്നാണു യോഗം എന്നു് വിധിദേവത അറിയിച്ചു. രാജകുമാരൻ എല്ലാക്കും കണ്ണിലുണ്ണിയായി വളന്നു. ഒരുദിവസം സവാരിക്കുപോകുമ്പോൾ രാജകുമാരൻ ഒരു പട്ടിയെ കാണുകയും തനിക്കു് കളിക്കുന്നതിന്നായി അതിനെ കിട്ടണമെന്നു് ശാഠ്യംപിടിക്കയും ചെയ്തു. രാജകുമാരൻെറ ദുർവ്വിധിയെക്കുറിച്ചുള്ള പ്രവചനത്തെ ഓമ്മിച്ച രാജാവു് വിസമ്മതിച്ചെങ്കിലും തൻെറ അരുമകുമാരൻെറ കണ്ണീരുകണ്ടപ്പോൾ അദ്ദേഹത്തിൻെറ മനസ്സൈഥൈര്യം തകന്നുപോയി. "ഓടിക്കളിക്കുന്ന ഒരു കൊച്ചു പട്ടിക്കുഞ്ഞിനെ അവനു കൊടുക്കണം. അവന്റെ കുരുന്നുഹൃദയം നോവിച്ചുകൂട" എന്നു തീരുമാനിച്ചു. രാജകുമാരൻ വളന്നു. ഒരു വിദേശയാത്രയ്ക്കു പുറപ്പെട്ടു. ചില പ്രത്യേകകാരണത്താൽ രാജകുമാരൻ വേഷപ്രച്ഛന്നനായിട്ടാണു യാത്രചെയ്തിരുന്നതു്. അദ്ദേഹം സന്ദർശിച്ച ഒരു രാജ്യത്തിലെ രാജാവിനു് സുന്ദരിയായ ഒരു മകളുണ്ടായിരുന്നു. ഉന്നതമായ ഒരു സ്തംഭത്തിൻെറ ഉപരിതലത്തിലുള്ള ഒരറയിലാണു രാജകുമാരി ഇരിക്കുന്നതു്. ആ സ്തംഭത്തിൽ കയറുന്നവനു് തൻെറ മകളെ പാണിഗ്രഹണം ചെയ്തുകൊടുക്കുന്നതാണെന്നു രാജാവു വിളംബരം ചെയ്തിരുന്നു. രാജകുമാരൻ ഈ പരീക്ഷണത്തിൽ വിജയിക്കുന്നു. എന്നാൽ അപ്പോഴും രാജകുമാരൻ തൻെറ പ്രച്ഛന്നവേഷം കളയാഞ്ഞതിനാൽ, "ഞാനെൻെറ മകളെ ഒരു ഈജിപ്ഷ്യൻ നാടോടിക്കു കൊടുക്കണോ?" എന്നു ചോദിച്ചു് രാജാവു തന്റെ വാഗ്ദാനം ലംഘിച്ചു. പക്ഷേ, ഇതിനകം രാജകുമാരി രാജകുമാരനിൽ അനുരക്തയായിക്കഴിഞ്ഞിരുന്നു. അവൾ മററാരെയും വിവാഹം ചെയ്യുന്നതല്ലെന്നു ശപഥം ചെയ്തു. രാജാവു് രാജകുമാരനെ കൊല്ലുവാൻ ഗൂഢാലോചന നടത്തി. അക്കാര്യം രാജകുമാരി അറിഞ്ഞു. "അദ്ദേഹത്തെ വധിച്ചാൽ, സൂര്യനസ്തമിക്കുമ്പോൾ ഞാനും മരിക്കും. ഞാനദ്ദേഹത്തെ വിട്ടു് ഒരുനാഴിക ജീവിച്ചിരിക്കില്ല," എന്നു തീത്തുപറഞ്ഞു. അതുകൊണ്ടു രാജാവിനു തൻെറ മുൻനിശ്ചയത്തിനു കീഴ്വഴങ്ങു

കയല്ലാതെ മററു തത്യന്തരമൊന്നുമില്ലാതായി. വിവാഹാനന്തരം രാജകുമാരൻ തൻെറ ദുര്യോഗത്തെക്കുറിച്ചു രാജകുമാരിയോടു പറഞ്ഞു. അവൾ രാപ്പകൽ അദ്ദേഹത്തിന്നു കാവൽ ഇരുന്നു. ഒരുദിവസം രാജകുമാരൻ ഉറങ്ങുമ്പോൾ ചുവരിലുള്ള ഒരു ദ്വാരത്തിൽനിന്നും ഒരുഗ്രസപ്പം ഇഴഞ്ഞിറങ്ങിവന്നു. രാജകുമാരി, ഇതു കണ്ടയുടനെ സപ്പത്തിന്നു കുറച്ചു മുന്തിരിച്ചാറുകൊടുത്തു മയക്കി അതിനെ വധിച്ചു. ആ പട്ടിയെ കൊന്നുകളയണമെന്നു് അവൾ ഭത്താവിനോടു കേണപേക്ഷിച്ചു. ''ഒരു കുഞ്ഞായിരിക്കുമ്പോൾമുതൽ ഞാനതിനെ വളത്തുന്നതാണു്. എന്തുവന്നാലും ഇതിനെ ഞാൻ കൊല്ലില്ല,'' എന്നു രാജകുമാരൻ നിർബന്ധം പിടിച്ചു. ഈ കഥ പരിപൂണ്ണരൂപത്തിൽ നമുക്കു ലഭിക്കുന്നില്ലെങ്കിലും വിധിയുടെ നിശ്ചയാനുസരണംതന്നെ ആ നായു് രാജകുമാരൻെറ മൃത്യുവിന്നു ഹേതുവായി പരിണമിച്ചുവെന്നതിന്നു വേണ്ടത്ര ലക്ഷ്യങ്ങൾ ലഭിക്കുന്നുണ്ടു്. നദീതീരത്തു കളിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെ ഒരു മുതല പിടിക്കുകയും അതിനെ രക്ഷിക്കാനുള്ള ശ്രമത്തിൽ രാജകുമാരൻ മരണമടയുകയും ചെയ്യുന്നു.

രാജകുമാരൻെറ പ്രിയപ്പെട്ട നായിനെത്തന്നെ അദ്ദേഹത്തിൻെറ മരണത്തിന്നു നിദാനമാക്കിക്കൊണ്ടുള്ള പ്രചുരപ്രചാരമായ ഈ കഥയിൽ, മാനുഷികവികാരത്തിൻെറ പ്രഭാവത്തെയും, ദുർബലമെങ്കിലും, മാനുഷികവും സ്നേഹനിർഭരവുമായ ഒരു പ്രകൃതത്തിലൂടെ യുക്ത്യതീതമായ വിധി ഒരു ദുരന്തത്തിൽച്ചെന്നു കലാശിക്കുന്നതിനെയും വിദഗ്ദ്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഈദൃശകഥാരൂപത്തിലുള്ള മറെറാരു സുന്ദരകലാസൃഷ്ടിയാണു ബാററയുടെയും അയാളുടെ ജ്യേഷ്ഠസഹോദരൻ അൻപുവിൻെറയും കഥ. അതിശയോക്തിയാൽ വണ്ണശബളമായതാണിക്കഥയിലെ സംഭവങ്ങൾ. ഇതിൽ, പുഷ്പിക്കാത്ത സെഡാർമരങ്ങൾനിറയെ പൂക്കൾ ചൂടുന്നു. മൃഗങ്ങൾ സംസാരിക്കുന്നു. എല്ലാത്തരം അത്ഭുതങ്ങളും അസാദ്ധ്യങ്ങളായവയും സംഭവിക്കുന്നു. എങ്കിലും ഇന്ദ്രജാലത്തിന്നോ അതിശയോക്തിക്കോ തെല്ലും കടപ്പെടാത്ത കഷകജീവിതത്തിലെ മാനുഷികാനുഭൂതികളുടെ സജീവചിത്രവും ഇതു നൽകുന്നുണ്ടു്. ഇരു

സഹോദരന്മാരും കൃഷകരാണ്.ഇളയവനായ ബാററയാണ് എല്ലാത്തരം കഠിനവേലകളും ചെയ്യുക പതിവ്. കന്നുകാലികളെ മേയ്ക്കാൻ കൊണ്ടുപോകുമ്പോൾ അവയ്ക്കുപുറകേ നടക്കുന്ന ബാററയോട്, എവിടെയാണു നല്ല മേച്ചിലിടങ്ങളെന്ന് അവ പറയും. ബാററ അവയെ അങ്ങോട്ടു നയിക്കും. ബാററയുടെ ചുമതലയിലുണ്ടായിരുന്ന കന്നുകാലികൾ തടിച്ചുകൊഴുത്തു. അവയുടെ കുഞ്ഞുങ്ങൾ ഇരട്ടിച്ചു. വയലുഴുകുന്ന കാലമാകുമ്പോൾ അൻപു ബാററയെ വിളിച്ചു പറയും, "ഉഴുകാൻ എല്ലാഒരുക്കങ്ങളും ചെയ്യണം.കരിയും നുകവുംഒക്കെ നന്നാക്കണം. ഇപ്പോൾ ഉഴുകുവാൻ നിലം പാകമായ നിലയിലാണ്. വിത്തുമെടുത്തു് നീ പാടത്തുപോ. നാളെ പ്രഭാതത്തിൽ നമുക്കുഴുകണം." അൻപു പറയുന്നപടിയെല്ലാം ബാററ പ്രവർത്തിച്ചിരുന്നു.

പാടത്തു വേലചെയ്തുകൊണ്ടിരുന്ന ഒരവസരത്തിൽ വിത്തുകൊട്ടയെടുക്കുന്നതിനായി ബാററയ്ക്കു വീട്ടിലേയ്ക്കോടേണ്ടതായിവന്നു. അവൻെറ ശരീരബലവും യുവത്വവും കണ്ടു മത്തുപിടിച്ചുപോയിരുന്ന അവൻെറ ജ്യേഷ്ഠത്തിഅമ്മ, ഉചിതമല്ലാത്തവിധം അവനെ സമീപിച്ചു. ജ്യേഷ്ഠൻെറ പത്നി മാതൃതുല്യയാണെന്നു പറഞ്ഞു് അവരുടെ നീചോദ്യമത്തെ അപഹസിച്ചുകൊണ്ട് അവൻ വയലിലേയ്ക്കു മടങ്ങിപ്പോയി. അപമതിക്കപ്പെട്ട അവൾ തൻെറ മുടി അഴിച്ച് വിതറിയിടുകയും വസ്ത്രങ്ങൾ ഉലയ്ക്കുകയും ചെയ്തു. വൈകിട്ട് അൻപു വയലിൽനിന്നും മടങ്ങിയെത്തിയപ്പോൾ ബാററ തന്നെ ബലാൽക്കാരം ചെയ്യാൻ ഉദ്യമിച്ചെന്ന് അവൾ ഭർത്താവിനോടു പറയുന്നു. അവളുടെ വാക്കുകൾ വിശ്വസിച്ച അൻപു കുപിതനായി സഹോദരനെ വധിക്കാൻ തീരുമാനിക്കുന്നു. അന്തിയടുത്തപ്പോൾ ബാററ വയലിൽനിന്നും മാടുകളും പണിയായുധങ്ങളുമായി വീട്ടിലേയ്ക്കു തിരിച്ചു. വഴിക്കുവച്ചു കൂട്ടത്തിലുള്ള ഒരു പശു, അവനെക്കാത്തു് അവൻെറ ജ്യേഷ്ഠൻ ഒരു കഠാരയുമായി ഇരിക്കുന്നുണ്ടെന്നു പറഞ്ഞു. ഇതുകേട്ടു പ്രാണരക്ഷാർത്ഥം ബാററ ഓടി. അൻപു അവനെ പിൻതുടർന്നു. അൻപു അവനെ പിടിച്ചു പിടിച്ചില്ല എന്നായപ്പോൾ ദേവതകൾ അവർക്കു നടുവിൽ മുതലകൾ നിറഞ്ഞതും കുത്തിച്ചാടുന്നതുമായ

ഒരു നദി സൃഷ്ടിച്ചു. നദിക്കക്കരെ നിന്നുകൊണ്ട് ബാററ വിളിച്ചുപറഞ്ഞു: "എന്തിനാണു ചേട്ടാ എന്നെ ദ്രോഹിക്കുന്നത്? ഞാൻ പറയുന്നതുംകൂടെ കേൾക്കുംമുമ്പെ എന്നെ കൊല്ലാൻ തുടങ്ങുകല്ലേ? ഞാനങ്ങേടെ കൊച്ചനുജനല്ലേ? എന്നേക്കാൾ എത്ര വയസ്സിനു മൂത്തതാണ് അങ്ങ്. അങ്ങ് എനിക്കച്ഛനെപ്പോലെയാണ്. ചേട്ടത്തിഅമ്മ എനിക്കൊരമ്മയും." ഇത്രയും പറഞ്ഞശേഷം അവൻ തൻെറ അരയിൽ തിരുകിയിരുന്ന പുല്ലറക്കുന്നതിന്നുപയോഗിക്കുന്ന കത്തിയെടുത്ത് മാറിൽ കുത്തിയിറക്കി. അൻപു ഒരുവിധത്തിലക്കരെകടന്ന്, സത്യമെല്ലാം പറഞ്ഞ തൻെറ അനുജനെ രക്ഷപ്പെടുത്തി. അന്യായമായ വിധം തന്നെ ആട്ടിപ്പായിച്ച ഇടത്തേയ്ക്കു തിരിച്ചുചെല്ലാൻ ബാററ തയ്യാറായില്ല. അവൻ ആ വനത്തിൽത്തന്നെ കഴിച്ചുകൂട്ടാൻ തീരുമാനിച്ചു. അവൻ തൻെറ ഹൃദയം ആവാഹിച്ചെടുത്ത് ഏററവും ഉയരംകൂടിയ ഒരു സെഡാർമരത്തിൻെറ തുമ്പത്തുള്ള പൂവിൽ സുരക്ഷിതമായി വയ്ക്കാൻ പോകുന്നെന്നു ചേട്ടനോടു പറഞ്ഞു. ആ മരം എപ്പോഴെങ്കിലും മുറിക്കപ്പെടുകയാണെങ്കിൽ അവൻെറ ഹൃദയം നിലംപതിക്കുമെന്നും ആ വിവരം അൻപു ഉടൻ അറിയാനിടയാകുമെന്നും അവൻ ഉറപ്പുകൊടുത്തു. തൻെറ ഹൃദയം തേടിയെടുത്ത് അതിനു വീണ്ടും ജീവൻ നൽകണമെന്ന് അവൻ അൻപുവിനോടപേക്ഷിച്ചു. അൻപു തിരിച്ചുപോയി തൻെറ വഞ്ചകിയായ ഭാര്യയെ വധിച്ച് ഒരേകാന്തജീവിതം നയിച്ചു.

ഒരു ദിവസം ദേവതകൾ ബാററ ജീവിക്കുന്ന അതേവനത്തിൽ ചെല്ലുവാനിടയായി. ആ കാനനത്തിൽ ഏകാന്തജീവിതം നയിക്കുന്ന ബാററയുടെമേൽ അവക്ക് അനുകമ്പതോന്നി, അവനു കൂട്ടിനായി അന്നാട്ടിലേക്കു് അതീവസുന്ദരിയായ ഒരു തരുണിയെ സൃഷ്ടിച്ചുകൊടുക്കുന്നു. കുറെദിവസങ്ങൾ അങ്ങനെ ആനന്ദസമ്പൂർണ്ണമായി കഴിഞ്ഞു. ഒരിക്കൽ ബാററ നായാട്ടിനായി പുറത്തുപോയിരുന്നപ്പോൾ, അവൾ കുടിലിനു പുറത്തിറങ്ങി നദിക്കരയിലുള്ള സെഡാർമരച്ചുവട്ടിൽ ചെന്നിരുന്നു. നദി അവളുടെ രൂപലാവണ്യത്തിലാകൃഷ്ടനായി തൻെറ തിരകളെ അവളുടെ അടുത്തേക്കു നീട്ടി ഒഴുക്കി. ഭയചകിതയായ അവൾ അവയെക്കാൾ വേഗത്തിൽ ഓടി കുടി

ലിൽ അഭയംപ്രാപിച്ചു. നിരാശനായ നദി "ഞാൻ അവളെ പ്രേമിക്കുന്നു" എന്നുപറഞ്ഞു വിലപിക്കാൻ തുടങ്ങി. നദിയുടെ സങ്കടംകണ്ടു് അലിവുതോന്നിയ സെഡാർമരം അവളുടെ കുറച്ചു മുടിയിഴകൾ അവനു നല്കി. നദി അതു് തലസ്ഥാനനഗരിയിൽ രാജാവിൻെറ വസ്ത്രങ്ങൾ അലക്കുന്നിടത്തു കൊണ്ടുപോയി ഇട്ടു. ആ തലമുടിയുടെ സുഗന്ധം രാജാവിന്റെ വസ്ത്രങ്ങളിലേക്കു് പരന്നു. വെളുത്തേടന്മാർ തമ്മിൽ തമ്മിൽ ആ അതിശയത്തെക്കുറിച്ചു തർക്കിക്കാൻ തുടങ്ങി. അപ്പോൾ ഒരാൾ ആ മുടിയിഴകൾ കണ്ടെടുക്കുകയും അതു രാജസന്നിധിയിൽ കൊണ്ടുപോയി ഏല്പിക്കുകയും ചെയ്തു. ഈ സുഗന്ധമുള്ള മുടിയുടെ ഉടമസ്ഥയായ സ്ത്രീയെ തൻെറ രാജ്ഞിയാക്കണമെന്നു് രാജാവിന്നത്യാശ തോന്നി. അതിനെക്കുറിച്ചു് രാജാവു് തൻെറ മന്ത്രിയുമായി ആലോചിച്ചു. എല്ലാ രാജ്യങ്ങളിലേക്കും പ്രതിനിധികളെ അയയ്ക്കാനും സെഡാർമരങ്ങളുടെ താഴ്‌വാരത്തിലേക്കു് ഒരു സൈന്യത്തെ നിയോഗിക്കാനും മന്ത്രി നിർദ്ദേശിച്ചു. ആ സുന്ദരീരത്നത്തെക്കുറിച്ചൊരുവിവരവും ലഭിക്കാതെ പ്രതിനിധികൾ തിരിച്ചെത്തി. സൈന്യങ്ങൾ മടങ്ങിയെത്തിയില്ല. ബാററ അവരെയെല്ലാം വധിച്ചുകളഞ്ഞു. രാജാവു് മറെറാരുസംഘം പട്ടാളത്തെക്കൂടെ അങ്ങോട്ടയച്ചു. അതിൻെറ സേനാധിപതിക്കു് ആ സെഡാർമരത്തിൻെറ രഹസ്യം ബാററയുടെ അവിശ്വസ്തയായ ഭാര്യ പറഞ്ഞുകൊടുത്തു. സേനാധിപൻ ആ സെഡാർമരം മുറിച്ചു താഴെയിട്ടു. ആ മരം വീണപ്പോൾ അതോടൊന്നിച്ചു ബാററയുടെ ഹൃദയം കുടികൊള്ളുന്ന പുഷ്പവും നിലംപതിക്കുകയും ബാററ നിര്യാതനാവുകയും ചെയ്തു. സേനാനി ബാററയുടെ രൂപവതിയായ ഭാര്യയെ രാജാവിനു കാഴ്ചവച്ചു.

സെഡാർമരം വീണപ്പോൾ, അൻപു ഒരുകപ്പു മുന്തിരിച്ചാറും മോന്തിയിരിക്കുകയായിരുന്നു. അതു പെട്ടെന്നു പുളിച്ചുപോയി. അതാകെ പതഞ്ഞു തുളുമ്പി. ബാററയ്ക്കു് എന്തോ ആപത്തു സംഭവിച്ചിട്ടുണ്ടെന്നു് അൻപുവിനപ്പോൾ മനസ്സിലായി. ഏഴു നീണ്ട സംവത്സരക്കാലത്തെ തിരയലിനുശേഷം ബാററയുടെ മരവിച്ച ഹൃദയം അൻപു കണ്ടെടുത്തു. അതിനെ പച്ചവെള്ളത്തിലിട്ടു് മന്ത്രോച്ചാരണങ്ങൾ ചെയ്തു് അൻപു

ജീവൻ വഷിച്ചു. ബാററ ഒരൊന്നാന്തരം കുററൻകാളയുടെ രൂപത്തിൽ ജന്മമെടുത്തു രാജകൊട്ടാരത്തിൽ ചെന്നു. രാജാവിനു് അതേററവും പ്രിയപ്പെട്ടതായിത്തീന്നു. രാജ്ഞിക്കു് ആ കാള തൻെറ ആദ്യ ഭത്താവായ ബാററയാണെന്നു് മനസ്സിലായി. അതിനെ ക്ഷേത്രത്തിൽ ബലികഴിക്കണമെന്നു് അവൾ രാജാവിനോടപേക്ഷിച്ചു. കാളയെ ബലികഴിക്കുമ്പോൾ രണ്ടു രക്തത്തുള്ളികൾ കൊട്ടാരവാതിലിനിരുപുറവും ചെന്നു വീഴുകയും അതു രണ്ടു് ഊക്കൻ സെഡാർമരങ്ങളായി വളന്നുവരികയും ചെയ്തു. ആ മരങ്ങൾ രാജ്ഞിയുടെ വിശ്വാസഹീനതയെ ഓമ്മപ്പെടുത്തി അവളെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു. അവൾ ആ മരങ്ങൾ മുറിച്ചുകളയണമെന്നു രാജാവിനോടു നിർബ്ബന്ധംപിടിച്ചു. ആ വൃക്ഷങ്ങൾ മുറിക്കുമ്പോൾ ഒരു ചീന്തു് അവളുടെ ശരീരത്തിൽ പ്രവേശിച്ചു. രാജ്ഞി ഗർഭിണിയായി. അവൾ ഒരു രാജകുമാരനെ പ്രസവിച്ചു. വൃദ്ധനായ രാജാവു മരിച്ചു. കിരീടധാരണസമയത്തു് രാജകുമാരൻ—സത്യത്തിൽ അതു ബാററതന്നെയായിരുന്നു—മന്ത്രിസഭയിൽ എല്ലാ കഥകളും സവിസ്തരം വിവരിക്കുകയും വഞ്ചകിയായ രാജ്ഞിക്കു മരണശിക്ഷ വിധിക്കുകയും ചെയ്തു. അൻപുവിനെ കൃഷിസ്ഥലത്തുനിന്നും വരുത്തി ബാററ തൻെറ മന്ത്രിയാക്കി. അത്ഭുതങ്ങളോടുള്ള മമത കൈവിടാതെതന്നെ ഒരു ലഘു ആഖ്യായികാരൂപത്തിലാണു് ഈ കഥ വികസിക്കപ്പെട്ടിരിക്കുന്നതു്.

മുങ്ങിപ്പോയ ഒരു കപ്പലിലെ നാവികനെക്കുറിച്ചുള്ള കഥയാണടുത്തതു്. ഇതിൽ അതിശയങ്ങളോടുള്ള പ്രതിപത്തി കാണാമെങ്കിലും മിഴിവുററവിധം യാഥാത്ഥ്യത്തിൻെറ സ്പശവും ഉൾക്കൊണ്ടിട്ടുണ്ടു്. സവ്വോപരി ഈ കഥ ഉജ്ജ്വലമായ ഒരു നവീന സാങ്കേതികരീതിയാൽ സവിശേഷത വഹിക്കുന്നതുമാണു്. ഒരു കപ്പിത്താനെ വാണിജ്യപര്യടനാത്ഥം നൈൽനദിയുടെ ഉറവിടങ്ങളിലേയ്ക്കയയ്ക്കുന്നു. എന്നാൽ ആ യാത്ര പരാജയത്തിലാണവസാനിച്ചതു്. രാജാവിൻറടുത്തു ചെന്നു തൻെറ ശ്രമം പരാജയമായിരുന്നെന്നു് അറിയിക്കുമ്പോൾ തൻെറ ഭാവിയെന്തായിരിക്കുമെന്നു് ഓത്തു കപ്പിത്താൻ ഭയവിവശനാകുന്നു. കപ്പിത്താനെ സമാശ്വസിപ്പി

ക്കാനായി ഒരു സഹനാവികൻ, കുഴപ്പത്തിലാരംഭിച്ച് അന്ത്യത്തിൽ ശുഭമായി ഭവിച്ച തൻെറ സ്വന്തം ഒരനുഭവത്തിൻെറ കഥ അദ്ദേഹത്തെ പറഞ്ഞുകേൾപ്പിക്കുന്നു. ആ കഥനം വളരെ ചൈതന്യമേറിയതാണ്. ഒരിക്കൽ ആ നാവികൻ ഒരു കടൽയാത്ര നടത്തി. വളരെ കഴിവുള്ള, ഒരു കൊട്ടങ്കാറ്റു വരാൻ തുടങ്ങുംമുമ്പേ അതിനെ മുൻകൂട്ടിത്തന്നെ അറിയാൻ സാമർത്ഥ്യമുള്ള, കുറെ നാവികരായിതന്നു കപ്പലിനെ ഓടിക്കാനുണ്ടായിരുന്നത്. എന്നിട്ടും ഒരു കൊട്ടങ്കാററ് കപ്പലിനെ വലിച്ചു നടുക്കടലിലെത്തിച്ചുകളഞ്ഞു. "ഞങ്ങൾക്കു കരയ്ക്കടുക്കാൻ പററിയില്ല. കാററ് ഉഗ്രതയിൽ വീശാൻതുടങ്ങി. പന്ത്രണ്ടടിയോളം ഉയരത്തിൽ തിരകൾ പൊങ്ങി കപ്പലിനെ വലിച്ചുലച്ചു. കപ്പൽ തകർന്നുപോയി. അതിനോടൊന്നിച്ച് അതിലുള്ളവരും. ഞാൻ പാമരത്തിൽ പിടികൂടി അതിന്മേൽ കയറി. ഒരു തിരമാല എന്നെ ഒരു ദ്വീപിൽ കൊണ്ടുപോയെത്തിച്ചു. എൻെറ മനസ്സ് ഒന്നുമാത്രം കൂട്ടായി ഞാൻ മൂന്നുദിവസം അവിടെ ഏകനായി കഴിച്ചുകൂട്ടി. ഞാൻ ഒരു കുററിക്കാടിൻെറ തണലിലുള്ള ചെരുവിൽ കിടന്നു സുഖമായി ഉറങ്ങിപ്പോയി." ആ ദ്വീപിൽ നിറയെ ഫലവൃക്ഷങ്ങൾ ഉണ്ടായിരുന്നു. വീപ്പപോലെ വീർത്ത മത്തങ്ങകൾ ഉണ്ട് അവിടെ. അതുകൊണ്ടയാൾക്കു പട്ടിണി കിടക്കേണ്ടതായി വന്നില്ല. "ഒരുദിവസം ഇടിവെട്ടുംപോലുള്ള ഒരൊച്ചകേട്ട ഞാൻ നടുങ്ങി. കടൽ തിരയടിച്ചലറുന്നതാണെന്നു ഞാനാദ്യം ഊഹിച്ചു. ഭൂമി വിറച്ചു. വൃക്ഷങ്ങൾ കടപിഴുതു വീണു. ഞാനെൻെറ മുഖം പൊത്തിക്കളഞ്ഞു. കുറച്ചുകഴിഞ്ഞു് കൈ മാററിനോക്കിയപ്പോൾ ഒരു ഉഗ്രസർപ്പം ഇഴഞ്ഞടുക്കുന്നതായി കണ്ടു. അതിനമ്പതടിയോളം നീളമുണ്ടായിരുന്നു. അതിൻെറ മീശകൂടി തന്നെ ഏതാണ്ട് എട്ടടി നീളം വരും. അതിൻെറ ഉടലാകെ സ്വർണ്ണവും പൂശിയതും പുറികങ്ങൾ അമൂല്യരത്നങ്ങളെക്കൊണ്ടുള്ളവയും ആയിരുന്നു. കൂടാതെ അതു ബുദ്ധിശാലിയുമായിരുന്നു."

സർപ്പം ആ നാവികനെ സ്നേഹപുരസ്സരം നോക്കി സമാശ്വസിപ്പിച്ചു. കഥയ്ക്കുള്ളിൽകഥയുൾക്കൊള്ളിച്ചു പറയുന്ന അറബിക്കഥകളുടെ പ്രത്യേക സ്വഭാവമനുസ്മരിപ്പിച്ചുകൊണ്ട്

ഈ സപ്പം തൻെറ കഥ നാവികനോടു പറയുകയാണു്. അവൻ സഹോദരന്മാരും പുത്രന്മാരും ഒക്കെ അടങ്ങിയ എഴുപത്തഞ്ചംഗങ്ങളോളമുള്ള തൻെറ കുടുംബവുമായി സമാധാനത്തോടെ ആ ദ്വീപിൽ കഴിഞ്ഞുവരികയായിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ ഒരുനാൾ അവിചാരിതമായി ആകാശത്തുനിന്നും ഒരു ഊക്കൻ തേജഃപുഞ്ജം വീഴുകയും അതു് ഒരു കാട്ടുതീ പിടിപ്പിക്കുകയും ചെയ്തു. ആ കാട്ടുതീയിൽപ്പെട്ടു് അവൻെറ കുടുംബം നിശ്ശേഷം നശിച്ചുപോയി. ആ ദ്വീപിൽ കുറച്ചുനാൾ കഴിച്ചശേഷം, അപ്രതീക്ഷിതമായി ആ ദ്വീപിനടുത്തു വന്ന ഒരു കപ്പലിൽ കയറി നാവികൻ സ്വന്തം നാട്ടിലേക്കു് മടങ്ങി. യാത്രപറയുന്ന അവസരത്തിൽ ആ നല്ലവനായ സപ്പം അയാൾക്കു നിരവധി വിലപിടിച്ച സമ്മാനങ്ങൾ കൊടുത്തയച്ചു.

സങ്കല്പയാഥാർത്ഥ്യങ്ങളുടെ സമഞ്ജസസമ്മേളനം ഇക്കഥയിൽ സാർവ്വത്രികമായിട്ടുണ്ടു്. ചെറുകഥയുടെ പരിമിതമായ സാങ്കേതികചട്ടക്കൂട്ടിൽ സാധാരണ സാദ്ധ്യമാകുന്നതില്ലം കവിഞ്ഞു ജീവിതവിശദീകരണം സവിസ്തരമായി നടത്താൻ ഈ കഥയ്ക്കു കഴിഞ്ഞിട്ടുണ്ടെന്ന കാര്യം സുപ്രധാനമായ ഒന്നാണു്. ചെറുകഥയ്ക്കെപ്പോഴും അതിൻെറ ഉപാധികളെ ലഘൂകരിക്കേണ്ടതായിട്ടുണ്ടു്. ഒരു സംഭവത്തിന്മേൽ കേന്ദ്രീകരിക്കാതെ കഥ ജീവിതത്തിൻെറ വിസ്തൃതമായ വിശകലനത്തിന്നു പോയാൽ സാധാരണ പരാജയമായിരിക്കും ഫലം. എന്നാലിവിടെ സപ്പത്തിൻെറയും, നാവികൻെറയും കപ്പിത്താൻെറയും കഥകൾ, അന്യോന്യം ഭംഗിയാംവിധം കോർത്തിണക്കിയിരിക്കുന്നു. നോവലിനു ചെറുകഥയേക്കാൾ ഉള്ള മെച്ചം വിവിധവശങ്ങളുള്ള ഒരു മുഴുവൻ ജീവിതത്തിൻെറ ഒരു സവിസ്തരാഖ്യാനം നല്കാൻ അതിനു സാധ്യമാണെന്നുള്ളതാണു്. കൂടാതെ ഒരു വ്യക്തിയുടെ പല കാലഘട്ടങ്ങളിലുമുള്ള ഭാഗ്യത്തിൻ്റെ വ്യതിയാനങ്ങളെയോ ഒരേ കാലഘട്ടങ്ങളിലുള്ള വൈരുദ്ധ്യസ്വഭാവമുള്ള കഥാപാത്രങ്ങളുടെ ജീവിതത്തെയോ പ്രതിപാദ്യവിഷയമാക്കാമെന്നുള്ളതും നോവലിൻെറ മെച്ചമാണു്. ഒരു ചെറുകഥ ഈ മാർഗ്ഗം അവലംബിച്ചാൽ ഇതിവൃത്തം അതിൻെറ ചട്ടക്കൂടിനെ അതിലംഘിക്കുകയും,

അതിൻെറ രൂപഭദ്രത നശിക്കുകയും, ബന്ധദാർഢ്യം കുറയുകയും ചെയ്യും. നാവികനെക്കുറിച്ചുള്ള ഈ കഥ അത്തരം ദൂഷ്യങ്ങളിൽനിന്നെല്ലാം അകന്നുനില്ക്കുന്നു. ആ നാവികന്ന് കപ്പൽ തകർന്ന് സകല ആശകളും നശിച്ചപ്പോൾ സർപ്പം തൻെറ സ്വന്തം നിർഭാഗ്യങ്ങൾ വരുത്തിയ ദുരിതങ്ങളുടെ കഥ പറയുകയും സന്തുഷ്ടമല്ലെങ്കിലും ശാന്തമായ ഇപ്പോഴത്തെ ജീവിതരീതിയെക്കുറിച്ചു വിവരിക്കുകയും ചെയ്യുന്നു. നാവികനെ സമാധാനിപ്പിക്കാനായിട്ടു സർപ്പം പറയുകയാണ്, "ദുരിതങ്ങളനുഭവിച്ച് അതിൽനിന്നും രക്ഷപ്പെട്ടുവന്ന ഒരു മനുഷ്യന്ന് അതെല്ലാം ഓർമ്മിക്കുകയും പറയുകയും ചെയ്യുകയെന്നുള്ളത് എന്തു സന്തോഷപ്രദമായ കാര്യമാണ്." ദീർഘകാലത്തെ ജീവിതത്തെക്കുറിച്ചുള്ള അനുസ്മരണകളിൽനിന്നുണ്ടാകുന്ന ആശ്വാസം ഒരു നോവലിൽമാത്രമേ പ്രതിപാദിക്കാൻ സാദ്ധ്യമാകൂ. എന്നാലിക്കഥയിൽ ഏറ്റവും സമർത്ഥമായ കൈവിരുതു കാണുന്നതു് അതിൻെറ സമാപ്തിയിലാണ്. കപ്പിത്താൻ രാജശിക്ഷയെ ഭയന്നിരിക്കുമ്പോൾ അദ്ദേഹത്തെ ആശ്വസിപ്പിക്കാനായിട്ടാണു നാവികൻ കഥപറയുന്നതു്. പക്ഷേ, അയാളുടെ നിർഭാഗ്യങ്ങൾ ഒരു പഴംകഥയാണ്. കപ്പിത്താൻ തൻെറ അനിശ്ചിതമായ വിധിയെ ചൊല്ലി വിഷമിക്കുന്നു. അതുകൊണ്ടു് അയാൾ ആ സമാശ്വാസോക്തികളെ ഇങ്ങനെ പറഞ്ഞുതിരസ്കരിക്കയാണ്. "രാവിലേ കൊല്ലുവാനുള്ള കോഴിക്കു് അതിരാവിലെതന്നെ നെല്ലുകൊടുക്കുന്നതിലെന്തർത്ഥമാണുള്ളതു്?" നോവലിൻെറ സർവ്വവിധമായ മെച്ചങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ ഈ ചെറുകഥ അതിൻെറ സ്വാഭാവികമായ ശുദ്ധതയും, രൂപഭദ്രതയിലുള്ള ശ്രദ്ധയും സ്വായത്തമാക്കുന്നു. എന്തെന്നാൽ ആശങ്കകളാൽ ഭീതനായിത്തീർന്നിരിക്കുന്ന കപ്പിത്താനെന്ന ഏകകഥാപാത്രത്തിൻെറ ജീവിതത്തിലെ ഒരേ ഒരു സംഭവത്തെ ആസ്പദമാക്കിയാണീക്കഥ രചിച്ചിരിക്കുന്നതു്. കപ്പിത്താന്നു് അതിനുശേഷം സംഭവിച്ചതിനെക്കുറിച്ചു കഥയിൽ യാതൊന്നുംതന്നെ പറയുന്നില്ല. അങ്ങനെ കലാസൃഷ്ടിക്കാവശ്യമുള്ള പരിധിവരെ സംഭവങ്ങളെ ജീവിതത്തിൽനിന്നും എടുത്തുകൊണ്ടു്, കൂടുതൽ അടിസ്ഥാനപരമായിട്ടുള്ള യാഥാർത്ഥ്യങ്ങളെ കല ജീവിതത്തിന്നു വിട്ടുകൊടുക്കുകയാണു ചെയ്യു

ന്നതു്. ഒരിക്കൽ അരൂപമായിരുന്ന ഒരവസ്ഥയിൽനിന്നുമാണു് മൂർത്തിമത്തായ ഈ ലോകത്തിന്റെ ഉത്ഭവം. വടിവില്ലാത്ത കരിമ്പാറയിൽനിന്നാണല്ലോ ഒരു ശില്പരൂപം കൊത്തിയെടുക്കുന്നതു്. ജീവിതത്തിലെ ചില പ്രത്യേകസംഭവങ്ങൾക്കു കഥാരൂപംനല്കുന്നു. സൂക്ഷ്മാപഗ്രഥനത്തിൽ ഈ സംഭവങ്ങൾ ഒരു തിരഞ്ഞെടുപ്പിന്റെ ഫലമാണു്. ഈ തിരഞ്ഞെടുപ്പു മിക്കപ്പോഴും യാഥാർത്ഥ്യങ്ങളുടെ നിബന്ധനകൾക്കു വിധേയവുമായിരിക്കും. ഭീഷണിപ്പെട്ടതിയെങ്കിലും, അപകടം കൂടാതെ കടന്നുപോയ ആ സംഭവത്തെ ചിലപ്പോഴൊക്കെ അനുസ്മരിച്ചുകൊണ്ടു് ആ കപ്പിത്താൻ വളരെനാൾ ജീവിച്ചിരുന്നുവോ, അതോ ഉടനെതന്നെ രാജകോപത്തിനു് ഇരയായോ, എന്നു നമുക്കു് ഒരിക്കലും അറിയാൻ സാധിക്കുകയില്ല. ദുർഘടസന്ധിയുടെ തരണത്തെപ്പററിയോ, അഥവാ ദുരന്തത്തിനു സമാശ്വാസമായി കാലഗതി പിന്നീടു സാക്ഷാൽക്കരിക്കുന്ന സുഖാനുഭൂതികളെപ്പററിയോ, വിളംബിതരീതിയിൽ പ്രതിപാദിക്കുന്നതു നോവലിന്റെ ധർമ്മമാണു്. പരിതഃസ്ഥിതിയുടെ സംഘട്ടനാത്മകതയെ പ്രകടിപ്പിക്കുകയാകുന്നു ചെറുകഥയുടെ കർമ്മം. ഇക്കാര്യം ഈ കഥ ഭംഗിയാംവിധംതന്നെ നിർവ്വഹിക്കുന്നുണ്ടു്. അതുകൂടാതെ, ഒരു ദീർഘാവലോകനം കഴിഞ്ഞുമാത്രമേ ജീവിതത്തിന്റെ യഥാർത്ഥസ്വഭാവത്തെപ്പററി ഒരു വിധികല്പനയ്ക്കു് ഒരുമ്പെടാവൂ എന്നുള്ള തത്വം— നോവലിന്റെ പരപ്പിനുമാത്രം വിശദീകരിക്കുവാൻ കഴിയുന്ന തത്വം—ഈ കഥ അതിന്റെ പരിധികളിൽ ഒതുങ്ങിനിന്നുകൊണ്ടുതന്നെ ഘടനാവൈഭവംകൊണ്ടുമാത്രം, മനോജ്ഞമായി സൂചിപ്പിക്കുകയും ചെയ്യുന്നു.

നാവികന്റെ കഥയിൽ ആ വിചിത്രസർപ്പംമാത്രമാണു് അതിശയോക്തിയോടുള്ള പഴയ കൂറിന്റെ അവശിഷ്ടം. ബാക്കിയുള്ള വിവരണങ്ങളെല്ലാം തികഞ്ഞ യാഥാർത്ഥ്യത്താൽ സജീവമാണു്. സിനൂഹിന്റെ കഥയിൽ പ്രാചീനപാരമ്പര്യങ്ങളുമായുള്ള എല്ലാ ബന്ധങ്ങളും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ കഥനം തികച്ചും യഥാതഥവും, മനശ്ശാസ്ത്രപരവും ആയിട്ടുണ്ടു്. സിനൂഹ്, അമനെംഹെററ്രാജാവു് ഒന്നാമന്റെ (ക്രി. മു. 1995—1945) കീഴിലും പിന്നീടു് അദ്ദേ

ഹത്തിൻെറ പുത്രൻ സെസോസ്ത്രീസ് ഒന്നാമൻെറ കീഴിലും സേവനമനുഷ്ഠിച്ചിട്ടുള്ള ഒരു ഉയന്ന ഉദ്യോഗസ്ഥനായിരുന്നു. ആത്മകഥാകഥനരീതിയിൽ സിനൂഹ് തൻെറ കഥ പറയുകയാണു ചെയ്യുന്നതു്. അമനെംഹെറ്റ് രാജാവു് നിര്യാതനായപ്പോൾമുതൽ സിനൂഹിൻെറ കഷ്ടകാലം ആരംഭിക്കുന്നു. പിന്തുടച്ചാവകാശം ഒരു തക്കവിഷയമായിത്തീരുന്നതിനുള്ള സകലസാദ്ധ്യതകളും ഉണ്ടാവുകയും രാജ്യം ഒരാഭ്യന്തരകലാപത്തിലാഴുകയും ചെയ്തു.

"വഷക്കാലത്തെ മൂന്നാംമാസത്തിലെ ഒൻപതാംനാൾ രാജാവു് സ്വർഗ്ഗസ്ഥനാവുകയും തൻെറ സൃഷ്ടികത്താവിൽ ലയിക്കുകയും ചെയ്തു. ഹൃദയങ്ങൾ ശോകഭരിതങ്ങളായി. കൊട്ടാരത്തിൻെറ രണ്ടുകൻവാതിലുകളും ബന്ധിച്ചു് ഉദ്യോഗസ്ഥന്മാർ മുട്ടുകളിൽ തല ചായിച്ചിരുന്നു. ജനങ്ങൾ തീവ്രമായ ദുഃഖമാചരിച്ചു." തത്സമയത്തു രാജാവിൻെറ പുത്രൻ രാജധാനിയിൽനിന്നും വിദൂരത്തൊരിടത്തു യുദ്ധരംഗത്തിലായിരുന്നു. നേരത്തേതന്നെ അശുഭവാത്തകൾ പരന്നിരുന്നു. ദൂതന്മാർ രാജകുമാരൻെറട്ടത്തേക്കോടി. "അവർ രാജകുമാരനെ കണ്ടു. രാത്രി അവർ അദ്ദേഹത്തിൻെറട്ടത്തുചെന്നു ചോദിച്ചു; പട്ടാളക്കാരെ അറിയിക്കാതെ തിരിച്ചുപോകുവാൻ അതു പററിയ സമയമല്ലേയെന്നു്. ഈജിപ്തിലെ വിവിധഭാഗങ്ങളിലുള്ള സൈന്യാധിപന്മാക്കു്, രാജാവിൻെറ ചരമവാത്ത രഹസ്യമായി വച്ചണമെന്നു പ്രത്യേകം ഉത്തരവുകൾ അയച്ചിട്ടുണ്ടെന്നും അവർ അദ്ദേഹത്തെ അറിയിച്ചു." സിനൂഹ് ഈ സമയം രാജകുമാരൻെറകൂടെയായിരുന്നു. അദ്ദേഹം ദൗത്യവാഹകന്മാരുടെ വാത്ത ശ്രവിക്കുകയും, ആപത്തിനെ ഗ്രഹിക്കുകയും ചെയ്തു. അവിചാരിതമായ ഈ നടുക്കുന്ന വാത്ത അദ്ദേഹത്തെ പരിക്ഷീണനാക്കി. ഒന്നും ആലോചിക്കാൻ നില്ക്കാതെ അദ്ദേഹം അവിടെനിന്നും അതിവേഗം പ്രയാണംചെയ്തു. കഥാകഥനത്തിൻെറ ഈ ഭാഗത്തു് അദ്ദേഹം തൻെറ ഈ പ്രവൃത്തിയെ ന്യായീകരിക്കാൻ ഒരു ശ്രമവും ചെയ്യുന്നില്ല. എന്തെന്നാൽ പെട്ടെന്നുണ്ടായ പ്രചോദനമാണല്ലോ അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചതു്. "സന്ദേശവാഹകർ സംസാരിക്കുന്നതു കേട്ടപ്പോൾ, ഞാനെണീററു് ഓടി. എൻെറ

ഹൃദയം പിളൎന്നുപോയിരുന്നു. എന്റെ കൈകൾ മരവിച്ചു് ഇരുവശവും നിശ്ചേഷ്ടങ്ങളായി തൂങ്ങിക്കിടന്നു. ഞാൻ സൎവ്വാംഗം വിറച്ചിരുന്നു. ഒരൊളിസ്ഥലം തേടി ലക്ഷ്യമില്ലാതെ ഞാനവിടെയും ഇവിടെയും ഓടി. വഴിയാത്രക്കാരിൽനിന്നും ഒളിച്ചുമാറുന്നതിന്നായി ഞാൻ പാതവക്കിലെ കുററിക്കാട്ടിനുള്ളിൽ പതുങ്ങിക്കൂടി. കൊട്ടാരത്തിൽ അക്രമപ്രവൃത്തികൾ നടക്കുന്നെന്നു മനസ്സിലായതുകൊണ്ടു് അങ്ങോട്ടുതിരിച്ചുപോകേണ്ടെന്നു ഞാൻ തീൎച്ചപ്പെടുത്തി. ഞാൻ സ്സൈഫെറുതടാകത്തിന്റടുത്തുപോയി; അതിന്റെ തീരത്തു് ആ രാത്രിമുഴുവൻ കഴിച്ചുകൂട്ടി. പിറേറന്നു പ്രഭാതത്തിൽ ഞാനെന്റെ പ്രയാണം തുടൎന്നു. പെട്ടെന്നു് ഒരു മനുഷ്യൻ എന്റെ മുമ്പിൽ വന്നുനിന്നു ദയയ്ക്കായി യാചിച്ചു. അവൻ എന്നെ വല്ലാതെ ഭയപ്പെട്ടിരുന്നു.'' അരാജകതാസമയത്തു് ഓരോരുത്തനും അന്യോന്യം ഭീതിയുണ്ടാകും എന്ന സത്യത്തിന്റെ നല്ല ഒരു പ്രകാശനമാണിതു്. അപരിചിതനു് സിനൂഹിനോടു തോന്നിയിരുന്ന ഭീതിതന്നെ ആ അപരിചിതനെക്കുറിച്ചു് സിനൂഹിനും ഉണ്ടായിക്കാണണം. ''രാത്രിയായപ്പോൾ ഞാൻ നെക്കാവ് എന്ന ഗ്രാമത്തിലെത്തിച്ചേൎന്നു. ഞാനൊരു വള്ളത്തിൽക്കയറി, പങ്കായമില്ലാതെ പടിഞ്ഞാറൻകാററിന്റെ സഹായത്താൽ നദികടന്നു് നദിയുടെ പതനസ്ഥാനത്തേയ്ക്കു നടന്നു. ഞാൻ അതിൎത്തിയിലുള്ള കോട്ടയിലെത്തി. മരുഭൂമിയിൽ ചുററുന്ന വൎഗ്ഗക്കാരെ തടയുന്നതിന്നും, കൊള്ളക്കാരെ ഓടിക്കുന്നതിന്നും വേണ്ടിയാണക്കോട്ടകെട്ടിയിരിക്കുന്നതു്. കോട്ടമുകളിലുള്ള കാവൽക്കാരുടെ കണ്ണിൽപ്പെടാതിരിക്കാൻ ഞാൻ കാട്ടിൽ പകൽമുഴുവൻ ഒളിച്ചിരുന്നു. രാത്രിയായപ്പോൾ ഞാൻ വീണ്ടും യാത്രതിരിക്കുകയും പുലരിയിൽ 'കമൂർ'തടാകത്തിലെത്തുകയും ചെയ്തു. ഞാനാകെ ക്ഷീണിച്ചുതളൎന്നിരുന്നു. അതിയായ ദാഹവും ഉണ്ടായിരുന്നു. എന്റെ ദേഹമാസകലം ചുട്ടുപിടിച്ചിരുന്നു. തൊണ്ട വരണ്ടുപോയി. ഞാൻ തന്നത്താൻ പറഞ്ഞുപോയി: 'ഇതാണു് യഥാൎത്ഥത്തിൽ മരണത്തിന്റെ സ്വാദു്.' പക്ഷേ, ഞാൻ ധൈൎയ്യം അവലംബിച്ചു. എന്റെ ഹൃദയസ്ഥൈൎയ്യം വീണ്ടെടുത്തു. എന്റെ ശരീരം ബലപ്പെടുത്തി. എന്തെന്നാൽ കന്നുകാലികളുടേയും മനുഷ്യരുടേയും ഒച്ചകേട്ടു.

അവ ബെഡ്ഡൂയിൻ നാടോടികളുടേയും അവരുടെ തലവന്റേ യും ആയിരുന്നു. അവർ പലപ്രാവശ്യം ഈജിപ്റ്റിൽ വന്നിട്ടുള്ളവരാണ്. അവരെന്നെ തിരിച്ചറിഞ്ഞു. തലവൻ എനിക്കു വെള്ളവും, കാച്ചിയപാലും തന്നു. ഞാനയാളുടെ സംഘത്തിലെ ആളുകളൊന്നിച്ചു പുറപ്പെട്ടു. എന്റെ ഹൃദയം അസ്വസ്ഥമായിരുന്നു. എന്റെ ഹൃദയം എന്നിലില്ലാത്തമട്ടിൽ ചഞ്ചലമായിരുന്നു. ഞാൻ തരിശിടങ്ങളുടെ വഴിച്ചാലുകളിലൂടെ നടന്നുപോയി. നാടുകൾ പലതും എന്നെ കൈമാറി.''

അവസാനം നമ്മുടെ യാത്രക്കാരൻ സിറിയൻ മരുഭൂമിയിലുള്ള ഒരു കൊച്ചുരാജ്യത്തു ചെന്നുചേരുകയും അവിടത്തെ സൈന്യാധിപനാകുകയും ചെയ്തു. ആ രാജ്യത്തിലെ അധിപതിക്ക് അതിയായ പ്രതിപത്തിയുളവായി തന്റെ മൂത്തപുത്രിയെ സിനൂഹിനു വിവാഹംചെയ്തുകൊടുക്കുകയും ഒരു സംസ്ഥാനത്തെ ഭരണംതന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു. "അതൊരു സുന്ദരമായ പ്രദേശമായിരുന്നു. അവിടെ അത്തിപ്പഴവും മുന്തിരിയും അതിധാരാളമായി വളന്നിരുന്നു. വെള്ളത്തെക്കാൾ സുലഭമായിരുന്നു വീഞ്ഞ്. തേൻ അതിധാരാളം, എണ്ണകൾ എത്ര വേണമെങ്കിലും, എല്ലാത്തരം പഴങ്ങളും സുലഭമായിക്കിട്ടും. ആ നാട് ഗോതമ്പിന്റെയും, ബാർലിയുടെയും കലവറയായിരുന്നു. കന്നുകാലികളും ആട്ടിൻപററങ്ങളും അസംഖ്യമായിരുന്നു.'' സിനൂഹ് അയൽനാട്ടുകളിലെ ശത്രുക്കളെ യുദ്ധംചെയ്തു തോല്പിച്ചു. "ഏതു രാജ്യത്തെ ഞാൻ ആക്രമിച്ചുവോ അവിടത്തെ ജനങ്ങളെ വയലുകളിൽനിന്നും കിണറുകളിൽനിന്നും തുരത്തി.'' തന്റെ നാടിനെ എതിർത്ത മുഷ്കരനായ ഒരു യോദ്ധാവിനെ അദ്ദേഹം ദ്വന്ദ്വയുദ്ധത്തിൽ പരാജയപ്പെടുത്തി. വിജയത്തെക്കുറിച്ചദ്ദേഹത്തിനു സംശയമായിരുന്നു. ആ സമരത്തിന്നു ശേഷവും താൻ ജീവിച്ചിരിക്കുന്നതായി കണ്ടപ്പോൾ ദൈവത്തിന്റെ കാരുണ്യം തനിക്കു വീണ്ടും ലഭിച്ചിരിക്കുന്നതായി സിനൂഹിനു തോന്നി. ഈജിപ്റ്റിലെ രാജാവു മരിച്ചസമയത്തു താൻ തന്റെ കത്തവ്യം നിവ്വഹിക്കാഞ്ഞതിൽ തന്റെമേൽ ഈശ്വരകോപം ഉള്ളതായി ഒരു തോന്നൽ അബോധപൂവ്വമായിട്ടുതന്നെ സിനൂഹിന്റെ ഹൃദയത്തിലുണ്ടായിരുന്നു. സമരത്തിന്നുശേഷം സിനൂഹിനു

ണ്ടായ ആശ്വാസം അതുകൊണ്ടു തികച്ചും മനഃശാസ്ത്രപരമാ യ ഒരു വിശകലനമാണെന്നു പറയാം. അദ്ദേഹം എഴുതുന്നു: "തന്നെ ആധാരമാക്കിയിട്ടുള്ള മനുഷ്യനെ ഈശ്വരൻ ഐ ശ്വര്യവാനാക്കുന്നു. സ്വരാജ്യത്തുനിന്നും രക്ഷപ്പെട്ട് അന്യരാ ജ്യത്തഭയംതേടാൻ പ്രേരിതനായ, ആ മനുഷ്യന്റെ ആത്മാ വിനെ ആ വിജയദിനം കഴുകി സംശുദ്ധമാക്കിത്തീർത്തു. അ ങ്ങനെ ആ ദിവസം ഒരു പാവപ്പെട്ട, രാജ്യഭ്രഷ്ടനെപ്പോലോ ടിപ്പോവാൻ നിർബ്ബന്ധിതനായ, ആ മനുഷ്യന്റെ പ്രാഭവം എല്ലാവരുടെ ദൃഷ്ടിയിലും തെളിയിച്ചു. ഒരിക്കൽ ഞാൻ വിശ പ്പുമായി അലഞ്ഞുനടന്നവനാണ്. ഇന്നു് എന്റെ അയൽ ക്കാർക്കു ഭക്ഷണംനൽകാൻ എനിക്കു കഴിയും."

എന്നാൽ വർഷങ്ങൾ കഴിഞ്ഞുപോകുംതോറും, വാർദ്ധ ക്യത്തോടടുക്കുംതോറും, സിനുഹിന്റെ ഹൃദയം സ്വന്തം നാ ടിനെക്കുറിച്ചാകാംക്ഷാകുലമായി ചമഞ്ഞു. അദ്ദേഹം തീ ക്ഷ്ണമായ നിശാപ്രാർത്ഥനകൾ നടത്തി. "ദൈവമേ, അങ്ങാ രായാലും ശരി എന്നെ ഓടിപ്പോകാൻകൽപിച്ച നീ എന്നോ ടു കാരുണ്യവാനാകേണമേ! എന്റെ രാജാവിന്റെ കൊട്ടാര ത്തിലേക്കു് എന്നെ വീണ്ടും കൊണ്ടുപോകേണമേ. എന്റെ ആത്മാവു് അധിഷ്ഠിതമായിരിക്കുന്ന ഇടം വീണ്ടും കാണുവാൻ എന്നെ അനുവദിക്കണേ! ഞാൻ ജനിച്ച മണ്ണിൽത്തന്നെ എ ന്നെ സംസ്കരിക്കുന്നതിൽ കവിഞ്ഞെന്താണു് ഒരു വലിയ അനുഗ്രഹം ഉള്ളതു്? എന്റെ രക്ഷയ്ക്കായി വരേണമേ! കഷ്ട പ്പെട്ടവനും ശോകസങ്കുലമായ ഹൃദയത്തോക്കൂടിയവനും അപ രിചിതമായ രാജ്യത്തേക്കു് അലഞ്ഞോടിയവനും ആയ ഈ മ നുഷ്യന്റെ അന്ത്യകാലഘട്ടത്തിൽ അവനെ സന്തുഷ്ടനാക്കാ നുള്ള എല്ലാം ചെയ്യേണമേ! ഇന്നേനാൾ അദ്ദേഹം എന്നിൽ പ്രീതനായിട്ടല്ലേ ഇരിക്കുന്നതു്? വിദൂരതയിലുള്ള ഇവന്റെ പ്രാർത്ഥന അദ്ദേഹം തീർച്ചയായും ശ്രവിക്കും. ഈജിപ്റ്റിലെ രാജാവും ഞാനുമായി രഞ്ജിപ്പുണ്ടാകട്ടെ. എനിക്കദ്ദേഹത്തി ന്റെ ഔദാര്യത്തിന്മേൽ ജീവിക്കാൻ ഇടയാകണേ. ഞാനദ്ദേ ഹത്തിന്റെ രാജ്ഞിയെ അഭിവാദ്യംചെയ്യട്ടെ. രാജശിശു ക്കളുടെ ആശിസ്സുകൾ ഏല്ക്കട്ടെ. എന്റെ ശരീരത്തിനു് ഇനിമേ ലും ചെറുപ്പമാകാൻകഴിഞ്ഞെങ്കിൽ! എന്തെന്നാൽ വാദ്ധക്യം

എന്റെമേൽ കവച്ച് നടത്തുകയാണ്. ക്ഷീണം എന്നെ വശംവദനാക്കുന്നു. എന്റെ കണ്ണുകളുടെ കാഴ്ച ക്ഷയിച്ചുതുടങ്ങി. എന്റെ കരങ്ങൾ നിസ്സഹായങ്ങളായി വീഴുന്നു. കാൽമുട്ടുകൾ ബലഹീനങ്ങളാകുന്നു. ഹൃദയമോ നിശ്ചേഷ്ടമാവുകയാണ്.''

ഒരുദിവസം രാജകുമാരനിൽനിന്നും,—ഇപ്പോഴദ്ദേഹം ഈജിപ്റ്റിലെ രാജാവാണ്—ഒരു ഉത്തരവു വന്നു. അദ്ദേഹം സിന്യൂഹിനെപ്പററി തിരക്കുകയായിരുന്നു. താൻ ഉടൻ വരുന്നതാണെന്നു് ഉറപ്പുകൊടുത്തുംകൊണ്ടു്, സിന്യൂഹ് രാജാവിനെ വളരെ കീർത്തിച്ചും, തന്റെ നിരപരാധിത്വത്തെ വിശദീകരിച്ചും ഒരു മറുപടി അയയ്ക്കുന്നു. തന്റെ പ്രയാണത്തെക്കുറിച്ചദ്ദേഹം ഇങ്ങനെ എഴുതുന്നു:

''ഞാനതിനെക്കുറിച്ചാലോചിച്ചിരുന്നില്ല. എന്റെ ഹൃദയത്തിൽ ആ ചിന്തയേയില്ലായിരുന്നു. അങ്ങനെ ഒരു ഉദ്ദേശം എനിക്കൊരിക്കലും ഇല്ലായിരുന്നു. എന്റെ നാട്ടുമായി ഞാനെങ്ങനെ വേർപെട്ടെന്നു് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഇതൊരുതരം സ്വപ്നംപോലെയാണ്. അതായതു് നൈൽനദീതടത്തിലുള്ള ഒരാൾ നദിയുടെ ഉത്ഭവസ്ഥലമായ പർവ്വതപ്രാന്തത്തിലെത്തിയാലെന്നപോലെ, വിളഭൂമിയിൽ നില്ക്കുന്ന ഒരു മനുഷ്യൻ സുഡാനിലെ മരുഭൂമിയെക്കുറിച്ചു് വിഭാവനചെയ്യുംപോലെ, ആണ്.''

അദ്ദേഹം രാജാവിന്റെയും രാജ്ഞിയുടെയും മുൻപിൽ വളരെ ആശങ്കയോടെ ഹാജരായി. ബെഡൂയിൻ നാടോടികളുടെ വേഷമണിഞ്ഞു മുമ്പിൽനില്ക്കുന്ന ആ ഈജിപ്ഷ്യൻ സൈനികനെ— സിന്യൂഹിനെ—മനസ്സിലായില്ലെന്നു നടിച്ചുകൊണ്ടു രാജ്ഞിയും രാജകുമാരന്മാരും പരിഹസിച്ചു. അവസാനം രാജാവു് സിന്യൂഹിനു മാപ്പുകൊടുത്തു് അദ്ദേഹത്തെ രാജകൊട്ടാരത്തിലെ സർവ്വാധിയാക്കുകയും ചെയ്തു. ''അവസാനം കാലം എന്റെ ഉടലിലൂടെ ഒഴുകി കടന്നുപോയി. ഞാനെന്റെ മുടി മുറിച്ചു ചീകിവച്ചു. ഞാനെന്നിൽനിന്നും ഒരു വിദേശരാജ്യത്തിന്റെ അഴുക്കു കഴുകിക്കളയുന്നതോടൊന്നിച്ചു മരുഭൂമിയിൽ ജീവിക്കുന്ന നാടോടികളുടെ വസ്ത്രധാരണവും ഉപേക്ഷിച്ചു. വെറും തറയിൽ കിടക്കുന്നതിനുപകരം ഞാൻ

മെത്തയിൽ ശയിച്ചു. ഞാൻ, മരുഭൂമി അതിൽ ജീവിക്കുന്നവക്കായിട്ടു വിട്ടു.'' ഈ പ്രശാന്തമായ അന്തരീക്ഷത്തിൽ കഥ അവസാനിക്കുകയാണു്.

കഥപറയുന്ന ആളുടെ ആത്മാൎത്ഥതയിലാണു് ഈ കഥയുടെ സൗന്ദര്യം കിടക്കുന്നതു്. ഒരിടത്തും അസത്യപ്രസ്താവങ്ങളില്ല. സിനൂഹ് ഓടിപ്പോയതു കേവലം ഭയത്താലാണു്. എന്നാൽ ആ സത്യത്തെ മറയ്ക്കുന്നതിന്നോ, അല്ലെങ്കിൽ അതിനെ ന്യായീകരിക്കുന്ന തെളിവുകൾ തരുന്നതിന്നോ, അദ്ദേഹം ശ്രമിക്കുന്നില്ല. ഈ സത്യബോധത്തിന്നനുയോജ്യമായിട്ടുള്ളതാണു് ഇതിലെ ശൈലിയും. സാഹിത്യത്തിൻെറ സവിശേഷസ്വഭാവത്തോടുകൂടിയല്ലാത്തതും, ആഭാസരഹിതമെങ്കിലും ഊൎജ്ജസ്വലതയും ഫലവത്തും ആയ ഒന്നാണതു്.

വെനമണിൻെറ കഥയിൽ ഇതേ ആത്മാൎത്ഥതയും ലാളിത്യവും വീണ്ടും വരുന്നുണ്ടു്. തീബ്സ്ദേവാലയത്തിലെ ഉത്സവകാലത്തു് അമോൺദേവൻെറ ബിംബം കയററി നദിയിലൂടെയുള്ള എഴുന്നള്ളിപ്പിനുപയോഗിക്കുന്ന പ്രസിദ്ധമായ പഴയ രാജനൗകയുടെ കേടുപാടുകൾ പോക്കാൻ സെഡാർമരങ്ങൾ കൊണ്ടുവരുന്നതിന്നായി വെനമൺ ലെബനണിലേയ്ക്കു് അയയ്ക്കപ്പെടുന്നു. ഈ ആവശ്യത്തിനു നിശ്ചിതകാലങ്ങളിൽ തടി വേണ്ടിയിരുന്നു. ഈജിപ്തു് ഒരു മഹച്ഛക്തിയായിരുന്ന കാലത്തോളം ഇതിനൊരു വിഷമവും ഇല്ലായിരുന്നു. എന്തെന്നാൽ ഇത്തരം സേവനങ്ങൾ ചെയ്തുകൊടുക്കാൻ ലെബനൺ ഭരിച്ചിരുന്ന ബിബ്ലോസിലെ രാജകുമാരനു് അത്യാകാംക്ഷയാണുണ്ടായിരുന്നതു്. ഈജിപ്തിനു മരം കിട്ടുകയും രാജകുമാരനു് അതിനുപകരമായി പാരിതോഷികങ്ങൾ ലഭിക്കുകയും ചെയ്തിരുന്നു. ഒരുപക്ഷേ, അവ മരത്തിൻെറ വിലയ്ക്കു തുല്യമായിരുന്നില്ലെന്നു വരാം. എന്നാൽ ഏതാണ്ടു് ക്രി. മു. 1100—നമ്മുടെ കാലം—ആയപ്പോഴേയ്ക്കും ഈജിപ്തിന്റെ പ്രതാപകാലം കഴിഞ്ഞുപോയിരുന്നു. തീബ്സിൽ റമേസിഡ് വംശം പേരിനു ഭരണം അപ്പോഴും നടത്തിക്കൊണ്ടിരുന്നെങ്കിലും ഈജിപ്തു് വിവിധ ചെറിയ ഭരണകൎത്താക്കൾക്കായി വിഭജിക്കപ്പെട്ടിരുന്നു. ബിബ്ലോസ്രാജകുമാരനു കൊടുക്കാറുണ്ടായിരുന്ന വിലപിടിച്ച പാരിതോഷികങ്ങൾ നൽകാൻ

കഴിവില്ലാതെവന്നപ്പോൾ രാജാവുംപുരോഹിതന്മാരും ആ ബുദ്ധിമുട്ടിൽനിന്നും രക്ഷപെടാൻ മാൎഗ്ഗമാലോചിച്ചു. അമോണിൻെറ ഒരു വിഗ്രഹവുമായി ക്ഷേത്രത്തിലെ പുരോഹിതനെ അവിടേക്കയച്ചു. ദേവനോടുള്ള ഭക്തികൊണ്ടോ, ഭയംകൊണ്ടോ, രാജകുമാരൻ പ്രതിഫലം ഒന്നും കൂടാതെ സെഡാർമരം തന്നുകൊള്ളുമെന്ന പ്രതീക്ഷയിലാണു് ഇങ്ങനെ ചെയ്തതു്. ഈ കൃത്യനിൎവ്വഹണത്തിനു വെനമൺ എന്ന പുരോഹിതനെ ആയിരുന്നു നിയോഗിച്ചതു്. അദ്ദേഹം നല്ല വശ്യവാക് ആയിരുന്നു. അദ്ദേഹമേറെറടുത്ത കൃത്യം എളുപ്പമല്ലായിരുന്നെങ്കിലും ഒരുവിധത്തിൽ അദ്ദേഹം അതു വിജയപ്രദമാക്കുന്നു. അദ്ദേഹം തൻെറ യാത്രയുടെ വിവരണം ആകൎഷകമായ ലാളിത്യത്തോടും നൎമ്മബോധത്തോടുംകൂടി രാജാവിനു നൽകുന്നുണ്ടു്. വേറൊരാളാണു് ഇതു പറഞ്ഞിരുന്നതെങ്കിൽ അതു കേവലം ഒരൗദ്യോഗികറിപ്പോർട്ടു് ആകുമായിരുന്നു. വെനമൺ അതു പറഞ്ഞപ്പോൾ അതു മനോഹരമായ സഞ്ചാരകഥയായിത്തീൎന്നു. ഹോമറിൻെറ ഒഡിസിയിലെ യുലീസിസിൻെറ ചില സാഹസകൃത്യങ്ങൾ നടന്നിട്ടുള്ള പല സ്ഥലങ്ങളും ഈ വിവരണത്തിൽ കാണുന്നുണ്ടെന്നു് ഓൎമ്മിക്കണം. ഐതിഹാസികമായ ഭാവനയുടെ ബൃഹത്‌വീക്ഷണത്തോടുകൂടിയാണു് ഹോമർ തൻെറ കാവ്യത്തിലെ പശ്ചാത്തലത്തേയും, കഥാപാത്രങ്ങളേയും വൎണ്ണിക്കുന്നതു്. വെനമണിൻെറ വിവരണത്തിന്നാകട്ടെ, സാധാരണക്കാരുടെ വീക്ഷണസ്വഭാവത്തിൻെറ മാനദണ്ഡമാണുള്ളതു്. ആയുധങ്ങൾകൊണ്ടുള്ള സംഘട്ടനങ്ങളുടെസ്ഥാനത്തു്, ഈ ഈജിപ്ഷ്യൻകഥയിൽ ഹാസ്യാത്മകമായ വാക്‌സമരങ്ങളാണധികവും ഉള്ളതു്. സെഡാർമരത്തിനു പ്രതിഫലംനൽകാൻ വെനമണിൻെറ കൈയിൽ പണമില്ലെന്നു മാത്രമല്ല, തൻെറ യാത്രച്ചെലവിനുകൂടി അദ്ദേഹത്തിന്നു പരാശ്രയം വേണ്ടിവന്നു. തീബ്സ് വിട്ടശേഷം ശൗരാജവംശത്തിലെ ഒരു രാജാവായ സ്മെൻഡീസ് ഭരിച്ചിരുന്ന നൈൽനദീമുഖത്തിലെ ടാനിസ് എന്ന സ്ഥലത്തു തൻെറ പിന്നീടുള്ള യാത്രയ്ക്കുവേണ്ടി ഒരു വാഹനം ലഭിക്കാൻ, അദ്ദേഹത്തിനു കാത്തുനില്ക്കേണ്ടിവന്നു. പലയിടങ്ങളിലുംനിന്നു സഞ്ചരിക്കുന്നതാണെങ്കിലും ബിബ്ളോസിലേയ്ക്കു് ഒരു കപ്പൽ

അദ്ദേഹത്തിനു കിട്ടുന്നുണ്ട്. ധാർ എന്ന സ്ഥലത്തുവച്ച് ആ കപ്പലിലെ വേലക്കാരിൽ ഒരാൾ അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്ന അല്പം പണംകൂടെ മോഷ്ടിച്ചു കടന്നുകളഞ്ഞു. ധാറിലെ ഗവർണ്ണരെ സമീപിച്ചു തനിക്കു സംഭവിച്ച നഷ്ടത്തിന്നെന്തെങ്കിലും ഒരു പരിഹാരം ചെയ്യണമെന്നപേക്ഷിച്ചു. "ദേവചക്രവർത്തിയായ അമോൺ റായുടെയാണ് എൻെറ കൈവശമുണ്ടായിരുന്ന പണമെന്നു ഞാൻ സത്യംചെയ്യുന്നു." ഗവർണ്ണർ മറുപടിപറഞ്ഞു: "നിങ്ങൾ ദേഷ്യപ്പെട്ടാലും ശരി സന്തോഷിച്ചാലും ശരി എനിക്കീ കാര്യത്തെക്കുറിച്ചൊന്നും അറിഞ്ഞുകൂടാ. ആ കള്ളൻ എൻെറ നാട്ടുകാരനായിരുന്നെങ്കിൽ ഞാൻ തീർച്ചയായും നഷ്ടപരിഹാരം ചെയ്യുമായിരുന്നു. പക്ഷേ, അവൻ നിങ്ങൾ സഞ്ചരിച്ചിരുന്ന ആ കപ്പലിലെതന്നെ കൂലിക്കാരനാണ്." ദൈവത്തിന്നു ചേർന്നതാണ് ആ പണമെന്നു് വെനമൺ ശഠിച്ചതുകൊണ്ട് അദ്ദേഹത്തെ അത്രവേഗം ഒഴിച്ചുവിടാനും ഗവർണ്ണർക്കു ധൈര്യമുണ്ടായിരുന്നില്ല. വെനമണോടു കുറച്ചുദിവസംകൂടെ അവിടെ താമസിക്കാനും അതിനിടയിൽ താൻ അതിനെക്കുറിച്ചന്വേഷണങ്ങൾ നടത്താമെന്നും ഗവർണ്ണർ പറഞ്ഞു. പക്ഷേ, കള്ളനെ പിടികിട്ടിയില്ല. കുറച്ചുദിവസങ്ങൾക്കുശേഷം വെനമൺ മററൊരു കപ്പലിൽ റ്റയർ എന്ന സ്ഥലത്തേയ്ക്കു തിരിച്ചു. റ്റയർ എന്ന സ്ഥലവും ധാറിലെ ഗവർണ്ണർ ഭരിച്ചിരുന്ന രാജ്യത്തിൽ പെട്ടതുതന്നെയായിരുന്നു. വെനമൺ റ്റയറിലെ ഗവർണ്ണരേയും നഷ്ടപരിഹാരാർത്ഥം ബുദ്ധിമുട്ടിക്കുന്നു. ഗവർണ്ണർ ആ നിവേദനമൊന്നും സ്വീകരിച്ചില്ല. ഈ സന്ദർശനസമയത്തു ഗവർണ്ണരുടെ കൈവശം ഒരുസഞ്ചിപ്പണം ഉണ്ടായിരുന്നു. വെനമൺ സൂത്രത്തിൽ ആ പണസ്സഞ്ചി കൈക്കലാക്കുകയും തൻെറ പണം തിരികെ കിട്ടുംവരെ താനതു സൂക്ഷിക്കാൻ പോകയാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. സത്യാഗ്രഹമനുഷ്ഠിക്കുന്ന അമോണിൻെറ പുരോഹിതനോടു ഗവർണ്ണർക്കു യാതൊന്നും ചെയ്യാൻ സാധിച്ചില്ല.

അവസാനം അദ്ദേഹം ബിബ്ലോസിൽ എത്തിച്ചേരുകയും അവിടത്തെ ഗവർണ്ണരെ കാണുകയും ചെയ്തു. എന്നാൽ സെഡാർമരത്തിന്നു വിലകൊടുക്കാൻ കൈയിൽ പണമില്ലാത്തതി

ന്നാൽ തനിക്ക്, വെനമണമായി മററു യാതൊരു കാര്യങ്ങളും ഇല്ലെന്നു ഗവർണ്ണർ നിശ്ചയിച്ചു. ''ഞാൻ പത്തൊൻപതു ദിവസം ബിബ്ളോസ് തുറമുഖത്തുതന്നെ കഴിച്ചുകൂട്ടി. ദിനവും "നിങ്ങൾ ഈ തുറമുഖംവിട്ടുപോകണം' എന്നു ഗവർണ്ണർ ഉത്തരവയയ്ക്കും.'' പിന്നീട് അതിശയകരമായ സംഭവങ്ങൾ ഉണ്ടായി. ഒരു വെളിച്ചപ്പാട്, അമോണിൻെറ വിഗ്രഹം പിടിച്ചെടുത്തു വെനമണിനെ അവിടെനിന്നും ഓടിക്കണമെന്നു ബിബ്ളോസ്‌രാജകുമാരനോടാവശ്യപ്പെട്ടുന്നു. വെനമൺ ഇത്തരം സംഭവവികാസങ്ങളുടെ സാദ്ധ്യതയെ സംശയിച്ചിരുന്നതുപോലെ, നേരത്തെതന്നെ വിഗ്രഹം കപ്പലിൽനിന്നും എടുത്തു തീരത്തുള്ള ഒരു ഗുഹയിൽ മൂടിവെച്ചിരുന്നു. അതേസമയത്തു് രാജകുമാരൻെറ കല്പനപ്രകാരം, വെനമണിനോടു താമസിക്കുവാൻപറഞ്ഞുകൊണ്ടു ഗവർണ്ണർ ഒരു സന്ദേശമയയ്ക്കുന്നു. വെനമൺ അതിനു മറുപടി പറഞ്ഞു: ''സ്ഥലംവിട്ട് ഉടൻ പോകണം എന്നു് ദിവസവും എന്നോടാവശ്യപ്പെട്ടിരുന്ന നിങ്ങൾതന്നെ ഇപ്പോൾ എന്നോടു താമസിക്കാൻ പറയുന്നു. കപ്പൽ തിരിച്ചുപോകുന്നതിന്നു തയ്യാറായിരിക്കുന്നു. ഞാനും അതൊന്നിച്ചു പോവുകയാണു്. ഇന്നു് അതു തെറ്റുകയാണെങ്കിൽ, നാളെ നിങ്ങൾ വീണ്ടും വന്നു പറയും, 'കടന്നുപോണം ഇവിടന്നു്,' എന്നു്.'' ഗവർണ്ണർ ഒടുവിൽ ഒരുവിധം ആ വിഷമംപിടിച്ച മനുഷ്യനെ താമസിക്കാമെന്നു സമ്മതിപ്പിക്കുകയും, രാജകുമാരനുമായി ഒരഭിമുഖസന്ദർശനത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. ''ഞാൻ രാജകുമാരനെ അദ്ദേഹത്തിൻെറ കൊട്ടാരത്തിൻെറ മാളികയിൽ ആസനസ്ഥനായി കണ്ടു. ചുവരിലുണ്ടായിരുന്ന ഒരു തുറന്ന ജന്നലിനു പുറംതിരിഞ്ഞാണദ്ദേഹം ഇരുന്നിരുന്നതു്. സിറിയൻകടലിലെ തിരകൾ കുതിച്ചുമറിഞ്ഞു വരുന്നതും കരയ്ക്കടിച്ചു തകരുന്നതും കാണാമായിരുന്നു.''

തുടർന്നുണ്ടായ കൂടിയാലോചനകൾക്കു് ബുദ്ധിമാനായ വെനമണിനുള്ള സകല കൗശലവും ആവശ്യമായിരുന്നു. മുൻകാലങ്ങളിൽ ബിബ്ളോസ്‌രാജാവു് സെഡാർമരങ്ങൾ ഈജിപ്തുരാജാവിനു കൊടുത്തിരുന്നതു വിലയ്ക്കല്ലെന്നും, കപ്പമായിട്ടായിരുന്നെന്നും അദ്ദേഹം അവകാശപ്പെട്ടു. മരംകൊടുത്തി

രുന്ന അവസരങ്ങളിലെല്ലാം ഒരായിരംവെള്ളികൊടുത്തിരുന്നു വെന്നതിനുള്ള പ്രമാണങ്ങൾ രാജകുമാരൻ എടുത്തു കാണിച്ചു. "ഈജിപ്റ്റിലെ രാജാവ് ഞങ്ങളുടെ മേല്ക്കോയ്മയായിരുന്നെങ്കിൽ, ഞങ്ങൾ അദ്ദേഹത്തിൻെറ ഭൃത്യന്മാരായിരുന്നെങ്കിൽ, അദ്ദേഹം എന്റെ അച്ഛനും മുത്തച്ഛനും, സ്വർണ്ണമോ, വെള്ളിയോ ഒരിക്കലും കൊടുത്തയയ്ക്കുകയില്ലായിരുന്നു. എന്നെ സംബന്ധിച്ചു പറഞ്ഞാൽ ഞാൻ നിങ്ങളുടെ ഭൃത്യനല്ല; നിങ്ങളെ അയച്ച ആളുടെ സാമന്തനുമല്ല." വെനമൺ വാദം തുടർന്നുകൊണ്ടിരുന്നപ്പോൾ രാജാവിന് അതിയായ കോപംവന്നു. ഈജിപ്റ്റ്‌രാജാവ് മുമ്പു കപ്പം ആവശ്യപ്പെട്ടുകൊണ്ട് അയച്ച പ്രതിനിധികളെ ബിബ്‌ളോസിൽവച്ച് താൻ ജയിലിലടച്ചതും, പത്തോ പതിനഞ്ചോ വർഷങ്ങൾ കഴിഞ്ഞ് അവർ ജയിലിൽ കിടന്നു മരിച്ചതും മററും രാജാവ് ഓർമ്മിപ്പിച്ചു. അവരുടെ ശവകുടീരങ്ങൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്നോ എന്ന് രാജകുമാരൻ വെനമണിനോടു ചോദിച്ചു. വെനമൺ തൻെറ അടവൊന്നു മാററി പ്രയോഗിച്ചു. തനിക്ക് ഈജിപ്റ്റ്‌രാജാവുമായി യാതൊരു ബന്ധവുമില്ലെന്നും താൻ അമോണിൻെറ പുരോഹിതനാണെന്നും പറഞ്ഞു. ആ ദൈവത്തിൻെറ മഹത്വത്തെ വാഴ്ത്തിക്കൊണ്ട് അദ്ദേഹം നീണ്ട ഒരു പ്രസംഗം നടത്തി. അദ്ദേഹം രാജകുമാരനോടു പറഞ്ഞു, എഴുന്നള്ളിപ്പിനുപയോഗിക്കുന്ന നൗകയ്ക്കു സെഡാർമരം തന്ന ഉദാരനായ രാജകുമാരനാണദ്ദേഹമെന്ന് അടുത്ത തലമുറ അദ്ദേഹത്തെ സ്മരിക്കും എന്ന്. അങ്ങനെ രാജകുമാരനെ അദ്ദേഹം ജയിച്ചുകളഞ്ഞു.

മലകളിൽനിന്നും സെഡാർമരങ്ങൾ മുറിച്ച് കടൽത്തീരത്തു കൊണ്ടുവന്നു വെയിലിലിട്ട് ഉണക്കി ശരിപ്പെടുത്തി. അപ്പോൾ മറെറാരു കുഴപ്പം ഉണ്ടായി. മരം ഈജിപ്റ്റിലേക്കു കൊണ്ടുപോകുന്ന ചെലവിനു വെനമണിന്റെ കൈയിൽ പണമില്ല. താൻ കൊടുക്കാൻ നിരസിച്ച മരം വെനമൺ രാജാവിന്റെ പക്കൽനിന്നു വാങ്ങിയതുമൂലം ഗവർണ്ണർ അദ്ദേഹത്തിൻെറ പേരിൽ ഒരു വിദ്വേഷം വെച്ചുപുലർത്തിയിരുന്നു. അതുകൊണ്ട് ഉടനെ ബിബ്‌ളോസ് വിടണമെന്നാവശ്യപ്പെട്ടു. "കടൽയാത്രയെക്കുറിച്ചു ഭീതിപ്പെട്ടിരിക്കയാണു നിങ്ങളെ

ങ്കിൽ, നിങ്ങൾ ഇവിടെ താമസിച്ചാൽ, ഞാൻ നിങ്ങളോടു ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചും ഭയപ്പെടേണ്ടിവരും," എന്നും ഗവർണ്ണർ പറഞ്ഞു. രണ്ടു് ഋതുകാലം വെനമൺ അവിടെ അകപ്പെട്ടുപോയി. ഒരു ദിവസം ഗവർണ്ണർ അല്പം സൗമ്യശീലനായിരിക്കുന്നതുകണ്ടു് വെനമൺ അദ്ദേഹത്തിന്റെ അടുത്തു പോയിരുന്നു കരയാൻതുടങ്ങി. എന്തിനാണു കരയുന്നതെന്നു ഗവർണ്ണർ തിരക്കി. "തങ്ങളുടെ ഋതുകാലമാററയാത്രകൾക്കുശേഷം കൊററികൾ വീണ്ടും വീണ്ടും ഈജിപ്തിലേക്കു പറക്കുന്നതു കണ്ടില്ലേ? അല്പസമയത്തെ വിശ്രമത്തിനായി അവ പറ്റംപറ്റമായി കുളിർനീർത്തടാകത്തിൽ കൂടുന്നതു കണ്ടില്ലേ? ക്ഷീണം തീർത്തു് അവ വീണ്ടും ഈജിപ്തിലെ വിളഞ്ഞുകിടക്കുന്ന പാടങ്ങളിലേക്കു പറന്നുപോകുന്നു. ഇങ്ങനെ ഞാനെത്രകാലമാണിവിടെ കഴിഞ്ഞുകൂടേണ്ടതായി വരിക?" എന്നു മറുപടി പറഞ്ഞു. അതു കേട്ടപ്പോൾ ഗവർണ്ണർക്കു വലിയ സഹതാപം തോന്നുകയും, അദ്ദേഹത്തിന്റെ യാത്രക്കു് എല്ലാ ഏർപ്പാട്ടുകളും ചെയ്യുകയും ചെയ്തു.

പക്ഷേ, കുഴപ്പങ്ങൾ അവസാനിച്ചില്ല. അദ്ദേഹത്തിന്റെ കപ്പൽ തുറമുഖം വിടാൻതുടങ്ങുമ്പോൾ, കച്ചവടക്കാരുടെ ഒരു വലിയ സംഘം കരയിൽക്കൂടി ഈജിപ്തിലേക്കു വാണിഭങ്ങളും കേററി പോയ അവരുടെ കപ്പലുകളെ നൈൽമുഖത്തുവച്ചു കടൽക്കള്ളന്മാർ ആക്രമിച്ചു പിടിച്ചെടുത്തു. വളന്നുവരുന്ന അത്തരം അരക്ഷിതാവസ്ഥയെ തടയുന്നതിന്നു്, ഈജിപ്തിലെ ബലഹീനനായ രാജാവിനു കഴിവില്ലായിരുന്നു. പക്ഷേ, ഒരു വിദേശരാജ്യത്തിനോടപ്പോഴും അദ്ദേഹം ഉത്തരം പറയേണ്ടിയുമിരുന്നു. അതുകൊണ്ടു് കച്ചവടക്കാർ വെനമണിനെ കൊന്നു് ആ തടികൾ പിടിച്ചെടുക്കണമെന്നു തീരുമാനിച്ചു. ഗവർണ്ണർ വലിയബുദ്ധിമുട്ടിലായി. അദ്ദേഹം രോഷാകുലരായ വ്യാപാരികളോടു പറഞ്ഞു: "എൻെറ സ്വന്തം രാജ്യത്തുവച്ചു് അമോണിൻെറ പ്രതിനിധിയെ തടവുകാരനാക്കുന്നതു് എനിക്കനുവദിക്കാൻ നിർവാഹമില്ല. ഞാനദ്ദേഹത്തെ ഈ തുറമുഖത്തുനിന്നും യാത്രയയക്കട്ടെ. അതിനുശേഷം നിങ്ങളദ്ദേഹത്തെ പിന്തുടന്നു് ഇഷ്ടമുള്ളതു ചെയ്തുകൊള്ളിൻ." കച്ചവടക്കാരുടെ കപ്പലിനാൽ പിന്തുടരപ്പെട്ട വെനമൺ അതി

വേഗം യാത്രചെയ്യുകയും, സിറിയയുടെ വടക്കേ അററത്തുള്ള ഒരു ചെറിയ രാജ്യമായ അലാഷിയയിൽ ചെന്നഭയംപ്രാപിക്കുകയും ചെയ്തു. അദ്ദേഹം രാജ്ഞിയെ കണ്ടു. അവളെ വളരെയേറെ പുകഴ്ത്തി. അതുകൊണ്ട് അത്ഭുതപ്പെട്ട രാജ്ഞി അദ്ദേഹത്തിന്നു് എന്താണു വേണ്ടതെന്നു ചോദിച്ചു. തനിക്കു രക്ഷനല്കണമെന്നദ്ദേഹം ആവശ്യപ്പെട്ടു. അതിനുശേഷമുള്ള അദ്ദേഹത്തിൻെറ സാഹസാനുഭവങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ നമുക്കു ലഭിക്കുന്നില്ല. അതു നഷ്ടപ്പെട്ടിരിക്കുന്നു. എന്നാൽ അദ്ദേഹം രാജാവിൻറടുത്തു് അതെല്ലാം വിവരിക്കുന്നതുകൊണ്ട് തൻെറ ബുദ്ധി അദ്ദേഹത്തെ സ്വരാജ്യത്തു സുരക്ഷിതമായെത്തിച്ചേരാൻ സഹായിച്ചു എന്നു മനസ്സിലാക്കാൻ കഴിയും.

വളച്ചുകെട്ടാത്ത പ്രതിപാദനരീതിയും, സജീവചിത്രണസ്വഭാവവും, അനുക്രമമായി കൊണ്ടുവന്നിട്ടുള്ള സന്ദിഗ്ദ്ധാവസ്ഥകളാൽ നിലനിറുത്തിപ്പോന്ന പരിണാമഗുപ്തിയും, ഹാസ്യാംശവും ഇതിനെ അതീതകാലത്തിൽനിന്നും നമുക്കു ലഭിച്ചിട്ടുള്ള കഥകളിൽവച്ച് ഏററവും ഹൃദ്യമാക്കിത്തീർത്തിട്ടുണ്ട്.

അദ്ധ്യായം അഞ്ച്

# ചരിത്രസാഹിത്യം

ഈജിപ്റ്റിൽ ചരിത്രസാഹിത്യത്തിൻെറ ഒരു ഭണ്ഡാഗാരംതന്നെ അവശേഷിച്ചിട്ടുണ്ട്. അതിലധികവും ശുദ്ധ രേഖാസഞ്ചയങ്ങളാണ്. മാത്രമല്ല, അവ വെറും ഔദ്യോഗികരേഖകളാകയാൽ സാഹിത്യചരിത്രത്തിൽ അവയെ പരിഗണിക്കേണ്ടതില്ല. എന്നാൽ പൗരാണികകാലത്തെ ചരിത്രപുനർനിർമ്മാണത്തിൽ അവയ്ക്കു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഈ ലേഖനങ്ങളിൽ ചിലതിനു സാഹിത്യപ്രാധാന്യവുമുണ്ട്. അക്കാലത്തെ ജനങ്ങളുടെ ആശകൾ, നിരാശകൾ, അവരുടെ ദൈനംദിനജീവിതം, തൊഴിൽ, വിശ്രമരീതികൾ തുടങ്ങി ജീവിതസമ്പ്രദായങ്ങളെക്കുറിച്ച് ഏറ്റവും സൂക്ഷ്മമായ വിവരങ്ങൾ അവയിൽനിന്നു നമുക്കു ലഭിക്കുന്നു.

പ്രതീക്ഷയ്ക്കനുസൃതമായി, ഈ സാഹിത്യത്തിലധികഭാഗവും, രാജാക്കന്മാരുടെ സൈനികപരാക്രമങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നവയാണ്. അസ്സീരിയൻകാലത്തിനുശേഷം യുദ്ധത്തിൻെറ നിയമങ്ങൾ പരിഷ്കരിച്ചതായി തോന്നുന്നില്ല. യുദ്ധമെന്നാൽ, സൈനികർക്കു മരണം, പൗരന്മാർക്ക് അടിമത്തം, അവരുടെ ഭൂമിക്കു നാശം, അവസാനംവരെ യുദ്ധം എന്നതായിരുന്നു അർത്ഥം. ഒരു വിദേശരാജ്യത്തിനെതിരായുള്ള ആക്രമണത്തെക്കുറിച്ച് ഉസെർട്ട്സെൻ എന്ന രാജാവ് ഇപ്രകാരമെഴുതിയിരിക്കുന്നു: "ഞാൻ അവരുടെ സ്ത്രീകളെ പിടിച്ചെടുത്തു, വയലുകളിൽനിന്നു തൊഴിലാളികളെ തട്ടിക്കൊണ്ടുപോയി, ഞാൻ അവരുടെ കിണറുകൾ നശിപ്പിച്ചുകളഞ്ഞു, അവരുടെ കന്നുകാലികളെ കൊന്നൊടുക്കി; അവരുടെ ധാന്യങ്ങൾ വെട്ടിമുറിച്ചു നശിപ്പിച്ചുകളഞ്ഞു." സിറിയയുടെ നേരെയുണ്ടായ ആക്രമണത്തെക്കുറിച്ചുള്ള ഒരു രേഖയിൽ, യുദ്ധംമൂലമുണ്ടാകുന്ന സമൂലനാശങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. ലളിതമെങ്കിലും, വിവിധ ആക്രമണപ്രവർത്തനങ്ങളെക്കുറിച്ചുള്ള രാജാവിൻെറ വിവരണങ്ങളേക്കാൾ യഥാർത്ഥത്തിൽ

കൂടുതൽ വാചാലത അതിനുണ്ടു്. "സിറിയയിലെ അത്തിവൃക്ഷങ്ങളും മുന്തിരിവള്ളികളും വെട്ടിനശിപ്പിച്ചു് ഈ സൈന്യം സുരക്ഷിതമായി മടങ്ങിവന്നു." സിറിയൻമരുഭൂമികളിൽ അങ്ങിങ്ങായി ഉണ്ടായിരുന്ന മരുപ്പച്ചകളിൽ നട്ടുവളർത്തിയിരുന്ന അത്തിപ്പഴവും മുന്തിരിക്കുലകളും ആയിരുന്നു അക്കാലത്തു സിറിയയിലെ ജീവിതസന്ധാരണത്തിനുള്ള ഏകമാർഗ്ഗം. ഏററവും ലളിതമായ മേല്പറഞ്ഞ വാചകങ്ങളിൽ ഭൂപ്രദേശത്തിൻെറ സമൂലനാശംതന്നെ വ്യക്തമാക്കിയിട്ടുണ്ടു്.

മെസൊപ്പൊട്ടേമിയയിലെ രാജാക്കന്മാരെപ്പോലെതന്നെ, ഈജിപ്റ്റിലെ ഭരണാധികാരികളും ഈ ആക്രമണസംരംഭങ്ങളിൽ അവരുടെ ദേവന്മാരുടെ പിൻതുണ തങ്ങൾക്കുണ്ടെന്നു വിശ്വസിച്ചിരുന്നു. സിറിയയിലെ ഈജിപ്ഷ്യൻസാമ്രാജ്യത്തിൻെറ സ്ഥാപകൻ, ഥുട്മോസ് മൂന്നാമനായിരുന്നു. അദ്ദേഹത്തെ സ്തുതിച്ചെഴുതിയിട്ടുള്ള ഒരു കാവ്യത്തിൽ, രാജാവിൻെറ വിജയങ്ങളുടെ പിറകിൽ, അമോൺ എന്ന ദേവത ഉണ്ടായിരുന്നതായി ദേവൻതന്നെ പ്രഖ്യാപിക്കുന്നതായി സൂചിപ്പിച്ചിരിക്കുന്നു.

"ഫിനീഷ്യയിലെ ബലവാന്മാരെ നിന്നെക്കൊണ്ടു ചവിട്ടിമെതിപ്പിക്കുവാൻ, അവരുടെ ഭൂമിയൊട്ടാകെ, നിൻെറ ചവിട്ടടികൾക്കടിയിൽ, അവരെ വിതറുവാൻ, എൻെറ പ്രതിമപോലെ നീ അവരുടെ കൺമുൻപിൽ പ്രകാശിക്കുമ്പോൾ, നിൻെറ ശോഭയും രാജകീയമഹിമയും അവർ കാണുന്നതിനു കാരണമാക്കുവാൻ, ഞാൻ വന്നു.

"സമുദ്രത്താൽ ചുററപ്പെട്ടതെല്ലാം നിന്റെ കൈക്കുള്ളിൽ ഒതുങ്ങുമ്പോൾ, ഭൂമിയുടെ അററംവരെ നീ സഞ്ചരിക്കുന്നതിനു കാരണമാക്കുവാൻ ഞാൻ വന്നു."

ഈ മനോഭാവത്തിൽ നാം അത്യധികം ആശ്ചര്യപ്പെട്ടിട്ടു കാര്യമില്ല. നമ്മുടെ ശതാബ്ദത്തിൽത്തന്നെയുണ്ടായ രണ്ടു ലോകമഹായുദ്ധകാലത്തു്, യുദ്ധത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ രാഷ്ട്രങ്ങളും, വിജയത്തിനുവേണ്ടി സദാ പ്രാർത്ഥിക്കുന്നതു നാം കണ്ടിട്ടുണ്ടു്. യുദ്ധാവസാനത്തിൽ വിജയികൾ കൃതജ്ഞതാസൂചകങ്ങളായ പ്രാർത്ഥനകൾ നടത്തിവന്നിരുന്നു. അന്തസ്സാരവിഹീനങ്ങളായ നമ്മുടെ പല ആഗ്രഹങ്ങളിൽനിന്നും ഹൃദയത്തെയും

മനസ്സിനെയും വേർപെടുത്തിക്കൊണ്ടു്, ഒരു വർഗ്ഗദേവതയാണെന്ന ദൈവത്തെക്കുറിച്ചുള്ള പ്രാചീനാശയത്തിന്നതീതമായി നാം ഇനിയും പുരോഗമിക്കേണ്ടിയിരിക്കുന്നു.

തങ്ങളുടെ സാമ്രാജ്യത്തിൽ നിയമവും സമാധാനവും പുലർത്തുന്നതിനുള്ള ഉദ്യമത്തിൽ അതിർത്തിപ്രദേശങ്ങളിലെ അക്രമികളായ ഗോത്രവർഗ്ഗക്കാരിൽനിന്നും മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞുനടന്നവരിൽനിന്നും പർവ്വതപ്രദേശങ്ങളിലെ ക്രൂരരായ മനുഷ്യരിൽനിന്നും ഈജിപ്തിലെ രാജാക്കന്മാൎക്കു് എല്ലാ സമയത്തും ഉപദ്രവമുണ്ടായിക്കൊണ്ടിരുന്നുവെന്ന വസ്തുത നാം സമ്മതിക്കുകതന്നെ വേണം. അവൎക്കു സഹിക്കേണ്ടിവന്നിരുന്ന പ്രയാസങ്ങളുടെ ഏകദേശരൂപം മെരിക്കേർരാജാവിനു് അദ്ദേഹത്തിൻെറ പിതാവു നൽകിയ ഉപദേശങ്ങളിൽനിന്നു നമുക്കു മനസ്സിലാകുന്നുണ്ടു്. "നികൃഷ്ടനാണു് അതിർത്തിപ്രദേക്കാരൻ; അവൻ വസിക്കുന്ന ഭൂമി മലിനജലമുള്ളതും നിന്ദ്യവുമാണു്. പർവ്വതങ്ങളുള്ളതിനാൽ അവിടങ്ങളിലെ പാതകൾ അപായമുള്ളവയാണു്. വനങ്ങളുടെ ആധിക്യംമൂലം രാജ്യത്തിലേക്കു പ്രവേശിക്കുക എളുപ്പമല്ല. അവൻ ഒരിടത്തുതന്നെ ഒരിക്കലും വസിക്കുന്നില്ല. അവൻ എപ്പോഴും ചുററിസ്സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ആദിമകാലംമുതൽക്കേ അവൻ യുദ്ധം ചെയ്യുന്നു. എന്നാൽ ഒരിക്കലും ജയിക്കുന്നില്ല. അതുപോലെതന്നെ അവൻ കീഴടക്കപ്പെടുന്നുമില്ല. സമരദിവസം അവൻ മുൻകൂട്ടി അറിയിക്കുകയില്ല. പെട്ടെന്നുള്ള നീച ആക്രമണങ്ങളിൽ അവൻ വിശ്വസിക്കുന്നു." സ്ഥിരമായി ഒരു സ്ഥലത്തുതന്നെ വസിച്ചുകൊണ്ടു് കാൎഷികവൃത്തിയിൽ ഏൎപ്പെട്ടിരിക്കുന്ന ജനങ്ങൾ നടത്തുന്ന യുദ്ധം, ജയിച്ചവരും തോററവരും വയലുകളിലെ ദൈനംദിനജീവിതക്രമങ്ങളിലേക്കു തിരിച്ചുപോകുമ്പോൾ, ക്രമേണ സമാധാനത്തിൽ പൎയ്യവസാനിക്കുന്നു. എന്നാൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നവർ സ്ഥിരമായ രാഷ്ട്രങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നില്ല. അവർ അക്രമങ്ങളിൽ വിശ്വസിക്കുകയും, ഒളിപ്പോർമുറകൾ അവലംബിക്കുകയും ചെയ്തിരുന്നു. വിഷമകാരികളായ ഈ ഗോത്രവർഗ്ഗക്കാരെ അടിച്ചമർത്തുവാൻ ഈജിപ്ഷ്യൻരാജാക്കന്മാർ നിരന്തരപരിശ്രമം നടത്തിവന്നിരുന്നതിൽ അതിശയിക്കാനില്ല.

സൈനികാക്രമണങ്ങളെക്കുറിച്ചുള്ള ചില വിവരങ്ങൾ, അന്യരുടെ വസ്തുക്കൾ നിഷ്ക്കരുണം പിടിച്ചുപറിക്കുന്നതിനെപ്പററി വിവരിക്കുന്നതിനുപകരം, യുദ്ധസമ്പ്രദായങ്ങളെക്കുറിച്ചു വളരെ വിശദമായി പ്രതിപാദിക്കുന്നു. ആധുനിക കാലത്തെഴുതിയിട്ടുള്ള യുദ്ധചരിത്രങ്ങളെയോ, സീസറെപ്പോലുള്ള മഹാന്മാരുടെ ലിഖിതങ്ങളെയോ ആണു മേൽപറഞ്ഞ വിവരണങ്ങൾ ദീർഘദർശനംചെയ്യുന്നതു്. സിറിയയിലെ മെജിഡോനഗരം ധ്രുട്മോസ് പിടിച്ചടക്കുന്നതിനെക്കുറിച്ചുള്ള ഒരു സൂക്ഷ്മവിവരണമുണ്ടു്: "ചക്രവർത്തിയുടെ കൂടാരങ്ങൾ ഉറപ്പിച്ചു്, 'ആയുധധാരികളാകുവിൻ, നിങ്ങളുടെ ആയുധങ്ങൾ തയ്യാറാക്കിവയ്ക്കുക, സൂര്യോദയത്തോടെ ശത്രുക്കളെ നമുക്കു് ആക്രമിക്കണം,' എന്നിങ്ങനെ സേനയിലുള്ള എല്ലാവരോടും കല്പിച്ചു. രാജാവു് അദ്ദേഹത്തിൻെറ കൂടാരത്തിൽത്തന്നെയിരുന്നു. ഉദ്യോഗസ്ഥന്മാർ വേണ്ട ഒരുക്കങ്ങൾ ചെയ്തു. സൈന്യങ്ങൾക്കു ഭക്ഷണവും വിതരണം ചെയ്തു. 'ഹൃദയത്തിൽ സ്ഥിരതയുള്ളവരായിരിക്കുക, രാജാവിൻെറ കൂടാരം കാത്തുസൂക്ഷിക്കുക,' എന്നിപ്രകാരം ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു സേനാനികളായ കാവല്ക്കാർ പാളയം ചുററിനടന്നു. വടക്കും പടിഞ്ഞാറുമുള്ള കാലാൾപ്പടകൾ തയ്യാറായിക്കഴിഞ്ഞുവെന്നുള്ള അറിയിപ്പു് രാജാവിനു ലഭിച്ചു. പ്രഭാതത്തിൽ, രാജാവു് തൻെറ സൈന്യങ്ങളെ നയിച്ചുകൊണ്ടു ശത്രുക്കളെ ആട്ടിയോടിച്ചു, അവരുടെ നിരതകർത്തു. ആക്രമണത്തിൻെറ ശക്തി അവർക്കനുഭവപ്പെട്ടപ്പോൾ, അവരുടെ കുതിരകളെയും, സ്വർണ്ണവും വെള്ളിയുംകൊണ്ടു നിർമ്മിച്ച രഥങ്ങളെയും ഉപേക്ഷിച്ചു് അവർ പരിഭ്രാന്തരായി മെജിഡോയിലേയ്ക്കു് ഓടിപ്പോയി. ഓടിവരുന്ന നിരാലംബസൈന്യത്തെ മതിൽക്കെട്ടുകൾക്കുമീതെ നഗരത്തിലേയ്ക്കു വലിച്ചുകയററി. അവരെ വലിച്ചുകയററുവാൻ തങ്ങളുടെ വസ്ത്രങ്ങളാണു കോട്ടയ്ക്കകത്തുള്ളവർ ഉപയോഗിച്ചതു്. രാജാവിൻെറ സേനകൾ കൊള്ളയടിക്കുന്നതിൽ വ്യാപൃതരായിരുന്നില്ലെങ്കിൽ, നഗരത്തിലേയ്ക്കു മതിൽക്കെട്ടിനുമീതെ പെട്ടെന്നു വലിച്ചുകയററുന്ന അവസരത്തിൽ ശത്രുസേനകളെ അവർക്കു പിടിച്ചടക്കാമായി

രുന്നു.'' അസംതൃപ്തനായ രാജാവ് മെജിഡോ കീഴടങ്ങുന്നതുവരെ യുദ്ധംചെയ്തു.

അതുപോലെതന്നെ, റമേസസ് രണ്ടാമന്റെ (ക്രി. മു. 1300—1234) യുദ്ധരീതികളെക്കുറിച്ചു സമകാലീന തീബൻ സാഹിത്യകാരനായ പെൻററഊറിന്റെ കവിതയിൽനിന്നു സൂക്ഷ്മവിവരങ്ങൾ നമുക്കു മനസ്സിലാക്കാൻ കഴിയും. സിറിയയിൽക്കൂടി ഒഴുകുന്ന ഒറോൻടിസ്നദിയിലെ ഒരു ദ്വീപിൽ സ്ഥാപിതമായ കാദ്ഡേഷ് എന്ന നഗരത്തിനുനേരെയുള്ള ആക്രമണത്തിലാണ് റമേസസ് വ്യാപൃതനായിരുന്നതു്. പെൻററഊറിന്റെ വിവരണപ്രകാരം ഖീററാ എന്നറിയപ്പെട്ടുന്ന ജനങ്ങളാണ് അവിടെ വസിച്ചിരുന്നതു്. അവരുടെ ചാരന്മാരെ റമേസസിന്റെ കൂടാരത്തിൽ കൊണ്ടുവന്നു കാഡ്ഡേഷിന്റെ രാജാവിനെക്കുറിച്ചു ചോദ്യംചെയ്തു. ഉത്തരം പറയുവാൻ ചാരന്മാരെ പ്രഹരിച്ചു നിർബ്ബന്ധിച്ചു. ''അനേകം രഥങ്ങളോടും യുദ്ധോപകരണങ്ങളോടും, സമുദ്രതീരത്തെ മണൽപോലെ എണ്ണമററതും ശക്തമായതും കാഡ്ഡേഷിനുവേണ്ടി യുദ്ധംചെയ്യുവാൻ എപ്പോഴും തയ്യാറായതുമായ ഒരു സേനയോടുകൂടിയ'' ഖീററായിലെ രാജാവു് സുശക്തനാണെന്നു് അവർ ഈജിപ്തിലെ രാജാവിനെ അറിയിച്ചു.

രാജാവു കോപിഷ്ഠനായിത്തീരുന്നു. കാരണം, തന്റെ ശത്രുക്കൾ ഭയപ്പെട്ടു് 'ഖിലിബ്'വിലേയ്ക്കു് ഓടിപ്പോയിയെന്ന വ്യാജവാർത്തമൂലം അദ്ദേഹം വഞ്ചിതനാക്കപ്പെട്ടു. ''രാജ്യത്തെ ഗവർണ്ണർമാരും ഫറോവിന്റെ കീഴ്ക്കോയ്മകളും ശത്രുവിന്റെ നീക്കങ്ങളെ സൂക്ഷിക്കുന്നതിൽ വരുത്തിയ അനാസ്ഥ ഗുരുതരമായതാണെന്നു്'' അദ്ദേഹം ആക്രോശിക്കുന്നു. മടക്കിയയച്ച സൈന്യവ്യൂഹത്തെ തിരിച്ചുവിളിക്കുന്നതിന്നു് അദ്ദേഹം ദൂതന്മാരെ അയയ്ക്കുന്നു. അതിനിടയ്ക്കു ശത്രുവിന്റെ ആഗമനവും പ്രഖ്യാപിക്കപ്പെട്ടു. റമേസസിന്റെ താവളം ശത്രുക്കൾ പെട്ടെന്നു വളഞ്ഞു. ആയുധമേന്തുന്നതിനുമുമ്പുതന്നെ കാലാൾപ്പടകളിൽ വളരെപ്പേർ കൊല്ലപ്പെട്ടു. എന്നാൽ വിശ്വസ്തരായ ഒരുസംഘം സേനകൾ രാജകൂടാരത്തിന്റെ മുമ്പിൽ കാവലുറപ്പിച്ചു.

പെട്ടെന്നു് ഒരലച്ച കേട്ടു. റമേസസ് അതിവേഗത്തിൽ

തന്റെ കവചം ധരിച്ച്, കുന്തം കൈയിലേന്തി രണസിംഹത്തെ അഴിച്ചുവാടുവിൻ കല്പന നല്കി. എന്നിട്ട് ശത്രുക്കളുടെ നടുവിലേയ്ക്കു കുതിച്ചുപാഞ്ഞു. രാജാവും അദ്ദേഹത്തിന്റെ അശ്വമേധാവിയായ മെന്നിയും ശത്രുക്കളാൽ വളയപ്പെട്ടു. "പ്രഭോ, അല്ലയോ ധർമ്മിഷ്ഠനായ രാജാവേ!" മെന്നി വിളിച്ചുപറഞ്ഞു: "ഈജിപ്തിന്റെ മഹാരക്ഷകൻ യുദ്ധദിനത്തിൽ! നോക്കൂ, ശത്രുക്കളുടെ നടുവിൽ നാം തനിയെ നില്ക്കുന്നു. വില്ലാളികളും തേരാളികളും നമ്മെ ഉപേക്ഷിച്ചുപോയി. നമുക്കു മടങ്ങാം. നമ്മുടെ ജീവനെങ്കിലും രക്ഷപ്പെടട്ടെ."

ശത്രുക്കളാൽ ചുററപ്പെട്ട്, സേനാസമൂഹങ്ങളുടെ വരവിനെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന രാജാവ് അമോണോടു പ്രാർത്ഥിക്കുന്നു. "ഞാനെന്റെ സേനകളോടാജ്ഞാപിച്ചാൽ ഒരുത്തൻപോലും അനുസരിക്കുന്നില്ല. ഞാൻ അമോണെ വിളിക്കുന്നു. അനേകലക്ഷം കാലാൾപ്പടകളെക്കാളും അനേകായിരം രഥങ്ങളേക്കാളും ദൃഢചിത്തതയോടെ എല്ലാം ഒന്നിച്ചു നിർത്തുന്ന അദ്ദേഹമാണ് അഭികാമ്യനെന്നു ഞാൻ കാണുന്നു." അമോൺ ഇതിനുത്തരം പറയുന്നു: "കാണുക, ബലവാനായ സൂര്യദേവനും നിന്റെ അച്ഛനുമായ ഞാൻ നിന്റെ പിറകിലുണ്ട്. എന്റെ കൈകൾ നിനക്കുവേണ്ടി യുദ്ധംചെയ്യും. നിന്നെ സഹായിക്കത്തക്കവിധത്തിൽ എന്റെ കരങ്ങൾ ബലിഷ്ഠങ്ങളാണ്. നിന്നെ എതിർക്കുന്ന അനേകായിരം പേരുടെ നേരെ എന്റെ ശക്തി നിലനില്ക്കും. ഞാൻ വിജയങ്ങളുടെ ദേവനാണ്. ഒരു ധീരന്റെ ഹൃദയം എന്നെ സന്തുഷ്ടനാക്കുന്നു. നിന്നിൽ ഞാനൊരു സാമ്രാജ്യികപ്രഫുല്ലത കണ്ടെത്തി. നിന്റെ ശക്തിയിലും പരാക്രമത്തിലും എന്റെ ആത്മാവ് സന്തോഷിക്കുന്നു." ഇപ്രകാരം പ്രോത്സാഹിതനായ രാജാവ് ഒരു യുദ്ധദേവനെപ്പോലെയായിത്തീരുന്നു. അദ്ദേഹം ശത്രുക്കളുടെ നേരെ പാഞ്ഞടുക്കുന്നു. "അദ്ദേഹത്തിന്റെ കൈ ഒരു ഞൊടിയിടയ്ക്കുള്ളിൽ അവരെയെല്ലാം വിഴുങ്ങിക്കളഞ്ഞു." അഞ്ചുപ്രാവശ്യം അദ്ദേഹം അവരുടെനേരെ പാഞ്ഞടുത്തു. അഞ്ചുപ്രാവശ്യവും അവർ അദ്ദേഹത്തെ ചെറുത്തുനിന്നു. ആറാമത്തെ പ്രാവശ്യം അദ്ദേഹം അവരുടെ നിര ഭേദിച്ചു സ്വന്തം സ്ഥാനം വീണ്ടെടുത്തു. അപ്പോൾ, അദ്ദേഹം തിരിച്ചു

വിളിച്ചിരുന്ന സൈന്യവ്യൂഹം യുദ്ധരംഗത്തു വന്നുചേരുക യും ശത്രുക്കളെ നിശ്ശേഷം പരാജയപ്പെടുത്തുകയും ചെയ്തു. തന്റെ ധീരപടക്കുതിരകളെ ശുശ്രൂഷിക്കുന്നതിലാണു റമേസസ് ആദ്യം ശ്രദ്ധചെലുത്തിയതു്. റമേസസ്സിനോ, സിംഹത്തിനോ, പടക്കുതിരകൾക്കോ മുറിവേററില്ല. എന്നാൽ അവയെല്ലാം രക്തവും പൊടിയുംകൊണ്ടു വിവണ്ണമായിരുന്നു. മാത്രമല്ല, കുതിരകളുടെ ആലങ്കാരികത്തുവലുകളും കോപ്പുകളും ഛിന്നഭിന്നമായിപ്പോയിരുന്നു.

ഒരു ചരിത്രവിവരണം വീരചരിതവണ്ണനകളായ സംഭവമാണു് നാം ഇതിൽ കാണുന്നതു്. തന്മൂലം ഈ കവിത വളരെ രസാവഹമായതാണു്. സാധാരണയായി വീരചരിതങ്ങൾ മാനവസംസ്കാരത്തിൻെറ പ്രാരംഭദശയിലുള്ളവയാണു്. സമകാലീനസാംഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മഹാകാവ്യരീതി വീണ്ടെടുക്കുവാൻ പ്രയാസമാണു്. എന്നാൽ കവി ഇതു സാമാന്യം വിജയപ്രദമായിത്തന്നെ നിവ്വഹിച്ചിട്ടുണ്ടു്. പിന്നീടു് ഗ്രീസിലെയും, റോമിലെയും സാഹിത്യചരിത്രങ്ങൾ നാം പരിശോധിക്കുമ്പോൾ ഇത്തരത്തിലുള്ള പല വീരകഥകളും കണ്ടെത്തുന്നു—പേഴ്സ്യൻരാജാവായ സൈറസിൻെറ ആക്രമണങ്ങളെക്കുറിച്ചു് അദ്ദേഹത്തിൻെറ കീഴിൽ ഒരു പട്ടാളക്കാരനായി സേവനമനുഷ്ഠിച്ച സെനഫോണിന്റെ വിവരണത്തിലും, സീസറും പോമ്പിയും തമ്മിലുള്ള ആഭ്യന്തരയുദ്ധത്തെക്കുറിച്ചുള്ള ലൂക്കൻെറ ഇതിഹാസത്തിലും. ഗ്രീസിലും റോമിലുമുള്ള കൃതികൾ വമ്പിച്ച തോതിലുള്ളവയാണു്. എന്നാൽ ഇത്തരം സാഹിത്യപ്രസ്ഥാനങ്ങളുടെ വികസനത്തിൽ ഈജിപ്തുകാരായിരുന്നു മുന്നോടികൾ എന്ന അവക്കുള്ള അപൂവ്വപ്രശംസ നമുക്കു നിഷേധിക്കാവതല്ല.

വിജയാനന്തരം രാജാക്കന്മാരുടെ ബഹുമാനസൂചകമായി ചമയ്ക്കുന്ന ഗീതങ്ങളിൽനിന്നു സമകാലീനയുദ്ധങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഉദിക്കുന്ന ഭാവന യഥാത്ഥത്തിൽ അവയെ വീരചരിതവണ്ണനകളായി മാറ്റിയിരുന്നുവെന്നു കാണാവുന്നതാണു്. അതിലധികവും കൊട്ടാരക്കവികളുടെ മുഖസ്തുതികളായിരുന്നതിനാൽ ഗണ്യമാക്കേണ്ടതില്ല. എന്നാൽ

നൂബിയായിലെ അബൃസിംബലിൽ പണികഴിച്ചിട്ടുള്ള ദേവാലയത്തിൽ കൊത്തിയിട്ടുള്ള റമേസസ് രണ്ടാമനെക്കുറിച്ചുള്ള ഈ കവിത യഥാർത്ഥത്തിൽ മഹാകാവ്യരീതി പ്രാപിച്ചിരിക്കുന്നു.

"ഒരു കൊടുങ്കാററിന്റെ സഹായത്തോടുകൂടി വയ്ക്കോൽത്തുറുവിനെ ബാധിക്കുന്ന അഗ്നിപോലെയും, കത്തിയാളിക്കൊണ്ടിരിക്കുന്ന അഗ്നികുണ്ഡത്തിൽ എല്ലാവരും ചാമ്പലാകുന്നതുപോലെയും ആയിരുന്നു തന്റെ ശത്രുക്കളുടെമേലുള്ള അദ്ദേഹത്തിന്റെ പ്രബലത.

"സമുദ്രത്തിനുമേൽ കൊടുങ്കാററു ഗർജ്ജിച്ചുകൊണ്ടിരിക്കയും, തിരമാലകൾ പർവ്വതംപോലെ തിമർത്തുയരുകയും, ആക്കം അതിനെ സമീപിക്കാൻ സാധിക്കാതെവരികയും, എന്നാൽ, അതിൽപ്പെട്ടുന്നവരെല്ലാം അടിത്തട്ടിലേയ്ക്കാഴ്ത്തപ്പെടുകയും ചെയ്യുന്നതുപോലെ, തന്റെ എതിരാളികളെ കൊലപ്പെടുത്തുന്നതിൽ ശക്തനായ രാജാവായിരുന്നു അദ്ദേഹം."

ഇന്നുവരെ രാഷ്ട്രങ്ങൾ തമ്മിൽ അന്യോന്യം സമാധാനത്തിൽ ജീവിക്കണമെന്ന തത്വത്തിനൊത്തു ജീവിക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു്, ചരിത്രത്തിലെ ഈ പൗരാണികയുഗത്തെക്കുറിച്ചു കണക്കിലധികം പരുഷമാകുവാൻ നമുക്കു സാധ്യമല്ല. അതീവ ഉഗ്രതയോടെയാണു് ആ യുഗത്തിൽ യുദ്ധങ്ങൾ നടന്നിരുന്നതു്. എന്നാൽ യുദ്ധങ്ങൾക്കു ശേഷം നിയമങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. റമേസസ് മൂന്നാമന്റെ ഭരണത്തെക്കുറിച്ചു് ഒരു വിവരണം നമുക്കു ലഭിച്ചിട്ടുണ്ടു്. യുദ്ധങ്ങളുടെ ക്രൂരത കുറയ്ക്കാതെയും, സമാധാനത്തിന്റെ നേട്ടങ്ങളിൽ അതിശയോക്തി കലർത്താതെയും, യുദ്ധങ്ങളെയും തുടർന്നുണ്ടാകുന്ന നിയമങ്ങളെയുംകുറിച്ചു നല്ലൊരു വിവരണം നമുക്കതിൽനിന്നു ലഭിക്കുന്നു.

"ഞാനെന്റെ ശത്രുക്കളുടെ രക്തംചിന്തി; ശവക്കുമ്പാരങ്ങൾ ഉയന്നു. ഈജിപ്തിന്റെ അതിർത്തികളെ അതിലംഘിക്കാൻ സമ്മതിക്കാതെ ഞാനവരെ ആട്ടിപ്പായിച്ചു. ബാക്കിയുള്ള അനേകായിരം തടവുകാരെയും, പതിനായിരക്കണക്കിനു സ്ത്രീകളെയും, കുട്ടികളെയും, ലക്ഷക്കണക്കിനു പക്ഷിമൃഗാദികളെയും എന്റെ കുതിരയുടെ മുമ്പിൽ, താറാവുപററങ്ങളെ

പ്പോലെ ആട്ടിക്കൊണ്ടുപോയി. അവരുടെ പ്രധാനികൾക്കായി ഞാൻ കോട്ടകൾ വീതിച്ചുകൊടുത്തു. അവർ അവിടെ എന്റെ പേരിൽ താമസിച്ചു. ഞാൻ അവരെ വില്ലാളികളുടെ തലവന്മാരും, ഗോത്രവർഗ്ഗക്കാരുടെ സേനാനായകന്മാരുമാക്കിത്തീർത്തു. ഞാൻ കൊടുത്ത പേരുകൾ അവരുടെമേൽ ചുട്ടുപഴുപ്പിച്ചുവച്ച് അവരെ എന്റെ അടിമകളാക്കി. അതുപോലെതന്നെ അവരുടെ ഭാര്യമാരും കുട്ടികളും എന്റെ അടിമകളായിത്തീർന്നു. അവരുടെ പക്ഷിമൃഗാദികളെ ഞാൻ അമോണിന്റെ ദേവാലയത്തിലേയ്ക്കു കൊണ്ടുപോയി. അവ എന്നെന്നേയ്ക്കുമായി ദേവന്റെ സ്വത്തുക്കളായിത്തീർന്നു.

“അയിനമതു ഭൂമിയിൽ ഞാൻ ഒരു വലിയ കിണർ കുഴിപ്പിച്ചു. അതിന്റെ മതിൽ പാറയുള്ള ഒരു പർവ്വതംപോലെയായിരുന്നു. അതിന്റെ വാതിലുകൾ സെഡാർതടികൊണ്ടുണ്ടാക്കിയവയായിരുന്നു. അവയുടെ ഓടാമ്പലുകളും ആണിച്ചുഴികളും ചെമ്പുകൊണ്ടുള്ളതായിരുന്നു.

“രാജ്യത്തൊട്ടാകെ മരങ്ങളും, പുഷ്പിക്കുന്ന ചെടികളും നട്ടുപിടിപ്പിക്കുവാൻ ഞാനിടവരുത്തി. അവയുടെ തണലിൽ ജനങ്ങൾ വിശ്രമിച്ചു. ഏതൊരു ഈജിപ്ഷ്യൻ വനിതയ്ക്കും അവൾക്കിഷ്ടപ്പെട്ട സ്ഥലത്തേയ്ക്കു ധൈര്യസമേതം നടന്നുപോകുവാൻ ഞാൻ അവസരം നല്കി. യാതൊരപരിചിതനും അവളെയോ മറ്റു വഴിയാത്രക്കാരെയോ ആക്രമിച്ചില്ല. കാലാൾപ്പടയെയും തേരാളികളെയും യുദ്ധാനന്തരം വിശ്രമിക്കുവാൻ ഞാൻ അനുവദിച്ചു. എല്ലാ ഗോത്രക്കാരും തങ്ങളുടെ പട്ടണങ്ങളിൽ സ്വച്ഛന്ദം വിശ്രമിക്കുകയായിരുന്നു. അവർ ഭയവിഹീനരായിരുന്നു. കാരണം, നൂബിയയിൽനിന്ന് അവരെ ആക്രമിക്കുവാൻ യാതൊരു യോദ്ധാവും, സിറിയയിൽനിന്നു യാതൊരു ശത്രുവും ഉണ്ടായിരുന്നില്ല. അവരുടെ വില്ലുകളും ആയുധങ്ങളും പാളയത്തിൽ വൃഥാ കിടന്നിരുന്നു. അവർ ആഹ്ലാദത്തോടുകൂടി സ്വച്ഛന്ദം തിന്നുകയും കുടിക്കുകയുംചെയ്തു. അവരുടെ ഭാര്യമാർ അവരോടൊപ്പമുണ്ടായിരുന്നു. അവരുടെ കുട്ടികളും ചാരത്തുണ്ടായിരുന്നു. അവരെ ആകാംക്ഷയോടെ കാത്തുസൂക്ഷിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അവരുടെ ഹൃദയങ്ങൾ നിർവ്വിശങ്കമായിരുന്നു. കാരണം, അവരുടെ ദേഹ

ത്തിനു ശക്തിയും രക്ഷയുമായി ഞാൻ അവരോടൊപ്പമുണ്ടായിരുന്നു. വിദേശികൾ, ശില്പികൾ, പ്രഭു, സാധാരണക്കാരൻ, പുരുഷൻ, സ്ത്രീ ഉൾപ്പെടെ രാജ്യത്തുള്ള എല്ലാവൎക്കും ഞാൻ ഭക്ഷണം നല്കി.''

മേൽപറഞ്ഞ വിവരണത്തിൽനിന്നു് ഈജിപ്ഷ്യൻ രാജാക്കന്മാരുടെ മനോഗതി അസ്സീറിയക്കാരേക്കാൾ വളരെയധികം പുരോഗമിച്ചതായിരുന്നുവെന്നു വ്യക്തമാകുന്നുണ്ടു്. അസ്സീറിയക്കാർ കൊള്ളയടിക്കുന്നതിനുവേണ്ടിയാണു യുദ്ധം ചെയ്തിരുന്നതു്. കീഴടക്കപ്പെട്ടവരുടെ നേരെ അവർ നിർദ്ദയമായി പെരുമാറിയിരുന്നു. നേരേമറിച്ചു്, ഈജിപ്റ്റുകാരാകട്ടെ യുദ്ധകാലത്തു ശത്രുക്കളോടു നിഷ്ഠുരണം പെരുമാറിയിരുന്നുവെങ്കിലും നിയമപരിപാലനത്തിൽ പരമാവധി പരിശ്രമിക്കുകയും, കീഴടക്കിയ പ്രദേശങ്ങളിൽ പൊതുജനസൗകര്യങ്ങൾ ഏൎപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരുന്നു. സംതൃപ്തരായ ഒരു ജനതയ്ക്കു യുദ്ധത്തോടു് അഭിവാഞ്ഛ കുറഞ്ഞിരിക്കുമെന്നു് അവൎക്കറിയാമായിരുന്നു. അവരുടെ സൈന്യത്തിൽത്തന്നെ കീഴടക്കപ്പെട്ട പ്രദേശങ്ങളിലെ ഗോത്രക്കാൎക്കു് ഉദ്യോഗാനുമതി നൽകി. പിന്നീടുണ്ടായ അലക്സാണ്ഡറുടെ ലോകസാമ്രാജ്യത്തിൽ ഈ ആദർശങ്ങളുടെ മൂൎത്തീകരണമാണു നാം കാണുന്നതു്. എന്തെന്നാൽ അദ്ദേഹവും തൻെറ സേനയിലേയ്ക്കു വിവിധദേശീയരായ ജനങ്ങളെ സ്വീകരിച്ചു. കീഴടക്കിയ രാജ്യങ്ങളിൽ നാഗരികത്വത്തിൻെറ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു.

അതിൎത്തികളിലെ അസ്വസ്ഥരായ ഗോത്രങ്ങൾ മാത്രമായിരുന്നില്ല രാജാക്കന്മാരുടെ ശത്രുക്കൾ. കൊട്ടാരത്തിൽത്തന്നെ ഇതിലും അപകടമേറിയ ശത്രുക്കളെ അവൎക്കഭിമുഖീകരിക്കേണ്ടിവന്നിരുന്നു. കാരണം, കുത്തിത്തിരിപ്പും വഞ്ചനയും അപൂൎവ്വമായിരുന്നില്ല. പന്ത്രണ്ടാംവംശത്തിൻെറ സ്ഥാപകനായ മഹാനായ രാജാവു് അമനെംഹെററു് ഒന്നാമൻ (ക്രി. മു. 1995—1945) തൻെറ അനുഭവങ്ങളെക്കുറിച്ചു കരളലിയിപ്പിക്കുന്ന ചില സ്മരണകൾ രേഖപ്പെടുത്തിയിട്ടുണ്ടു്:

''രാത്രിയിൽ അത്താഴത്തിനുശേഷമായിരുന്നു അതു്. ഞാൻ എൻെറ കിടക്കയിൽ കിടന്നു് ഒരു മണിക്കൂർ വിശ്ര

മിച്ചു. ഞാൻ വളരെ ക്ഷീണിതഗാത്രനായിരുന്നു. ഉറങ്ങുവാൻ ഭാവിക്കയായിരുന്നു. അപ്പോഴാണ് ആയുധങ്ങളുടെ ഝംകാരം കേട്ടതു്. കൊലയാളികൾ എന്നെ അന്വേഷിക്കയാണെന്നു ഞാൻ മനസ്സിലാക്കി. മരുഭൂമിയിലെ സർപ്പംപോലെ ഞാൻ വേട്ടയാടപ്പെട്ട ഒരു ജീവിയായിത്തീർന്നു.

"തന്നെത്താൻ പോരാടുന്നതിനുവേണ്ടി ഞാൻ ഉണർന്നു. എന്റെ സ്വന്തം അംഗരക്ഷകരോടുതന്നെയാണ് എനിക്കു് ഏററുമുട്ടേണ്ടിവന്നതെന്നു ഞാൻ മനസ്സിലാക്കി. ഞാൻ വേഗത്തിൽ ആയുധങ്ങൾ കരസ്ഥമാക്കി. ഞാൻ അക്രമികളെ ആട്ടിപ്പായിച്ചു. പക്ഷേ, രാത്രിയിൽ മനുഷ്യർ നിസ്സഹായരാണ്. ഒരാൾക്കു് എല്ലായ്പോഴും ഒററയ്ക്കു വിജയപൂർവ്വം യുദ്ധംചെയ്യുന്നതിനും കഴികയില്ല."

രാജാവിന്റെ ഭരണത്തിന്റെ ഇരുപതാംവത്സരത്തിലാണിതു സംഭവിച്ചതു്. അദ്ദേഹം ഉടനെതന്നെ തന്റെ പുത്രനെ പ്രതിപുരുഷനാക്കി സജീവമായ രാഷ്ട്രീയജീവിതത്തിൽ നിന്നു പിൻതിരിയുകയുംചെയ്തു. ജലസേചനസൗകര്യങ്ങൾ വികസിപ്പിച്ചും, കൃഷി പരിഷ്കരിച്ചും രാജാവു തന്റെ സാമ്രാജ്യത്തിന്റെ സമ്പൽസമൃദ്ധിക്കുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു. എന്നാൽ ഈ കൊടിയ വഞ്ചന അദ്ദേഹത്തിൽ വെറുപ്പുളവാക്കി. അദ്ദേഹം സ്വപുത്രനു നൽകിയ നിർദ്ദേശങ്ങളിൽനിന്നു് ഇക്കാര്യം വ്യക്തമാകുന്നതാണ്: "ഞാൻ ധാന്യങ്ങൾ കൃഷിചെയ്തിരുന്ന ഒരുവനാണ്. കൊയ്ത്തിന്റെ ദേവനെ ഞാൻ ആരാധിച്ചിരുന്നു. നൈലും എല്ലാ താഴ്വരകളും എനിക്കു് സ്വാഗതം നൽകി. എന്റെ ഭരണകാലത്തു് ആരും വിശന്നു വലയുകയോ ദാഹിച്ചു പരവശരാകുകയോ ഉണ്ടായിട്ടില്ല. എന്റെ സൽപ്രവൃത്തികൾമൂലം ജനങ്ങൾ സമാധാനത്തോടെ ജീവിച്ചു; എന്നോടൊത്തു സഹവസിച്ചു." എന്നിരുന്നാലും അദ്ദേഹത്തിൽനിന്നു നന്മ നേടിയിട്ടുള്ളവർതന്നെയാണു രാജദ്രോഹികളായി തിരിഞ്ഞു് അദ്ദേഹത്തെ വധിക്കുവാൻ ശ്രമിച്ചതു്. "എന്റെ ചോറു തിന്നുന്നവർതന്നെയാണ് എന്നെ അവഹേളിച്ചതു്. എന്റെ സഹായഹസ്തങ്ങളെ ആരുടെനേരെയാണോ നീട്ടിയതു് അവർതന്നെയാണ് എന്നിൽ ഭീതിയുളവാക്കിയതു്. ഞാൻ കൊടുത്ത

ഓണക്കോടി അണിഞ്ഞവർതന്നെയാണ് എന്നെ ഒരു നിഴൽപോലെ കരുതിയതു്. എന്റെ സുഗന്ധദ്രവ്യങ്ങൾ പൂശിയവർതന്നെയാണ് അതിന്റെ വാസന വിട്ടുപോകുന്നതിനു മുൻപ് എന്നെ മലിനപ്പെടുത്തിയതു്.'' തന്മൂലം അദ്ദേഹം തന്റെ പുത്രനെ ഇപ്രകാരം ഉപദേശിച്ചു: ''നിന്റെകീഴ്ജീവനക്കാരോടു കാഠിന്യമുള്ളവനായിരിക്കുക. തങ്ങളെ ഭയപ്പെടുത്തുന്നവരെമാത്രമേ ജനങ്ങൾ അനുസരിക്കുന്നുള്ളു. അവരെ ഒററയ്ക്കു സമീപിക്കരുതു്. നിന്റെ ഹൃദയത്തിൽ യാതൊരു സഹോദരനും സ്ഥാനം കൊടുക്കരുതു്. യാതൊരുത്തനേയും സ്നേഹിതനായി കരുതരുതു്. നീ ഉറങ്ങുമ്പോൾ നീതന്നെ നിന്റെ ഹൃദയത്തെ കാക്കുക. കാരണം, വിപൽഘട്ടങ്ങളിൽ മനുഷ്യനു സ്നേഹിതന്മാരുണ്ടായിരിക്കയില്ല.''

ഇത്തരത്തിലുള്ള തിക്തീകരിക്കപ്പെട്ട ആശങ്കകൾ മെരിക്കേറിനു് അദ്ദേഹത്തിന്റെ പിതാവു നൽകിയ നിർദ്ദേശങ്ങളിലും കാണുന്നുണ്ടു്. ഉണ്ടായേക്കാവുന്ന വിപത്തിന്റെ ഉൽഭവസ്ഥാനങ്ങൾ നിഷ്ഠുരണം കൈകാര്യംചെയ്യണമെന്നുള്ള ഉപദേശം, ചാണക്യനെയാണു നമ്മെ അനുസ്മരിപ്പിക്കുന്നതു്. ''ധാരാളം അനുയായികളുള്ളവനും, തന്റെ കുടിയാന്മാരുടെയിടയിൽ ജനസമ്മതിയുള്ളവനും, വളരെയധികം സംസാരിക്കുന്നവനുമായ ഒരുത്തനെക്കുറിച്ചു നിന്റെ പിതാവിന്റെ ഉപദേശം ഇതാണു്: ''അവനെ അടിച്ചമർത്തുക, അവനെ വധിക്കുക, അവന്റെ പേരു തുടച്ചുനീക്കിക്കളയുക, അവന്റെയും അവനെ സ്നേഹിക്കുന്ന അനുയായികളുടെയും ഉന്മൂലനാശം വരുത്തുക, യുവജനങ്ങളുടെയിടയിൽ ഇരുകക്ഷികളെ സൃഷ്ടിക്കുകയും കലഹിച്ചുകൊണ്ടിരിക്കുകയുംചെയ്യുന്ന മനുഷ്യനാണു ജനങ്ങളുടെ അസ്വാസ്ഥതയ്ക്കു മറെറാരുകാരണം. ജനങ്ങൾ അവന്റെ വാക്കു ശ്രവിക്കുന്നുവെന്നു നീ കണ്ടാൽ, അവനെ രാജഭൃത്യനു ചൂണ്ടിക്കാട്ടുക. അവനെ അടിച്ചമർത്തുക. അവനും ഒരു ശത്രുവാണു്.'' എന്നാൽ പൗരസമാധാനം അപകടപ്പെടുത്തുന്നവരെ നിർദ്ദയമായി അടിച്ചമർത്തണമെന്നാവശ്യപ്പെടുന്ന രാജാവുതന്നെ, രാജത്വത്തിന്റെ ചുമതലകളെപ്പറ്റി അദ്ദേഹത്തിന്റെ പുത്രനു വിജ്ഞാനപ്രദങ്ങളായ ഉപദേശങ്ങൾ നൽകിയിട്ടുണ്ടു്. ''ഭൂമിയിൽ നീ നിലനില്ക്കുന്നതിനു

വേണ്ടി എപ്പോഴും ന്യായമായി പ്രവൎത്തിക്കുക. കരയുന്നവരെ സാന്ത്വനപ്പെടുത്തുക. വിധവകളെ ദ്രോഹിക്കാതിരിക്കുക. പൈതൃകസ്വത്തുക്കളിൽനിന്നു് ആരേയും ആട്ടിപ്പുറത്താക്കാതിരിക്കുക. നീ തെററായി ശിക്ഷിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. കൊലചെയ്യരുതു്. എന്തെന്നാൽ, അതു നിനക്കു ഗുണകരമല്ല. ദുർവൃത്തരായ മനുഷ്യരെ ദൈവം വീക്ഷിച്ചുകൊണ്ടിരിക്കുന്നു. അവരുടെ പാപങ്ങൾക്കു് ദൈവം രക്തംകൊണ്ടു പകരംവീട്ടും."

ചുരുക്കത്തിൽ, ചരിത്രപരമായ കാരണങ്ങളാൽ തുടരെയും നിർദ്ദയമായും യുദ്ധംചെയ്യുവാൻ നിർബ്ബന്ധിതരായ ഈജിപ്തുകാർ, ഹൃദയത്തിൽ നിയമസമാധാനകാംക്ഷികളായിരുന്നെന്നു നാം തീരുമാനിക്കുന്നതിൽ തെററില്ല. നിയമം പുനഃസ്ഥാപിച്ചും, ആക്രമണങ്ങളിൽനിന്നു ജനങ്ങൾക്കു രക്ഷ നൽകിയും, അവരുടെ സമാധാനപരമായ പ്രവൎത്തനങ്ങൾ തുടരുന്നതിനും, അവക്കാവശ്യമായ വിശ്രമം ഭീതികൂടാതെ ലഭിക്കുന്നതിനും സാദ്ധ്യതനൽകിയും ഭരിച്ചുവന്നിരുന്ന രാജാക്കന്മാരെക്കുറിച്ചു് എഴുതിയിട്ടുള്ള മിക്ക കാവ്യങ്ങളിലും ഇതു വ്യക്തമായി കാണാം. സെന്യൂസ്റെറ്റ് മൂന്നാമനെ(ക്രി. മു. 1887—1849)ക്കുറിച്ചുള്ള ഒരു കാവ്യമാണിതു്:

"നഗരാധിപൻ എത്ര വലിയവനാണു്.
വെള്ളപ്പൊക്കം തടയുന്നതിനു നദികളെ തടഞ്ഞുനിറുത്തുന്ന ഒരണക്കെട്ടാണദ്ദേഹം.
എല്ലാ മനുഷ്യരേയും പുലർകാലംവരെ ഉറങ്ങുവാൻ അനുവദിക്കുന്ന ഒരു തണുപ്പുറയാണദ്ദേഹം.
ശരൽക്കാലത്തെ ശീതളവും ഉന്മേഷജനകവുമായ ഒരു വിതാനമാണദ്ദേഹം.
നഗരാധിപൻ എത്ര വലിയവനാണു്.
ശീതകാലത്തു് ഉണങ്ങിയതും ചൂടുള്ളതുമായ ഒരു സങ്കേതമാണദ്ദേഹം.
സ്വർഗ്ഗം കോപിക്കുമ്പോൾ കൊടുങ്കാററുകളെ തടുത്തുനിറുത്തുന്ന ഒരു പൎവ്വതമാണദ്ദേഹം."

മെറൻററാ രാജാവിൻെറ ബഹുമാനസൂചകമായി എഴുതിയിട്ടുള്ള മറെറാരു കവിതയാണിതു്:

"നഗരക്കോട്ടയുടെ പ്രാകാരം വിശ്രമംകൊള്ളുകയാണു്.
സൂര്യൻ മാത്രമാണു് (അല്ലാതെ പെട്ടെന്നുള്ള ആപത്തു
കളല്ല) അതിന്റെ കാവൽക്കാരെ ഉണർത്തുന്നതു്.
പട്ടണങ്ങളിൽ ജനങ്ങൾ പുതുതായി വന്നുനിറഞ്ഞു.
ധാന്യം വിതയ്ക്കുന്നവർക്കെല്ലാം അതു ഭക്ഷിക്കുവാൻകഴിയും.
റാ ഈജിപ്റ്റിലേയ്ക്കുതന്നെ തിരിച്ചുവന്നു.
ആഴക്കടലിൽ കപ്പലുകൾക്കു് ആനന്ദമാണു്.
കടലിൽ കൊടുങ്കാററടിക്കുന്നില്ല.
അവ പായകെട്ടിയും തണ്ടുവലിച്ചും കരയ്ക്കടുപ്പിക്കുന്നു."

സമാധാനകാലത്തു രാജാക്കന്മാർ കലകളിലും അവരുടെ സാമ്രാജ്യം മോടിപിടിപ്പിക്കുന്നതിലും ശ്രദ്ധിച്ചിരുന്നു. ഹററ്ഷെപ്സുട്ട്രാജ്ഞി ആകൃതിയിലും, ആകാരത്തിലും മനോഹരമായ രണ്ടു കൃശമായ ഒററക്കൽത്തൂണുകൾ കർണാക്കിൽ സ്ഥാപിച്ചു. പ്രഭാതസൂര്യൻ ഈ സ്തൂപങ്ങൾക്കു മദ്ധ്യേ ഉദിച്ചു. ഇപ്രകാരം പ്രത്യക്ഷപ്പെടുന്ന സൂര്യനെ ദിവസവും വന്ദിക്കുകയും ചെയ്തു. ഈ സ്തൂപങ്ങളിൽ രാജ്ഞിയുടെ ഒരു ലിഖിതമുണ്ടു്. സമാധാനകലകളുടെ ഇപ്രകാരമുള്ള നേട്ടങ്ങൾ ഈജിപ്റ്റിലെ ഭരണാധികാരികൾക്കു് എത്രമാത്രം പ്രിയംകരമായിരുന്നുവെന്നു കാണാവുന്നതാണു്.

"ദക്ഷിണദേശത്തെ മടകളിൽനിന്നു കൊണ്ടുവന്നിട്ടുള്ള കാഠിന്യമേറിയ കരിങ്കല്ലുകൊണ്ടാണു്. ഈ സ്തൂപങ്ങൾ നിർമ്മിച്ചിട്ടുള്ളതു്. വിദേശരാജ്യങ്ങളിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള ഏററവും നല്ല സ്വർണ്ണംകൊണ്ടാണു് അവയുടെ മുകൾഭാഗം നിർമ്മിച്ചിട്ടുള്ളതു്. വിദൂരത്തിലുള്ള നദിയിൽനിന്നുപോലും അവ കാണുവാൻ കഴിയും. അവയിൽനിന്നു പുറപ്പെടുന്ന രശ്മികളുടെ തിളക്കം ഈജിപ്റ്റിലെ രണ്ടു ദേശങ്ങളിലും നിറയുന്നു. സൂര്യഗോളം അവയുടെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്നു. അനേകസംവത്സരങ്ങൾക്കുശേഷം ഈ സ്മാരകം കാണുന്ന നിങ്ങൾ പറയും: 'സ്വർണ്ണംകൊണ്ടു് ഒരു പർവ്വതം തന്നെ അവർ എങ്ങനെ സൃഷ്ടിച്ചുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ.' ഇവയെ പൂശുന്നതിനു്, ചാക്കുകളിൽനിറച്ച ധാന്യം പോലെ നാഴികൊണ്ടു് അളന്നാണു് ഞാൻ സ്വർണ്ണം കൊടുത്തിട്ടുള്ളതു്."

നമുക്ക് ഇനി തലസ്ഥാനനഗരത്തിൽനിന്നും, രാജാക്കന്മാരുടെ പ്രശ്നങ്ങളിൽനിന്നും നേട്ടങ്ങളിൽനിന്നും മാറി, ഉൾനാടുകളിലെ ജീവിതരീതികളിലേയ്ക്കു പ്രവേശിക്കാം. പണക്കാരായ ഭൂവുടമകൾക്കും താഴ്ന്ന സർക്കാരുദ്യോഗസ്ഥന്മാർക്കും അവരുടേതായ പ്രശ്നങ്ങളുണ്ടായിരുന്നു. തലസ്ഥാനനഗരിയിൽ താമസിക്കുവാൻ ഇഷ്ടപ്പെട്ട ഒരു പ്രഭു, രാജാവിനോടു ധാരാളം വയലുകൾ പാട്ടത്തിനെടുത്തിരുന്നു. അവയുടെ സംരക്ഷണത്തിനുവേണ്ടി ഒരു നോട്ടക്കാരനെയും നിയമിച്ചു. നോട്ടക്കാരൻ പ്രഭുവിനു് ഇപ്രകാരമൊരു കത്തെഴുതി: "എന്റെ പ്രഭുവിന്റെ സന്തോഷത്തിനു മറെറാരു വാർത്തകൂടി. രാജാവിന്റെ അധികാരത്തിലും അങ്ങയുടെ ചുമതലയിലുമുള്ള വയലുകളിലെ കൃഷിക്കാർ കാര്യസ്ഥന്റെ തല്ലുകൊണ്ടു് ഓടിപ്പോയി. ഇപ്പോൾ അങ്ങയുടെ ചുമതലയിലുള്ള രാജാവിന്റെ വയലുകൾ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. അവ ഉഴുന്നതിനു് ഒരുത്തനുമില്ല. എന്റെ പ്രഭുവിന്റെ അറിവിനായാണു് ഇത്രയും എഴുതുന്നതു്." പ്രഭുവിനെ സന്തോഷിപ്പിച്ചേക്കാനിടയുള്ള ഒരു വാർത്തയല്ലിതു്. അതുകൊണ്ടു് തുടക്കവാചകം കീഴുദ്യോഗസ്ഥന്മാർ മേലധികാരികൾക്കെഴുതുമ്പോഴുള്ള ഒരു ഔപചാരികാവശ്യം മാത്രമായിരിക്കണം. ഈ സന്ദർഭം അബോധഫലിതത്തിന്നു കാരണമാകുന്നു.

ആധുനികകാലത്തെന്നപോലെ, ജനങ്ങൾക്കു് ആദായനികുതിയെക്കുറിച്ചു് പ്രയാസങ്ങൾ ഉണ്ടായിരുന്നതായി കാണുന്നു. ഒരാൾ നിയമിച്ചിരുന്ന ഭൃത്യന്മാരുടെ എണ്ണമനുസരിച്ചു് സ്വത്തുനികുതി ഈടാക്കുന്ന ഒരു സമ്പ്രദായം നടപ്പിലിരുന്നിരിക്കണം. ഈ സമ്പ്രദായത്തിൽ നികുതി ഈടാക്കുന്നതു് അന്യായമാണെന്നു് ഒരു നിലമുടമസ്ഥൻ ആക്ഷേപിക്കുന്നതായി ഒരു രേഖയിൽ കാണുന്നു. ആഡംബരവും അമിതമായ ചെലവും ആഗ്രഹിക്കുന്നതുകൊണ്ടല്ല, തന്റെ വലിയ തോട്ടങ്ങൾ കൃഷി ചെയ്തുകൊണ്ടുപോകുവാൻ അത്രയുംപേർ ആവശ്യമായതുകൊണ്ടാണു് ധാരാളം ഭൃത്യന്മാരെ നിറുത്തുന്നതെന്നായിരുന്നു അയാളുടെ വാദം. മറെറാരാൾ, ഇത്തവണ ഒരു കീഴുദ്യോഗസ്ഥനാണു്, തലസ്ഥാനത്തുള്ള അയാളുടെ സ്നേഹിതന്റെ സ്വാധീനം ചെലുത്തി കൂടുതൽ സിൽബന്ധികളെ അനു

വദിച്ചുകിട്ടുവാൻ കത്തെഴുതുന്നു. ഭരണപരമായ ജോലിക്കൂടു തൽമൂലം അയാൾ ശ്വാസംമുട്ടുകയാണ്. രാജാവിൻെറ വയ ലുകളുടെ സംരക്ഷണച്ചുമതല വഹിക്കുതിനുപുറമേ സ്വതേഖി ലെ ദേവാലയത്തിലേയ്ക്കു പിരിഞ്ഞുകിട്ടേണ്ട സംഖ്യ പിരിച്ചെ ടുക്കേണ്ട ചുമതലയും അയാളോടു വഹിക്കുവാൻ ആവശ്യ പ്പെട്ടിരിക്കുന്നു.

പലസ്തീനിലെ യുദ്ധക്കളത്തിലേക്കു നിയമിച്ച പ്രവർത്ത നോന്മുഖനായ ഒരു പടയാളിയുടെ അനുഭവം രസകരമായ മ റെറാരു രേഖയിൽ കാണുന്നു. അദ്ദേഹം ഈ പുതിയ അനുഭ വം പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, കല്പന റദ്ദുചെയ്തു് അ ദ്ദേഹത്തെ അതിർത്തിപ്രദേശത്തു നിയമിച്ചു് ചില നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലവഹിക്കുവാൻ ആവശ്യപ്പെടുന്നു. ഈ ഓണംകേറാമൂലയിൽ യാതൊരു പ്രവർത്തനവും നടത്തു വാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. കൊതുകുകളുടെയും തെണ്ടി പ്പട്ടികളുടെയും സ്ഥിതിവിവരക്കണക്കുകൾ എടുക്കുകയായിരു ന്നു അദ്ദേഹത്തിൻെറ പ്രധാന ജോലി.

"എൻെറ പക്കൽ യാതൊരു ഉപകരണങ്ങളും ഇല്ല. ഈ ജില്ലയിൽ ഇഷ്ടികയുണ്ടാക്കുന്നതിനുള്ള ആളുകളോ, ഇഷ്ടിക നിർമ്മാണത്തിനുള്ള സാധനങ്ങളോ ഇല്ല. അസംസ്കൃതപദാർത്ഥ ങ്ങൾ കൊണ്ടുവരുന്നതിനു കഴുതകളെവിടെ? അവ മോഷ്ടിക്ക പ്പെട്ടു. പക്ഷികളെ എണ്ണുന്നതെന്നപോലെ ഞാൻ ആകാശ ത്തേക്കു നോക്കി ദിവസങ്ങൾ കഴിച്ചുകൂട്ടുന്നു. പലസ്തീനിലേ ക്കുള്ള പാതയിലേക്കു് എൻെറ കണ്ണുകൾ അത്യാകാംക്ഷയോ ടെ നോക്കിക്കൊണ്ടിരിക്കുകയാണു്. എനിക്കു വസിക്കുവാൻ ഭവനമില്ല. ഞാൻ രാത്രി മരച്ചുവട്ടിൽ കഴിച്ചുകൂട്ടുന്നു. ഈ വൃക്ഷങ്ങൾ ഫലമേകുന്നില്ല. സന്ധ്യാസമയത്തു കൊതുകുശല്യം സഹിച്ചുകൂടാ. മദ്ധ്യാഹ്നത്തിൽ മറെറാരുതരം പ്രാണിയും. അവ ഞരമ്പുകളിൽനിന്നു രക്തം ഊററിക്കുടിക്കുന്നു. ഇവിടെ ഇരുനൂറു വലിയ പട്ടികളുണ്ടു്. മുന്നൂറു വേട്ടനായ്ക്കളും—ആകെ അഞ്ഞൂറു്. ഞാൻ എപ്പോഴെങ്കിലും പുറത്തേയ്ക്കു പോകുമ്പോൾ എന്തെങ്കിലും തീററി കിട്ടുമെന്നുള്ള ആഗ്രഹത്തോടെ അവ എൻെറ കുടിലിൻെറ വാതിൽക്കൽ തയ്യാറായി നിൽക്കുന്നു ണ്ടാകും."

ഇതിലും രസാവഹമായതാണ്, തലസ്ഥാനനഗരിയിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായ ഹോറിയും, അതിർത്തിപ്രദേശങ്ങളിൽ നിറുത്തിയിരുന്ന ഒരു ചെറിയ സൈന്യത്തിന്റെ മേലാവുംതമ്മിലുണ്ടായ അഭിപ്രായവ്യത്യാസം. സൈനികോദ്യോഗസ്ഥൻ, വിവിധസ്ഥലങ്ങളിലുള്ള . അദ്ദേഹത്തിൻെറ സന്ദർശനത്തേയും, അദ്ദേഹത്തിനുലഭിച്ച ആശ്ചര്യകരമായ സ്വീകരണത്തേയും, മററു പല വീരകൃത്യങ്ങളേയും കുറിച്ച് ഒരു നീണ്ട വിജ്ഞാപനം അയച്ചതിനെത്തുടർന്നാണു കുഴപ്പമാരംഭിക്കുന്നതു്. സൈനികോദ്യോഗസ്ഥൻ സന്ദർശിച്ചവെന്നു പറയപ്പെട്ടുന്ന സ്ഥലങ്ങളെക്കുറിച്ചും, ആ പ്രദേശങ്ങളിൽ വസിക്കുന്ന വിഷമകാരികളായ ജനങ്ങളെക്കുറിച്ചും, കുറേക്കൂടി അറിവുണ്ടെന്നു തോന്നുന്ന ഹോറി, അയാൾക്കു യഥാർത്ഥത്തിൽ എന്താണു സംഭവിച്ചതെന്നതിനെപ്പററി കുറേക്കൂടി യഥാതഥമായ ഒരു റിപ്പോർട്ട് താൻതന്നെ എഴുതി തിരിച്ചയച്ചു. ധാരാളം ഫലിതത്തിനു വകതരുന്നതിനു പുറമേ, അതിർത്തിപ്രദേശങ്ങളിലെ ജീവിതത്തെക്കുറിച്ചു വിശദവിവരങ്ങളും ഈ വിവർണ്ണത്തിൽനിന്നു ലഭിക്കുന്നുണ്ട്.

"വൈകുന്നേരം നിങ്ങൾ പ്രവൃത്തികഴിഞ്ഞു മടങ്ങിവരുമ്പോൾ നിങ്ങളുടെ ശരീരം മുഴുവൻ അതികഠിനമായി വേദനിക്കുന്നു. ദുസ്സഹമായ പാതകളിലൂടെ ദീർഘസവാരി ചെയ്യുന്നതുമൂലം നിങ്ങളുടെ അവയവങ്ങൾ മുറിഞ്ഞുപോകുന്നതായി തോന്നുന്നു. പുലർച്ചയ്ക്കു മുൻപുതന്നെ, പുറപ്പെടാനുള്ള സമയമാകുമ്പോൾ നിങ്ങൾ എഴുനേൽക്കുന്നു. നിങ്ങൾ ഏകനായി നിങ്ങളുടെ കുതിരയ്ക്കു ജീനി കെട്ടണം. ഈ വിജനപ്രദേശങ്ങളിൽ സഹോദരൻെറ സഹായത്തിനു സഹോദരൻ എത്തുന്നില്ല. രാത്രിയിൽ തസ്കരന്മാർ നിങ്ങളുടെ കൂടാരത്തിൽ പ്രവേശിച്ച് കുതിരയെ അഴിച്ചുവിടുന്നു; നിങ്ങളുടെ വസ്തുങ്ങൾ മോഷ്ടിക്കുന്നു. നിങ്ങളുടെ ഭൃത്യൻ രാത്രിയിൽ എഴുന്നേററു് അവർ ചെയ്യുന്നതെന്തെന്നു മനസ്സിലാക്കി, ബാക്കിയുള്ളതു് അവനുമെടുത്തു് അവരോടു ചേരുന്നു.

"ബെഡൂയിൻവർഗ്ഗങ്ങളുടെ രാജ്യത്തു നിങ്ങൾക്കു് ഇടുങ്ങിയ ഒരു പർവ്വതനിര കടക്കേണ്ടതായുണ്ട്. അവർ ദീർഘകായന്മാരും ക്രൂരമുഖഭാവത്തോടുകൂടിയവരുമാണ്. അവർ

ഹൃദയശൂന്യരാണ്. നിങ്ങളുടെ അഭ്യർത്ഥന അവർ കേൾക്കുകയില്ല. അവർ കുററിക്കാട്ടുകളിൽ പതിയിരിക്കുന്നു. നിങ്ങൾ ഏകനാണ്, നിങ്ങളുടെ സഹായത്തിന് ആളില്ല, നിങ്ങളുടെ പിറകിൽ സൈന്യബലവുമില്ല. മറുപുറം കടക്കുന്നതിനുള്ള മാർഗ്ഗം. കാണിച്ചുതരുന്നതിനു നിങ്ങൾ ഒരു വഴികാട്ടിയേയും കാണുകയില്ല. നിങ്ങൾ ഭയവിഹ്വലനാകുന്നു. നിങ്ങളുടെ തലമുടി ഭയംകൊണ്ട് എഴുന്നുനിൽക്കുന്നു. നിങ്ങളുടെ വഴിനിറയെ പാറകളും ഉരുളൻകല്ലുകളുമാണ്. ഒരു ശരിയായ പാതയില്ല. ഉള്ളതുതന്നെ മുൾച്ചെടികൾ വളർന്നു മൂടപ്പെട്ടിരിക്കായാണ്. നിങ്ങളുടെ ഒരുഭാഗത്തു കീഴ്ക്കാംതൂക്കായ ചരിവുകളാണ്, മറുഭാഗത്ത് ഉയർന്ന പർവ്വതനിരകളും.

"നിങ്ങൾ ജോപ്പയിൽ പ്രവേശിക്കുമ്പോൾ പച്ചപിടിച്ച സമഭൂമികൾ കാണാം. മുന്തിരിത്തോട്ടങ്ങൾ കാത്തുസൂക്ഷിക്കുന്ന ഒരു സുന്ദരിയെ നിങ്ങൾ കണ്ടെത്തുന്നു. അവൾ നിങ്ങളെ ഒരു തോഴനായി സ്വീകരിക്കുന്നു; അവളുടെ മാറിടത്തിന്റെ ഭംഗി ആസ്വദിക്കുവാൻ അവൾ നിങ്ങളെ അനുവദിക്കുന്നു. ജനങ്ങൾ നിങ്ങളെ കണ്ടെത്തുകയും വിസ്തരിക്കുന്നതിനുവേണ്ടി പിടികൂട്ടുകയും ചെയ്യുന്നു. പിഴ അടയ്ക്കുന്നതിനുവേണ്ടി നിങ്ങളുടെ നല്ല ഈജിപ്ഷ്യൻ മേലങ്കി വില്ക്കുന്നു. പരുപരുത്ത ചാക്കുവസ്ത്രം ധരിച്ചു നിങ്ങൾ ഉറങ്ങുന്നു. നിങ്ങളുടെ അമ്പും വില്ലും വാളും മോഷ്ടിക്കപ്പെടുന്നു. രാത്രിയിൽ നിങ്ങളുടെ കുതിരയുടെ കടിഞ്ഞാൺ മുറിച്ചുകളയപ്പെടുന്നു." മത്സ്യം പിടിക്കുവാൻ ഏററവും പററിയതും, എന്നാൽ ശുദ്ധജലം തീരെ ഇല്ലാത്തതുമായ കടലിലെ ഒരു ദ്വീപിനെക്കുറിച്ചുള്ള വർണ്ണനയും ഈ വിവരണത്തിലുണ്ട്. തോണികൾവഴിയാണ് ആ ദ്വീപിലേയ്ക്കു ശുദ്ധജലം കൊണ്ടുപോകുന്നത്. മണ്ണിനേക്കാളധികം മത്സ്യമുണ്ടവിടെ.

ഈജിപ്ഷ്യൻചരിത്രത്തിന്റെയും സാഹിത്യത്തിന്റെയും ഗവേഷണപടുക്കൾക്ക് അക്കാലത്തെ വിദ്യാർത്ഥികളോട് ഏററവുമധികം കടപ്പാടുണ്ട്. വിദ്യാർത്ഥികൾ തയ്യാറാക്കിയ പകർപ്പുകളിലൂടെമാത്രമേ പഴയ രേഖകളിൽ പലതും ഇന്നു ലഭിക്കുന്നുള്ളു. പ്രതീക്ഷപോലെതന്നെ ഇതിൽ തെററുകൾ ധാരാളമുണ്ട്. വിദ്യാർത്ഥിജീവിതം, അവരുടെ ദുഃസ്വഭാവം,

പഠനകാര്യങ്ങളിൽ ശ്രദ്ധചെലുത്തുവാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നതിലുള്ള അദ്ധ്യാപകന്മാരുടെ പ്രയാസം, ചില അദ്ധ്യാപകന്മാർക്കു ലഭിച്ചിരുന്ന യഥാർത്ഥ ബഹുമതി തുടങ്ങിയ വിഷയങ്ങളാണു മിക്ക ഉപന്യാസങ്ങളിലേയും പ്രതിപാദ്യം. അഭ്യർത്ഥനയും ഭീഷണിയും കൂടിക്കലർന്ന ഒരു മാതൃകയാണിതു്.

"ശിഷ്യാ, മടിയനായിരിക്കരുതു്. അല്ലെങ്കിൽ നീ ശരിയായ ശിക്ഷയ്ക്കു വിധേയനാകും. വിനോദങ്ങളിൽ നിൻെറ ശ്രദ്ധ പതിയരുതു്. അല്ലെങ്കിൽ നീ നിശിച്ചുപോകും. നിൻെറ കൈകൊണ്ടു് എഴുതുക, നിൻെറ വായ്കൊണ്ടു വായിക്കുക, നിന്നെക്കാൾ അറിവുള്ളവരിൽനിന്നു് ഉപദേശം തേടുക."

എന്നാൽ യുവാവു് അവൻെറ വഴിക്കുപോകുന്നു—ഇന്നും ആ വഴി വളരെയൊന്നും വ്യത്യാസപ്പെട്ടിട്ടില്ല. അദ്ധ്യാപകൻ ഇപ്രകാരം മനസ്താപിക്കുന്നു: "നീ പഠിത്തമുപേക്ഷിച്ചു ധൂർത്തനായി ജീവിക്കുന്നുവെന്നു ഞാൻ കേട്ടു. വിനാശത്തിലേയ്ക്കുള്ള നിൻെറ പോക്കിൽ മദ്യത്തിൻെറ മണമുള്ള തെരുവുകളിൽ നീ വിഹരിക്കുന്നു. നിന്നെ മദ്യം മണക്കുന്നതുകൊണ്ടു ജനങ്ങൾ നിന്നെ ഭയപ്പെടുന്നു. ദുഷ്കീർത്തിയുള്ള ഭവനങ്ങളിൽ നിന്നെ കാണുന്നു. പെൺകിടാങ്ങൾ നിന്നെ വളഞ്ഞിരിക്കുന്നു."

വിദ്യാർത്ഥികളെ അനുസരണമുള്ളവരാക്കിത്തീർക്കുന്നതിനു് അന്നത്തെ സമ്പ്രദായവും ഇന്നത്തേപ്പോലെതന്നെയായിരുന്നു. ഒരു ആപ്തവാക്യംപോലെ കരുതാവുന്നതാണു് ഈ അദ്ധ്യാപകൻെറ കുറിപ്പു്: "കുട്ടികളുടെ ശ്രവണേന്ദ്രിയം അവരുടെ പുറത്താണു്; പുറത്തടികിട്ടുമ്പോൾ അവർ ശ്രദ്ധിക്കുന്നു." എന്നാൽ ചില കുസൃതികളുടെ അടുക്കൽ ഈ ശുഭപ്രതീക്ഷ വിലപ്പോകുന്നില്ല. ഒരു അദ്ധ്യാപകൻ കേഴുന്നതു നോക്കുക: "ഞാൻ നിന്നെ എത്ര തല്ലിയാലും നീ നന്നാകുകയില്ല. അടികൊണ്ടാലും അനങ്ങാത്ത ഒരു കഴുതയാണു നീ."

അദ്ധ്യാപകന്മാരിൽനിന്നു പ്രഹരമേററിട്ടുള്ള ചില വിദ്യാർത്ഥികൾ അവരുടെ സ്വഭാവരൂപവൽക്കരണത്തിലും, അവരെ ജീവിതസമരത്തിനു യോഗ്യരാക്കിത്തീർക്കുന്നതിലും അദ്ധ്യാപകന്മാർ ചെലുത്തിയിട്ടുള്ള പ്രേരണ, ഭാവിജീവിതത്തിൽ കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നു. ഒരു വിദ്യാർത്ഥി

അയാളുടെ കൃതജ്ഞത ഇപ്രകാരമാണ രേഖപ്പെടുത്തിയിട്ടുള്ളത്. ഞാൻ അങ്ങയുടെ അധീനതയിലായിരുന്നപ്പോൾ അങ്ങ് എന്നെ ഒരു ശിശുവിനെപ്പോലെ പരിപാലിച്ചുപോന്നു. എനിക്കു നല്ല അടികിട്ടി. എന്നാൽ അങ്ങയുടെ പാഠങ്ങൾ എൻെറ കണ്ണുകളിൽ പതിഞ്ഞു.'' മറെറാരു വിദ്യാൎത്ഥി ഇതിലും കുറച്ചുകൂടി മുന്നോട്ടു പോയിരിക്കുന്നു: ''അങ്ങയുടെ പട്ടണത്തിൽ ഞാൻ അങ്ങയ്ക്കുവേണ്ടി ഒരു ഭവനം നിൎമ്മിക്കും. അതിൻെറ എല്ലാവശങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിക്കും.''

ചുരുക്കത്തിൽ, അവശേഷിച്ചിട്ടുള്ള രേഖാസാഹിത്യങ്ങളിൽനിന്നു പൗരാണിക ഈജിപ്റ്റിലെ ജീവിതത്തെക്കുറിച്ച് സമ്പൂൎണ്ണമായ അറിവു ലഭിക്കുന്നുണ്ട്. സാഹിത്യമേന്മയല്ല അവയുടെ പ്രധാനലക്ഷ്യമെങ്കിലും, അവയിൽ പലതും ആത്മാൎത്ഥമായ വികാരങ്ങളുടെയും, അൎത്ഥവത്തായ ശൈലിയുടെയും സാഹിത്യഗുണങ്ങൾ നിറഞ്ഞവയാണ്.

4055

അദ്ധ്യായം ആറ്

## സാമൂഹ്യബോധത്തിൻെറ ഉദയം

ഇനി നമുക്ക് ഈ പ്രാചീനജനതയുടെ ജീവിതചിന്തകളും സമകാലികൾക്ക് അവരുടെ ജ്ഞാനികൾ നൽകിയ ഉപദേശങ്ങളും എന്താണെന്നു നോക്കാം. മനുഷ്യൻെറ നിലനില്പിനെ യാദൃച്ഛികത്വത്തിൻെറ തിരമാലകളിലൂടെ നയിക്കുന്നതിനും, മനുഷ്യൻ മനുഷ്യനെ അവൻെറ സഹോദരനായി കണക്കാക്കാൻ പഠിക്കുമ്പോളുണ്ടാകുന്ന സൗന്ദര്യത്തെ ജീവിതത്തിലേക്കു പകുത്തുന്നതിനും ഈ ഉപദേശങ്ങൾ നമ്മെ സഹായിക്കുന്നു.

ഈ പാരമ്പര്യത്തിനു രണ്ടുതടവസ്ഥാനങ്ങളുണ്ട്. ആദ്യ രാജവംശങ്ങളിലെ രാജാക്കന്മാരുടെ ആദരവുനേടിയ വിജ്ഞന്മാർ—അവരിൽ ചിലർ ഉദ്യോഗസ്ഥന്മാരായിരുന്നു—കൃതികൾ രചിച്ചു. മേലധികാരികളുടെ സമ്മതി നേടി, സമന്മാരെ സന്തോഷിപ്പിച്ച്, കീഴിലുള്ളവരെ തൃപ്തിപ്പെടുത്തി ജീവിതത്തിൽ വിജയം വരിക്കത്തക്കവിധത്തിൽ പെരുമാറുന്നതിനു മനുഷ്യനു കഴിവുണ്ടാക്കുകയായിരുന്നു ഈ കൃതികളുടെ ഉദ്ദേശം. തത്തൽ കർത്താക്കന്മാർ സമ്പാദിച്ച അനുഭവത്തേയും ചാതുര്യത്തേയും ജ്ഞാനത്തേയും പ്രതിനിധീകരിക്കുന്ന ഈ കൃതികളിൽ, ശരിയായ ലൗകികജ്ഞാനവും ധാർമ്മികവൈശിഷ്ട്യവും നിറഞ്ഞുതുളുമ്പുന്നു. രാജാവിനെ ബഹുമാനിക്കുക, കർത്തവ്യം കാര്യക്ഷമതയോടെ നിർവ്വഹിക്കുക, സൂക്ഷ്മമായ അർത്ഥത്തിൽ മതപരമല്ലെങ്കിലും ധാർമ്മികമായ ജീവിതം നയിക്കുക, ജീവിതത്തിൽ ഓരോരുത്തർക്കുമുള്ള സ്ഥാനമനുസരിച്ച് ഓരോരുത്തരേയും ആദരിക്കുക, ഗൃഹജീവിതം അനുഷ്ഠിക്കുക, ധനികരും ദരിദ്രരുമായ അയൽപക്കക്കാരോടുള്ള കടമ നിറവേററുക—ഇതൊക്കെ യുവാക്കന്മാരെ പഠിപ്പിക്കുന്നതിനാണ് ഈ കൃതികൾ നിർമ്മിച്ചതു്. എല്ലായ്പ്പോഴും ഉന്നതതമമായ ആശയവാദം പ്രസംഗിക്കുകയോ, തീവ്രമായ വികാരങ്ങളെ ഇളക്കിവിടുകയോ ചെയ്യുന്നില്ലെങ്കിലും, ഇവ ഏററവും പ്രായോഗി

കവും, സാമൂഹ്യമായ ഒരൈക്യം സ്ഥാപിക്കുവാൻ വളരെയ ധികം സഹായിക്കുന്നവയുമാണ്.

എന്നാൽ സാമൂഹ്യമായ നിർണ്ണായകഘട്ടങ്ങളിൽ മനുഷ്യ ജീവിതത്തെപ്പററി, കുറേക്കൂടി പ്രകോപകവും കുറേക്കൂടി തീവ്രമായി അനുഭവപ്പെട്ടതുമായ ഒരു ചിന്ത ഉടലെടുത്തുതുടങ്ങി. ഈ പ്രവാഹം ആരംഭിച്ചതു് പുരാതനരാജ്യത്തിൻെറ അധഃപതനത്തിനുശേഷമുള്ള ആപൽക്കരമായ കാലത്തോ അതിനു തൊട്ടുശേഷമോ ആണെന്നു തോന്നുന്നു. ആഭ്യന്തരകുഴപ്പത്തിൻേറയും വിദേശീയാക്രമണത്തിൻേറയും കാലമായിരുന്നു അതു്. ബൃഹത്തായ പിരമിഡുകളിൽ ഒളിച്ചുവെച്ചിട്ടുള്ള തങ്ങളുടെ ദേവതുല്യരായ രാജാക്കന്മാരുടെ പവിത്രമായ ശരീരങ്ങൾപോലും അതിക്രമത്തിൽനിന്നു വിമുക്തമല്ലെന്നു് അപ്പോൾ ഈജിപ്തുകാർ ഭീതിയോടുകൂടി മനസ്സിലാക്കി. ചിത്തവൃത്തി കൂടുതൽ ഉജ്ജ്വലമാകുന്നു; വികാരാവേശംകൊണ്ടു് വാക്ചാതുരി വർദ്ധിക്കുന്നു. ചരിത്രത്തിൽ ലീനമായ ദുരന്തത്തേയും കഠിനമായ പ്രയത്നംകൊണ്ടും ആത്മത്യാഗംകൊണ്ടും മാത്രം സാധിക്കാവുന്ന മോചനത്തേയുംപററിയുള്ള ഒരു ബോധം ഇവിടെ പ്രകടമാകുന്നുണ്ടു്.

രണ്ടുതരം കൃതികളുടേയും പ്രാഥമികമായ ലക്ഷ്യം ഉൽബോധനമാണു്. അമനെം ഹെററ് (ക്രി. മു. 1844—1797) രാജാവിൻെറ ഒരുദ്യോഗസ്ഥൻ തന്റെ കുട്ടികൾക്കു കൊടുത്ത ഉപദേശം നോക്കുക: "ഞാൻ വലിയൊരുകാര്യം പറയുകയാണു്. നിങ്ങളതു ശ്രദ്ധിച്ചുകേൾക്കണം. എന്നന്നേയ്ക്കുമുള്ള ഒരു ചിന്ത, ശരിയായി ജീവിക്കാനും ജീവിതകാലം സുഖമായി കഴിക്കാനുമുള്ള ഒരു തത്വം, ഞാൻ നിങ്ങൾക്കു തരുന്നു." എന്നിരുന്നാലും, പല എഴുത്തുകാരും, പ്രത്യേകിച്ചു് ആദ്യത്തെ തരത്തിൽപ്പെട്ടവർ, അവരുടെ കൃതികൾക്കു സാഹിത്യഗുണംകൂടിയുണ്ടാവാൻ ബോധപൂർവ്വം ശ്രമം നടത്തി. തൻെറ മനസ്സിലുള്ളതു പ്രകാശിപ്പിക്കുവാൻ ഉപയോഗംകൊണ്ടു പഴകാത്ത പുതിയ പദങ്ങൾ ആരാഞ്ഞുകൊണ്ടാണു് ഹീലിയോപോളിസിലെ പുരോഹിതനായ ഖെഖെപെയർസോൻബു അദ്ദേഹത്തിൻെറ കൃതി ആരംഭിക്കുന്നതു്. പിന്നെ, ഈ പാരമ്പര്യത്തിലുള്ള ഏററവും പഴക്കംചെന്ന കൃതി (ക്രി. മു. 3500) വിരചിച്ച

റ്റാഹോട്ടെപ് ഇങ്ങനെ ഉപസംഹരിക്കുന്നു: "ഇവിടെ രേഖ പ്പെടുത്തിയ എന്റെ ഓരോ വാക്കും ഈ രാജ്യത്തു് എന്നെ ന്നേയ്ക്കും അനശ്വരമായിരിക്കും. രാജകുമാരന്മാർക്ക പ്രഭാഷണ ചാതുരി നൽകുന്നതരത്തിലുള്ള ഒരു മാതൃകയാക്കണം അതു്. വാഗ്വിലാസത്തോടെ എങ്ങനെ സംസാരിക്കാം എന്നു പഠി പ്പിക്കുന്നതായിരിക്കണം എന്റെ വാക്കുകൾ." സാന്മാർഗ്ഗിക ബോധനത്തിലുള്ളത്ര താൽപര്യം സുന്ദരമായ ഭാഷയിലുമുള്ള ആളാണു് ഈ ജ്ഞാനി. ഈ സാഹിത്യതാൽപര്യംമൂലമാ ണു് ബോധനം പലപ്പോഴും കഥാരൂപത്തിലായിത്തീരുന്നതു്. സത്യസന്ധമല്ലാത്ത ഭരണത്തെ നിരൂപണംചെയ്യുന്ന വാചാ ലനായ കൃഷിക്കാരന്റെ കഥ ഇതിനുദാഹരണമാണു്. അതി നെപ്പററി നമുക്ക പിന്നീടു പരാമർശിക്കാം. മഹത്തായ നിർണ്ണാ യകഘട്ടങ്ങളുടെ ഉദ്ദീപനംകൊണ്ടുണ്ടായ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം, വികാരങ്ങളുടെ തീവ്രതയും ആത്മാ ർത്ഥതയുംതന്നെ അതിന്റെ ഉന്നതതമമായ സാഹിത്യഗുണ ത്തിന്റെ ഉറവുകളാണു്.

പ്രായോഗികജ്ഞാനത്തെപ്പററി ആദ്യം എഴുതിയ റ്റാഹോ ട്ടെപ് അഞ്ചാമത്തെ രാജവംശത്തിലെ അസ്സാരാജാവിന്റെ ഒരുയന്ന സ്വകാര്യോപദേഷ്ടാവായിരുന്നു. അദ്ദേഹത്തിനു വാർദ്ധക്യമായി. അദ്ദേഹത്തിന്റെ മകനെ പഠിപ്പിച്ചാൽ മക നു് അച്ഛന്റെ കർത്തവ്യങ്ങൾ നിറവേററാമല്ലോ. അതുകൊ ണ്ടു് അതിനനുവദിക്കാൻ അദ്ദേഹം രാജാവിനോടപേക്ഷിക്കു ന്നു. തനിക്കു വയസ്സായതുകൊണ്ടു് തന്റെ മകനെ ഉപദേഷ്ടാ വായി സ്വീകരിക്കണമെന്നുള്ള ഒരു പരോക്ഷമായ ശുപാർശ യാണിതു്. റ്റാഹോട്ടെപ് പറയുന്നു: "പ്രഭോ, എന്റെ ജീവി തത്തിന്റെ അവസാനം അടുത്തു. വാർദ്ധക്യം എന്നെ ആക്ര മിക്കുന്നു. ക്ഷീണം വന്നുതുടങ്ങി. ശിശുത്വം വീണ്ടും വരുന്നു. കണ്ണിനു കാഴ്ച നശിച്ചുതുടങ്ങി, ചെവി കേൾക്കാതായി, വായു് സംസാരിക്കുന്നില്ല. ബുദ്ധിയും കുറഞ്ഞുവരുന്നു, ഇന്നലെ നട ന്നതു് ഇന്നോർമ്മിക്കുക അസാദ്ധ്യമാണു്. എല്ലുമുഴുവൻ വേദന യാണു്. മുമ്പു ചെയ്യാൻ സന്തോഷമുണ്ടായിരുന്ന കാര്യങ്ങൾ ഇപ്പോൾ വേദനനിറഞ്ഞതാണു്. രുചിയറിയാനുള്ള ശക്തി യും ഇല്ലാതാവുന്നു. അതുകൊണ്ടു് എന്റെ അധികാരം എന്റെ

മകനെ ഏല്പിച്ചുകൊടുക്കുവാൻ അവിടത്തെ ഭൃത്യനോടാജ്ഞാപിച്ചാലും. ഭൂതകാലജ്ഞാനത്തെ ലാളിച്ചുവളർത്തിയവരും ഒരിക്കൽ ദൈവവചനം കേട്ടവരുമായ വിജ്ഞന്മാരുടെ ഉപദേശങ്ങൾ ഞാനവനു കൊടുക്കട്ടെ.'' രാജാവു് അനുവാദം നൽകുന്നു. എന്നാൽ അദ്ദേഹം ഒരുപദേശംകൂടി കൊടുക്കുന്നുണ്ടു്: ''മുഷിപ്പിക്കാതെ സംസാരിക്കുക.'' തത്വശാസ്ത്രജ്ഞന്മാർക്കു് ഇന്നും ചായ്‌വുള്ള ഒരു പ്രവണതയാണിതു്. രാജാവു പറയുന്നു: ''പഴയകാലത്തെ അറിവിൽ നിങ്ങളുടെ മകനു ബോധനം നൽകുക. ഇത്തരത്തിലുള്ള ബോധനം മാത്രമാണു് കുലീനരുടെ കുട്ടികളുടെ സ്വഭാവം രൂപീകരിക്കുന്നതു്. ഇതുപോലെയുള്ള ബോധനത്തിൽ ശ്രദ്ധിക്കുന്ന യുവാവു് ശരിയായ അറിവും ന്യായമായി വിധിക്കാനുള്ള പ്രാപ്തിയും നേടുന്നു. തന്റെ കർത്തവ്യങ്ങളിൽ ഒരിക്കലും അവനു മുഷിവു തോന്നുകയില്ല.''

എങ്ങനെയാണു ജീവിതം നയിക്കേണ്ടതു് എന്നുള്ളതിനെപ്പററിയുള്ള തന്റെ അഭിപ്രായങ്ങൾ വൃദ്ധൻ സംഗ്രഹിക്കാനൊരുമ്പെടുന്നു. ജോലിയേയും ധനത്തേയും നമ്മെ ആശ്രയിക്കുന്നവരോടുള്ള നമ്മുടെ കടപ്പാടുകളെയുംകുറിച്ചു് അദ്ദേഹത്തിനു സുചിന്തിതമായ ഒരു പാഠമുണ്ടു് പഠിപ്പിക്കാൻ. ജോലിയേപ്പററി അദ്ദേഹം പറയുന്നു: ''എല്ലായ്പോഴും പ്രയത്നശീലരായിരിക്കുക. ആജ്ഞാപിച്ചതിലധികം ചെയ്യുക. ജോലി ചെയ്യാൻ കഴിവുള്ള സമയം ദുർവ്യയംചെയ്യരുതു്. സമയം ദുർവ്വിനിയോഗംചെയ്യുന്നവൻ നിന്ദാർഹനാണു്. ജോലി ധനത്തെ ഉല്പാദിപ്പിക്കും. എന്നാൽ, ജോലി ഉപേക്ഷിച്ചാൽ ധനം നിലനില്ക്കുകയില്ല.'' ഇവിടെ ധനം എന്നുവച്ചാൽ മനസ്സിലാക്കേണ്ടതു് സാമ്പത്തികശാസ്ത്രജ്ഞന്മാർ ഈ സംജ്ഞ ഉപയോഗിക്കുന്ന അർത്ഥത്തിലാണു്. ധനത്തിന്റെ ഇവിടത്തെ അർത്ഥം ഉല്പാദനമെന്നാണു്. അതിനുമാത്രമേ ജനങ്ങളുടെ ജീവിതത്തോതുയർത്താൻ കഴിയുകയുള്ളു. ഇതിനു വിപരീതമായി, പണം കുന്നുകൂട്ടുന്നതിനെപ്പററി റ്റാഹോട്ടെപ് പറയുന്നതു നോക്കുക: ''പണം അസ്ഥിരമാണു്, എന്നാൽ സൽസ്വഭാവം നിലനില്ക്കുന്ന ഒരു സമ്പാദ്യമാണു്.'' ആശ്രയിക്കുന്നവരോടു ദയ കാണിക്കേണ്ടതിനെപ്പററി അദ്ദേഹം വാദിക്കുന്നു:

''നിങ്ങൾക്ക കഴിവുള്ളതുപോലെ നിങ്ങളെ ആശ്രയിക്കുന്നവരോടു ദയവായി പെരുമാറുക, എന്തെന്നാൽ ഇതു ദൈവം അനുഗ്രഹിച്ചിട്ടുള്ളവരുടെ കർത്തവ്യമാണു്.'' ധനത്തിന്റെ സാമൂഹ്യമായ കടമകളെപ്പററിയുള്ള ബുദ്ധന്റെ ഉപദേശങ്ങൾ പോലെയാണിതു്.

ബുദ്ധിപരമായ ഔദ്ധത്യത്തിനെതിരായി അദ്ദേഹം മുന്നറിയിപ്പു നല്കുന്നു: ''നിങ്ങളുടെ അറിവുകൊണ്ടു് അഹങ്കരിക്കാതിരിക്കുക. നിങ്ങളൊരു പണ്ഡിതനാണെന്നുവിചാരിച്ചു തന്നത്താൻ ഊതിവീപ്പിക്കരുതു്. അറിവുള്ളവരോടെന്നപോലെ ചെറിയവരോടും ഉപദേശം തേടുക, എന്തെന്നാൽ ജ്ഞാനം വിലയേറിയ പച്ചക്കല്ലിനെക്കാളധികം ഒളിഞ്ഞാണു കിടക്കുന്നതു്; ധാന്യം പൊടിക്കുന്ന ഗ്രാമീണസ്ത്രീകളിലും ചിലപ്പോൾ അതു കണ്ടെത്തിയേക്കാം.'' സാമൂഹ്യബന്ധങ്ങളിൽ കരുതലും ദയവും വേണമെന്നു് അദ്ദേഹം വാദിക്കുന്നു: ''ഖണ്ഡനത്തേയും ചുട്ട മറുപടിയേയും സൂക്ഷിക്കുക. കോപം ഉപേക്ഷിച്ചു സ്വയം നിയന്ത്രിക്കുക. മററുള്ളവക്കുപദേശംകൊടുക്കേണ്ടിവരുമ്പോൾ ശരിയായ ഒരു തീരുമാനത്തിലെത്തത്തക്കവണ്ണം നിങ്ങളുടെ മനസ്സു് പ്രശ്നത്തിൽ കേന്ദ്രീകരിക്കുക. സംസാരിക്കുമ്പോൾ നിങ്ങളുടെ അഭിപ്രായങ്ങൾക്കു് എതിരായിവരാവുന്ന വാദങ്ങൾ നിങ്ങൾ അറിഞ്ഞിരിക്കണം. മൗനമായിരിക്കുക, അധികം സംസാരിക്കുന്നതിനെക്കാൾ നല്ലതതാണു്. സംശയം നിവാരണംചെയ്യാൻ കഴിയും എന്നു ബോദ്ധ്യമുള്ളപ്പോൾ മാത്രം സംസാരിക്കുക. സദുപദേശംചെയ്യാൻ കഴിവുള്ളവൻ ഒരു കലാകാരനാണു്, എന്തുകൊണ്ടെന്നാൽ സംഭാഷണം ഏതു കരകൗശലത്തെക്കാളും വിഷമമേറിയതാണു്. സഭയിൽ ഒരു വിദഗ്ദ്ധൻ നിങ്ങളെ എങ്ങനെ നേരിട്ടുമെന്നു വിചാരിച്ചുനോക്കു. എല്ലാ വിഷയത്തെക്കുറിച്ചും സംസാരിക്കണമെന്നു കരുതുന്നതു മൂഢത്വമാണു്.'' വിശ്വാസം മാനിക്കണം: ''ഒരാൾ ഹൃദയം തുറന്നു നിങ്ങളോടു പറയുന്നതു്, അയാൾ രാജാവോ കൃഷിക്കാരനോ ആയിക്കൊള്ളട്ടെ, ഒരിക്കലും മറെറാരാളോടു പറയരുതു്. അതാത്മാവു വെറുക്കുന്നതാണു്.''

നേതാക്കന്മാരാവണമെന്നുള്ളവർ അവർ പ്രസംഗിച്ചു നടക്കുന്ന നല്ലകാര്യങ്ങൾ പ്രവത്തിച്ചുകാണിക്കണം. ''നിങ്ങൾ

ക്ക ജനസമൂഹത്തെ ഭരിക്കുന്ന ഒരു നേതാവാവണമെങ്കിൽ, ഓരോ ശ്രേഷ്ഠഗുണവും നിങ്ങളിലുണ്ടാക്കാൻ യത്നിക്കുക. നിങ്ങളുടെ സ്വഭാവം കറയററതാവട്ടെ. നിങ്ങളുടെ പെരുമാറ്റം മററുള്ളവർ അനുഗമിക്കുന്ന മാർഗ്ഗമാണു്.'' സാമ്രാജ്യീകതയെപ്പററി അദ്ദേഹത്തിൻ്റെൽബുദ്ധമായ ഉപദേശമുണ്ടു്, നമുക്കു തരുവാൻ. ''തെററായ പ്രവൃത്തികളൊന്നും ഇതുവരെ അതിൻ്റെ ആഗ്രഹം നിറവേററിയിട്ടില്ല. മഹത്താണു് സദാചാരം. അതിൻെറ ഗുണം ശാശ്വതവുമാണു്. ഇന്നുവരെ അതു കുഴപ്പത്തിലായിട്ടില്ല. തിന്മക്കു ധനം സമ്പാദിക്കാൻ തീർച്ചയായിട്ടും കഴിയും. എന്നാൽ സത്യത്തിൻെറ ശക്തി അതു നിലനില്ക്കുന്നുവെന്നുള്ളതാണു്. നേരുള്ള ആൾക്കു പറയാൻ കഴിയണം: 'എൻെറ സ്വഭാവം എൻെറ അച്ഛൻ എനിക്കു തന്ന ഏറ്റവും വിലപിടിച്ച സ്വത്താണു്'.'' കുടുംബവും ഈ തത്വമനുസരിച്ചു വ്യവസ്ഥപ്പെടുത്തണമെന്നാണു് വൃദ്ധൻെറ അഭിപ്രായം: ''നിങ്ങൾ അറിവുള്ള ആളാണെങ്കിൽ, ദൈവത്തിനിഷ്ടമുള്ള ഒരു പുത്രനെ ഉല്പാദിപ്പിക്കുക. അവൻ നിങ്ങളെ അനുകരിച്ചു ജീവിക്കുന്നവനാണെങ്കിൽ, അവനു് എല്ലാ നന്മയും ചെയ്യുക. എന്നാൽ അവൻ അശ്രദ്ധ കാണിക്കുകയും സദാചാരനിയമങ്ങളെ ലംഘിക്കുകയും സാഹസം പ്രവൎത്തിക്കുകയും ചീത്തവാക്കുകൾമാത്രം പറയുകയും ചെയ്യുന്നുവെങ്കിൽ, അവനെ ശിക്ഷിക്കുക. അതുകൊണ്ടവൻ നന്നാവാം. വിലപിടിച്ചതാണു് ഒരാൾക്കു് അയാളുടെ മകൻെറ ഗുണം, എന്തെന്നാൽ സൽസ്വഭാവം സ്മരിക്കപ്പെടുന്ന ഒന്നാണു്.''

ബോധനങ്ങളുൾക്കൊള്ളുന്ന ഒരു പുസ്തകമെഴുതിയ മററൊരാളാണു് അനി. അദ്ദേഹത്തിൻെറ ആദ്യത്തെ പാഠം സ്വാശ്രയത്തിൻേറതാണു്. എന്നാൽ ഇവിടെ സ്വാശ്രയത്വം ഉത്സാഹശീലത്തേയും വിചാരപൂൎണ്ണമായ ശീലങ്ങളേയും ആശ്രയിക്കുന്നു. ''നിങ്ങളുടെ കൈകൊണ്ടുണ്ടാക്കിയ ഒരു വഴിയിൽക്കൂടി നിങ്ങൾ ഓരോദിവസവും യാത്രചെയ്യുകയാണെങ്കിൽ, നിങ്ങൾ ഉദ്ദേശിക്കുന്ന സ്ഥലത്തു ചെന്നെത്തും.'' ദുസ്സ്വഭാവങ്ങൾക്കു നിങ്ങളെ വഴിയിൽ താമസിപ്പിക്കുവാനും നിങ്ങളുടെ ലക്ഷ്യത്തെപ്പററിയെല്ലാം മറപ്പിക്കുവാനും കഴിയും. ലഹരിപിടിപ്പിക്കുന്ന പാനീയങ്ങൾ വൎജ്ജിക്കണമെന്നു് അതി

ശക്തിയായി വാദിക്കുന്നു: "കുടി ശീലിച്ചുന്നതത്താൻ ഉപദ്രവമുണ്ടാക്കരുത്. കുടിച്ചിട്ടു സംസാരിക്കുമ്പോൾ നിങ്ങളുദ്ദേശിക്കാത്ത വാക്കുകളാണു നിങ്ങളുടെ വായിൽനിന്നു വരിക. നിങ്ങൾ വീണു കാലൊടിച്ചാൽ, നിങ്ങൾക്കു സഹായഹസ്തം നീട്ടാനാരുമുണ്ടാവുകയില്ല. എപ്പോഴും കുടിച്ചു മത്തനായിരിക്കുന്ന ഈ മനുഷ്യനിൽനിന്നു ഞങ്ങളെ രക്ഷിക്കുക എന്നു നിങ്ങളുടെ സ്നേഹിതന്മാർ നിലവിളിക്കും. ഇനി നിങ്ങളെ അന്വേഷിച്ചാരെങ്കിലും വരികയാണെങ്കിൽ എന്താണയാൾ കാണുക. ഒരു ശിശുവിനെപ്പോലെ നിസ്സഹായനായി നിങ്ങൾ നിലത്തുകിടക്കുന്നതു്."

സുഖപ്രദമായ സാമൂഹ്യബന്ധങ്ങളേയും മര്യാദയേയുംപററി അനി ഊന്നിപ്പറയുന്നു: "മറെറാരാൾ നില്ക്കുമ്പോൾ, പ്രത്യേകിച്ചു് അയാൾ ഒരു വൃദ്ധനാണെങ്കിൽ, നിങ്ങളുടെ സാമൂഹ്യനില അയാളുടേതിനെക്കാൾ ഉയന്നതാണെങ്കിൽക്കൂടി, നിങ്ങളിരിക്കരുതു്." മററുള്ളവരോടു മര്യാദകാണിച്ചാലേ, അവർ നമ്മളോടും മര്യാദ കാണിക്കുകയുള്ളൂ. "ചീത്ത വാക്കുകൾ പറയുന്ന ആൾ അന്യരിൽനിന്നു സൽപ്രവൃത്തികൾ പ്രതീക്ഷിക്കണ്ട. നാശത്തിനു കാരണം പലപ്പോഴും നാവായിരിക്കും. സ്വയം നശിപ്പിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. മനുഷ്യൻെറ ഹൃദയം ഒരു കലവറയാണു്. എല്ലാത്തരത്തിലുമുള്ള ഉത്തരങ്ങളുമുണ്ടതിൽ നിറച്ചു്. നല്ലവ തെരഞ്ഞെടുത്തു സംസാരിക്കുക. ചീത്ത അവിടെത്തന്നെ ഭദ്രമായി സൂക്ഷിക്കുക. പരുഷമായി ഉത്തരംകൊടുക്കുന്നതു് ആയുധങ്ങൾ ചുഴററുന്നതുപോലെയാണു്. എന്നാൽ നിങ്ങൾ ശാന്തതയോടും ദയയോടുംകൂടി സംസാരിച്ചാൽ നിങ്ങളെപ്പോഴും സ്നേഹപാത്രമാവും. നിങ്ങളോടു ദേഷ്യത്തോടെ സംസാരിച്ച ആളോടു ശാന്തമായി സംസാരിക്കുക. മൃദുവായ വാക്കുകൾ അയാളുടെ ഹൃദയത്തിനുള്ള മരുന്നാണു്." ഭൂമിയിലെ അവസാനനിമിഷങ്ങളെക്കൂടി പ്രശാന്തമായി നേരിടാൻ സാന്മാർഗ്ഗികജീവിതം ഒരാൾക്കു കഴിവുണ്ടാക്കുമെന്നു പറഞ്ഞുകൊണ്ടു് അനി തൻെറ കൃതി ഉപസംഹരിക്കുന്നു: "മരണദൂതൻ നിങ്ങളെ കൊണ്ടുപോവാൻ വരുമ്പോഴേയ്ക്കും തയ്യാറായിരിക്കുക. അയാൾ ഭീകരനായതുകൊണ്ടു നിങ്ങൾക്കു സംസാരിക്കുവാൻ സാധിക്കുകയില്ല. 'കഷ്ടം! എന്റെ

യൗവനത്തിൽ നിയ്യെന്നെ കൊണ്ടുപോവുകയാണു്,' എന്ന യാളോടു പറയാതിരിക്കുക. നിങ്ങൾ എപ്പോൾ മരിക്കുമെന്നു നിങ്ങൾക്കറിഞ്ഞുകൂടാ. ഒരു പടുവൃദ്ധനെയെന്നപോലെതന്നെ അമ്മയുടെ മാറിലിരിക്കുന്ന ശിശുവിനേയും മരണം ബാധിക്കുന്നു. എന്നാൽ ഞാൻ നിങ്ങൾക്കു സദുപദേശം തരികയാണു്. നിങ്ങളതിനെപ്പററി ആലോചിച്ചുനോക്കു. ഈ കാൎയ്യങ്ങളൊക്കെ ചെയ്യുക. എന്നാൽ നിങ്ങളൊരു നല്ല മനുഷ്യനാവും. എല്ലാത്തരത്തിലുമുള്ള തിന്മകളും നിങ്ങളിൽനിന്നു പലായനംചെയ്യും.''

ഈജിപ്ഷ്യൻസമുദായത്തിലെ സ്ത്രീകളുടെ ഉന്നതമായ നില നാം കണ്ടുകഴിഞ്ഞു. സാന്മാൎഗ്ഗികസാഹിത്യം പലദിക്കിലും സ്ത്രീയെപ്പററി പറയുന്നുണ്ടു്. മനുഷ്യനെ പ്രലോഭിപ്പിക്കുവാനും ഉയൎത്തുവാനും സ്ത്രീകൾക്കുള്ള കഴിവു് എന്താണെന്നു് ഈ സാഹിത്യത്തിൽ കാണാം. ദുർവൃത്തയായ സ്ത്രീയെ പരിത്യജിക്കുവാൻ അനി അദ്ദേഹത്തിൻെറ മകനോടുപദേശിക്കുന്നു: "അവൾ നിന്നെ സമീപിക്കുമ്പോൾ, അവളെ നോക്കാതിരിക്കുക, അറിയാതിരിക്കുക. അഗാധമായ ജലത്തിലെ നീർച്ചുഴിപോലെയാണവൾ. ആ ചുഴിക്കെത്ര ആഴമുണ്ടെന്നളക്കാൻ കഴിയുകയില്ല.'' എന്നാൽ ഓരോരുത്തർക്കും അമ്മയോടുള്ള കടപ്പാടു് അദ്ദേഹം മനസ്സിലാക്കുന്നുണ്ടു്. അമ്മയെ ശ്രദ്ധയോടുകൂടി സംരക്ഷിക്കുവാൻ അദ്ദേഹം മകനെ ഉപദേശിക്കുകയും ചെയ്യുന്നു: "അമ്മയെ നിനക്കൊരിക്കലും മറക്കാൻ പാടില്ല. നിന്നെ വഹിക്കുന്നതിൽ അമ്മ ഒരു വലിയ ഭാരമാണു ചുമന്നതു്. അതിനെൻെറ സഹായവുമുണ്ടായിരുന്നില്ല. വയററിനു താഴെ വലിയൊരു ഭാരമായി അമ്മ നിന്നെ വളരെനാൾ ചുമന്നു. പത്തുമാസം കഴിഞ്ഞു നീയുണ്ടായപ്പോഴും അമ്മ സ്വതന്ത്രയായില്ല. മൂന്നുകൊല്ലത്തേക്കു നിനക്കു മുല തരേണ്ടിയിരുന്നു. നിൻെറ ശുചിയില്ലായ്മകണ്ടു കോപിക്കാതെ അമ്മ നിന്നെ വളർത്തി. പഠിപ്പിക്കാൻ നിന്നെ പള്ളിക്കൂടത്തിലയച്ചപ്പോൾ അവർ എന്നും നിനക്കു വീട്ടിൽനിന്നും ഭക്ഷണം കൊണ്ടുതന്നു. അമ്മയ്ക്കു കഷ്ടപ്പാടുണ്ടാക്കുന്ന യാതൊന്നും ചെയ്യരുതു്. അമ്മ മുകളിലേയ്ക്കു കൈയുയൎത്താനും പരാതി ദൈവം കേൾക്കാനും ഇടവരാതിരിക്കട്ടെ.'' ഇതുപോ

ലെതന്നെ, ഭാര്യയുടെ കാര്യത്തിൽ ഭർത്താവു് ഏററവും ഉത്സുകനായിരിക്കണമെന്നു് റ്റാഹോട്ടെപ് ആവശ്യപ്പെടുന്നു: "നിങ്ങളുടെ ഭാര്യയെ ഓമനയായി സ്നേഹിക്കുക. അവൾക്കു പയോഗത്തിനു് ധാരാളം ഭക്ഷണവും വസ്ത്രവും കൊടുക്കുക. നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം അവളെ സുഖിപ്പിക്കുക. അവൾ നിങ്ങളുടെ വയലാണു്. നിങ്ങളുടെ കീർത്തിയാണു് അവൾ പ്രതിബിംബിപ്പിക്കുന്നതു്. വീട്ടിൽ കർക്കശമായി പെരുമാറാതിരിക്കുക. ബലത്തെക്കാൾ അധികം അനുനയംകൊണ്ടു് അവളെ എളുപ്പത്തിൽ ഇളക്കാം. അവളുടെ ധ്യേയമായ ആഗ്രഹങ്ങൾ സാധിപ്പിക്കണം. അവൾ പ്രതീക്ഷിക്കുന്നതെന്താണെന്നും എന്തിലാണവളുടെ മനസ്സു് ആഗ്രഹത്തോടെ ചെന്നിരിക്കുന്നതെന്നും മനസ്സിലാക്കുക."

ഈ എഴുത്തുകാരുടെ അറിവു് വ്യക്തിയുടെ പെരുമാററത്തിൽനിന്നു് അതിനേക്കാൾ വല്യതായ സാമൂഹ്യനിയന്ത്രണമണ്ഡലത്തിലേയ്ക്കുംവ്യാപിച്ചു. ഭരണത്തെപ്പററി ഉൽബുദ്ധമായ പല ബോധനങ്ങളും അവർ നൽകിയിട്ടുണ്ടു്. സാമ്രാജ്യത്തിന്റെ കാലത്തെ ഗണനാർഹമായ ഒരു പ്രമാണം രാജാവു് ഒരു പുതിയ മന്ത്രിയെ നിയമിച്ചപ്പോൾ നൽകിയ ബോധനങ്ങളെ രേഖപ്പെടുത്തുന്നു: "സകല പ്രവൃത്തികളിലും ജാഗരൂകനായിരിക്കുക. നോക്കൂ, രാജ്യത്തിന്റെ മുഴുവൻ താങ്ങാണു് ഈ ഉദ്യോഗം. ഈ ഉന്നതസ്ഥാനം മധുരമുള്ളതല്ല, ചവർപ്പുള്ളതാണു്. ചിലപ്പോൾ രാജകുമാരന്മാരോടും സഭാംഗങ്ങളോടും കൂടി നിങ്ങൾക്കു കർശനമായി പെരുമാറേണ്ടിവരും. നിങ്ങൾക്കു് ഒരു ജനതയേയും അടിമപ്പെടുത്താൻ കഴിയുകയില്ല. ഈജിപ്തിൻെറ ഏതെങ്കിലും ഭാഗത്തുനിന്നു് ഒരു നിവേദകൻ വന്നാൽ, നിയമമനുസരിച്ചു് എല്ലാം ചെയ്യുന്നുവെന്നും, ഓരോരുത്തർക്കും അവനവൻെറ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നുവെന്നും നിങ്ങൾക്കു ബോദ്ധ്യപ്പെടണം. നിങ്ങളറിയുന്നവനെ നിങ്ങളറിയാത്തവനെപ്പോലെയും, രാജാവിന്റെ അടുത്തുള്ളവനെ കൊട്ടാരത്തിൽനിന്നകലെയുള്ളവനെപ്പോലെയും കണക്കാക്കുക. നിങ്ങളുടെമേൽ ഏർപ്പെടുത്തിയിട്ടുള്ള ഈ ചട്ടം അനുസരിക്കുക."

ഇങ്ങനെയൊക്കെയാണെങ്കിലും അന്നും അഴിമതിയി

ല്ലാത്ത ഭരണത്തിനു് ആധുനികകാലത്തെക്കാളധികമൊന്നും നീണ്ടുനില്ക്കാൻ കഴിഞ്ഞില്ല. കൃഷിക്കാരന്റെ കഥ ഇതിനുദാഹരണമാണു്. സാമൂഹ്യമായ നിഷ്ഠുരായകഘട്ടങ്ങളിലുണ്ടായിട്ടുള്ള കുറച്ചുകൂടി ഗൗരവമായ പ്രവാഹത്തിലേയ്ക്കുള്ള മാററത്തേയും അതു കുറിക്കുന്നു. കൃഷിക്കാരന്റെ കഥ ഒരു ചെറുകഥപോലെയാണാരംഭിക്കുന്നതു്. ഒരു കൃഷിക്കാരൻ ദൂരെയുള്ള ഒരു ചന്തസ്ഥലത്തേയ്ക്കു തന്റെ കഴുതയേയുംകൊണ്ടു പുറപ്പെട്ടു. നല്ല ചൊടിയും ബലവുമുള്ള ഈ കഴുതയെക്കണ്ടപ്പോൾ ഗ്രാമത്തിലെ ഒരു താഴ്ന്ന ഉദ്യോഗസ്ഥനു് അതിനെ പിടിച്ചെടുക്കാൻ മോഹംതോന്നി. അയാൾ അതിനൊരുപായം പ്രയോഗിച്ചു. ചന്തയിലേയ്ക്കുള്ള വഴി ഒരിടത്തു വളരെ ഇടുങ്ങിയതാണു്. വഴിയുടെ ഒരു വശത്തു നദിയും മറുവശത്തു ധാന്യവയലും ആണു്. ഉദ്യോഗസ്ഥൻ ഈ സ്ഥലത്തു കാത്തിരുന്നു. അയാൾ തന്റെ വസ്ത്രങ്ങൾ നനച്ചു് അതുണങ്ങാനായി വഴിയിൽ വിരിച്ചു് വഴിമൂടി. കൃഷിക്കാരൻ വന്നപ്പോൾ, തന്റെ വസ്ത്രങ്ങളിൽ ചവിട്ടരുതെന്നു് ഉദ്യോഗസ്ഥൻ അയാൾക്കു മുന്നറിയിപ്പു നല്കി. അതുകൊണ്ടു് അയാൾ വയലിൽക്കൂടി യാത്ര തുടന്നു. വളന്നുവരുന്ന ധാന്യം കഴുത ഒരു വായു് നിറയെ അകത്താക്കി. അപ്പോൾ ഉദ്യോഗസ്ഥൻ വന്നു കഴുതയെ കൈക്കലാക്കി.

കൃഷിക്കാരൻ ഒരുയന്ന ഉദ്യോഗസ്ഥനോടു് ഇതിനെപ്പററി നിവേദനം നടത്തി. കഥയുടെ ബാക്കിഭാഗം ഈ നിവേദനങ്ങളെക്കുറിച്ചാണു്. ദിവസവും ഇതിനായിട്ടു നടന്നിട്ടും ഒരു ഫലവും ഉണ്ടാകാതിരുന്നപ്പോൾ അയാളുടെ അപേക്ഷകൾ കൂടുതൽ കൂടുതൽ വികാരദീപ്തമായി. രാജാവിൽനിന്നധികാരം കിട്ടിയ ഉദ്യോഗസ്ഥൻ മുഖേന രാജാവിനെ സംബോധന ചെയ്തുകൊണ്ടു കൃഷിക്കാരൻ പറയുന്നു:

"അങ്ങു് റാ ദേവനാണു്. എല്ലാവരുടേയും കാര്യങ്ങൾ നിയന്ത്രിക്കുന്നതു് അങ്ങാണു്. പച്ചവയലുകളുണ്ടാക്കുകയും തരിശുഭൂമികളെ ഫലഭൂയിഷ്ഠമാക്കുകയും ചെയ്യുന്ന നൈൽദൈവത്തെപ്പോലെയാണങ്ങു്. കൊള്ളക്കാരനെ ഇല്ലാതാക്കി കഷ്ടപ്പെടുന്നവരുടെ സ്നേഹിതനായാലും. പുഴക്കിഎടുത്തുകൊണ്ടു പോവുന്ന മലവെള്ളത്തെപ്പോലെ, പരാതിക്കാരോടു പെരുമാററരുതു്. അങ്ങയുടെ മേലിലുള്ള ജീവിതത്തിന്റെ

രക്ഷയ്ക്കുവേണ്ടി ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക. അമരക്കാരാ, അങ്ങയുടെ തോണി പാറയിൽ മുട്ടി ഗതിമുട്ടാതിരിക്കട്ടെ. മനുഷ്യപോഷകാ, മനുഷ്യർ വിശന്നു മരിക്കാതിരിക്കട്ടെ. ശത്രുസംഹാരകാ, അങ്ങയുടെ പ്രജകൾ നശിക്കാതിരിക്കട്ടെ. തണലേ, മനുഷ്യർ കത്തുന്ന ചൂടിൽ നശിക്കാതിരിക്കട്ടെ. അണയ്ക്കു ദ്വാരമുള്ളപ്പോൾ അതിൽക്കൂടി വെള്ളം പുറത്തു ചാടുന്നു. അതുപോലെ എൻെറ വായ്ക്ക് തുറന്നിരിക്കുന്നു, അതു സംസാരിക്കുന്നു. എൻെറ ഉള്ള് ഇപ്പോൾ ശുദ്ധമായി. അതിൽനിന്നു പുറത്തേയ്ക്കു കളയേണ്ടതെല്ലാം ഞാൻ പുറത്തേയ്ക്കു കളഞ്ഞു. എൻെറ ഹൃദയം ഞാൻ ലഘൂകരിച്ചു. എൻെറ കഷ്ടപ്പാടു മുഴുവൻ ഞാൻ അങ്ങയെ ധരിപ്പിച്ചു. നാലുതവണയായി ഞാനിപ്പോൾ അവിടത്തെ സമക്ഷം പരാതിബോധിപ്പിക്കുന്നു. ഇനി എത്രകാലം ഇങ്ങനെ ചെയ്യണം?''

ബാക്കിവരികൾ അവ്യക്തമാണ്. എന്നാൽ വായിക്കാവുന്ന അംശങ്ങളിൽനിന്നു ഗ്രാമോദ്യോഗസ്ഥനെ ശിക്ഷിച്ചുവെന്നും കൃഷിക്കാരനു കഴുതയെ തിരിച്ചുകൊടുത്തുവെന്നും തീർച്ചയാവുന്നുണ്ട്.

കൃഷിക്കാരൻെറ കഥ ഫലിതസ്ഫുരണത്തോടുകൂടിയാണു പറഞ്ഞിട്ടുള്ളതു്. എന്നാൽ സാമൂഹ്യമായ വലിയ നിർണ്ണായകഘട്ടങ്ങൾ ഉദ്ദീപിപ്പിക്കുന്ന തീക്ഷ്ണമായ വാക്കുകളിലേയ്ക്കു വരുമ്പോൾ മനോഭാവം വ്യാകുലമാവുന്നു. ക്രി. മു. 2500 അടുത്തു് ആറാംരാജവംശത്തിൻെറ ഭരണാവസാനത്തോടുകൂടി, ഒരു ഭരണത്തലവൻെറ അഭാവം കുറച്ചുകാലത്തേയ്ക്ക്, ഈജിപ്തിനെ ചരിത്രത്തിൽനിന്നു പെട്ടെന്നൊപ്പിയെടുത്തു. പഴയ രാജ്യത്തിൻെറ നാശത്തിനും മദ്ധ്യകാല രാജ്യത്തിൻെറ ഉദയത്തിനും ഇടയ്ക്കാണ് ഈ കാലം. അവ്യവസ്ഥ പൂർണ്ണമായി. ഭരണകൂടത്തിൻെറ അധികാരം ക്ഷയിച്ചു. ഉപരിവർഗ്ഗങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും എതിരായി ജനങ്ങൾ പ്രക്ഷോഭംകൂട്ടി. വൈദേശികരായ കൂലിപ്പട്ടാളക്കാർ ലഹള തുടങ്ങി, നാടുമുഴുവൻ കൊള്ളയും കവർച്ചയും നടത്തി. വർഗ്ഗങ്ങൾ ഒന്നിക്കുകയും കിഴക്കേ അതിർത്തിയിൽ ഭീഷണി മുഴക്കുകയും ചെയ്തു. എന്നാൽ വൃദ്ധനായ ഒരു രാജാവ് തൻെറ കൊട്ടാരത്തിൽ ഒരു മയക്കത്തിലെന്നപോലെ കഴിയുന്നുണ്ട്. അദ്ദേഹം കള്ളങ്ങൾ കേട്ടു തൃപ്തിപ്പെട്ടിരിക്കുകയാണ്, അപ്പോൾ

ഇ പുവർ എന്ന പേരായ ഒരു സന്യാസി രാജസദസ്സിൽ ചെന്നു രാജ്യത്തെ ഭയങ്കരമായ സ്ഥിതിയെപ്പററി രാജാവിനെ ഭയരഹിതനായി ധരിപ്പിച്ചു. അദ്ദേഹം ജനങ്ങൾക്കപ്പോൾ ത്തന്നെയുള്ള കഷ്ടപ്പാടു ചിത്രീകരിക്കുകയും ഇനി വരാൻപോകുന്നതു മുൻകൂട്ടി കാണുകയും ചെയ്തു. രാജ്യത്തിൻെറ ശത്രുക്കളോടു യുദ്ധംചെയ്യാൻ അദ്ദേഹം ശ്രോതാക്കളെ ഉൽബോധിപ്പിച്ചു. ക്രമവും സമാധാനവും പുനഃസ്ഥാപിക്കുന്ന ഒരു രാജാവിനെ അദ്ദേഹം മനസ്സിൽ ദർശിച്ചു. സ്മരണാർഹമായ ഈ രചനയിൽ ഏററവും പുരാതനകാലത്തെ സാമൂഹ്യമായ ഒരാശയവാദമാണു നാം കാണുന്നതു്. ഉജ്ജ്വലമായ ഒരു ഭാവിയുടെ ദർശനത്തോടുകൂടി സംശ്ലേഷണംചെയ്ത ഈ ആശയവാദം ജൂതന്മാരുടെ അവതാരാഗമപ്രതീക്ഷയുടെ ഒരാദ്യപതിപ്പാണു്. സാമാന്യം വിസ്തൃതമായി രചിച്ച ഈ കൃതിക്കു് ഗദ്യംകൊണ്ടുള്ള ഒരു ചട്ടക്കൂടും അതിനുള്ളിൽ ആറു പദ്യഖണ്ഡങ്ങളുമുണ്ടു്.

ഈജിപ്ഷ്യൻസമുദായം സാമന്തജന്മിസമ്പ്രദായത്തിൽ ഉള്ള ഒന്നായിരുന്നുവെങ്കിലും, ഭൂവുടമകളായ പ്രഭുക്കന്മാരും അദ്ധ്വാനിക്കുന്ന കർഷകരും തമ്മിൽ മാനുഷികാടിസ്ഥാനത്തിലുള്ള ബന്ധങ്ങൾ വളരാൻ അതനുവദിച്ചിരുന്നു. ഈ ബന്ധവും അതോടൊപ്പം സാമൂഹ്യവ്യവസ്ഥിതിയും ശിഥിലമാകുന്നു. ഇ പുവർ പറയുന്നു: "കൃഷിക്കാരുടെ ഹൃദയം ശോകാകുലമാണു്. പ്രഭുക്കന്മാർ ജനങ്ങളുടെ ആഹ്ലാദങ്ങളിൽ ഒട്ടും തന്നെ പങ്കെടുക്കുന്നില്ല." അപരാധങ്ങൾക്കു ശിക്ഷനൽകിയിരുന്ന ഈശ്വരന്മാരിലുള്ള പഴയ വിശ്വാസത്തിനു ശക്തിയില്ലാതായി. ദുഷിച്ച പുരോഹിതന്മാരുടെ സ്വാധീനംകൊണ്ടാണു് ഇതു സംഭവിച്ചതെന്നു് ഇ പുവർ പറയുന്നു. "ഈശ്വരൻ എവിടെയാണെന്നറിഞ്ഞാൽമാത്രം വഴിപാടുകൾ നടത്താൻ തയാറുള്ള" സംശയവാദികളെപ്പററിയും ഇ പുവർ പറയുന്നുണ്ടു്. "മതപരമായ കർമ്മങ്ങൾ പണ്ടെങ്ങനെയാണനുഷ്ഠിച്ചിരുന്നതെന്നോർമ്മിച്ചുനോക്കു. ചീത്തപുരോഹിതന്മാരെ മാററണം," എന്നും അദ്ദേഹം പറയുന്നുണ്ടു്. ക്രമനിയമങ്ങളോടുള്ള പുച്ഛം ജനങ്ങൾക്കു് അവരുടെ നിർമ്മാണപ്രയത്നങ്ങൾ തുടരുക അസാദ്ധ്യമാക്കിത്തീർക്കുന്നു. രാഷ്ട്രത്തിൻെറ സാമ്പത്തികസ്ഥിതി ക്ഷയിക്കുകയും ചെയ്യുന്നു. "വാളും പരിചയുമെ

ടുത്തു സായുധനായിട്ടാണു കൃഷിക്കാരൻ വയലുഴാൻ പോകുന്നതു്." മരണത്തിന്റെ നിഴൽ രാജ്യത്തിൽ ഉറങ്ങുന്നു. "എല്ലാം നാശഗർത്തത്തിലാണു്. ചിരി മരിച്ചു, ആക്കും ചിരിക്കാൻ കഴിയുകയില്ല. ഞരക്കവും കരച്ചിലും രാജ്യത്തെവിടേയും കേൾക്കാം. ഈജിപ്തുകാർ അവരുടെ രാജ്യത്തിനുതന്നെ വിദേശികളായി. പാട്ടു പാടാറുള്ള സ്ത്രീകൾ ഇപ്പോൾ വിലാപഗീതങ്ങളാണു ചൊല്ലുന്നതു്." ജീവിക്കാനുള്ള ഇച്ഛ ഇല്ലാതാവുന്നു. ഈ കഷ്ടപ്പാടിൽനിന്നെല്ലാമുള്ള ഒരു ആശ്വാസമായി ആളുകൾ മരണത്തെ ഉററുനോക്കുന്നു. "ഓരോ മനുഷ്യനും പറയുന്നു, 'ഞാൻ മരിച്ചിരുന്നെങ്കിൽ എന്നു ഞാനാഗ്രഹിക്കുന്നു.' കുട്ടികൾ പറയുകയാണു്, 'നമ്മുടെ മാതാപിതാക്കന്മാർ നമ്മളെ ജനിപ്പിക്കരുതായിരുന്നു.'" ശിശുഹത്യയുടേയും ആത്മഹത്യയുടേയും ഭയങ്കരമായ വ്യാപ്തി ഇപുവർ മനോവേദനയോടെ മനസ്സിലാക്കുന്നു: "രാജാക്കന്മാരുടെ കുട്ടികളെ കോട്ടയിൽവെച്ചു കൊല്ലുന്നു. കൃഷിക്കാരുടെ കുട്ടികളെ മരുഭൂമികളിലേക്കെറിയുന്നു. നദികളിലുള്ള മുതലകൾക്കു ഭക്ഷണം അധികമായി, എന്തുകൊണ്ടെന്നാൽ ആളുകൾ സ്വമേധയാ അവയുടെ അടുക്കലേക്കു ചെല്ലുന്നു. ആയിരക്കണക്കിനാളുകളുടെ ശവം ആററിലടക്കംചെയ്തിട്ടുണ്ടു്. അരുവി ഒരു ശവക്കല്ലറയായിത്തീൎന്നു." കഷ്ടപ്പാടിന്റെ ഈ വിശാലദൃശ്യം ഏററവും ഭയങ്കരമായ പ്രാത്ഥനനടത്തുവാൻ അദ്ദേഹത്തെ ഉദ്ദീപിപ്പിക്കുന്നു: "മനുഷ്യവർഗ്ഗം നശിക്കുകയും ഇനി ആരേയും ജനിപ്പിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ! മനുഷ്യന്റെ നിലനില്പിന്റെ ശബ്ദങ്ങൾ രാജ്യം ഒട്ടുംതന്നെ കേൾക്കാതിരിക്കുകയും ഇനി ഒരു കലഹവും ഉണ്ടാകാതിരിക്കുകയുംമാത്രം ചെയ്തിരുന്നെങ്കിൽ!" അവസാനം, അവ്യവസ്ഥയിൽനിന്നും അനീതിയിൽനിന്നും മനുഷ്യരെ മോചിപ്പിക്കുന്ന തത്വജ്ഞാനിയായ ഒരു രാജാവിനെ അദ്ദേഹം സ്വപ്നംകാണുന്നു. "സാമൂഹ്യമായ അഗ്നിബാധയെ അദ്ദേഹം തണുപ്പിക്കും. അദ്ദേഹം എല്ലാ മനുഷ്യരുടേയും ഇടയനായിരിക്കും. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു തിന്മയുമുണ്ടായിരിക്കുകയില്ല. എവിടെയാണദ്ദേഹം ഇന്നു്? അദ്ദേഹം ഉറങ്ങുകയായിരിക്കുമോ, ഒരു വേള? നോക്കു, അദ്ദേഹത്തിന്റെ ശക്തി കാണുന്നില്ല."

പക്ഷേ, മാനവചരിത്രത്തിൽ ഇനിയും ഒരു യാഥാർ

ത്ഥ്യമാകേണ്ട ദർശനങ്ങളിലൊന്നാണിതു്. ഈജിപ്റ്റിൻെറ അനന്തരചരിത്രത്തിലെ നിർണ്ണീതകാലങ്ങളിലെ ജ്ഞാനികൾക്കു് ഇതേവിധത്തിൽ വിലപിക്കുകയും മുന്നറിയിപ്പു നൽകുകയും ചെയ്യേണ്ടിവന്നിട്ടുമുണ്ടു്. സെസോസ്ട്രിസ് രണ്ടാമൻ എന്ന രാജാവിൻെറ കീഴിൽ ജീവിച്ച ഖെഖെപെയർസോൻബുവിൻെറ കാലം ക്രി. മു. 1900–ത്തിനോടടുത്താണു്. ഹീലിയോ പോളിസി(സൂര്യനഗരത്തി)ലെ ദേവാലയത്തിലെ പുരോഹിതനായിരുന്ന അദ്ദേഹം മുൻസൂചിപ്പിച്ചതുപോലെയുള്ള സാമൂഹ്യമായ ഒരു നിർണ്ണായകഘട്ടത്തെക്കുറിച്ചു് ഒരു കൃതിരചിച്ചിട്ടുണ്ടു്:

"രാജ്യത്തു നടന്നിട്ടുള്ള കാര്യങ്ങളെ, ഉണ്ടായിട്ടുള്ള സംഭവങ്ങളെപ്പററി ഞാൻ ചിന്തിക്കുന്നു. ഓരോ വഷവും അതിൻെറ മുമ്പിലത്തേതിനെക്കാൾ ദുർവ്വഹമാണു്. രാജ്യം മുഴുവൻ പീഡയനുഭവിക്കുന്നു. അതു നാശത്തിലേക്കു നീങ്ങുകയുമാണു്. നീതി അവഗണിക്കപ്പെടുന്നു; കുടിലത, രാജ്യസഭയിൽ ഭരണം നടത്തുന്നു: ഈശ്വരാജ്ഞകൾ അഗണ്യങ്ങളായി തള്ളപ്പെടുന്നു. രാജ്യം കഷ്ടപ്പാടിലാണു്; രോദനമാണെല്ലായിടത്തും; തലസ്ഥാനവും പ്രവിശ്യകളും വിലപിക്കുന്നു. എല്ലാവരും ഒരുപോലെ അപരാധികളാണു്. തെററുചെയ്തു് എല്ലാവരും ഒരുപോലെ ദുഃഖിതരായിത്തീരുന്നു.

"നടന്നിട്ടുള്ള സംഭവങ്ങളെപ്പററി ഞാൻ ചിന്തിക്കുന്നു. ഓരോ ദിവസവും വെളിച്ചം വീശുമ്പോൾ, രാത്രിയിൽ നടന്നിട്ടുള്ളതു കാണാതിരിക്കാൻ ഓരോരുത്തരും മുഖം തിരിച്ചുകളയുന്നു. ഉപദ്രവങ്ങളൊഴുകിവരികയാണിന്നു്. നാളെയും ക്ലേശങ്ങളവസാനിക്കുകയില്ല. രാജ്യം മുഴുവൻ 'അസ്വാസ്ഥതയാണെങ്കിലും, അതു തുറന്നുപറയാനുള്ള ധൈര്യം ആക്കുമില്ല. പ്രതിഷേധിക്കണമെന്നു തോന്നത്തക്കവണ്ണം അമഷം ആക്കുമുണ്ടാവുന്നില്ല. എല്ലാവരും ദുഷ്ടത ചെയ്യുന്നു. നിഷ്കളങ്കനായിട്ടാരുമില്ല. മനുഷ്യരുടെ മുഖങ്ങൾ മൂഢതയാണു പ്രദർശിപ്പിക്കുന്നതു്. മനസ്സിലാക്കാൻ ആക്കും കഴിവില്ല. കോപം ആരേയും സംസാരിക്കാൻ നിർബ്ബന്ധനാക്കുന്നില്ല. തന്നെക്കാൾ ശക്തിയുള്ളവനിൽനിന്നു സ്വയം രക്ഷിക്കാൻ പാവപ്പെട്ടവനു കഴിവില്ല. കേൾക്കുന്നതിനെപ്പററി മൗനമവലംബിക്കുക വേദനാജനകമാണു്, എന്നാൽ മനസ്സിലാവാത്തവനോടുത്തരം

പറയുന്നതു് അതിനെക്കാൾ വളരെയധികം ദുഃഖത്തിനു കാരണമാക്കുന്നു. പറയുന്നതിനോടു പ്രതിഷേധിച്ചാൽ ഫലം വെറുപ്പാണു്. കാരണമിതാണു്: സത്യം ആക്കും മനസ്സിലാവുന്നില്ല. വാസ്തവം പറയുന്നവനോടു് എല്ലാവർക്കും അമർഷമുണ്ടുതാനും. ഇപ്പോൾ എല്ലാവരും ശ്രദ്ധിക്കുന്നതു് അവരവരുടെ വാക്കുകൾ മാത്രമാണു്. ഓരോരുത്തനും അവനവൻെറ അവകാശങ്ങളിൽ വിശ്വസിക്കുന്നു. സത്യം സംസാരത്തെ തീരെ ഉപേക്ഷിച്ചിരിക്കുന്നു.''

ഈ പാരമ്പര്യത്തിലെ മൂന്നാമത്തെ വലിയ ആളാണു് നെഫെറോഹു. ഈ വലിയ രാജ്യത്തിലെ കേന്ദ്രത്തിൻെറ അധികാരം ക്ഷയിക്കുകയും പരസ്പരവിരോധികളായ പല രാജവംശങ്ങൾ രാജ്യത്തു ഭരണം നടത്തുകയുംചെയ്ത കാലത്തായിരിക്കണം അദ്ദേഹം ജീവിച്ചിരുന്നതു്.

''ഈ രാജ്യം നശിച്ചു. ആരും അതിനെപ്പററി ഒട്ടുംതന്നെ ശ്രദ്ധിക്കുന്നില്ല; അറിവോടുകൂടി സംസാരിക്കാനില്ല; പ്രയോജനകരമായി ഒന്നും ചെയ്യുന്നുമില്ല. സൂര്യൻ മറവിലാണു്; മനുഷ്യർ കാൺകെ പ്രകാശിക്കുന്നില്ല. മരുഭൂമിയിലെ മൃഗങ്ങൾ ഈജിപ്തിലെ അരുവികളിൽനിന്നു വെള്ളം കുടിച്ചു് അവയുടെ തീരത്തു സുഖിക്കുന്നു; അവയെ വിരട്ടി ഓടിക്കാൻ മനുഷ്യരില്ലാഞ്ഞിട്ടു്.

''കൺമുമ്പിൽവെച്ചു് ഒരാൾ മറെറാരാളെ കൊല്ലുമ്പോൾ, ഒരു മനുഷ്യൻ ഒരു മൂലയിൽ ഉദാസീനനായിരിക്കുന്നു. മകൻ ശത്രുവാണു്, സഹോദരൻ വിരോധിയും. മകൻ അച്ഛനെ കൊല്ലുകയാണു്.

''സംസാരം ഒരു തീയുപോലെ മനുഷ്യരുടെ ഹൃദയത്തിലുണ്ടു്. വായു് പറയുന്നതൊന്നും ചെവി സഹിഷ്ണുതയോടെ കേൾക്കുന്നില്ല. രാജ്യം തുണ്ടംതുണ്ടമായി. അതിൻെറ ഭരണാധികാരികൾ എണ്ണത്തിൽ വളരെ വർദ്ധിച്ചു. വളരെയധികം ഉൽപാദിപ്പിച്ചിരുന്നവൻ ഗതികെട്ടവനായി. വയലിലുണ്ടാകുന്ന ധാന്യത്തിന്റെ അളവു ചെറുതാണു്. എന്നാൽ കരം പിരിക്കുന്നവർ കൊണ്ടുവരുന്ന അളവുപാത്രം വലിയതും. കൊടുക്കാനുള്ളതെടുക്കുമ്പോൾ പാത്രം നിറഞ്ഞുകവിയുന്നതുവരെ അവർ പാത്രത്തിൽ ധാന്യമളക്കുകയും ചെയ്യുന്നു.''

ഇങ്ങനെയൊക്കെയാണെങ്കിലും, മനുഷ്യർ തീരുമാനി

ക്കകയാണെങ്കിൽ, ഹൃദയത്തിൻെറ ഇച്ഛയ്ക്കൊത്തവിധത്തിൽ കാര്യങ്ങളൊക്കെ നേരെയാക്കാമെന്നു്; ഈ പൂവരെപ്പോലെ, നെഫെറോഹൂവും വിശ്വസിച്ചു. അദ്ദേഹത്തിൻെറ അവസാനപാഠം അശുഭപ്രതീക്ഷയുടേതല്ല; മറിച്ചു്, ധൈര്യത്തിൻേറതാണു്.

"ഉണരൂ, എൻെറ ഹൃത്തേ, നിനക്കു ജന്മംതന്ന ഈ രാജ്യത്തെപ്പററി കേഴുക. നോക്കു്, ഭയപ്പെടേണ്ടതാണെന്നു മനുഷ്യർ പറഞ്ഞ ആ വലിയ അവ്യവസ്ഥ നിലനിൽക്കുന്നു. നോക്കു്, ആ മഹാൻ (ഏകീകൃത ഈജിപ്റ്റിലെ രാജാവായിരിക്കാം) നീയുണ്ടായ രാജ്യത്തു വീണുകിടക്കുന്നു. പക്ഷേ, ധൈര്യം കുറയരുതു്. നിൻെറ മുമ്പിലുള്ളതിനെ നേരിട്ടുകൊണ്ടുറച്ചുനിൽക്കുക!"

## ഉപസംഹാരം

കാലമാകുന്ന നദി പുരാതന ഈജിപ്റ്റിനെ പ്രാചീനതയുടെ മൂടൽമഞ്ഞുനിറഞ്ഞ വിദൂരതകളിലേയ്ക്കു വഹിച്ചുകൊണ്ടുപോയി, പക്ഷേ, അതിൻെറ അനേകശബ്ദങ്ങൾ നിലച്ചിട്ടില്ല. ഏകാഗ്രമായി ശ്രദ്ധിച്ചുനോക്കുക; പല ആരവങ്ങളും നിങ്ങൾക്കിപ്പോഴും കേൾക്കാം. നൈൽനദി പോഷിപ്പിച്ചു വളർത്തിയ പഴയ പട്ടണങ്ങളിലെ ഇരമ്പും കിംവദന്തിയും നിങ്ങൾ കേൾക്കുന്നില്ലേ? അതാ! ചെങ്കടലിനും മദ്ധ്യധരണ്യാഴിക്കും ഇടയ്ക്കുള്ള മണൽപ്പുറത്തുകൂടി സിറിയയിലെ യുദ്ധരംഗങ്ങളിലേയ്ക്കു കുതിച്ചുപായുന്ന രഥങ്ങളുടെ മുഴക്കം! ഭൂമിയിലെ, അന്തരിച്ചുപോകാനായി ജനിക്കുന്ന ജീവജാലങ്ങളുടെ ശരൽക്കാലീനവിധിയെ കേഴുന്ന തംബുരുഗാനം നിങ്ങളുടെ കണ്ണുങ്ങളിലെത്തുന്നില്ലേ? ചെവിയോർത്തു നോക്കൂ, നിലാവിൽ നീരാടിയ രാത്രിയിൽ, പടർന്നുപന്തലിച്ച പൂമരങ്ങളുടെ കുസുമഭാരംകൊണ്ടു ചാഞ്ഞ കൊമ്പുകളുടെ ചുവട്ടിൽ കാമുകനും കന്യകയും പരസ്പരം മന്ത്രിക്കുന്ന നർമ്മസല്ലാപം! ദിവാസ്വപ്നങ്ങളും ആകാംക്ഷകളും തകർന്നുവെങ്കിലും ധൈര്യം കൈവെടിയാത്ത ജ്ഞാനികളുടെ പക്വമായ ഉപദേശം നിങ്ങൾ ശ്രവിക്കുന്നില്ലേ? ജീവിതത്തിൽ നമുക്കു പങ്കെടുക്കേണ്ടിവരുന്ന സമരങ്ങളിൽ നെഫെറോഹൂവിൻെറ ധൈര്യത്തിൻെറ ചെറിയൊരംശമെങ്കിലും നമ്മുടെ ചേതനയിൽ പ്രവേശിക്കട്ടെ!

ഈ പ്രാചീനജനത ഉയർത്തിപ്പിടിച്ച ദാനശീലതവും, ധൈര്യത്തോടൊപ്പം, നമുക്കോർമ്മിക്കുകയും അനുകരിക്കുകയും ചെയ്യുക. അനി നമ്മെ ഉപദേശിക്കുന്നു: "ഒരാൾ സമ്പത്തുകാരനാണു്, മറ്റൊരാൾ ആവശ്യക്കാരനാണു്. കഴിഞ്ഞകൊല്ലം ധനികനായിരുന്ന ആൾ ഇപ്പോൾ ഒരു പരിചാരകനാണു്. വെള്ളം കഴിഞ്ഞകൊല്ലം ഒഴുകിയിരുന്ന ഗതി മാറി; ഇക്കൊല്ലം ഗതി മറെറാരുവഴിക്കാണു്. വൻസമുദ്രങ്ങൾ വരണ്ട ഭൂമികളായി; കരകൾ അഗാധമായ ആഴികളായി....മറ്റൊരാൾക്കില്ലാതിരിക്കുമ്പോൾ, അയാൾക്കു കൊടുക്കാതെ നിങ്ങൾ ഭക്ഷണം കഴിക്കരുതു്." അന്യോന്യം സഹായഹസ്തം നീട്ടിക്കൊണ്ടുമാത്രമേ, യാദൃച്ഛികതയുടെ കാറ്റുകളിൽ മനുഷ്യവർഗ്ഗത്തിനിളകാതിരിക്കാൻ കഴിയുകയുള്ളു.

ഇനി, അവസാനമായി, സ്വർഗ്ഗത്തെ ആക്രമിക്കുകയും ദേവന്മാരെ വേട്ടയാടുകയും, തങ്ങളുടെ നശ്വരാവശിഷ്ടങ്ങൾ സൂക്ഷിക്കുന്നതിനു വിസ്തൃതമായ കീർത്തിസ്തംഭങ്ങൾ പണിയിക്കുകയും ചെയ്ത രാജാക്കന്മാരെ സൃഷ്ടിച്ച രാജ്യം, ലഘുവും അനാഡംബരവുമായ ജീവിതം ഇഷ്ടപ്പെടുകയും അതർത്ഥപൂർണ്ണമാക്കുന്നതെങ്ങനെയാണെന്നറിയുകയും ചെയ്ത ആളുകളേയും പ്രസവിച്ചിട്ടുണ്ടെന്നു നമുക്കോർമ്മിക്കുക. ക്രി. മു. 950—നോടടുത്തു ജീവിച്ച അമനെമോപ് നമുക്കീ ഉപദേശം തരുന്നു: "ഒരു മുഴം ഭൂമിക്കുവേണ്ടി അത്യാഗ്രഹിയാവാതിരിക്കുക. വയലുഴുക. എന്നാൽ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറും, മെതിക്കുന്ന നിലത്തുനിന്നുതന്നെ നിങ്ങൾക്കു ഭക്ഷണവും കിട്ടും. അക്രമംകൊണ്ടു കിട്ടുന്ന അയ്യായിരം പറയെക്കാളധികം നല്ലതു് നിങ്ങളുടെ ജോലിക്കു നിങ്ങൾക്കു ദൈവം തരുന്ന ഒരുപറയാണു്. സകലതും സംഭരിച്ചുവച്ചിരിക്കുന്ന ധനികന്റെ മന്ദിരത്തിലെ സമൃദ്ധിയെക്കാളധികം നല്ലതു് എളിയജീവിതത്തിലെ സൽഗുണസമ്പത്താണു്. അസുഖത്തിലെ സമൃദ്ധിയെക്കാൾ അധികം നല്ലതു് ഹൃദയം ഉല്ലാസപ്രദമായിരിക്കുമ്പോൾ കഴിക്കുന്ന പഴഞ്ചോറാണു്."

ഇവിടെ സഹൃദയരോടു വിടകൊള്ളുന്നു. നമുക്കിനി ഗ്രീസിൽവെച്ചു കണ്ടുമുട്ടാം.

60555


മദ്ധ്യധരണ്യാഴി
സെയിസ്
അലക്സാണ്ഡ്രിയ
കെയ്റോ
ഗിസെ
മെംഫിസ്
ഉത്തര ഈജിപ്റ്റ്
ലിബിയൻ മരുഭൂമി
ടെൽ എൽ അമർണ
ദക്ഷിണ ഈജിപ്റ്റ്
അബു സിംബെൽ
ആഫ്രിക്കാ
നൂബിയ
(സൂഡാൻ)

പ്രാചീന ഈജിപ്റ്റ്



ഡമാസ്കസ്
സിറിയൻ
മരുഭൂമി
മൃതസമുദ്രം
ബാഗ്ദാദ്
മെസപ്പൊട്ടേമിയ
ഏലം
ടൈഗ്രിസ്
യൂഫ്രട്ടീസ്
പേർഷ്യൻ ഉൾക്കടൽ
അറേബ്യ
ചെങ്കടൽ
എത്തിയോപ്യ

## ഗ്രന്ഥകാരനും കൃതിയും

ശ്രീ. കൃഷ്ണചൈതന്യ (കെ. കെ. നായർ) 1918-ൽ തിരുവനന്തപുരത്തു ജനിച്ചു. വിജ്ഞാനം കല ഈ വിഭാഗങ്ങളിൽ പ്രത്യേകം പ്രാവീണ്യത്തോടുകൂടി 1939-ൽ മദിരാശി സർവ്വകലാശാലയിൽനിന്നും ബിരുദം നേടി. ഇന്ത്യനും യൂറോപ്യനും അമേരിക്കനും പത്രങ്ങളിലേയ്ക്കു് വിവിധ വിഷയങ്ങളെ പരാമർശിച്ചു് അദ്ദേഹം ലേഖനങ്ങൾ എഴുതിയിട്ടുണ്ടു്. കുറെ വർഷങ്ങളിലേയ്ക്കു് അദ്ദേഹം 'ശങ്കേഴ്സ് വീക്ക്ലി'യിലെ കലാവിമർശകനും 'ടൈംസ് ഓഫ് ഇന്ത്യ'യിലെ യൂറോപ്യൻസംഗീത നിരൂപകനും ആയിരുന്നു. ഭാരതത്തിലെ കലാസമ്പന്നങ്ങളായ പ്രസിദ്ധീകരണങ്ങളിൽ ഏററവും പുരാതനമായ 'രൂപലേഖ'യുടെ എഡിറ്ററും അദ്ദേഹമാണു്. ഭാരതീയ കലാപ്രദർശനങ്ങൾ നടത്തുന്നതിനു് വേണ്ട ഏർപ്പാടുചെയ്യുവാൻ അദ്ദേഹം 1948-ൽ ആഫ്ഗാനിസ്ഥാനിലും 1952-ൽ ചൈനയിലും പോകുകയുണ്ടായി.

പഴയതും പുതിയതുമായ സംസ്കാരങ്ങളുടെ സാഹിത്യചരിത്രങ്ങൾ രത്നച്ചുരുക്കത്തിൽ നല്കുന്ന ഒരു ഗ്രന്ഥപരമ്പരയിലെ രണ്ടാമത്തെ പുസ്തകമാണിതു്. ദക്ഷിണഭാരതത്തിലെ നാലു ഭാഷകളിലും ഒരേ സമയത്തു് പ്രസിദ്ധപ്പെടുത്തിക്കൊണ്ടുവരുന്ന ഈ വിശ്വസാഹിത്യചരിത്ര സംരംഭത്തെ 'ബുക്ക് ന്യൂസ്' ഇങ്ങനെ സ്വാഗതം ചെയ്തിരിക്കുന്നു: "ചരിത്രപരമായ സത്യസന്ധതയോടും ഉൾക്കാഴ്ചയോടും വെളിച്ചം വീശുന്ന വിമർശനപ്രാഭവത്തോടും കൂടെയാണു് യത്നം കൈകാര്യംചെയ്തിരിക്കുന്നതു്. പതിനഞ്ചു പുസ്തകങ്ങൾ വരെ വളർന്നുപോയേക്കാവുന്ന ഈ സംരംഭം ദക്ഷിണഭാരതത്തിലെ പ്രസിദ്ധീകരണ പാരമ്പര്യത്തിന്റെ ഒരു നാഴികക്കല്ലുതന്നെ ആയേക്കാം."

സാഹിത്യദർശനം

4055

# ഈജിപ്ഷ്യൻ സാഹിത്യ ചരിത്രം



കൃഷ്ണചൈതന്യ

Indic Digital Archive Foundation
gpura.org